# ആത്മാവിലും സത്യത്തിലും

(പൗരസ്ത്യ ആരാധന - ഒരു പഠനം)

(Malayalam)

---

**ATMAVILUM SATHYATHILUM**
(A Study of the Eastern Worship)

**Fr. Dr. B. Varghese** B.Sc., B.D., M. Th., D.Th.

| | | |
|---|---|---|
| Published by | : | **Divyabodhanam Publications** |
| | | Orthodox Seminary, P.B. 98, Kottayam |
| First Published | : | December 1987 |
| Second Edition | : | February 2004 |
Copyright reserved
| | | |
|---|---|---|
| Number of copies | : | 3000 |
| Available at | : | Orthodox Seminary and Other Christian Bookshops. |
| D.T.P. & Printing | : | Sophia Print House, Kottayam Ph. 2303237 |

Price: **Rs. 40/-**

ദിവ്യബോധനം ഗ്രന്ഥാവലി – 18


# ആത്മാവിലും സത്യത്തിലും

## (പൗരസ്ത്യ ആരാധന – ഒരു പഠനം)

ഫാ. ഡോ. ബി. വർഗീസ്

ദിവ്യബോധനം പബ്ലിക്കേഷൻസ്
സോഫിയാ സെന്റർ
ഓർത്തഡോക്സ് സെമിനാരി
കോട്ടയം – 686 001

വില: 40.00



## ഫാ. ഡോ. ബി. വർഗീസ്

കോട്ടയം സി. എം. എസ്. കോളജിൽ നിന്ന് ഫിസിക്സിൽ ബിരുദമെടുത്ത ശേഷം, ഓർത്തഡോക്സ് സെമിനാരിയിൽ ചേർന്ന് 1978-ൽ സെറാവൂർ യൂണിവേഴ്സിറ്റിയുടെ ബി. ഡി. പരീക്ഷ ഒന്നാം ക്ലാസ്സിൽ ഒന്നാം റാങ്കോടു കൂടി വിജയിച്ചു.

1981 -ൽ പാരീസിലെ കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ഓഫ് തിയോളജിയും 1985 -ൽ പാരീസിലെ സോർബോൺ യൂണിവേഴ്സിറ്റിയിൽ നിന്ന് വേദശാസ്ത്രത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി. 1993- 95 -ൽ ജർമ്മനിയിലെ ബർലിൻ യൂണിവേഴ്സിറ്റിയിൽ അതിപ്രശസ്തമായ അലക്സാണ്ടർ ഫോൺഹുംബോൾട്ട് ഫെലോഷിപ്പോടു കൂടി പോസ്റ്റ് ഡോക്ടറൽ പഠനം നടത്തി.

ഡൽഹി ഓർത്തഡോക്സ് സെന്ററിന്റെ അസി. ഡയറക്ടർ, ഓർത്തഡോക്സ് സെമിനാരിയുടെയും, ഫെഡറേറ്റഡ് ഫാക്കൽറ്റി ഫോർ റിസേർച്ച് ഇൻ റിലീജിയൻ ആൻഡ് കൾച്ചർ ഇൻ കേരള (F.F.R.R.C.) യുടെയും രജിസ്ട്രാർ എന്നീ നിലകളിൽ പ്രവർത്തിച്ചു. 1985 മുതൽ ഓർത്തഡോക്സ് സെമിനാരി പ്രൊഫസർ. കോട്ടയം സെന്റ് എഫ്രേം എക്യുമെനിക്കൽ റിസേർച്ച് ഇൻസ്റ്റിട്യൂട്ട് (SEERI) അദ്ധ്യാപകനും, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റിസേർച്ച് ഗൈഡും ആണ്.

12 ലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

# പ്രസ്താവന

വാത്സല്യമുള്ളവരേ,

അളവറ്റ ദൈവകൃപയാൽ, 'ദിവ്യബോധനം' പരിപാടിയുടെ പ്രഥമഘട്ടം, ഞങ്ങളുദ്ദേശിച്ചതിലധികം വിജയകരമായി പര്യവസാനിച്ചിരിക്കുന്നു. നമ്മുടെ വിശ്വാസ സംബന്ധമായ പത്തു പാഠപുസ്തകങ്ങൾ എഴുതിയുണ്ടാക്കി പ്രസിദ്ധീകരിച്ചു എന്നുള്ളത് തന്നെ ഒരു വലിയ നേട്ടമാണ്.

1984 –ൽ മാത്രം ആരംഭിച്ച ഈ പരിപാടിയിൽ 49 കേന്ദ്രങ്ങൾ പ്രവർത്തിച്ചു. 230 സ്ത്രീകളും 210 പുരുഷന്മാരും പഠിച്ചു. മുഴുവൻ കോഴ്സ് (10 വിഷയങ്ങൾ) പൂർത്തിയാക്കിയവർക്ക് 1986 ആഗസ്റ്റ് 9–ാം തീയതി യോഗ്യതാ സർട്ടിഫിക്കറ്റുകളും പരിശുദ്ധ ബാവാ തിരുമനസു കൊണ്ട് നൽകി.

ഇനി രണ്ടാം ഘട്ടം ആരംഭിച്ചിരിക്കുകയാണ്. പ്രാഥമിക പഠനത്തിനുള്ള രണ്ടാമത്തെ ബാച്ചിലേക്ക് വിദ്യാർത്ഥീ – വിദ്യാർത്ഥിനികളെ സ്വീകരിക്കുന്നതു കൂടാതെ, ആദ്യഘട്ടം പൂർത്തിയാക്കിയവർക്കു വേണ്ടിയുള്ള പുതിയ കോഴ്സുകൾ ആരംഭിക്കുന്നു.

സഭാവിശ്വാസത്തിൽ സഭാംഗങ്ങൾക്കുള്ള അറിവിനെ ആഴപ്പെടുത്തുകയാണ് രണ്ടാം ഘട്ടത്തിന്റേയും ഉദ്ദേശ്യം. സാമാന്യം വിദ്യാഭ്യാസമുള്ള എല്ലാ മാതാപിതാക്കന്മാർക്കും യുവജനങ്ങൾക്കും ഇത് ഒരു പോലെ പ്രയോജനകരമായിരിക്കും. സൺഡേസ്ക്കൂൾ അദ്ധ്യാപകർക്ക് ഈ പഠനം ഒരു പ്രാഥമിക ആവശ്യം തന്നെയാണ്.

കുറെ കൊല്ലങ്ങൾ കൊണ്ട് പതിനായിരക്കണക്കിനാളുകൾ ഈ പഠന പദ്ധതി പൂർത്തിയാക്കുമെന്നും, അങ്ങനെ സഭാംഗങ്ങളുടെ പൊതുവേയുള്ള വിശ്വാസജീവിതത്തിനു വലിയ പുരോഗതിയുണ്ടാകുമെന്നുമാണു ഞങ്ങളുടെ പ്രത്യാശ. ക്രിസ്തുവിന്റെ മനഷ്യാവതാരത്തിൽ പ്രത്യക്ഷപ്പെട്ട ദൈവസ്നേഹത്തെ ആഴമായറിഞ്ഞ്, ആ സ്നേഹത്തിൽ വേരൂന്നി വളർന്നു ജീവിപ്പാൻ ഈ പുസ്തകങ്ങൾ പരിശുദ്ധാത്മ കൃപയാൽ അനേകർക്ക് ഉപകരണങ്ങളായിത്തീരട്ടെ, ദൈവം തമ്പുരാൻ നിങ്ങളെ ഏവരേയും വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

**ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്**
പ്രസിഡന്റ്, ദിവ്യബോധനം

കോട്ടയം
പരിശുദ്ധ തോമാശ്ലീഹായുടെ ദുഖ്റോനൊപ്പെരുന്നാൾ
ജൂലൈ 2, 1986

# പ്രസാധകക്കുറിപ്പ്

ആത്മാവിലും സത്യത്തിലും ആരാധന നടത്താനാഗ്രഹിക്കുന്നവർക്ക് ഒരു ഉത്തമ വഴികാട്ടിയാണീ ഗ്രന്ഥം. പൗരസ്ത്യ ആരാധനയുടെ ശ്രേഷ്ഠതയും മനോഹാരിതയും പ്രതീകാത്മകതയും എടുത്തു കാട്ടുന്നതോടൊപ്പം, ഓർത്തഡോക്സ് സഭയുടെ ആചാരാനുഷ്ഠാനങ്ങൾ, പെരുന്നാളുകൾ, നോമ്പ് തുടങ്ങിയവയെക്കുറിച്ചുള്ള ചരിത്രപശ്ചാത്തലത്തോടുകൂടിയ വിഷയാവതരണം പഠിതാക്കൾക്കു വളരെ ഹൃദ്യവും സരളവുമായിരിക്കും. ദിവ്യബോധനം ഗ്രന്ഥാവലിയിൽ നേരത്തെ പ്രസിദ്ധീകരിച്ച 'അബ്വാ പിതാവേ' എന്ന ഗ്രന്ഥത്തിന്റെ തുടർച്ചയായി ഈ ഗ്രന്ഥം കൂടി ഞങ്ങൾ പ്രസിദ്ധീകരിക്കുകയാണ്. ആരാധന സംബന്ധമായ വിഷയത്തിൽ ഗവേഷണം നടത്തി ഉന്നത ബിരുദമെടുത്തിട്ടുള്ള ബ. ഫാ. ഡോ. ബി. വർഗീസാണ് ഈ ഗ്രന്ഥത്തിന്റെ രചയിതാവ്.

ദിവ്യബോധനം ഡയറക്ടറും വൈദിക സെമിനാരി അദ്ധ്യാപകനുമായ റവ. ഫാ. ടി. ജെ. ജോഷ്വാ ഈ ഗ്രന്ഥത്തിന്റെ എഡിറ്റിങ്ങിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

ദിവ്യബോധനം പ്രവർത്തനങ്ങൾക്കു നിർലോപമായ അനുഗ്രഹാശ്ശിസ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടിയായിരിക്കുന്ന പ. മോറാൻ മാർ ബസ്സേലിയോസ്സ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസരം സമർപ്പിക്കുന്നു. ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മേൽനോട്ടം വഹിക്കുന്ന പ്രസ്ഥാനം പ്രസിഡണ്ടും സെമിനാരി പ്രിൻസിപ്പലുമായ റവ. ഡോ. കെ. എം. ജോർജ്ജച്ചൻ, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, വൈസ് പ്രസിഡണ്ട് റവ. ഫാ ജേക്കബ് കുര്യൻ, രജിസ്ട്രാർ റവ. ഫാ. ഡോ. ജോൺ പണിക്കർ, കോ-ഓർഡിനേറ്റർ റവ. ഫാ. ജേക്കബ് മാത്യു, സെൻട്രൽ ഓർഗനൈസർ പ്രൊഫ. വർഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മിറ്റിയാണ് ഈ പ്രസ്ഥാനത്തിന്റെ അനുദിനപ്രവർത്തനങ്ങളെ നിയന്ത്രിച്ചു നടത്തിവരുന്നത്.

വൈദികസെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഈ പദ്ധതിയുടെ പഠനനിലവാരത്തിന്റെ ഉത്തരവാദിത്വം സെമിനാരി ഫാക്കൽട്ടിയിൽ നിക്ഷിപ്തമാണ്. പ്രാദേശികതലത്തിലും യൂണിറ്റു തലത്തിലും പല അദ്ധ്യാപകരും സംഘാടകരും ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിനായി പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ഈ ഗ്രന്ഥത്തിന്റെ ഡി. റ്റി. പി. യും പ്രിന്റിംഗും ഭംഗിയായി ചെയ്തു തന്ന സോഫിയാ പ്രിന്റു ഹൗസിനും നന്ദി.

സർവോപരി, സകല നന്മകൾക്കും കാരണഭൂതനായ സർവശക്തനായ ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം കൂടി ദിവ്യബോധനം ഗ്രന്ഥാവലിയിൽ പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മിറ്റിക്കു വേണ്ടി

**ഫാ. ജേക്കബ് മാത്യു**
(കോ-ഓർഡിനേറ്റർ)

മായൽത്തോ പെരുന്നാൾ
ഫെബ്രു. 2, 2004

# വാങ്മുഖം

**ദി**വ്യബോധനം ഗ്രന്ഥാവലിയിൽ മുമ്പ് പ്രസിദ്ധീകരിച്ച 'അബ്ബാ പിതാവേ' എന്ന ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗമാണിത്. പൗരസ്ത്യ ആരാധനയുടെ പ്രത്യേകതകളെപ്പറ്റിയാണ് ഇതിൽ പ്രതിപാദിച്ചിരിക്കുന്നത്. പൗരസ്ത്യ ആരാധനയുടെ വിവിധ വശങ്ങളെപ്പറ്റി സമഗ്രമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ വളരെക്കുറവാണ്. കാരണം ആരാധനയുടെ മനോഹാരിതയും ഗാംഭീര്യവും വാക്കുകളിൽ പ്രകടിപ്പിക്കുവാൻ ബുദ്ധിമുട്ടുണ്ട്. യേശുവിനെ അനുഗമിച്ച യോഹന്നാന്റെ ശിഷ്യന്മാരോട് 'വന്നു കാണ്മീൻ' (യോഹ. 1:39) എന്നു താൻ നൽകിയ ആഹ്വാനം അന്വർത്ഥമാണ്. ആരാധനയിൽ കൂടുതൽ അർത്ഥവത്തായി പങ്കെടുക്കുവാൻ ഈ ചെറുഗ്രന്ഥം സഹായകമാകുമെങ്കിൽ ഗ്രന്ഥകർത്താവു കൃതാർത്ഥനായി.

ഇതിൽ നൽകിയിരിക്കുന്ന വിശദീകരണങ്ങളുടെ പരിമിതികളെപ്പറ്റി ഗ്രന്ഥകർത്താവ് ബോധവാനാണ്. പ്രതീകങ്ങളുടെ അർത്ഥത്തെപ്പറ്റി പല വ്യാഖ്യാനങ്ങളും പലരും നൽകിയിട്ടുണ്ട്. ഈ പുസ്തകത്തിലെ വിശദീകരണങ്ങൾ അവയിൽ നിന്നു വ്യത്യസ്തമാണെന്നു പരാതിപ്പെടുന്നവർ കണ്ടേക്കാം. അവരോട് ഒറ്റ വാക്കു മാത്രം പറയട്ടെ. ആരാധനയിലെ വിവിധ ഘടകങ്ങളുടെ വിശദീകരണം നൽകുന്നതിന്റെ ഉദ്ദേശ്യം ബുദ്ധിപരമായ അറിവു നൽകുകയല്ല, നേരെമറിച്ചു വിശ്വാസത്തിന്റെ അടിസ്ഥാനമുറപ്പിക്കുകയാണ്. വിശ്വാസപോഷണത്തിനുതകുന്ന ഏതൊരു വ്യാഖ്യാനവും നൽകുവാൻ പൗരസ്ത്യപാരമ്പര്യം അനുവദിക്കുന്നുണ്ട്.

പൗരസ്ത്യ ആരാധനയെയും വേദശാസ്ത്രത്തെയും പറ്റിയുള്ള ഈ പുസ്തകത്തിലെ അടിസ്ഥാനചിന്തയെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ളതു അഭി. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ദർശനമാണ്. പ്രതീകങ്ങളുടെ അർത്ഥത്തെപ്പറ്റി പല നിർദേശങ്ങളും നൽകിയ റവ. ഡോ. വി. സി. സാമുവേൽ, റവ. ഫാ. റ്റി. ജെ. ഏബ്രഹാം മൽപ്പാൻ എന്നിവരോടും, കൈയെഴുത്തുപ്രതി വായിച്ചു വിലപ്പെട്ട പല നിർദേശങ്ങളും നൽകിയ റവ. ഫാ. റ്റി. ജെ. ജോഷ്വായോടുമുള്ള എന്റെ കൃതജ്ഞത രേഖപ്പെടുത്തുന്നു.

'അബ്ബാ പിതാവേ' എന്ന പുസ്തകത്തെപ്പറ്റി ആവേശപൂർവം സംസാരിക്കുകയും, എന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാവർക്കുമായി ഈ ചെറുഗ്രന്ഥം ഞാൻ സമർപ്പിക്കുന്നു.

**ഫാ. ഡോ. ബി. വറുഗീസ്**

ഓർത്തഡോക്സ് സെമിനാരി
ക്രിസ്തുമസ് 1987

# ഉള്ളടക്കം


പ്രസ്താവന 5

പ്രസാധകക്കുറിപ്പ് 6

വാങ്മുഖം 8

യൂണിറ്റ് 1

## ആരാധന ഓർത്തഡോക്സ് പാരമ്പര്യത്തിൽ

1. യഹോവയുടെ മനോഹരത്വം 11

2. വിശുദ്ധ കുർബ്ബാനയുടെ പ്രാധാന്യം 14

3. ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതകൾ - 1 18

4. ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതകൾ - 2 23

5. ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതകൾ - 3 29

6. ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതകൾ - 4 33

യൂണിറ്റ് 2

## പ്രതീകങ്ങളുടെ ഉപയോഗം ആരാധനയിൽ

1 പ്രതീകങ്ങളും അടയാളങ്ങളും 38

2. ദേവാലയത്തിന്റെ അർത്ഥം 43

3. ത്രോണോസും മദ്ബഹായിലെ ഉപകരണങ്ങളും 48

4. അപ്പവീഞ്ഞുകളുടെ അർത്ഥം 56

5. ധൂപാർപ്പണത്തിന്റെ അർത്ഥം 61

6. ആരാധനയിലെ വേഷവിധാനങ്ങൾ 66

യൂണിറ്റ് 3

## സമയത്തിന്റെ ശുദ്ധീകരണം: ആരാധനാ വർഷവും പെരുന്നാളുകളും


1. ഞായറാഴ്ചയുടെ പ്രാധാന്യം 73

2. വലിയ നോമ്പ് 77

3. കഷ്ടാനുഭവാഴ്ച 85

4. ഉയിർപ്പു പെരുന്നാൾ, സ്വർഗാരോഹണം, പെന്തിക്കോസ്തി 94

5. ക്രിസ്മസും ദനഹായും 102

6. മറ്റു പെരുന്നാളുകൾ 110


യൂണിറ്റ് 4

## മാറാനാതാ: കർത്താവേ വരണമെ


1. സംഗീതം ക്രിസ്തീയാരാധനയിൽ 117

2. ഘോഷയാത്രകളും ക്രിസ്തീയ ആരാധനയും 121

3. വേദവായന ആരാധനയിൽ 128

4. ശവസംസ്കാരവും മരണാനന്തര ജീവിതവും 133

5. ആരാധനയുടെ കൗദാശിക സ്വഭാവം 140

6. ആരാധനാ നവീകരണവും തദ്ദേശീയീകരണവും 147

# യൂണിറ്റ് 1

# ആരാധന ഓർത്തഡോക്സ് പാരമ്പര്യത്തിൽ

## പാഠം 1

## 'യഹോവയുടെ മനോഹരത്വം'
### (സങ്കീ. 84: 1; 28:4)

❑ ദൈവസാന്നിദ്ധ്യബോധം ആരാധനയിൽ ❑ ആരാധനയുടെ സന്തോഷം ❑ എല്ലാം ദൈവമഹത്വത്തിന്

റഷ്യൻ ഓർത്തഡോക്സ് സഭയുടെ ഉത്ഭവത്തെപ്പറ്റി ഒരു കഥയുണ്ട്. പത്താം നൂറ്റാണ്ടിൽ കീവിലെ രാജാവായിരുന്ന വ്ളാദിമീറിന്റെ കാലത്താണു റഷ്യയിൽ ക്രിസ്തുമതമെത്തിയത്. പുറജാതിക്കാരനായിരുന്ന വ്ളാദിമീർ ലോകത്തിലെ ഏറ്റം ഉത്കൃഷ്ടമായ മതം സ്വീകരിക്കണമെന്ന് ആഗ്രഹിച്ചു. വിവിധ മതങ്ങളെപ്പറ്റി പഠിക്കുവാൻ ദൂതന്മാരെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കയച്ചു. കുറെപ്പേർ ബൾഗേറിയയിലെ മുസ്ലീമുകളെ കണ്ടുമുട്ടി. അവരുടെ ആരാധന ദൂതന്മാരിൽ മതിപ്പുണ്ടാക്കിയില്ല. 'അവരുടെയിടയിൽ സന്തോഷമേയില്ലെ'ന്നാണു ദൂതന്മാർ രാജാവിനെ അറിയിച്ചത്. ജർമ്മനിയിലും റോമിലും എത്തിയ ദൂതന്മാർ റോമൻ കത്തോലിക്കാ ദേവാലയങ്ങൾ സന്ദർശിച്ചെങ്കിലും, അവിടുത്തെ ആരാധനയിൽ എന്തെങ്കിലും മനോഹാരിത കാണുവാൻ അവർക്കു കഴിഞ്ഞില്ല. ഒടുവിൽ ഒരു സംഘം കോൺസ്റ്റാന്റിനോപ്പിളിൽ എത്തി. സെന്റ് സോഫിയാ ദേവാലയത്തിൽ അവർ വി. കുർബ്ബാനയിൽ സംബന്ധിച്ചു. അവർ ആഗ്രഹിച്ച ആരാധന അവിടെ കണ്ടു. ആവേശത്തോടെ ദൂതന്മാർ വ്ളാദിമീറിന് ഇങ്ങനെയെഴുതി:

'ഞങ്ങൾ ഭൂമിയിലാണോ സ്വർഗത്തിലാണോ നിന്നിരുന്നതെന്നു ഞങ്ങൾക്കു തന്നെ അറിയാമായിരുന്നില്ല. തീർച്ചയായും ഇത്ര മനോഹാരിതയും, ഗാംഭീര്യവും ലോകത്തിൽ മറ്റൊരിടത്തും കാണുകയില്ല. അതിന്റെ ഭംഗി വിവരിക്കുവാൻ ഞങ്ങൾ അശക്തരാണ്. ഒരു കാര്യം ഞങ്ങൾക്കറിയാം: അവിടെ, ആ ആരാധനാ സമൂഹത്തിൽ ദൈവം വസിക്കുന്നു; അവരുടെ ആരാധന ലോകത്തിലുള്ള മറ്റെല്ലാ ആരാധനകളെക്കാളും ശ്രേഷ്ഠമാണ്. കാരണം അതിന്റെ മനോഹാരിത ഞങ്ങൾക്കു വിസ്മരിക്കാനാവില്ല.' ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓർത്തഡോക്സ് സഭയിൽ വ്ളാദിമീർ ആകൃഷ്ടനായി 988 -ൽ സ്നാനമേറ്റുവെന്നാണു കഥ.

പുറജാതിക്കാരായ ദൂതന്മാരിൽ പൗരസ്ത്യ ആരാധന ഉളവാക്കിയ പ്രതികരണം ശ്രദ്ധേയമാണ്: 'അതിന്റെ മനോഹാരിത ഞങ്ങൾക്കു വിസ്മരിക്കാനാവില്ല.'

പൗരസ്ത്യ ആരാധനയെ മനോഹരമാക്കുന്ന വിവിധ ഘടകങ്ങളുണ്ട്. അവയെല്ലാം വാക്കുകളിൽ പ്രകടിപ്പിക്കുവാൻ സാധിച്ചെന്നു വരികയില്ല. യേശുവിനെ അനുഗമിച്ച യോഹന്നാന്റെ ശിഷ്യന്മാർക്ക് അവിടുന്നു നൽകിയ 'വന്നു കാണ്മീൻ' (യോഹ. 1:39) എന്ന ആഹ്വാനം ഇവിടെ പ്രസക്തമാണ്. ആരാധനാസമൂഹത്തിലെ അംഗമായി, ആരാധനയിൽ പങ്കെടുക്കുന്നതിലൂടെ മാത്രമേ പൗരസ്ത്യ ആരാധനയുടെ വൈശിഷ്ട്യം ആസ്വദിക്കാനാവൂ. വാക്കുകൾക്കതീതമായ സൗന്ദര്യം അതിനുണ്ട്. പുറത്തുള്ളയാളിന് അതിന്റെ ബാഹ്യസൗന്ദര്യമേ അനുഭൂതമാകയുള്ളു. അതിലുപരിയായി 'രുചിച്ചറിയേണ്ട' ആത്മീയ മാഹാത്മ്യം പൗരസ്ത്യ ആരാധനയ്ക്കുണ്ട്.

## ദൈവസാന്നിദ്ധ്യബോധം ആരാധനയിൽ

ഗീതങ്ങൾ, സംഗീതം, വിവിധ വർണങ്ങൾ, കാർമികരുടെ വേഷവിധാനങ്ങൾ, ത്രോണോസ്, മദ്ബഹായിലെ വിവിധ ഉപകരണങ്ങൾ; ദേവാലയത്തിനുള്ളിൽ നിറഞ്ഞുനിൽക്കുന്ന ധൂപത്തിന്റെ പരിമളം, അച്ചടക്കത്തോടുകൂടിയുള്ള ജനങ്ങളുടെ പങ്കെടുക്കൽ, പ്രാർത്ഥനകളും, ഗീതങ്ങളും ഉരുവിടുന്നതിൽ ജനങ്ങൾ കാണിക്കുന്ന ഉത്സാഹം തുടങ്ങി വിവിധ ഘടകങ്ങൾ ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതയായി ഇതര സഭയിൽപ്പെട്ട ഒരു ക്രൈസ്തവനോ, പുറജാതിക്കാരനോ ശ്രദ്ധിച്ചേക്കാം. എന്നാൽ ഓരോന്നിന്റെയും അർത്ഥം വിവരിച്ചു കൊടുത്താൽ തന്നെ അയാൾക്കു മനസ്സിലായി എന്നു വരികയില്ല. ആരാധനയിൽ പങ്കെടുക്കുന്ന ഒരു ഓർത്തഡോക്സ് വിശ്വാസി ഇവ ഓരോന്നിന്റെയും വിശദമായ അർത്ഥം മനസ്സിലാക്കുവാൻ പലപ്പോഴും അമിതമായ താത്പര്യം കാണിച്ചു എന്നും വരികയില്ല. ഈ വിവിധ ഘടകങ്ങളുടെ ലക്ഷ്യം ഒന്നാണ്: ആരാധനയിൽ ദൈവസാന്നിദ്ധ്യബോധമുളവാക്കുക; ദൈവസാന്നിദ്ധ്യത്തിന്റെ സന്തോഷം അനുഭവിക്കുക. ദൈവസന്നിധിയിലേക്കു കടക്കുവാനുള്ള വാതിലുകളാണ് ആരാധനയിലെ വിവിധ ഘടകങ്ങൾ. മെഴുകുതിരികളുടെ മങ്ങിയ വെളിച്ചം, ധൂപത്തിന്റെ സൗമ്യമായ പരിമളം, വിവിധ വർണങ്ങൾ, ഗീതങ്ങൾ, പ്രാർത്ഥനാശബ്ദം ഇവയെല്ലാം കൂടി, ആരാധനാ സമൂഹത്തെ ഒരു ദേവാലയമാക്കിത്തീർക്കുന്നു. ദൈവസാന്നിദ്ധ്യം ഈ ആരാധനാസമൂഹത്തിലൂടെ ലോകം ദർശിക്കുന്നു. കുറെ വർഷങ്ങൾക്കു മുമ്പ് ആരാധനാവിഷയത്തിൽ പണ്ഡിതനായ ഒരു ഫ്രഞ്ചു കത്തോലിക്കാ വൈദികൻ മലങ്കര ഓർത്തഡോക്സ് ആരാധനയിൽ സംബന്ധിച്ചശേഷം മറ്റൊരു

വൈദികനോട് ഇങ്ങനെ പറഞ്ഞു: 'നമ്മുടെ (കത്തോലിക്കാ) ആരാധനയിൽ ദൈവത്തെപ്പറ്റിയുള്ള ചില കാര്യങ്ങൾ പ്രസ്താവിക്കുകയാണ്. ഇവിടെ ഓർത്തഡോക്സ് ആരാധനയിൽ ദൈവത്തെ നേരിട്ടു കണ്ടു സംസാരിക്കുകയാണ്.' ദൈവത്തെ മുഖാമുഖം ദർശിച്ചു സംസാരിക്കുന്നതാണ് ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകത.

### ആരാധനയുടെ സന്തോഷം

ദൈവസാന്നിദ്ധ്യബോധത്തിൽ നിന്നുരുത്തിരിയുന്നതാണു സന്തോഷം. വെളിപാടു പുസ്തകത്തിൽ വി.യോഹന്നാൻ നൽകുന്ന വിവരണം പൗരസ്ത്യ ആരാധനയെ സംബന്ധിച്ചിടത്തോളം അന്വർത്ഥമാണ്.

'ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചു കളയും; ഇനി മരണം ഉണ്ടാകയില്ല. ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകയില്ല' (വെളി. 21:3–5).

സന്തോഷഭരിതമായ അന്തരീക്ഷമാണ് ഓർത്തഡോക്സ് ആരാധനയിലുടനീളം. ഭയവും പാപബോധവും നിറഞ്ഞ ഒരു കുറ്റവാളിയെപ്പോലെ പാശ്ചാത്യർ ആരാധിക്കുന്നു. 'ദുഃഖവും മുറവിളിയും' ഇല്ലാത്ത ദൈവരാജ്യത്തിന്റെ സന്തോഷം ഓർത്തഡോക്സ് വിശ്വാസി ആരാധനയിൽ അനുഭവിച്ചറിയുന്നു. നിത്യപ്രകാശത്തിന്റെ നാട്ടിൽ ലഭിക്കുന്ന ജീവിതം ഇവിടെ ആരാധനയിലൂടെ വെളിപ്പെടുന്നു. സ്വർഗംതന്നെ വിശ്വാസികളുടെ മുമ്പിൽ ദൃശ്യമാകുന്നു. സ്വർഗത്തിലെ നിത്യമായ ആരാധനയിൽ വിശ്വാസികൾ പങ്കെടുക്കുന്നു:

'തിരുമുമ്പാകെ നിന്നുകൊണ്ട് ഇടവിടാതെ നിന്നെ മഹത്വപ്പെടുത്തുന്ന ആയിരങ്ങളും പതിനായിരങ്ങളുമായ അഗ്നിമയന്മാരോടൊരുമിച്ചു ത്രിത്വസ്തുതികളാൽ നിന്നെ പുകഴ്ത്തുവാൻ ഞങ്ങൾ യോഗ്യരായി ഭവിക്കുമാറാകണമെ'യെന്നു വി. കുർബാനയിൽ പ്രാർത്ഥിക്കുന്നുണ്ട് (മാർ ദീവന്നാസ്യോസിന്റെ ക്രമം).

### എല്ലാം ദൈവമഹത്വത്തിന്

ദൈവസന്നിധിയിലെ നിത്യആരാധനയിൽ സംബന്ധിക്കുമ്പോൾ മനുഷ്യന്റെ സമസ്ത വ്യക്തിത്വവും, സംസ്കാരവും, അദ്ധ്വാനഫലവുമെല്ലാം ദൈവത്തിനു സമർപ്പിക്കപ്പെടുന്നു. ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും സ്വയമൊരുങ്ങി മനുഷ്യൻ ദൈവത്തിനു പൂർണമായി സമർപ്പിക്കുന്നു. ഉപഭോജ്യവസ്തുക്കളായ അപ്പവും വീഞ്ഞും വി. കുർബാനയിൽ അർപ്പിക്കുന്നു. വെള്ളവും എണ്ണയും പരിശുദ്ധാത്മ സാന്നിദ്ധ്യത്തിലൂടെ മനുഷ്യനെ രൂപാന്തരപ്പെടുത്തുവാൻ ശുദ്ധീകരിക്കുന്നു (മാമോദീസായിൽ).

ഭാഷയും സാഹിത്യവും ദൈവമഹത്വത്തിനായി പ്രാർത്ഥനാരൂപത്തിൽ ഉപയോഗിക്കുന്നു; സംഗീതവും കാവ്യങ്ങളും ദൈവത്തെ സ്തുതിക്കുവാൻ ആലപിക്കുന്നു. വർണങ്ങളും സുഗന്ധവസ്തുക്കളും, ചിത്രങ്ങളും ശില്പകലയും ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകങ്ങളായിത്തീരുന്നു.

മനുഷ്യന്റെ സമ്പൂർണമായ പരിവർത്തനമാണ് ആരാധനയുടെ ലക്ഷ്യം. സാഹിത്യവും, സംഗീതവും, കവിതയും, ചിത്രകലയുമെല്ലാം ദൈവമഹത്വം വെളിപ്പെടുത്തുന്ന മാദ്ധ്യമങ്ങളായിത്തീരണം. ഈ ലക്ഷ്യത്തിലാണു മനുഷ്യന്റെ ഭൗതികവും, ആത്മീകവും, സാംസ്കാരികവുമായ ഘടകങ്ങളെ ഓർത്തഡോക്സ് ആരാധനയിൽ സമന്വയിപ്പിച്ചിരിക്കുന്നത്. ദൈവമഹത്വം വെളിപ്പെടുത്തുന്ന മാധ്യമമായിത്തീരണം ലോകം. ലോകത്തിലെ എല്ലാ ചലനങ്ങളും ദൈവത്തെ മഹത്വപ്പെടുത്തുന്ന ഒരു സാർവലൗകിക ആരാധന (Cosmic Liturgy) യുടെ ഭാഗമായിത്തീരണം. ലോകത്തെ സംബന്ധിച്ചുള്ള ദൈവേഷ്ടം പ്രതിഫലിപ്പിക്കുവാനുള്ള ശ്രമമാണ് ഓർത്തഡോക്സ് ആരാധനയെ വിശിഷ്ടമാക്കുന്നത്.

**ചോദ്യങ്ങൾ**

1. ഓർത്തഡോക്സ് ആരാധനയെ മനോഹരമാക്കുന്ന വിവിധ ഘടകങ്ങൾ ഏവ?
2. ഈ വിവിധ ഘടകങ്ങൾ ഉപയോഗിക്കുന്നതിന്റെ പരമമായ ലക്ഷ്യം എന്താണ്?
3. ആരാധനയുടെ ഉദ്ദേശ്യം എന്താണ്?

## പാഠം 2

# വി. കുർബാനയുടെ പ്രാധാന്യം

❑ വി. കുർബാന സ്വർഗീയ വിരുന്ന്

ഓർത്തഡോക്സ് ആരാധനയുടെ കേന്ദ്രം വി. കുർബാനയാണ്. യാമപ്രാർത്ഥനകളുടെയും, നോമ്പിന്റെയും എല്ലാം ലക്ഷ്യം വി. കുർബാനയ്ക്കായി ഒരുങ്ങുകയാണ്. എല്ലാ കൂദാശകളുടെയും പൂർത്തീകരണം വി. കുർബാനയിലാണ്. മാമോദീസാ, വി. മൂറോൻ കൂദാശ, പട്ടംകൊട തുടങ്ങിയ എല്ലാ കൂദാശകളും അനുഷ്ഠിക്കുന്നതു വി. കുർബാനയർപ്പണത്തോടനുബന്ധിച്ചാണ്. അതുകൊണ്ടു ദീവന്നാസ്യോസ് അരയോപഗൈറ്റ് (C. 500) എന്ന സഭാപിതാവ് വി. കുർബാനയെ 'കൂദാശകളുടെ കൂദാശ'

എന്നാണു വിളിക്കുന്നത് ('Sacrament of the Sacraments' or mystery of the mysteries.).

വി. കുർബാന സ്വർഗീയ ബലിയാണെന്നുള്ള ആശയം പ്രാർത്ഥനകളിലെല്ലാം കാണാവുന്നതാണ്. എന്നാൽ അതോടൊപ്പം തന്നെ വി. കുർബാന ഒരു സ്വർഗീയ വിരുന്നാണെന്നും ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നു. ഓർത്തഡോക്സ് ആരാധനയിൽ സംബന്ധിക്കുന്ന ഒരു സഭാംഗം വിരുന്നിനായി ക്ഷണിക്കപ്പെട്ടവനാണ്. പാശ്ചാത്യ പാരമ്പര്യത്തിൽ ആരാധനയ്ക്ക് എത്തുന്നതു ന്യായാധിപന്റെ മുമ്പിലെത്തുന്ന കുറ്റവാളിയെപ്പോലെയാണെന്നു പറയാം. സ്വർഗീയ ന്യായാധിപന്റെ മുമ്പിൽ അവനനുഷ്ഠിക്കുന്ന കടപ്പാടാണ് ആരാധന. ഓർത്തഡോക്സ് സഭാംഗം വിരുന്നിനു ക്ഷണിക്കപ്പെട്ടയാളിന്റെ സന്തോഷത്തോടും സ്വാതന്ത്ര്യത്തോടുംകൂടി ആരാധനയിൽ സംബന്ധിക്കുന്നു. ക്രിസ്തുവിൽ അവൻ വിരുന്നിനായി വേർതിരിക്കപ്പെടുകയും വിളിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അവന്റെ അവകാശമാണു വിരുന്നിലുള്ള പങ്കാളിത്തം. ആതിഥേയനും, വിരുന്നു ഭോജനവുമായ ക്രിസ്തുവിനെ അവൻ ആരാധനയിൽ ദർശിക്കുന്നു, അനുഭവിക്കുന്നു.

## വി. കുർബാന സ്വർഗീയ വിരുന്ന്

ദൈവരാജ്യത്തിന്റെ വിരുന്നാണു വി. കുർബാന. ദൈവരാജ്യത്തിന്റെ പ്രത്യേകത സന്തോഷഭരിതമായ ജീവിതമാണ്. ആ സന്തോഷത്തെപ്പറ്റി സുവിശേഷങ്ങളിൽ പറയുന്നതു കല്യാണവിരുന്നിന്റെ ഉപമ ഉപയോഗിച്ചാണ്. 'ദൈവരാജ്യത്തിൽ ഭക്ഷണം കഴിക്കുന്നവൻ ഭാഗ്യവാൻ' (ലൂക്കൊ. 14:15). ഉത്ഥാനം ചെയ്ത ക്രിസ്തുവിനോടുകൂടെ ക്ഷണിക്കപ്പെട്ടവർ ഭക്ഷണം കഴിക്കുന്നതാണു ദൈവരാജ്യത്തിന്റെ സന്തോഷത്തിന്റെ പാരമ്യം, 'കിഴക്കുനിന്നും പടിഞ്ഞാറുനിന്നും തെക്കുനിന്നും വടക്കുനിന്നും അനേകർ വന്നു ദൈവരാജ്യത്തിൽ പന്തിയിലിരിക്കും' (ലൂക്കൊ. 13:29). യജമാനനു വേണ്ടി കാത്തിരിക്കുന്ന ദാസന്മാരെ പന്തിയിലിരുത്തി യജമാനൻതന്നെ അവരെ മേശയിൽ ശുശ്രൂഷിക്കും (ലൂക്കൊ. 12:37).

സ്വർഗരാജ്യത്തിന്റെ വിരുന്നായ വി. കുർബാന അന്ത്യ അത്താഴ സമയത്തു കർത്താവ് സ്ഥാപിച്ചു. സ്വർഗീയ മേശയിലുള്ള പങ്കാളിത്തം മനുഷ്യർക്കു വി. കുർബാനയിലൂടെ ലഭ്യമായി. കർത്താവിന്റെ വാക്കുകളിൽ ഇതു പ്രകടമാണ്: 'എന്റെ പിതാവിന്റെ രാജ്യത്തിൽ നിങ്ങളോടുകൂടെ പുതുതായി കുടിക്കുംനാൾ വരെ ഞാൻ മുന്തിരിവള്ളിയുടെ ഈ അനുഭവത്തിൽ നിന്ന് ഇനി കുടിക്കുകയില്ല എന്ന് ഞാൻ നിങ്ങളോടു പറയുന്നു' (മത്താ. 26:25). സ്വർഗീയ വിരുന്നു വി. കുർബാനയിലൂടെ ഇവിടെ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. അതിന്റെ സമ്പൂർത്തി വരുവാനിരിക്കുന്ന രാജ്യത്തിലാണ്.

ക്രിസ്തുവും സഭയും തമ്മിലുള്ള വിവാഹത്തിന്റെ വിരുന്നായി വെളിപാടു പുസ്തകത്തിൽ വി. കുർബാനയെ ചിത്രീകരിച്ചിരിക്കുന്നു. ഒരു വലിയ മുഴക്കത്തിലൂടെ യോഹന്നാൻ ഇങ്ങനെ കേട്ടു: 'ഹല്ലേലുയ്യാ! സർവശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു – നാം സന്തോഷിച്ച് ഉല്ലസിച്ച് അവനു മഹത്വം കൊടുക്കുക; കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ. അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു' (വെളി. 19:6–7; 21:1–3 കാണുക). സഭയുടെ വിവാഹവിരുന്നാണു വി. കുർബാന. വിവാഹ വിരുന്ന് സന്തോഷത്തിന്റെ അവസരമാണ്. മണവാളന്റെയും മണവാട്ടിയുടെയും സന്തോഷത്തിൽ വിരുന്നുകാർ പങ്കാളികളാവുന്നു. ആദിമ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ വി. കുർബാനയനുഭവം സന്തോഷത്തിന്റെ അവസരമായിരുന്നു. '(അവർ) വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയ പരമാർത്ഥതയും പൂണ്ടു ഭക്ഷണം കഴിക്കുകയും, ദൈവത്തെ സ്തുതിക്കുകയും, സകല ജനത്തിന്റെയും കൃപ അനുഭവിക്കുകയും ചെയ്തു' (അപ്പൊ. പ്ര. 2:46–47; ലൂക്കൊ. 24:41, 53 കാണുക). ഉത്ഥാനം ചെയ്ത കർത്താവിന്റെ സാന്നിദ്ധ്യം അവരെ സന്തോഷഭരിതരാക്കി. അവന്റെ സാന്നിദ്ധ്യം അവർ അനുഭവിച്ചറിഞ്ഞതു വി. കുർബാനയിലൂടെയാണ്. 'അവരുമായി ഭക്ഷണത്തിന് ഇരിക്കുമ്പോൾ അവൻ അപ്പം എടുത്തു അനുഗ്രഹിച്ചു നുറുക്കി അവർക്കു കൊടുത്തു. ഉടനെ അവരുടെ കണ്ണുതുറന്നു: അവർ അവനെ അറിഞ്ഞു' (ലൂക്കൊ. 24:30–31, യോഹ. 21:10–14 കാണുക). ആരാധനയിലൂടെ ആദിമക്രിസ്ത്യാനികൾ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെപ്പറ്റിയും, സന്തോഷത്തെപ്പറ്റിയും സുവിശേഷകന്മാർ പ്രത്യേകം എടുത്തുപറയുന്നുണ്ട് (ലൂക്കൊ. 24:41, 53; യോഹ. 20:20).

ഉത്ഥാനം ചെയ്ത മഹത്വവാനായ ക്രിസ്തുവിനോടുകൂടിയുള്ള സ്വർഗീയ വിരുന്നാണു വി. കുർബാന. അതിലെ ആതിഥേയനും ഭക്ഷണവും ജഡധാരണം ചെയ്ത ക്രിസ്തുവാണ്. ഓർത്തഡോക്സ് ആരാധനയിൽ ആദിമസഭയുടെ ആത്മീയ സന്തോഷം കാത്തുസൂക്ഷിക്കപ്പെട്ടിരിക്കുന്നു. പാശ്ചാത്യ ക്രൈസ്തവർ അനുതാപത്തിലും, കുറ്റബോധത്തിലും ആരാധനയിൽ ഊന്നൽ കൊടുക്കുമ്പോൾ, പൗരസ്ത്യർ സ്വർഗീയവിരുന്നിലുള്ള പങ്കാളിത്തവും, അതിന്റെ ആഹ്ലാദവുമാണ് ആരാധനയിൽ ദർശിക്കുന്നത്. പാപത്തിനടിമയായ മനുഷ്യവർഗത്തിന്റെ പരിതാപാവസ്ഥ പാശ്ചാത്യർ അനുസ്മരിക്കുമ്പോൾ പൗരസ്ത്യർ മനുഷ്യവർഗത്തിനു ക്രിസ്തുവിൽ ലഭ്യമായ സ്വാതന്ത്ര്യവും സന്തോഷവും ആരാധനയിലൂടെ അനുഭവിച്ചറിയുന്നു (ഈ ആശയം അഭി. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ Joy of Freedom (*സ്വാതന്ത്ര്യദീപ്തി*, സി.എസ്.എസ്., തിരുവല്ല) എന്ന ഗ്രന്ഥത്തിൽ വിശദമാക്കിയിട്ടുണ്ട്).

വി. കുർബാനയെ സ്വർഗീയവിരുന്നായി, കുർബാന തക്സായിലെ പല പ്രാർത്ഥനകളിലും ചിത്രീകരിച്ചിട്ടുണ്ട്:

'കർത്താവെ നിന്റെ സ്വർഗീയ വിരുന്നിൽ സംബന്ധിക്കുവാൻ ഞങ്ങളെ അർഹരാക്കിത്തീർത്ത നിന്റെ മഹാകരുണയെ പ്രതി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു' (യാക്കോബിന്റെ ക്രമം - കൃതജ്ഞതാപ്രാർത്ഥന).

വി. കുർബാനയിലെ ഒരു സെദ്റായിൽ കുറെക്കൂടി വ്യക്തമായി പറയുന്നുണ്ട്:

'ഞങ്ങളുടെ കർത്താവായ യേശുമശിഹാ! ആഹ്ലാദപൂർണമായ മണവറയിൽ ഞങ്ങളെ ആനന്ദിപ്പിക്കേണമെ. നിന്റെ രാജ്യത്തിലെ തോഴന്മാരുടെയും വിരുന്നുകാരുടെയും കൂട്ടത്തിൽ ഞങ്ങളെ സന്തോഷിപ്പിക്കണമെ. നിന്നെ പ്രീതിപ്പെടുത്തിയിട്ടുള്ളവരായ നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും കൂട്ടത്തിൽ ഞങ്ങളെയും ക്ഷണിക്കുമാറാകണമെ..... നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരോടും വിശുദ്ധന്മാരോടും കൂടെ ഞങ്ങളെ ശോഭിപ്പിക്കണമെ. ആത്മീയമായ ആ വിരുന്നിൽ നിന്റെ വലത്തുഭാഗത്തു ഞങ്ങളെ ഇരുത്തണമെ.'

കർത്താവിന്റെ രണ്ടാമത്തെ വരവിൽ സ്വർഗരാജ്യത്തിൽ ലഭിക്കുന്ന സന്തോഷത്തെ ഒരു വിവാഹവിരുന്നിന്റെ സന്തോഷമായിട്ടാണ് ഈ പ്രാർത്ഥനയിലും വിശേഷിപ്പിച്ചിരിക്കുന്നത്. ഈ സന്തോഷ പ്രകടനത്തിന്റെ ഭാഗമായിട്ടാണ് എത്യോപ്യൻ ഓർത്തഡോക്സ് ആരാധനയിൽ നൃത്തം ഉൾപ്പെടുത്തിയിരിക്കുന്നത്.

**ചോദ്യങ്ങൾ**

1. വി. കുർബാന, 'കൂദാശകളുടെ കൂദാശ'യാണെന്നു പറയുന്നതെന്തുകൊണ്ട്?
2. വി. കുർബാന സ്വർഗീയ വിരുന്നാണെന്നു പറയുന്നതെന്തുകൊണ്ട്?
3. വി. കുർബാനയെപ്പറ്റിയുള്ള താഴെപ്പറയുന്ന വേദഭാഗങ്ങൾ വായിച്ച് ഉപന്യസിക്കുക (മത്താ. 26: 26-30; മർക്കൊ. 14: 22-25; ലൂക്കൊ. 22:15-20; 1 കൊരി. 11: 23-26; യോഹ. 6: 22-59).

## പാഠം 3

# ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതകൾ – 1

- ❑ പ്രാദേശികഭാഷ ❑ വിശ്വാസികളുടെ പൂർണമായ പങ്കാളിത്തം
- ❑ ജീവനുള്ളവർക്കും മരിച്ചവർക്കും വേണ്ടിയുള്ള പ്രാർത്ഥനകൾ

ഓർത്തഡോക്സ് ആരാധനയ്ക്കും പാശ്ചാത്യ സഭകളുടെ ആരാധനയ്ക്കും തമ്മിൽ കുറെയൊക്കെ സാമ്യമുണ്ട്. രണ്ടിനും അവയുടേതായ പ്രത്യേകതകളുമുണ്ട്. എന്നാൽ ഓർത്തഡോക്സ് ആരാധനയെ വേർതിരിക്കുന്ന പല ഘടകങ്ങളുണ്ട്. അവയിൽ ചിലതിനെപ്പറ്റി വിശദീ കരിക്കുകയാണ്.

### 1. പ്രാദേശിക ഭാഷ

ജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷയിൽ ആരാധനയർപ്പിക്കുന്നത് ആദിമ നൂറ്റാണ്ടുകൾ മുതൽക്കേ ഓർത്തഡോക്സ് സഭയുടെ പ്രത്യേകതയാണ്. അപ്പോസ്തലന്മാരുടെ കാലത്തു പാലസ്തീനിൽ അറമായ ഭാഷയിലായിരുന്നു ആരാധിച്ചിരുന്നത്. ജറുശലേം, അന്ത്യോഖ്യാ എന്നീ പട്ടണങ്ങളിൽ ഗ്രീക്കാണ് ഉപയോഗിച്ചിരുന്നത്. നാലാം നൂറ്റാണ്ടിൽ ജറുശലേമിലെ ആരാധനാഭാഷ ഗ്രീക്കായിരുന്നുവെങ്കിലും, ഗ്രാമപ്രദേശങ്ങളിൽനിന്നു വരുന്നവർക്കു മനസ്സിലാകുവാൻ പ്രാർത്ഥനകൾ അറമായ (= സുറിയാനി) ഭാഷയിലേക്കു തർജമ ചെയ്തിരുന്നു. അന്ത്യോഖ്യയിൽ ആറാം നൂറ്റാണ്ടു വരെ ഗ്രീക്കായിരുന്നു ആരാധനാഭാഷ. കാലക്രമേണ ഗ്രീക്കിന്റെ പ്രാധാന്യം കുറഞ്ഞുവരികയും സാധാരണജനങ്ങൾക്കു മനസ്സിലാകാതെ വരികയും ചെയ്തപ്പോൾ, അന്ത്യോഖ്യൻ ആരാധനാക്രമങ്ങൾ സുറിയാനിയിലേക്കു തർജമ ചെയ്യപ്പെട്ടു. ഇന്ന് അന്ത്യോഖ്യൻ സുറിയാനി സഭയിൽ സുറിയാനിയേക്കാൾ കൂടുതലായി ഉപയോഗിക്കുന്നത് അറബി – തുർക്കി ഭാഷകളാണ്.

അന്ത്യോഖ്യയിലും പ്രാന്തപ്രദേശങ്ങളിലുമുള്ള ബൈസന്റയിൻ സഭയും, ആദ്യം ഗ്രീക്കും, പിന്നീടു സുറിയാനിയും, പിൽക്കാലത്ത് അറബിയും ആരാധനാഭാഷയായി ഉപയോഗിച്ചു. എന്നാൽ എഡേസായിലും, പേർഷ്യൻ സഭയിലും ആദിമകാലം മുതൽക്കേ സുറിയാനിയാണ് ഉപയോഗിച്ചിരുന്നത്.

ഈജിപ്തിൽ ആദ്യകാലത്തു ഗ്രീക്കായിരുന്നു ആരാധനാ ഭാഷയെങ്കിലും പിൽക്കാലത്തു കോപ്റ്റിക്ക് ഭാഷ ഉപയോഗിച്ചു തുടങ്ങി. ഇന്ന് അറബിയിലാണ് ഈജിപ്തിലെ ആരാധന.

എത്യോപ്യയിൽ നാലാം നൂറ്റാണ്ടിൽ ക്രൈസ്തവർ ഉണ്ടായിരുന്നുവെങ്കിലും, എത്യോപ്യൻസഭ വളർച്ച പ്രാപിച്ചു തുടങ്ങിയത് ആറാം നൂറ്റാണ്ടിൽ സുറിയാനിക്കാരായ സന്യാസിമാരുടെ സുവിശേഷപ്രവർത്തനം മൂലമാണ്. ആറാം നൂറ്റാണ്ടിൽ തന്നെ ആരാധനാക്രമങ്ങളും, വേദപുസ്തകവും എത്യോപ്യൻ ഭാഷയിൽ തർജമ ചെയ്യപ്പെട്ടു. ഇന്നു ഗീസി (Geez) ലും, ആധുനിക എത്യോപ്യൻ ഭാഷയായ അംഹാറിക്കിലും ആരാധന നടത്തുന്നു.

അർമീനിയൻ സഭയിൽ ആദ്യകാലത്തു സുറിയാനി ഉപയോഗിച്ചിരുന്നു. എന്നാൽ അഞ്ചാം നൂറ്റാണ്ടിൽ വി. മെസ്രേബ് അർമീനിയൻ ഭാഷയ്ക്കു ലിപികൾ ഉണ്ടാക്കുകയും തുടർന്ന് ആരാധനാക്രമങ്ങളും വി. വേദപുസ്തകവും അർമീനിയൻ ഭാഷയിലാക്കുകയും ചെയ്തു.

ഇതേരീതിയിൽ ബൈസന്റയിൻ സഭയിലും പ്രാദേശിക ഭാഷകൾ ഉപയോഗിക്കുന്നു. പത്താം നൂറ്റാണ്ടിൽ റഷ്യയിൽ എത്തിയ ബൈസന്റയിൻ സന്യാസിമാരായ സിറിൽ, മെത്തഡിയസ് എന്നിവരുടെ ആദ്യത്തെ പരിശ്രമം ഗ്രീക്കിലുള്ള ആരാധനാക്രമങ്ങൾ പ്രാദേശികഭാഷയിലാക്കുകയായിരുന്നു. ഫിൻലണ്ട്, പോളണ്ട്, റുമേനിയ, യുഗോസ്ലാവിയ, ബൾഗേറിയ, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലെ ബൈസന്റയിൻ സഭാംഗങ്ങൾ അതതു നാടുകളിലെ ഭാഷയിലാണ് ആരാധിക്കുന്നത്.

1962–64 ലെ രണ്ടാം വത്തിക്കാൻ സുന്നഹദോസിനു മുമ്പു റോമൻ കത്തോലിക്കാ സഭ ലാറ്റിൻ ഭാഷയാണ് ആരാധനയ്ക്ക് ഉപയോഗിച്ചിരുന്നത് (റോമിൽ നാലാം നൂറ്റാണ്ടിന്റെ ആരംഭം വരെ ഗ്രീക്കായിരുന്നു ആരാധനാഭാഷ. അതിനുശേഷമാണു ലാറ്റിൻ ഉപയോഗിച്ചു തുടങ്ങിയത്). ഓർത്തഡോക്സ് സഭകളുടെ മാതൃകയിൽ, ജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷയിൽ ആരാധന നടത്തണമെന്നു രണ്ടാം വത്തിക്കാൻ സുന്നഹദോസ് തീരുമാനിച്ചു. അതിന്റെ വെളിച്ചത്തിൽ 1964 മുതൽ ലോകമെമ്പാടുമുള്ള കത്തോലിക്കർ പ്രാദേശിക ഭാഷകളിൽ ആരാധന നടത്തിത്തുടങ്ങി.

ജനങ്ങളുടെ സജീവപങ്കാളിത്തം ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതയാണ്. അതിനുള്ള ഉപാധിയാണു പ്രാദേശികഭാഷ. അർത്ഥം മനസ്സിലാകാതെ ചൊല്ലുന്ന പ്രാർത്ഥനകൾ ‘മുഴങ്ങുന്ന ചെമ്പോ, ചിലമ്പുന്ന കൈത്താളമോ’ (1 കൊരി. 13:1) പുറപ്പെടുവിക്കുന്ന ശബ്ദത്തിൽ നിന്നും വ്യത്യസ്തമായിരിക്കയില്ല. പ്രാദേശിക ഭാഷയിലുള്ള ആരാധന മലങ്കരസഭയിൽ നടപ്പായത് ഈ നൂറ്റാണ്ടിന്റെ ആരംഭം മുതലാണെന്നു പറയാം. ഇപ്പോഴും പരിപൂർണമായി പ്രാദേശികഭാഷയിലാക്കിയിട്ടുണ്ടെന്നു പറയാൻ പാടില്ല. അൽപ്പം സുറിയാനി ചൊല്ലുന്നതിലും, അതു കേൾക്കുന്നതിലും എന്തോ അനുഭൂതി കണ്ടെത്തുന്ന സഭാംഗങ്ങൾ ഉണ്ടെന്നുള്ളതു

വാസ്തവമല്ലേ? ബാഹ്യകേരള ഇടവകകളിൽ, യുവതലമുറയ്ക്കു മനസ്സിലാകുന്ന ഭാഷകളിൽ ആരാധിച്ചു തുടങ്ങേണ്ട സമയമായിക്കഴിഞ്ഞിരിക്കുന്നു.

## 2. വിശ്വാസികളുടെ പൂർണമായ പങ്കാളിത്തം

ജനങ്ങളെ കാഴ്ചക്കാരാക്കി മാറ്റിനിർത്തിക്കൊണ്ടു പുരോഹിതൻ അനുഷ്ഠിക്കുന്ന ഒരു കർമമായിട്ടല്ല ഓർത്തഡോക്സ് സഭയിൽ വി. കുർബാനയെ മനസ്സിലാക്കുന്നത്. സഭയുടെ ആരാധനയിൽ പ്രധാന കാർമികനാണു വൈദികൻ. കുർബാനയിലെ പ്രാർത്ഥനകളിൽ 'ഞങ്ങൾ' എന്ന ബഹുവചനം ക്രമമായി ഉപയോഗിച്ചിരിക്കുന്നതു ശ്രദ്ധേയമാണ്. കുർബാന തക്സായിലെ മിക്കവാറും എല്ലാ പ്രാർത്ഥനകളും 'ഞങ്ങൾ നിനക്കും നിന്റെ ഏകപുത്രനും.... നിന്റെ റൂഹായ്ക്കും.... സ്തുതിയും സ്തോത്രവും കരേറ്റുന്നു' എന്ന വാചകത്തോടുകൂടിയാണ് അവസാനിക്കുന്നത്. ആരാധനാ സമൂഹത്തിന്റെ തലവനെന്ന നിലയിൽ, സമൂഹത്തിനു മുഴുവനും വേണ്ടി പുരോഹിതൻ വി. കുർബാനയർപ്പിക്കുന്നു. ഈ ആശയമുൾക്കൊള്ളുന്ന പ്രാർത്ഥനകൾ ഉദ്ധരിക്കുവാൻ സാധിക്കും:

'കർത്താവേ നിനക്കു ഞങ്ങൾ അർപ്പിക്കുന്ന ഈ ബലി മുഖാന്തരം സകല അശുദ്ധ വികാരങ്ങളെയും ഞങ്ങളിൽ നിന്നു ദൂരീകരിക്കണമെ' (മാർ ദീവന്നാസ്യോസ് ബർസ്ളീബിയുടെ ക്രമം). 'കർത്താവേ നിന്റെ ഇടവകയുടെ പാപങ്ങൾക്കും ഭോഷത്വങ്ങൾക്കുംവേണ്ടി രക്താർപ്പിതമല്ലാത്ത ഈ ആത്മീയബലി നിനക്കർപ്പിക്കുവാൻ ഞങ്ങൾക്കു ശക്തി നൽകണമെ....' (സ്വർണനാവുകാരനായ മാർ ഈവാനിയോസിന്റെ ക്രമം).

സഭയുടെ പൂർണമായ പങ്കാളിത്തത്തിൽ ഓർത്തഡോക്സ് സഭ വിശ്വസിക്കുന്നതുകൊണ്ടാണു പുരോഹിതൻ തനിയെ കുർബാനയർപ്പിക്കുവാൻ അനുവദിക്കാത്തത്. കുറഞ്ഞപക്ഷം ഒരു ശുശ്രൂഷകനും, വിശ്വാസികളുടെ പ്രതിനിധിയായി ഒരാളും ഉണ്ടായിരിക്കണമെന്നുള്ളതാണു നമ്മുടെ സഭയുടെ പാരമ്പര്യം. എത്യോപ്യൻ സഭയിൽ കുറഞ്ഞതു രണ്ടു പുരോഹിതന്മാരും മൂന്നു ശെമ്മാശന്മാരും വേണമെന്നുണ്ട്. ഇത് അടുത്തകാലത്തുണ്ടായ പതിവാണ്.

ആദിമസഭയിൽ ഏതാനും ചില വിശ്വാസികളെ മാത്രം പങ്കെടുപ്പിച്ചു നടത്തുന്ന 'ഇടക്കുർബാനകൾ' ഇല്ലായിരുന്നുവെന്നു പറയാം. എല്ലാ കുർബാനകളിലും എല്ലാ വിശ്വാസികളും പങ്കെടുത്തിരുന്നു. രോഗികളോ, കഠിനമായ കുറ്റങ്ങൾ ചെയ്തതിനാൽ സഭയിൽ നിന്നും മുടക്കപ്പെട്ടവരോ ഒഴികെ, സ്നാനമേറ്റ എല്ലാ വിശ്വാസികളും ആദിമസഭയിലെ കുർബാനയർപ്പണത്തിൽ സംബന്ധിച്ചിരുന്നു.

വിശ്വാസികളുടെ പങ്കാളിത്തത്തെപ്പറ്റി നാം പഠിപ്പിക്കുന്നുവെങ്കിലും, എല്ലാ വിശ്വാസികളും വി. കുർബാന അനുഭവിക്കുവാൻ നമ്മുടെ സഭ നിഷ്ക്കർഷിക്കാത്തത് ഒരു കുറവാണ്. വി. കുർബാനയോടുള്ള അതിയായ ഭക്തിയായിരിക്കാം വി. കുർബ്ബാനയനുഭവിക്കുന്നതിൽ പലർക്കും വൈമുഖ്യമുണ്ടാക്കുന്ന ഒരു ഘടകം. ആണ്ടിലൊരിക്കൽ മാത്രം വി. കുർബാന അനുഭവിച്ചാൽ മതിയെന്നുള്ള തെറ്റായ ധാരണ തിരുത്തുവാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്. ആദിമസഭയിൽ വി. കുർബാന അനുഭവിക്കാത്ത ഒരൊറ്റ വിശ്വാസിപോലും ഉണ്ടായിരുന്നില്ല. ജസ്റ്റിൻ മാർട്ടിയറുടെ കാലത്ത് (എ. ഡി. 150), രോഗികളായ വിശ്വാസികൾക്കും, ജയിലിൽ കിടക്കുന്നവർക്കും ശെമ്മാശന്മാർ വി. കുർബാന കൊണ്ടുപോയി കൊടുത്തിരുന്നു.

### 3. ജീവനുള്ളവർക്കും മരിച്ചവർക്കും വേണ്ടിയുള്ള പ്രാർത്ഥനകൾ

യഥാർത്ഥ മഹാപുരോഹിതനായ ക്രിസ്തു സ്വർഗീയ ദേവാലയത്തിൽ 'ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ട്' (എബ്രാ. 10:13) പിതാവാം ദൈവത്തിന്റെ സന്നിധിയിൽ ആരാധനയർപ്പിക്കുകയാണ്. ആ സ്വർഗീയ ആരാധനയിൽ ക്രിസ്തുവിന്റെ ശരീരമായ സഭ അതിന്റെ പൂർണതയിൽ പങ്കെടുക്കുന്നു. മരിച്ചവരും ജീവനുള്ളവരും ആ ആരാധനയിൽ പങ്കാളികളാണ്. സ്വർഗീയ ആരാധനയുടെ ദൃശ്യരൂപമാണു സഭയുടെ ആരാധനയായ വി. കുർബാന.

വി. കുർബാനയർപ്പിക്കുന്നത് യേശുക്രിസ്തുവിന്റെ ശരീരമായ സഭയാണ്. സഭയുടെ തലയും മണവാളനുമായ ക്രിസ്തുവിനെ ആരാധനാസംഘം വൈദികനിൽ ദർശിക്കുന്നു. വി. കുർബാനയർപ്പിക്കുന്ന ഒരു സമൂഹത്തിലൂടെ ക്രിസ്തുവിന്റെ ശരീരമായ സഭ അതിന്റെ പൂർണതയിൽ ലോകത്തിനു വെളിപ്പെടുന്നു. ആ സഭാഗാത്രത്തിൽ ജീവനുള്ളവരും മരിച്ചവരും അംഗങ്ങളാണ്. മരണത്തോടുകൂടി വിശ്വാസികൾ സഭാഗാത്രത്തിൽ നിന്നും അന്യരായിപ്പോകുന്നില്ല. സഭാഗാത്രം ദൈവമുമ്പാകെ അർപ്പിക്കുന്ന ആരാധനയിൽ ജീവനുള്ളവർ മാത്രമല്ല, മരിച്ചവരും പങ്കെടുക്കുന്നുണ്ട്. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണു മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത്.

ക്രിസ്തുശരീരമായ സഭയിൽ നിന്നും ദൈവത്തിങ്കലേക്ക് ഉയരുന്ന പരിമള ധൂപമാണു പ്രാർത്ഥന. അതിൽ മരിച്ചവരുടെയും ജീവനുള്ളവരുടെയും പ്രാർത്ഥനകൾ അടങ്ങിയിട്ടുണ്ട്. വി. കുർബാനയുടെ ഒരുക്കശുശ്രൂഷയിൽ ധൂപം അർപ്പിച്ചുകൊണ്ടു പുരോഹിതൻ ഇക്കാര്യം അനുസ്മരിക്കുന്നു: '.... ജീവിച്ചിരിക്കുന്നവർക്കും മരിച്ചുപോയവർക്കും സ്വർഗീയ ഊർശ്ലേമിൽ ആശ്വാസം ലഭിക്കുന്നതിനായും നിനക്കു സമർപ്പിക്കുന്ന ഈ ധൂപത്തെ കൈക്കൊള്ളണമെ എന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.'

വാങ്ങിപ്പോയവരോടുള്ള ബന്ധത്തിന്റെ കണ്ണി നമ്മുടെ പ്രാർത്ഥന യാണ്. പരസ്പര അനുസ്മരണത്തിലും, മദ്ധ്യസ്ഥതയിലും ജീവനുള്ള വർ മരിച്ചവരുമായുള്ള ബന്ധം അനുഭവിച്ചറിയുന്നു. ക്രിസ്തുശരീരത്തിലെ അദൃശ്യരായ അംഗങ്ങളാണു വാങ്ങിപ്പോയവർ. അവരെ വിസ്മരിച്ചു കൊണ്ടുള്ള പ്രാർത്ഥന അർത്ഥപൂർണമാകയില്ല.

വി. കുർബാനയിലെ ഒരുക്കശുശ്രൂഷയിൽ ആദാം മുതൽ ഇന്നുവരെ യുള്ള എല്ലാ വാങ്ങിപ്പോയ വിശുദ്ധന്മാരെയും ഓർക്കുന്നു.

'.... ഞങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്ന ഈ സ്തോത്രബലി മൂലം ഞങ്ങളുടെ പിതാവായ ആദാമിനെയും മാതാവായ ഹവ്വായേയും ദൈവ മാതാവായ വി. മറിയാമിനെയും ദീർഘദർശിമാരെയും ശ്ളീഹന്മാരെയും ഏവൻഗേലിസ്തന്മാരെയും, സഹദേന്മാരെയും മൗദ്യാനന്മാരെയും നീതി മാന്മാരെയും പട്ടക്കാരെയും, പ. പിതാക്കന്മാരെയും സത്യ ഇടയന്മാ രെയും.... ആദാമും ഹവ്വായും മുതൽ ഇന്നുവരെ ആദിമുതൽ നിന്നെ പ്രീതി പ്പെടുത്തിയിട്ടുള്ള എല്ലാവരെയും ഞങ്ങൾ ഓർക്കുന്നു.'

യേശുക്രിസ്തുവിന്റെ ശരീരമായ സഭയുടെ അതിരുകൾ പുതിയനിയ മത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. ആദാം മുതലുള്ള സകല വിശു ദ്ധന്മാരും മാലാഖമാരോടു കൂടി ദൈവമുമ്പാകെ ആരാധിക്കുന്നുണ്ട് (എബ്രാ. 12:22-24). ആ ആരാധനയിൽ സഭയും പങ്കുചേരുന്നു.

### ചോദ്യങ്ങൾ

1. പ്രാദേശിക ഭാഷയിൽ ആരാധിക്കുന്നതിന്റെ പ്രാധാന്യമെന്ത്?
2. 'പട്ടക്കാരൻ തനിയെ വിശുദ്ധ കുർബാനയർപ്പിക്കുന്നില്ല' എന്നു പറയുന്നതിന്റെ അർത്ഥം വിശദമാക്കുക.
3. വി. കുർബാനയിൽ വിശുദ്ധന്മാരോടു പ്രാർത്ഥിക്കുകയും, മരിച്ച വർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നത് എന്തുകൊണ്ട്?

## പാഠം 4

# ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതകൾ - 2

- ❑ ശെമ്മാശ്ശനുള്ള സ്ഥാനം ❑ ഹൃദയസ്പർശിയായ പ്രാർത്ഥനകൾ
- ❑ ആരാധനയും വിശ്വാസ ബോധനവും

### 1. ശെമ്മാശ്ശനുള്ള സ്ഥാനം

ആരാധനയിൽ ശെമ്മാശ്ശനുള്ള സ്ഥാനം ഓർത്തഡോക്സ് ആരാധനയുടെ മറ്റൊരു സവിശേഷതയാണ്. രണ്ടാം വത്തിക്കാൻ സുന്നഹദോസിനു മുമ്പു റോമൻ കത്തോലിക്കാ ആരാധനയിൽ ശെമ്മാശ്ശനു യാതൊരു സ്ഥാനവുമുണ്ടായിരുന്നില്ല. 1964 നു ശേഷം കത്തോലിക്കാസഭ ശെമ്മാശ്ശന്മാരുടെ സ്ഥാനം പുനർജ്ജീവിപ്പിച്ചെങ്കിലും, ആരാധനയിൽ ശെമ്മാശ്ശന് അത്ര വലിയ സ്ഥാനമൊന്നുമില്ല.

ഓർത്തഡോക്സ് ആരാധനയിൽ പ്രധാന കാർമ്മികനായ പുരോഹിതന്റെ സഹായിയും, ജനങ്ങളുടെ സജീവ പങ്കാളിത്തത്തിനു നേതൃത്വം കൊടുക്കുകയും ചെയ്യുന്ന ആൾ ശെമ്മാശ്ശനാണ്. ജനങ്ങൾ ചൊല്ലേണ്ട പല പ്രാർത്ഥനകൾ ആരംഭിക്കുകയും, പ്രാർത്ഥനകളിൽ ജനങ്ങളെ നയിക്കുകയും ചെയ്യുന്നതും ശെമ്മാശ്ശൻ തന്നെ. വി. കുർബാനയിലെ ലുത്തിനിയാ ഇതിനുദാഹരണമാണ്. ആരാധനയിലെ ഓരോ ഘട്ടത്തിന്റെയും പ്രാധാന്യം വിശദീകരിച്ചുകൊണ്ടു പ്രാർത്ഥിക്കുവാനായി ജനങ്ങളെ ആഹ്വാനം ചെയ്യുന്നുണ്ടു ശെമ്മാശ്ശൻ:

'എന്റെ വാത്സല്യമുള്ളവരെ, ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗമാകുന്ന മേലുള്ള ഉയരങ്ങളിൽ നിന്നും പ്രതാപത്തോടുകൂടി ഇറങ്ങി, വെയ്ക്കപ്പെട്ടിരിക്കുന്ന ഈ പരിശുദ്ധ കുർബാന മേൽ പൊരുന്നി ആവസിച്ച് ഇതിനെ ശുദ്ധീകരിക്കുന്നതായ ഈ നാഴിക എത്ര ഭയങ്കരവും ഈ സമയം എത്ര ഭ്രമിക്കത്തക്കതുമാകുന്നു. നിങ്ങൾ അടക്കത്തോടും ഭയത്തോടും നിന്നുകൊണ്ടു പ്രാർത്ഥിപ്പീൻ.'

പ്രധാന നിമിഷങ്ങളിൽ ജനങ്ങളുടെ ശ്രദ്ധ ദൈവോന്മുഖമാക്കുവാനായി ശെമ്മാശ്ശൻ നടത്തുന്ന പല ആഹ്വാനങ്ങളുണ്ട് (കുന്തിരിക്കം വെക്കുന്നതിനു മുമ്പുള്ള പ്രാർത്ഥന, സമാധാന ചുംബനം കൊടുക്കാനുള്ള ആഹ്വാനം, ശോശപ്പാ ആഘോഷത്തിന്റെ സമയത്തെ ആഹ്വാനം, തല കുനിക്കാനുള്ള ആഹ്വാനങ്ങൾ, 'ഭയത്തോടും വിറയലോടും കൂടി നാം സൂക്ഷിക്കണം' എന്നുള്ള നിർദ്ദേശം).

ബൈസന്റയിൻ സഭയിൽ ഏവൻഗേലിയോൻ വായിക്കുന്നതു ശെമ്മാശ്ശനാണ്. രണ്ടാം നൂറ്റാണ്ടു മുതലെങ്കിലും വി. കുർബാന വിശ്വാസികൾക്കു കൊടുത്തിരുന്നതും ശെമ്മാശ്ശനാണ് (ഉദാ. ജസ്റ്റിൻ മാർട്ടിയർ).

നമ്മുടെ സഭയിൽ ശെമ്മാശ്ശന്റെ സ്ഥാനം വഹിക്കുന്നതു പ്രത്യേക അനുവാദത്തോടുകൂടി മദ്ബഹായിൽ ശുശ്രൂഷിക്കുന്ന അത്മായക്കാരാണ്. ശെമ്മാശ്ശന്റെ പൂർണമായ ചുമതലകൾ നിർവഹിക്കുവാൻ ഒരു ശുശ്രൂഷക്കാരനു കഴിയുകയില്ലെന്നുള്ളതു തീർച്ചയാണ്. വൈദിക സ്ഥാനത്തേയ്ക്കുള്ള ഒരു പടി മാത്രമായിട്ടാണ് ഇന്നു നമ്മുടെ സഭയിൽ ശെമ്മാശന്റെ സ്ഥാനത്തെക്കാണുന്നത്. നിത്യശെമ്മാശന്മാരുടെ സ്ഥാനം പല പൗരസ്ത്യ സഭകളിലുമുണ്ട്. ആ രീതി നമ്മുടെ സഭയിലും അവലംബിക്കാവുന്നതാണ്. ആരാധനയുടെ അന്തസത്ത നിലനിർത്തുവാൻ സഹായിക്കുന്ന വിവിധ ഘടകങ്ങളിൽ ഒന്നാണു വേണ്ടത്ര പരിശീലനം സിദ്ധിച്ച ശെമ്മാശ്ശന്മാർ ഇടവകകളിൽ ഉണ്ടാകേണ്ടത്. വിദ്യാസമ്പന്നരും സൽസ്വഭാവികളുമായ അത്മായക്കാരുടെ സേവനം ഇതിൽ വിനിയോഗിക്കാവുന്നതാണ്. ഇടവകകളിൽ നിന്നോ ഭദ്രാസനങ്ങളിൽ നിന്നോ പ്രതിഫലം വാങ്ങി സേവനമനുഷ്ഠിക്കുന്ന ശെമ്മാശ്ശന്മാർ ഉണ്ടാകണമെന്നല്ല ഉദ്ദേശിക്കുന്നത്. സാധാരണ ജോലി ചെയ്തു ജീവിക്കുകയും, നല്ല സാക്ഷ്യം പ്രാപിക്കുകയും ചെയ്ത യുവാക്കന്മാരെ ഓരോ ഇടവകകളിലും നിത്യശെമ്മാശ്ശന്മാരായി പട്ടം കൊടുത്ത് ആരാധനയിലും ആത്മീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളിലും നേതൃത്വം കൊടുക്കുവാൻ അവരെ ചുമതലപ്പെടുത്താവുന്നതാണ്.

## 2. ഹൃദയസ്പർശിയായ പ്രാർത്ഥനകൾ

യുക്തിനിഷ്ടമായ പ്രസ്താവനകളുടെ രൂപത്തിലാണു പാശ്ചാത്യ ആരാധനാക്രമങ്ങൾ പലതും രചിച്ചിരിക്കുന്നത്. ബുദ്ധിപരമായ ഗഹനതയും ക്ലിപ്തമായ സ്പഷ്ടതയും പ്രാർത്ഥനയ്ക്കു വേണമെന്നു പാശ്ചാത്യർക്കു നിർബന്ധമുണ്ട്. റോമൻ കത്തോലിക്കാ കുർബാനയിൽ സ്ഥാപനവചനങ്ങൾക്കു ശേഷമുള്ള അനുസ്മരണ പ്രാർത്ഥന (anamnesis) ഇതിനുദാഹരണമാണ്:

'പുരോഹിതൻ: വിശ്വാസത്തിന്റെ രഹസ്യം വലുതാകുന്നു.

ജനങ്ങൾ: കർത്താവായ യേശുവേ! ഞങ്ങൾ നിന്റെ മരണത്തെ പ്രഖ്യാപിക്കുന്നു. നിന്റെ ഉത്ഥാനത്തെ ഞങ്ങൾ ആഘോഷിക്കുന്നു, മഹത്വത്തോടെയുള്ള നിന്റെ വരവിനായി ഞങ്ങൾ കാത്തിരിക്കുന്നു.

പുരോഹിതൻ: ഞങ്ങൾ ഈ അപ്പം തിന്നുകയും, ഈ പാനപാത്രം കുടിക്കുകയും ചെയ്യുമ്പോൾ വിശ്വാസത്തിന്റെ രഹസ്യം ഞങ്ങൾ ആഘോഷിക്കുന്നു.

ജനം: ഉത്ഥാനം ചെയ്ത നാഥാ! നിന്റെ മരണത്തെ ഞങ്ങൾ അനുസ്മരിക്കുന്നു; നിന്റെ വരവിനായി ഞങ്ങൾ കാത്തിരിക്കുന്നു.

പുരോഹിതൻ: വിശ്വാസത്തിന്റെ രഹസ്യം നമുക്കു പ്രഖ്യാപിക്കാം....

ഈ രീതിയിലുള്ള ആഹ്വാനങ്ങളും പ്രഖ്യാപനങ്ങളും പൗരസ്ത്യരുടെ അഭിരുചിക്കു ചേരുന്നവയല്ല. ഹൃദയസ്പർശിയായ യാചനകളാണു ഓർത്തഡോക്സ് ആരാധനയിലുടനീളം കാണുന്നത്. മുകളിൽ പറഞ്ഞ സ്ഥാനത്തു സുറിയാനി ഓർത്തഡോക്സ് സഭ ഉപയോഗിക്കുന്ന പ്രാർത്ഥന ഇതാണ്.

'കർത്താവേ നിന്റെ മരണത്തേയും മൂന്നാം ദിവസമുള്ള നിന്റെ പുനരുത്ഥാനത്തേയും നിന്റെ സ്വർഗാരോഹണത്തേയും പിതാവാം ദൈവത്തിന്റെ വലതുഭാഗത്തുള്ള നിന്റെ ഇരിപ്പിനെയും ഭൂലോകത്തെ നീതിയോടെ ന്യായം വിധിച്ചു ഓരോരുത്തർക്കും അവനവന്റെ പ്രവർത്തികൾക്കനുസരണമായി പ്രതിഫലം കൊടുക്കുന്നതിനുവേണ്ടിയുള്ള നിന്റെ രണ്ടാമത്തെ വരവിനെയും ഞങ്ങൾ ഓർക്കുന്നു. തന്മൂലം രക്താർപ്പിതമല്ലാത്ത ഈ ബലിയെ ഞങ്ങൾ നിനക്കണയ്ക്കുകയും ചെയ്യുന്നു. ഞങ്ങളുടെ കുറ്റങ്ങൾക്കു തക്കവണ്ണം ഞങ്ങളോടു നീ പ്രവർത്തിക്കുകയോ, ഞങ്ങളുടെ പാപങ്ങൾക്കനുസരണമായി ഞങ്ങൾക്കു നീ പ്രതിഫലം നൽകുകയോ ചെയ്യാതെ, നിന്റെ മഹാകരുണയ്ക്കനുയോജ്യമായ വിധത്തിൽ നിന്റെ ദാസന്മാരായ ഞങ്ങളുടെ പാപങ്ങളെ നീ മായിച്ചു കളയണമെ. എന്തെന്നാൽ നിന്റെ ജനവും നിന്റെ അവകാശവുമായ ഞങ്ങൾ നിന്നോടും, നീ മുഖാന്തിരം നിന്റെ പിതാവിനോടും, സർവശക്തിയുള്ള പിതാവേ ഞങ്ങളോടു കരുണ ചെയ്യണമെ എന്നു പ്രാർത്ഥിക്കുന്നു.

ജനം: സർവ്വശക്തിയുള്ള പിതാവേ.....' (യാക്കോബിന്റെ തക്സാ).

എളിമ നിറഞ്ഞ ഭക്തിയും, ദൈവസാന്നിദ്ധ്യബോധവും നിഴലിക്കുന്നവയാണു പൗരസ്ത്യ ആരാധനയിലെ പ്രാർത്ഥനകൾ. ബുദ്ധിപരമായ ശ്രദ്ധയെ ദൈവത്തിങ്കലേക്ക് ആകർഷിക്കുക മാത്രമല്ല പ്രാർത്ഥനകളുടെ ലക്ഷ്യം; ദൈവസാന്നിദ്ധ്യബോധത്തോടെ ആരാധനയിൽ പങ്കെടുക്കുവാനും, ധ്യാനിക്കുവാനും വിശ്വാസികളെ സഹായിക്കുകയാണ്.

'ക്രിസ്തുവിന്റെ ശരീരം, ക്രിസ്തുവിന്റെ രക്തം' എന്നു പ്രഖ്യാപിച്ചുകൊണ്ടു റോമൻ കത്തോലിക്കർ വി. കുർബാന കൊടുക്കുന്നു. അതേ സ്ഥാനത്തു സുറിയാനി സഭയിൽ ഉപയോഗിക്കുന്ന വാക്കുകൾ ശ്രദ്ധിക്കുക: 'നമ്മുടെ ദൈവമായ മശിഹായുടെ ശരീരരക്തങ്ങളാകുന്ന പാപപരിഹാരപ്രദമായ തീക്കട്ട രണ്ടു ലോകങ്ങളിലും, നിത്യമായി കടങ്ങളുടെ മോചനത്തിനും, പാപപരിഹാരത്തിനും വേണ്ടി സത്യവിശ്വാസിക്കു

നൽകപ്പെടുന്നു.’ സമാധാന ചുംബനത്തിനു ശേഷമുള്ള പ്രാർത്ഥനയും അർത്ഥസമ്പുഷ്ടമാണ്.

‘വഴി തെറ്റിപ്പോയ ആടുകളെ തിരിച്ചുകൊണ്ടുവരുവാനായി മഹത്തായ തന്റെ മനുഷ്യസ്നേഹത്താൽ സ്വപുത്രനെ ലോകത്തിലേക്കയച്ച പിതാവാം ദൈവമേ! രക്താർപ്പിതമല്ലാത്ത ഈ ബലിയനുഷ്ഠാനത്തെ നീ നിരസിക്കരുതേ. എന്തെന്നാൽ നിന്റെ കരുണയിലാകുന്നു, ഞങ്ങളുടെ നീതിയിലല്ല, ഞങ്ങൾ ശരണപ്പെടുന്നത്. ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി നിർവഹിക്കപ്പെടുന്ന ഈ കൂദാശ ഞങ്ങൾക്കു ശിക്ഷാവിധിക്കിടയാകാതെ, ഞങ്ങളുടെ പാപപരിഹാരത്തിനും, നിന്നോടും നിന്റെ ഏകപുത്രനോടും.... നിന്റെ റൂഹായോടും.... ഞങ്ങളുടെ നന്ദി പ്രകടനത്തിനും പര്യാപ്തമായിത്തീരുമാറാകണമെ.’

ആരാധാനാ ഗീതങ്ങളിലും ഈ പ്രത്യേകത കാണാവുന്നതാണ്. വേദപുസ്തക സംഭവങ്ങളുടെ ധ്യാനാത്മകമായ വിവരണങ്ങളോ, വിശുദ്ധന്മാരെ അനുസ്മരിക്കുന്നവയോയാണു പൗരസ്ത്യ ആരാധനാ ഗീതങ്ങൾ.

### 6. ആരാധനയും വിശ്വാസബോധനവും

ആരാധനയും വേദശാസ്ത്രവും രണ്ടായിക്കാണുന്ന രീതി പൗരസ്ത്യ സഭകളിലില്ല. ‘യഥാർത്ഥ വേദശാസ്ത്രജ്ഞനാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നീ പ്രാർത്ഥിക്കുക; പ്രാർത്ഥിക്കുന്നുവെങ്കിൽ നീ യഥാർത്ഥ വേദശാസ്ത്രജ്ഞനാണ്’ എന്നാണു പൊന്തസ്സിലെ എവാഗേറസ് (+ 399) എന്ന സഭാപിതാവു പറഞ്ഞിരിക്കുന്നത്. വേദശാസ്ത്രപഠനത്തിന്റെ ലക്ഷ്യം, ആരാധനയ്ക്കായി ജനങ്ങളെ ഒരുക്കുകയും ആരാധനയുടെ പൊരുൾ വിശ്വാസികൾക്കു വിശദമാക്കിക്കൊടുക്കുകയും ആണ്. വേദശാസ്ത്രത്തിന് അർത്ഥം നൽകുന്നത് ആരാധനയാണ്. ഓർത്തഡോക്സ് പാരമ്പര്യത്തിൽ സഭാംഗങ്ങൾക്കു വിശ്വാസബോധനം നൽകുന്നത് ആരാധനയിൽ കൂടിയാണ്. പ്രസംഗങ്ങൾക്കും ഉദ്ബോധനങ്ങൾക്കും ആരാധനയിൽ അവയുടേതായ സ്ഥാനമുണ്ട്. എന്നാൽ പ്രസംഗങ്ങളേക്കാളുപരി, ആരാധനയിൽ ഉപയോഗിക്കുന്ന പ്രാർത്ഥനകളാണു വിശ്വാസ ബോധനത്തിനുള്ള ഉപാധിയായി ഓർത്തഡോക്സ് സഭകൾ ഉപയോഗിക്കുന്നത്. വേദശാസ്ത്രപരമായി പ്രാധാന്യമുള്ളവയാണ് ആരാധനയിലെ പ്രാർത്ഥനകളും, ദൃശ്യകർമങ്ങളും, പ്രഭാതപ്രാർത്ഥനയിലും, വി. കുർബാനയുടെ ആരംഭത്തിലും ഉപയോഗിക്കുന്ന ‘മാർ സേവേറിയോസിന്റെ മാനീസാ’ (‘നിന്നെ പ്രസവിച്ച മാതാവിന്റേയും.....’) വേദശാസ്ത്ര സമ്പുഷ്ടമായ ഒരു പ്രാർത്ഥനയാണ്. സഭയുടെ വിശ്വാസത്തിന്റെ രത്നച്ചുരുക്കമാണ് ഈ മാനീസായും, നിഖ്യാ – കുസ്തന്തീനോസ്പോലീസ് വിശ്വാസപ്രമാണവും.

ആരാധനയിൽ ക്രമമായി ഭക്തിപൂർവ്വം സംബന്ധിക്കുന്ന ഒരു വിശ്വാസിക്ക്, വിശ്വാസസത്യങ്ങൾ പ്രത്യേകമായി വിശദീകരിച്ചു കൊടുക്കേണ്ട വലിയ ആവശ്യമില്ല. ആരാധനാവർഷത്തിലെ പ്രാർത്ഥനകൾ, വേദവായനകൾ പ്രത്യേകിച്ചും ഏവൻഗേലിയോൻ, സെദ്റാകൾ എന്നിവ വിശ്വാസബോധനത്തിനുള്ള ഉപാധികളാണ്.

പ്രാർത്ഥനകളുടെ വേദശാസ്ത്രപരമായ പ്രാധാന്യത്തിനുള്ള നല്ല ഉദാഹരണമാണു പെന്തിക്കോസ്തി പെരുന്നാളിന്റെ ആരാധന. പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള നമ്മുടെ സഭയുടെ വിശ്വാസം ഇത്ര സമഗ്രമായി പ്രതിപാദിക്കുന്ന രേഖകൾ, പിതാക്കന്മാരുടെ എഴുത്തുകളിലേ കാണാനാവൂ. വേദപുസ്തകത്തിന്റെയും സഭാപിതാക്കന്മാരുടെ എഴുത്തുകളുടെയും വെളിച്ചത്തിൽ പരിശുദ്ധാത്മാവിന്റെ ആളത്വം, ദിവ്യത്വം, സഭയിലും വിശ്വാസികളുടെ ജീവിതത്തിലുമുള്ള പ്രവർത്തനങ്ങൾ ഇവ പെന്തിക്കോസ്തി പെരുന്നാളിന്റെ പ്രാർത്ഥനകളിൽ ധ്യാനാത്മകമായി വിവരിച്ചിരിക്കുന്നു.

കഷ്ടാനുഭവാഴ്ചയിലും, ഉയിർപ്പു തുടങ്ങിയ പെരുന്നാളുകളിലും പ്രത്യേക പ്രസംഗവും വ്യാഖ്യാനവുമില്ലാതെ തന്നെ, അതതു ദിവസത്തെ വേദവായനകളുടെ സമ്പൂർണ വ്യാഖ്യാനം ജനങ്ങൾക്കു നൽകുന്നവയാണു പ്രാർത്ഥനകൾ.

വേദശാസ്ത്രം പണ്ഡിതന്മാർക്കു മാത്രം ചർച്ച ചെയ്യാനുള്ള വിജ്ഞാനശാഖയാണെന്ന് ഓർത്തഡോക്സ് സഭകൾ ചിന്തിക്കുന്നില്ല. ആരാധനയിലും പ്രാർത്ഥനകളിലും കൂദാശാകർമ്മങ്ങളിലും പ്രസക്തിയില്ലാത്ത വേദശാസ്ത്രം 'ഭക്തിവിരുദ്ധമായ കിഴവിക്കഥകൾ' (1 തിമോ. 4:7 – godless and silly myths) ആയി തിരസ്ക്കരിക്കപ്പെടും.

ക്രിസ്തുവിന്റെ ഏകസ്വഭാവ വിശ്വാസത്തിനു വേണ്ടി സുറിയാനി പിതാക്കന്മാർ, കൽക്കദൂന്യ സുന്നഹദോസ് പക്ഷപാതികൾക്കെതിരായി പോരാടി. ബുദ്ധിപരമായ ഒരു ചർച്ചയിൽ ഈ വേദശാസ്ത്രസത്യം ഒതുക്കി നിർത്താനല്ല അവർ മുതിർന്നത്. വി. കുർബാനയിൽ ആ സത്യം പ്രകടമാക്കുവാൻ അവർ ശ്രദ്ധിച്ചു. ഒരുക്കശുശ്രൂഷയിൽ വെള്ളവും വീഞ്ഞും തമ്മിൽ കലർത്തുന്നതിൽ, ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ ചേർന്ന് ഏകസ്വഭാവമായതിന്റെ ദൃഷ്ടാന്തം സുറിയാനി പാരമ്പര്യം കാണുന്നു. 'ദൈവമായ കർത്താവേ നിന്റെ ദൈവത്വം ഞങ്ങളുടെ മനുഷ്യത്വവുമായി സംയോജിച്ചതുപോലെ ഈ വെള്ളത്തെ ഈ വീഞ്ഞുമായി സംയോജിപ്പിക്കണമെ.' ഖണ്ഡിപ്പിന്റെ ശുശ്രൂഷയുടെ സമയത്തെ പ്രാർത്ഥനയും ഇതേ വേദശാസ്ത്രസത്യം ഉൾക്കൊള്ളുന്നതാണ്.

വി. കുർബാനയിൽ, 'തന്റെ സ്തുതികളാൽ....' എന്നു തുടങ്ങുന്ന പ്രാർത്ഥന ജനങ്ങൾ ചൊല്ലുമ്പോൾ, പുരോഹിതൻ അപ്പവീഞ്ഞുകളിന്മേൽ

കൈ ആവസിപ്പിച്ചുകൊണ്ടു രഹസ്യമായി ചൊല്ലുന്ന ഒരു പ്രാർത്ഥനയുണ്ട്. ത്രിത്വത്തെ സംബന്ധിച്ചും പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ സംബന്ധിച്ചുമുള്ള സഭയുടെ വിശ്വാസത്തിന്റെ സംഗ്രഹമാണത്:

'ജനകനും, ജാതം ചെയ്യാത്തവനുമായ പിതാവു പരിശുദ്ധനാകുന്നു. ജാതം ചെയ്തവനും, ജനകനല്ലാത്തവനുമായ പുത്രൻ പരിശുദ്ധനാകുന്നു. പിതാവിൽ നിന്നു പുറപ്പെടുന്നവനും പുത്രനിൽ നിന്നെടുക്കുന്നവനുമായ പരിശുദ്ധ റൂഹാ പരിശുദ്ധനാകുന്നു. കരുണയോടും ദയവോടും കൂടെ ഞങ്ങളെ രക്ഷിച്ച സത്യദൈവം ഏകനാകുന്നു' (ദീവന്നാസ്യോസിന്റെ തക്സാ).

വേദശാസ്ത്രം, ദൈവത്തെപ്പറ്റി ബുദ്ധിപരമായി ചിന്തിക്കുന്നതും, യുക്തിസഹമായ വാചകങ്ങളിൽ അക്കാര്യം പ്രസ്താവിക്കുന്നതുമല്ല. ദൈവത്തെപ്പറ്റി പ്രാർത്ഥനാപൂർവം നടത്തുന്ന ധ്യാനമാണു വേദശാസ്ത്രത്തിന്റെ ഉറവിടം. വേദശാസ്ത്രത്തിന്റെ ലക്ഷ്യം ജനങ്ങൾക്കു ബുദ്ധിപരമായി ദൈവത്തെ മനസ്സിലാക്കിക്കൊടുക്കുകയല്ല, നേരെമറിച്ചു ദൈവത്തിന്റെ അപ്രമേയതയും, മഹത്വവും മനസ്സിലാക്കി ദൈവത്തെ ആരാധിക്കുവാൻ അവരെ ഒരുക്കുകയാണ്.

**ചോദ്യങ്ങൾ**

1. ആരാധനയിൽ ശെമ്മാശ്ശനുള്ള സ്ഥാനമെന്ത്?
2. നിത്യ ശെമ്മാശ്ശന്മാർക്ക് ഇടവകകളിൽ ചെയ്യാവുന്ന ശുശ്രൂഷയെപ്പറ്റി ചർച്ച ചെയ്യുക.
3. ആരാധനാക്രമങ്ങൾ വായിച്ച്, ഹൃദയസ്പർശികളായി നിങ്ങൾക്കു തോന്നുന്ന പ്രാർത്ഥനകൾ ശ്രദ്ധിക്കുക.
4. വിശ്വാസം പഠിപ്പിക്കുന്നതിൽ ആരാധനയ്ക്കുള്ള സ്ഥാനത്തെപ്പറ്റി ഒരു ലഘു ഉപന്യാസമെഴുതുക.

## പാഠം 5

# ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതകൾ – 3

❑ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന ❑ അഗ്നിയും ആത്മാവും

### 1. പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

'പരിശുദ്ധാത്മാവിൽ അല്ലാതെ യേശുകർത്താവ് എന്നു പറയുവാൻ ആർക്കും കഴിയുകയില്ല' (1 കൊരി. 12:3). യേശുക്രിസ്തു ദൈവമാണെന്നുള്ള വിശ്വാസമാണു ക്രിസ്തീയ ആരാധനയുടെ അടിസ്ഥാനം. പൗലോസിന്റെ ചിന്തയിൽ ക്രിസ്തു ദൈവമാണെന്നുള്ള വിശ്വാസം തന്നെ പരിശുദ്ധാത്മാവിന്റെ ദാനമാണ്. ക്രിസ്തുവിനെ ദൈവമായി ഏറ്റുപറഞ്ഞ് ആരാധിക്കുന്ന സമൂഹത്തിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമുണ്ട്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആരാധന പരിശുദ്ധാത്മാവിന്റെ കൃപയിൽ സഭ നടത്തുന്ന കർമ്മമാണ്. 'നിങ്ങൾ മക്കൾ ആകകൊണ്ടു അബ്ബാ പിതാവേ എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു' (ഗലാ. 4:6). മാമ്മോദീസാ മൂലം ക്രിസ്തുവിന്റെ ശരീരത്തിൽ അംഗങ്ങളായവർക്കു പുത്രത്വവും ദൈവത്തെ ആരാധിക്കാനുള്ള പരിശുദ്ധാത്മാവിന്റെ കൃപയും ലഭിച്ചിരിക്കുന്നു.

വ്യക്തിജീവിതത്തിലെ പ്രാർത്ഥന പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും പ്രവർത്തനവും കൊണ്ടുണ്ടാകുന്ന ഒന്നാണ്. 'വേണ്ടുംപോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്നു നാം അറിയുന്നില്ലല്ലോ. ആത്മാവു തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു' (റോമ. 8:26). ആരാധന ത്രിത്വത്തിലെ മൂന്ന് ആളത്വങ്ങൾ തമ്മിലുള്ള ബന്ധമാണ്. പുത്രൻ പിതാവിന്റെ വലതുഭാഗത്തിരുന്നു മധ്യസ്ഥത അർപ്പിക്കുന്നു. (എബ്രാ. 8:1; 10:12). പരിശുദ്ധാത്മാവും അനുസ്യൂതം പ്രാർത്ഥിക്കുന്നു (റോമ. 8:26). പരസ്പര സ്നേഹത്തിലും ആരാധനയിലും സജീവമായിരിക്കുന്ന പരമസത്യമാണു വി. ത്രിത്വം. ത്രിത്വത്തിലെ ആളത്വങ്ങൾ തമ്മിലുള്ള ബന്ധം ദിവ്യമായ നിത്യ ആരാധനയാണ്. ആ ആരാധനയിൽ മാലാഖമാരും, വിശുദ്ധന്മാരും, വിശ്വാസികളും പങ്കെടുക്കുന്നു. പരിശുദ്ധാത്മാവിന്റെ കൃപയാൽ വിശ്വാസികൾ ക്രിസ്തുവിൽ ഒന്നായിത്തീരുന്നു. പുത്രനിൽ ഒരു അഭിഷേകമെന്നവിധം ആവസിക്കുന്ന പരിശുദ്ധറൂഹാ അവരിൽ വ്യാപരിച്ചു പ്രാർത്ഥനയ്ക്ക് അവരെ സജ്ജരാക്കുന്നു. 'ഒരുവനിൽ പരിശുദ്ധാത്മാവു വസിച്ചാൽ അവനു പ്രാർത്ഥിക്കാതിരിപ്പാൻ കഴിയുകയില്ല; കാരണം ആത്മാവ് അവനിൽ മൗനമായിരിക്കയില്ല' എന്നാണ് ഒരു സഭാപിതാവ് പറയുന്നത്.

പരിശുദ്ധാത്മാവിനെ സംബന്ധിച്ചുള്ള ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഓർത്തഡോക്സ് സഭകൾ പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനയ്ക്ക് (‘Epiklesis’ - ഗ്രീക്ക്, ‘ക്രൊയ്ത്തെ ദ്റൂഹോ’ – സുറിയാനി) പ്രാധാന്യം നൽകിയിരിക്കുന്നത്. സുറിയാനി സഭയിലെ വി. കുർബാന, മാമോദീസായിലെ വെള്ളം വാഴ്വ്, പട്ടംകൊട, മൂറോൻ കൂദാശ എന്നീ കർമ്മങ്ങളിൽ പരിശുദ്ധാത്മാവിനെ വിളിച്ചുകൊണ്ടുള്ള പ്രാർത്ഥനകൾ ഉണ്ട്. വി. കുർബാനയിൽ പരിശുദ്ധാത്മാവിനെ വിളിച്ചുകൊണ്ടുള്ള പ്രാർത്ഥനയാണ് ഏറ്റവും ശ്രദ്ധേയമായത്. ഓരോ കുർബാന തക്സായിലും ‘എപ്പിക്ലീസിസ്’ ഓരോ രൂപത്തിലാണ്. ഭൂരിപക്ഷം പ്രാർത്ഥനകളിലും പിതാവാം ദൈവത്തോട് ആരാധനാസമൂഹത്തിന്റെ മേലും, അപ്പവീഞ്ഞുകളുടെ മേലും പരിശുദ്ധാത്മാവിനെ അയയ്ക്കുവാൻ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ വൈവിധ്യം ശ്രദ്ധേയമാണ്.

‘കർത്താവേ എന്നിൽ കരുണ തോന്നി സഭയിലെ സകല കൂദാശകളെയും തന്റെ ആവസിപ്പാൽ പൂർത്തീകരിക്കുന്നവനായ നിന്റെ പരിശുദ്ധ റൂഹായെ എന്റെമേലും സമർപ്പിതമായിരിക്കുന്ന ഈ കുർബാനയുടെ മേലും നീ അയച്ചുതരുമാറാകണമെ’ (ദീവന്നാസ്യോസ് ബർസ്ളീബിയുടെ തക്സാ).

‘ദൈവമേ ഞങ്ങളോടു കരുണ തോന്നണമെ. ഞങ്ങളിൽ കരുണ തോന്നി, പരിശുദ്ധനും ഈ രഹസ്യങ്ങളെ ശുദ്ധീകരിക്കുന്നവനുമായ നിന്റെ റൂഹായെ ഞങ്ങളുടെ മേലും ഈ കുർബ്ബാന മേലും അയയ്ക്കുമാറാകണമെ’ (മാർ പത്രോസിന്റെ ക്രമം).

‘കർത്താവേ ഞങ്ങളിൽ ദയവുണ്ടാകണമെ. ഞങ്ങളോടു കരുണ ചെയ്യണമെ. നിന്റെ വി. റൂഹായെ സമർപ്പിതമായിരിക്കുന്ന ഈ കുർബാനമേൽ അയച്ചുതരണമെ. ഞങ്ങളുടെ ഹൃദയങ്ങളിൽ അവൻ ആവസിച്ചു കുടികൊള്ളുകയും ചെയ്യുമാറകണമെ’ (മാർ ഇസഹാക്കിന്റെ ക്രമം).

തിരുശരീര രക്തങ്ങളിൽ പങ്കാളികളാവുന്നവരുടെ ഹൃദയങ്ങൾ പരിശുദ്ധാത്മ വാസസ്ഥലമായിത്തീരുവാനാണു പ്രാർത്ഥിക്കുന്നത്. അവർ ആത്മാവിന്റെ ഫലം (ഗലാ. 5:22) പുറപ്പെടുവിക്കുന്നവരായിത്തീരണം. അപ്പവീഞ്ഞുകളെ ശുദ്ധീകരിക്കുന്ന പ. റൂഹാ വിശ്വാസികളേയും ശുദ്ധീകരിക്കുവാൻ പ്രാർത്ഥിക്കുന്നുണ്ട്:

‘കർത്താവേ ഞങ്ങളിൽ കരുണ തോന്നേണമെ. ഞങ്ങളോടു ദയ തോന്നി പരിശുദ്ധമായ നിന്റെ സ്വർഗത്തിൽ നിന്നു ജീവപ്രദനായ നിന്റെ റൂഹായെ ഞങ്ങൾക്കയച്ചു തരണമെ. അവൻ ഈ കുർബാനയുടെ മേൽ ആവസിച്ച് ഇതിനെ ജീവദായകമായ ശരീരമാക്കിത്തീർക്കുമാറാകണമെ. ഞങ്ങൾക്കു പാപപരിഹാരം നൽകി ഞങ്ങളെ ശുദ്ധീകരിക്കുകയും

ചെയ്യുമാറകണമെ' (12 ശ്ലീഹന്മാരുടെ ക്രമം = മാർ ലൂക്കോസ് ഏവൻഗേലിസ്തായുടെ ക്രമം).

പരിശുദ്ധാത്മാവിന്റെ പുറപ്പാടിനെ സംബന്ധിച്ച ഓർത്തഡോക്സ് വിശ്വാസവും എപ്പിക്ളീസിസിൽ പരാമർശിക്കപ്പെടുന്നുണ്ട്:

'കർത്താവേ എന്നോടു ദയ തോന്നേണമെ. എന്നിലും നിന്റെ അവകാശം മുഴുവനിലും ദയ തോന്നേണമെ. നീ തിരുവിഷ്ടപ്പെട്ട്, അനാദ്യന്തമായി നിന്നിൽ നിന്നു പുറപ്പെടുന്നവനും, സാരാംശത്തിൽ നിന്നിൽ നിന്ന് എടുക്കുന്നവനുമായ വി. റൂഹായുടെ ആവാസത്താൽ ഈ കുർബാനയെ ശുദ്ധീകരിക്കുകയും ചെയ്യണമെ' (മാർ ക്സൊസ്ത്തോസിന്റെ ക്രമം, മത്തായി റോയോയുടെ ക്രമവും കാണുക).

'പിതാവാം ദൈവമേ! നിന്നോടും നിന്റെ ഏകപുത്രൻ കർത്താവേശു മശിഹായോടും സാരംശത്തിലും നിത്യതയിലും ഒന്നായിരിക്കുന്ന നിന്റെ വി. റൂഹായെ ഞങ്ങളുടെ മേലും ഈ കുർബാനയുടെ മേലും നീ അയയ്ക്കുകയും, അവൻ ഈ കുർബാനയുടെ മേൽ ആവസിക്കുകയും ഞങ്ങളിൽ വാസം ചെയ്തു ഞങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും ചെയ്യുമാറാകണമെ' (യൂലിയോസിന്റെ ക്രമം).

സന്ദർഭത്തിന്റെ പ്രാധാന്യത്തെപ്പറ്റി ശെമ്മാശ്ശൻ വിശ്വാസികളെ ബോധവാന്മാരാക്കുന്നുണ്ട് ('എന്റെ വാൽസല്യമുള്ളവരേ! ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗമാകുന്ന....')

### 2. അഗ്നിയും ആത്മാവും

കർത്താവിന്റെ തിരുശരീരരക്തങ്ങൾ അനുഭവിക്കുന്നവർ കർത്താവിനെ സ്വീകരിക്കുന്നതുപോലെ, പരിശുദ്ധാത്മാവിനെയും സ്വീകരിക്കുന്നുവെന്നു സുറിയാനി പിതാക്കന്മാർ പറയുന്നു. എല്ലാ കൂദാശകളിലും പരിശുദ്ധാത്മാവിന്റെ സാന്നിധ്യമുണ്ടെന്നുള്ള വിശ്വാസമാണ് ഇതിന്റെ അടിസ്ഥാനം. വി. അപ്രേം പറയുന്നു:

'നമ്മുടെ സ്നാനത്തിൽ ഇതാ അഗ്നിയും ആത്മാവും; അപ്പത്തിലും വീഞ്ഞിലും ഇതാ അഗ്നിയും ആത്മാവും.'

വിശ്വാസികൾ പരിശുദ്ധാത്മാവിനെ രുചിക്കുന്നുവെന്നാണ് അന്ത്യോഖ്യയിലെ ഇസഹാക്ക് (5-ാം നൂറ്റാണ്ട്) പറയുന്നത്:

'വന്നു പാനം ചെയ്യുക; നിങ്ങളെ അഗ്നിധാരികളായ മാലാഖമാരാക്കുന്ന തീക്കട്ട ഭക്ഷിച്ചാലും. ആത്മീയന്മാരുടെ കൂട്ടത്തിൽ നിങ്ങളുടെ പേരും എഴുതപ്പെടുവാനായി നിങ്ങൾ ആത്മാവിനെ രുചിച്ചാലും!'

വി. മാമോദീസായിലും, വി. മൂറോനിലും, വി. കുർബാനയിലും പരിശുദ്ധാത്മാവ് ഒരുപോലെ സന്നിഹിതനാണ് എന്നുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണു സുറിയാനി പിതാക്കന്മാർ ഇങ്ങനെ പറയുന്നത്.

വി. കുർബാനയെ 'തീക്കട്ട' എന്നു വിളിക്കുന്നതും പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമുള്ളതുകൊണ്ടാണ്. പഴയനിയമത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമാണ് അഗ്നി. യെശ്ശയ്യാ പ്രവാചകൻ ദർശനത്തിൽ കണ്ട തീക്കനൽ (6:6) വി. കുർബാനയുടെ മുൻകുറിയായി സഭാപിതാക്കന്മാർ കണക്കാക്കുന്നു. പുതിയനിയമത്തിൽ അഗ്നി പരിശുദ്ധാവിന്റെ സാന്നിദ്ധ്യത്തിന്റെ അടയാളമാണ്. പെന്തിക്കൊസ്തി ദിവസം പരിശുദ്ധാത്മാവു ശിഷ്യന്മാരുടെമേൽ ആവസിച്ചത് അഗ്നിജ്വാലയുടെ രൂപത്തിലാണ്. യേശുക്രിസ്തു നൽകുന്നത് 'പരിശുദ്ധാത്മാവു കൊണ്ടും തീകൊണ്ടുമുള്ള സ്നാന'മാണെന്നു വി. ലൂക്കോസിന്റെ സുവിശേഷത്തിൽ (3:16) രേഖപ്പെടുത്തിയിരിക്കുന്നു.

ചുരുക്കത്തിൽ മാമോദീസായിലും വി. കുർബാനയിലും ഇതര കൂദാശകളിലുമുള്ള പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തെയും, പ്രവർത്തനത്തെയും പറ്റി പ്രത്യേകം എടുത്തുപറയുന്നത് ഓർത്തഡോക്സ് സഭകളുടെ പ്രത്യേകതയാണ്.

പരിശുദ്ധാത്മാവിന്റെ ആവാസത്താലാണ് അപ്പവീഞ്ഞുകൾ തിരുശരീരരക്തങ്ങളായിത്തീരുന്നതെന്നു നാം വിശ്വസിക്കുന്നു.

'പരിശുദ്ധ റൂഹാ ആവസിച്ച് ഈ അപ്പത്തെ ജീവൻ നൽകുന്ന ശരീരവും രക്ഷാകരമായ ശരീരവും ഞങ്ങളുടെ ദൈവമായ മശിഹാ തമ്പുരാന്റെ ശരീരവും ആക്കിത്തീർക്കുമാറാകണമെ. ഈ കാസായെ പുതിയനിയമത്തിന്റെ രക്തവും.... ആക്കിത്തീർക്കുമാറാകണമെ' എന്നു പട്ടക്കാരൻ വി. കുർബാനയിൽ കൈകൾ ആവസിപ്പിച്ചുകൊണ്ടു പ്രാർത്ഥിക്കുന്നുണ്ട് (യാക്കോബിന്റെ ക്രമം).

പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും ആവാസവും വി. കുർബാനയിൽ ആദ്യന്തമുണ്ട്. ആരാധകവൃന്ദം വന്നുകൂടുന്നതു തന്നെ പരിശുദ്ധാത്മാവിന്റെ കൃപയിലാണ്. അതിനാൽ എപ്പിക്ളീസിസ് നടത്തുന്ന നിമിഷത്തിൽ അപ്പവീഞ്ഞുകൾക്കു മാറ്റം സംഭവിക്കുന്നുവെന്നു പറയുവാൻ പൗരസ്ത്യസഭകൾ മുതിരുന്നില്ല. വിശുദ്ധീകരണം നടക്കുന്ന കൃത്യനിമിഷം ഓർത്തഡോക്സ് സഭകൾ പ്രത്യേകം നിർവചിക്കാറില്ല. പട്ടക്കാരൻ അപ്പവീഞ്ഞുകൾ എടുത്തു സ്ഥാപനവചനങ്ങൾ ഉച്ചരിക്കുമ്പോൾ, വസ്തുഭേദം സംഭവിക്കുന്നുവെന്നു റോമൻ കത്തോലിക്കാസഭ പഠിപ്പിക്കുന്നുണ്ട്. ഇതുപോലെ ഒരു പ്രത്യേക നിമിഷത്തിൽ പരിശുദ്ധാത്മാവ് അപ്പവീഞ്ഞുകളെ രൂപാന്തരപ്പെടുത്തുന്നുവെന്നു പറയുവാൻ നാം മടിക്കുന്നു. ആദ്യന്തം

ഒരൊറ്റ ആരാധനാകർമ്മമാണു വിശുദ്ധ കുർബാന. അതിലെ ഒരു പ്രാർത്ഥനയോ, ഒരു കർമ്മമോ വേർപെടുത്തി, അതിനു പ്രത്യേക പ്രാധാന്യം നൽകുന്ന രീതി നമുക്കില്ല. ഓരോ കർമ്മവും ആരാധനയുടെ അവിഭാജ്യ ഘടകമാണ്. ഇതേ കാരണംകൊണ്ടു തന്നെയാണു വി. മാമോദീസായും മൂറോനഭിഷേകവും രണ്ടു വ്യത്യസ്ത കൂദാശകളാണെന്നു പറയുവാൻ ഓർത്തഡോക്സ് സഭകൾ വൈമുഖ്യം പ്രകടിപ്പിക്കുന്നതും.

**ചോദ്യങ്ങൾ**

1. ക്രിസ്തീയ ആരാധനയിൽ പരിശുദ്ധാത്മാവിനുള്ള സ്ഥാനമെന്ത്?
2. വി. കുർബാനയുടെ ശുദ്ധീകരണത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തപ്പറ്റിയുള്ള നമ്മുടെ വിശ്വാസമെന്ത്?

## പാഠം 6

# ഓർത്തഡോക്സ് ആരാധനയുടെ പ്രത്യേകതകൾ – 4

- ❑ വേദപുസ്തകഭാഗങ്ങളാൽ സമ്പന്നമായ ആരാധന

### വേദപുസ്തക ഭാഗങ്ങളാൽ സമ്പന്നമായ ആരാധന

ഓർത്തഡോക്സ് സഭകളിൽ വേദപുസ്തകം അവഗണിക്കപ്പെടുന്നുവെന്ന ധാരണ പല പ്രൊട്ടസ്റ്റന്റുകാർക്കുമുണ്ട്. വേദപുസ്തകത്തിന്റെ സ്ഥാനം, നീണ്ട പ്രാർത്ഥനകളും ഗീതങ്ങളും കവർന്നെടുക്കുന്നുവെന്നാണ് അവരുടെ ആരോപണം. ഓർത്തഡോക്സ് ആരാധനയുടെ അടിസ്ഥാനവും പ്രാർത്ഥനകളുടെ ഉത്ഭവസ്ഥാനവും വേദപുസ്തകമാണ്. വി. കുർബാനയിലും മറ്റു കൂദാശാനുഷ്ഠാനങ്ങളിലും യാമപ്രാർത്ഥനകളിലും വേദഭാഗങ്ങൾ, വിശിഷ്യാ സുവിശേഷഭാഗങ്ങൾ പ്രാധാന്യത്തോടെ വായിക്കുന്നു. വേദപുസ്തകത്തിലെ വിവിധ പ്രാർത്ഥനകളും, സങ്കീർത്തനങ്ങളും ഓർത്തഡോക്സ് ആരാധനയിൽ ധാരാളം ഉപയോഗിക്കുന്നുണ്ട്. കൂടാതെ പ്രാർത്ഥനകളിൽ ഒരു നല്ല പങ്കും വേദവാക്യങ്ങളുടെയും, ആശയങ്ങളുടെയും പുനരാവിഷ്ക്കരണമോ വേദപുസ്തക സംഭവങ്ങളുടെ ധ്യാനമോ ആണ്.

സുറിയാനി സഭയിലെ സെദ്റാകൾ വേദഭാഗങ്ങൾ കൊണ്ടു സമ്പന്നമാണ്. ഓരോ പെരുന്നാളിലുമുള്ള വേദവായനകളുടെ പ്രാർത്ഥനാ

പൂർവമായ വ്യാഖ്യാനമാണു അതതു ദിവസത്തെ സെദ്റാകളുടെ ഉള്ളടക്കം. കഷ്ടാനുഭവാഴ്ചയിലെ സെദ്റാകൾ കർത്താവിന്റെ പീഡാനുഭവത്തെപ്പറ്റിയുള്ള വേദഭാഗങ്ങളുടെ ഒരു ധ്യാനമാണ്. വേദപണ്ഡിതരായ സഭാപിതാക്കന്മാരാണ് ഈ പ്രാർത്ഥനകളുടെ രചയിതാക്കൾ എന്നു ബോധ്യമാകും. പ്രസക്തമായ വേദഭാഗങ്ങൾ എല്ലാംതന്നെ പ്രാർത്ഥനകളിൽ ഉൾപ്പെടുത്തുവാൻ അവർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വേദപുസ്തകപരിജ്ഞാനം വിശ്വാസികളിൽ വളർത്തുവാൻ ഏറ്റവും ഫലപ്രദമായ മാർഗം ആരാധനയാണെന്ന് അവർ മനസ്സിലാക്കി. സാധാരണ ജനങ്ങൾക്കു വേദപുസ്തകത്തിന്റെ ഉള്ളടക്കം സുഗ്രാഹ്യമാകുന്നത് ആരാധനയിലൂടെയാണ്. ഭക്തിപൂർവം ക്രമമായി ആരാധനയിൽ സംബന്ധിക്കുന്ന വിശ്വാസികളുടെ ഹൃദയത്തിൽ വേദഭാഗങ്ങൾ തറഞ്ഞിറങ്ങുമെന്നതിനു സംശയമില്ല. ബുദ്ധിപരമായ സംതൃപ്തി നൽകുന്ന ബൈബിൾ ക്ലാസ്സുകളേക്കാൾ വേദപുസ്തകത്തിന്റെ പ്രാർത്ഥനാപൂർവമായ പഠനമാണു വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കു സഹായിക്കുന്നത്.

വേദപുസ്തകവും പ്രാർത്ഥനകളും തമ്മിൽ എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നുവെന്നു കാണിക്കുവാൻ അനേക പ്രാർത്ഥനകൾ ഉദ്ധരിക്കുവാൻ സാധിക്കും. വേദഭാഗങ്ങളുടെ ഒരു സംഗ്രഹമാണു ജനനപ്പെരുന്നാളിലെ സന്ധ്യയുടെ പ്രുമിയോനും സെദ്റായും. കന്യകയിൽ നിന്നുള്ള ജനനം, ബേത്ലഹേമിലെ പുൽത്തൊട്ടിയിൽ കിടത്തിയത്, വിദ്വാന്മാർ വന്ദിക്കുന്നത് തുടങ്ങിയ സംഭവങ്ങൾ അനുസ്മരിച്ചശേഷം യേശുവിന്റെ ജനനത്തെപ്പറ്റിയുള്ള പഴയനിയമ സൂചനകൾ ഓരോന്നായി വിവരിക്കുന്നു.

ഒരേ സന്ദേശമുൾക്കൊള്ളുന്ന വേദപുസ്തക സംഭവങ്ങൾ ക്രമമായി അനുസ്മരിക്കുന്നതു പല സെദ്റാകളുടെയും പ്രത്യേകതയാണ്. അനുതാപത്തിന്റെ സെദ്റായിൽ, വിനയപൂർവമായ പശ്ചാത്താപത്തിലൂടെ ദൈവകോപത്തിൽ നിന്നു വിമുക്തി പ്രാപിച്ച വേദപുസ്തക കഥാപാത്രങ്ങളെ ഓർക്കുന്നു:

“പാപി അനുതാപപൂർവം ദുർമാർഗത്തിൽ നിന്നു പിൻതിരിഞ്ഞു രക്ഷപെടണമെന്നല്ലാതെ അവന്റെ മരണത്തെ നീ ആഗ്രഹിക്കുന്നില്ലല്ലോ! (യെഹ. 18:32). നിനുവാക്കാരുടെ പശ്ചാത്താപം നീ അംഗീകരിച്ച് അവരിൽ നിശ്ചയിക്കപ്പെട്ടിരുന്ന കോപത്തെ നീ നീക്കിക്കളഞ്ഞുവല്ലോ (യോനാ). ആ വേശ്യയുടെ കണ്ണുനീരും (ലൂക്കോ. 7:36–50), മനശ്ശെയുടെ വിനയവും (2 ദിന. 33:12–13), കള്ളന്റെ വിശ്വാസവും (ലൂക്കോ. 23:43) അംഗീകരിച്ചതു നീയാകുന്നുവല്ലോ. സകല മനുഷ്യരും രക്ഷ പ്രാപിച്ച് സത്യജ്ഞാനത്തിലേക്കു വരണമെന്നു നീ ആഗ്രഹിക്കുന്നവനാണല്ലോ (യോഹ. 3:16–17). സ്വന്ത സമ്പാദ്യങ്ങൾ നശിപ്പിച്ചു കളഞ്ഞ ആ ധൂർത്തനായ മകനെ കൈക്കൊണ്ടു പൈതൃകമായ കരുണയോടെ അവനിൽ

ദയ കാണിച്ചതു നീ തന്നെയാകുന്നുവല്ലോ' (ലൂക്കോ. 15:11-32)."

കേവലം കഴിഞ്ഞകാല സംഭവങ്ങൾ വിവരിക്കുന്ന ഒരു പുസ്തകമല്ല വേദപുസ്തകം. ദൈവത്തിന്റെ നിത്യ സ്നേഹത്തിന്റെയും കരുണയുടെയും നന്മയുടെയും സാക്ഷ്യമാണ്. പഴയനിയമത്തിലും പുതിയനിയമത്തിലും പ്രവർത്തിച്ച ദൈവം ഇന്നു സഭയിൽ കൂടെ പ്രവർത്തിച്ചു വിശ്വാസികളുടെ പ്രാർത്ഥനയും അനുതാപവും സ്വീകരിക്കുന്നു എന്നതിന്റെ ഉറപ്പായിട്ടു കൂടിയാണു വേദപുസ്തക സംഭവങ്ങൾ ആരാധനയിൽ അനുസ്മരിക്കുന്നത്.

വേദപുസ്തക സംഭവങ്ങൾ അരങ്ങേറിയ നാട്ടിൽ ജീവിച്ചിരുന്നവരാണു സുറിയാനി ആരാധനയ്ക്കും രൂപം നൽകിയത്. ഇക്കാരണം കൊണ്ടു കൂടിയാണു വേദപുസ്തക കഥാപാത്രങ്ങളെപ്പറ്റി സുറിയാനി പ്രാർത്ഥനകളിൽ ധാരാളമായി സൂചനകൾ ഉള്ളതും. 'ശ്ഹീമ' (= സാധാരണ) നമസ്കാരം എന്നറിയപ്പെടുന്ന ഏഴു ദിവസത്തേക്കുള്ള പ്രാർത്ഥനകൾ ഇതിനുദാഹരണമാണ്. പഴയനിയമ വിശുദ്ധന്മാരുടെ ജീവിത സംഭവങ്ങൾ ധാരാളമായി ഈ പ്രാർത്ഥനകളിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു. അബ്രഹാം, ഇസഹാക്ക്, മോശെ, ദാവീദ്, പ്രവാചകന്മാർ, ഇയോബ്, ദാനിയേൽ, തീച്ചൂളയിലെ മൂന്നു യുവാക്കൾ എന്നിവർ അപ്പോസ്തലന്മാരോടൊപ്പം അനുസ്മരിക്കപ്പെടുന്നു.

"ആദാം പിതാവ് നിന്നോടു ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും; ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ. അബ്രഹാം, ഇസഹാക്ക്, യാക്കോബ്, യൗസേഫ് എന്നീ പിതാക്കന്മാർ ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും. ... നിന്നെക്കുറിച്ച് പ്രവചിച്ച നിബിയന്മാർ നിന്നോടു ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കും. ... നിന്നെ പ്രസംഗിച്ച ശ്ലീഹന്മാരും, നിന്റെ നിമിത്തം മരണം വരിച്ച സഹദേന്മാരും .... ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കും' (ചൊവ്വാ, ആറാം മണി).

ആദാം മുതലുള്ള പിതാക്കന്മാർ ക്രിസ്തുവിൽ സജീവരായിരിക്കുന്നു. അവർ ദൈവമുഖം കണ്ടുകൊണ്ടു നിത്യമായി പ്രാർത്ഥിച്ചുകൊണ്ടിരിക്കയാണ്. അതിനാൽ വിശ്വാസികൾ അവരുടെ പ്രാർത്ഥന ആവശ്യപ്പെടുന്നു. ഓരോ യാമത്തിലും, അതുമായി ബന്ധപ്പെട്ട പഴയനിയമ സംഭവങ്ങൾ ഓർക്കുന്നുണ്ട്.

"പ്രഭാതത്തിൽ ഇസ്രായേൽജനം കാഹളം മുഴക്കി. യരിഹോവിന്റെ കോട്ട വീണുപോയി (യോശു. 6:15-20). ദാനിയേൽ സിംഹങ്ങളുടെ കുഴിയിൽ വച്ച് പ്രാർത്ഥിച്ചു. അവൻ വീണ്ടുകൊള്ളപ്പെടുകയും ചെയ്തു' (ദാനി. 6: 16-22)" (തിങ്കൾ, പ്രഭാതം).

പഴയനിയമ കഥാനായകന്മാർ ക്രിസ്തുവിന്റെ രഹസ്യത്തിന്റെ സാക്ഷികളാണ്. ക്രിസ്തുവിൽ അവരും സഭയുടെ അംഗങ്ങളായിത്തീർന്നിരിക്കുന്നു. ആദാമിൽ ആരംഭിച്ച രക്ഷാചരിത്രം ക്രിസ്തുവിൽ പൂർത്തിയായി സഭയിലൂടെ തുടരുന്നു. ആ രക്ഷാചരിത്രത്തിലെ മുൻ കഥാപാത്രങ്ങളായിരുന്നു പഴയനിയമ പിതാക്കന്മാരും അപ്പോസ്തലന്മാരും. അതേ ചരിത്രത്തിലെ ഇന്നത്തെ കഥാപാത്രങ്ങൾ സഭാംഗങ്ങളായ നാമാണ്.

“തന്റെ പിതാവിന്റെ തോട്ടത്തിലേക്കു രാജകുമാരൻ കൂലിക്കു വിളിച്ചാക്കിയിട്ടുള്ള വേലക്കാർ ധന്യരാകുന്നു (മത്താ. 20:1-16). പ്രഭാതത്തിൽ ഹാബേലിനെയും ലോത്തിനെയും വിളിച്ചു. ആറാം മണി സമയത്തു അവൻ ദീർഘദർശിമാരെ വിളിച്ചു. ഒമ്പതാം മണി നേരത്തു ശ്ലീഹന്മാരെയും പതിനൊന്നാം മണിനേരത്തു തെരഞ്ഞെടുക്കപ്പെട്ട സഹദേന്മാരെയും വലതുഭാഗത്തെ കള്ളനെയും വിളിച്ചു. അവരുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കട്ടെ” (ചൊവ്വാ, രാത്രി).

ദൈവത്തെ സ്നേഹിക്കുകയും ദൈവത്താൽ നടത്തപ്പെടുകയും ചെയ്ത മനുഷ്യരാണു പഴയനിയമ കഥാപാത്രങ്ങൾ. അവർ അനുഭവിച്ചറിഞ്ഞ ദൈവസ്നേഹവും, കരുതലും സഭയിലൂടെ വിശ്വാസികൾക്കു ലഭ്യമാകുന്നുവെന്നു പ്രാർത്ഥനകൾ സൂചിപ്പിക്കുന്നു.

“ബാബേലിലെ തീച്ചൂളയിൽ ഇറങ്ങി പൈതങ്ങളെ അഗ്നിയിൽ നിന്നും രക്ഷിച്ച അനുഗ്രഹത്തിന്റെ പനിമഞ്ഞ് (ദാനി. 3-ാം അദ്ധ്യായം) ഞങ്ങളുടെ വാങ്ങിപ്പോയവരുടെ മേലും പൊഴിയുകയും അഗ്നിജ്വാലയുടെ ദണ്ഡനത്തിൽനിന്നു അവരെ വീണ്ടുകൊണ്ട് നിത്യജീവൻ അവകാശിപ്പിക്കുകയും ചെയ്യുമാറാകട്ടെ” (തിങ്കൾ, ഉച്ച).

“ദാവീദിനെ ശൗലിൽ നിന്നും, യൗസേഫിനെ മിസ്രേമിൽ നിന്നും കാത്തുകൊണ്ടതായ ആ കൃപയും അനുഗ്രഹങ്ങളും ബലഹീനരായ ഞങ്ങളെയും കാത്തുകൊള്ളുമാറാകണമെ” (ചൊവ്വാ, പ്രഭാതം).

നീതിമാന്മാരുടെ പ്രാർത്ഥന മാത്രമല്ല, അനുതപിച്ച പാപികളുടെയും പുറജാതിക്കാരുടെയും പ്രാർത്ഥന ദൈവം സ്വീകരിച്ചതായി വേദപുസ്തകം പഠിപ്പിക്കുന്നതിനാൽ, ദൈവസാന്നിദ്ധ്യം തേടുന്നതിൽ നിന്നും പാപികൾ വിമുഖരാകേണ്ടതില്ല.

“ഞങ്ങളുടെ കറകളിലും കുറ്റങ്ങളിലും ഞങ്ങൾ സൂക്ഷിച്ചു നിങ്കലേക്കു അടുത്തുവരുവാൻ ഞങ്ങൾ ലജ്ജിക്കുന്നു. എന്നാലോ കള്ളനും, ചുങ്കക്കാരനും, പാപിനിയും, കനാന്യസ്ത്രീയും, ശമരിയാക്കാരിയും ഞങ്ങളെ ധൈര്യപ്പെടുത്തുന്നു. നീ കരുണയുള്ളവനാകുന്നുവല്ലോ” (ചൊവ്വാ, രാത്രി മൂന്നാം കൗമാ).

പുതിയനിയമത്തിലെ ഉപമകളുടെ ധ്യാനാത്മകമായ വ്യാഖ്യാനങ്ങളും സാധാരണയാണ്. മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമയ്ക്കു നൽകുന്ന വ്യാഖ്യാനം മുകളിൽ കണ്ടു. പത്തു കന്യകമാരുടെ ഉപമയുടെ വ്യാഖ്യാനം (മത്താ. 25:1-13) കാണുക:

"ഞങ്ങളുടെ കർത്താവേ, സ്വർഗരാജ്യത്തെക്കുറിച്ച് ഉപമകളാലും ദൃഷ്ടാന്തങ്ങളാലും സാദൃശ്യങ്ങളാലും നീ അരുളിച്ചെയ്തുവല്ലോ? നിന്റെ എതിരേൽപ്പിനായി കന്യകമാരെപ്പോലെ ഞങ്ങളും പുറപ്പെടുമാറാകണമെ. നിന്നോടു കൂടെ പ്രവേശിക്കുവാൻ കഴിയാതെ വാതിലിനു പുറത്തു നിത്യമായ സങ്കടത്തോടും നെടുവീർപ്പോടും കൂടെ ആകാതിരിപ്പാൻ നീ ഞങ്ങൾക്കു നൽകിയ വിളക്കുകളിൽ ഞങ്ങൾ എണ്ണ സംഭരിക്കുമാറാകണമെ. ബുദ്ധിമതികളായ കന്യകമാരോടും നിന്റെ എല്ലാ വിശുദ്ധന്മാരോടും കൂടെ നിന്റെ പ്രകാശമണവറയിൽ ഞങ്ങളും സന്തോഷിക്കുമാറാകണമെ" (ചൊവ്വാ, മൂന്നാം മണി).

വേദപുസ്തകത്തിന്റെ പുനരാഖ്യാനവും ലളിതമായ അവതരണവുമാണു മിക്ക പ്രാർത്ഥനകളുടെയും പ്രത്യേകത. വേദപുസ്തകത്തിന്റെ കോപ്പികൾ സാധാരണക്കാർക്ക് അച്ചടിവിദ്യയുണ്ടാകുന്നതിനു മുമ്പ് അപ്രാപ്യമായിരുന്നു. അക്കാലങ്ങളിൽ വിദ്യാവിഹീനരായ വിശ്വാസികളെപ്പോലും വേദപുസ്തകം പഠിപ്പിക്കുവാനുള്ള മാർഗ്ഗമായിട്ടാണ് ഇത്തരം പ്രാർത്ഥനകൾ സഭ ഉപയോഗിച്ചു തുടങ്ങിയത്.

## ചോദ്യങ്ങൾ

1. സുറിയാനി ഓർത്തഡോക്സ് സഭയുടെ പ്രാർത്ഥനകൾ വേദപുസ്തക ഭാഗങ്ങളാൽ സമ്പന്നമാണെന്നു ഉദാഹരണങ്ങൾ സഹിതം വിവരിക്കുക.
2. ജനനപ്പെരുന്നാളിലെ സന്ധ്യയുടെ സെദ്റാ വായിക്കുക.
3. സ്ലീബാ നമസ്കാരത്തിലെ സന്ധ്യാപ്രാർത്ഥന വായിച്ച് അതിൽ പരാമർശിച്ചിരിക്കുന്ന വേദഭാഗങ്ങൾ കണ്ടുപിടിക്കുക.

# യൂണിറ്റ് 2

# പ്രതീകങ്ങളുടെ ഉപയോഗം ആരാധനയിൽ

## പാഠം 1

## പ്രതീകങ്ങളും അടയാളങ്ങളും

❑ എന്താണു പ്രതീകം? ❑ പ്രതീകങ്ങൾ വേദപുസ്തകത്തിൽ ❑ പ്രതീകങ്ങൾ ക്രിസ്തീയ പാരമ്പര്യത്തിൽ

പ്രതീകങ്ങളുടെ ഉപയോഗം (symbolism) പൗരസ്ത്യ ആരാധനയുടെ അവിഭാജ്യഘടകമാണ്. മദ്ബഹാ, തിരശ്ശീല, ത്രോണോസ്, മെഴുകുതിരികൾ, കുരിശ്, ഏവൻഗേലിയോൻ മേശ, ധൂപക്കുറ്റി, പുരോഹിതന്റെ വേഷവിധാനങ്ങൾ, മാമോദീസാത്തൊട്ടി എന്നിങ്ങനെ പല പ്രതീകങ്ങളും (symbols) ഓർത്തഡോക്സ് ദേവാലയത്തിന്റെ പ്രത്യേകതകളാണ്. പ്രതീകാത്മകമായ പല കർമ്മങ്ങളും ചലനങ്ങളും ഓർത്തഡോക്സ് ആരാധനയിലുണ്ട്. ഉദാ: ആഘോഷമായ പ്രദക്ഷിണങ്ങൾ, റൂശ്മാ ചെയ്ത് ആശീർവദിക്കുന്നത്, മുട്ടുകുത്തുന്നത്, കുമ്പിടുന്നത്, തല കുനിക്കുന്നത്, കൈകൾ ഉയർത്തുന്നത് തുടങ്ങിയവ. പുറത്തുള്ളവർക്ക് ഇവയുടെ അർത്ഥം മനസ്സിലായെന്നു വരികയില്ല. യുക്തിസഹമായി ഓരോ പ്രതീകത്തെയും വിവരിക്കുവാൻ പൗരസ്ത്യ പാരമ്പര്യം ശ്രമിക്കാറില്ല. ഓരോ ഘടകത്തിന്റെയും വിശദമായ അർത്ഥം മനസ്സിലാക്കുവാൻ ഓർത്തഡോക്സ് സഭാംഗങ്ങൾ തന്നെ അമിതമായ താത്പര്യം കാണിക്കാറുമില്ല. ആരാധനയിലുടനീളം പ്രതിഫലിക്കുന്ന ദൈവസാന്നിദ്ധ്യബോധത്തിൽ പ്രാർത്ഥിക്കുവാനല്ലാതെ, ഓരോ ഘടകത്തിന്റെയും ബുദ്ധിപരമായ വിശദീകരണം അവർ തേടാറില്ല. ആരാധനയെ ആദ്യന്തം ഒരു പ്രാർത്ഥനാഗീതമായി കണക്കാക്കിയാൽ അതിലെ ഒരു ശബ്ദമാണ് ഓരോ പ്രതീകവും. മറ്റു പ്രതീകങ്ങളുമായുള്ള ബന്ധത്തിലാണ് ഓരോന്നിന്റെയും അർത്ഥം വ്യക്തമാകുന്നത്. ആരാധനയിൽ നിന്ന് വേർതിരിച്ചു ചിന്തിച്ചാൽ പ്രതീകങ്ങളുടെ അർത്ഥം മനസ്സിലാകണമെന്നില്ല.

ക്രിസ്തീയാരാധനയുടെ അടിസ്ഥാനതത്വത്തെപ്പറ്റി വെളിപ്പാടു പുസ്തകത്തിൽ പ്രതീകാത്മകമായി വിവരിക്കുന്നു. സ്വർഗത്തിൽ നിത്യമായ ഒരു ആരാധന നടക്കുന്നുണ്ട്. യെശയ്യാവും, യോഹന്നാനും ദർശനത്തിൽ കണ്ടതുപോലെ മാലാഖമാർ സ്വർഗീയ സിംഹാസനത്തിന്റെ മുമ്പാകെ ദൈവത്തെ സ്തുതിക്കുന്നു (യെശ. 6:4; വെളി. 4:8). യോഹന്നാന്റെ

വെളിപാടനുസരിച്ചു പഴയ ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രപിതാക്കന്മാരും, പുതിയ ഇസ്രായേലിന്റെ (സഭയുടെ) അടിസ്ഥാനമായ പന്ത്രണ്ട് അപ്പോസ്തലന്മാരും അടങ്ങിയ ഇരുപത്തിനാലു മൂപ്പന്മാർ മാലാഖമാരോടു കൂടി സ്വർഗീയ ആരാധനയിൽ പങ്കെടുക്കുന്നു (4:8-11). സ്വർഗീയ സിംഹാസനത്തിനു മുമ്പിൽ മാലാഖമാരുടെയും മൂപ്പന്മാരുടെയും നടുവിൽ ക്രിസ്തുവെന്ന 'അറുക്കപ്പെട്ട കുഞ്ഞാടു' നിൽക്കുന്നു (5:6). മൂപ്പന്മാരും മാലാഖമാരും 'വീണയും വിശുദ്ധന്മാരുടെ പ്രാർത്ഥനയെന്ന ധൂപവർഗം നിറഞ്ഞ പൊൻകലശവും പിടിച്ചുകൊണ്ട്' കുഞ്ഞാടിനെ വീണു നമസ്കരിക്കുന്നു (5:8). 'ജീവനുള്ള ദൈവത്തിന്റെ മുദ്ര'യാകുന്ന വി. മാമോദീസാ സ്വീകരിച്ചവർ സ്വർഗീയ ആരാധനയിൽ പങ്കാളികളാണ് (7-ാം അദ്ധ്യായം). അവർ 'വെള്ള നിലയങ്കി ധരിച്ചു കൈയിൽ കുരുത്തോലയുമായി സിംഹാസനത്തിനും, കുഞ്ഞാടിനും മുമ്പാകെ' നിന്നുകൊണ്ട് ആരാധിക്കുന്നു (7:9-17).

ഒന്നാം നൂറ്റാണ്ടിൽ ഏഷ്യാമൈനറിലെ ക്രിസ്തീയ ആരാധനയുടെ ഒരു ചിത്രമാണു വി. യോഹന്നാൻ വരച്ചുകാട്ടുന്നത്. 'അറുക്കപ്പെട്ട കുഞ്ഞാടിനെ' അഭിമുഖം ദർശിക്കുന്ന വി. കുർബാനയാണു ക്രിസ്തീയ ആരാധനയുടെ കേന്ദ്രം. സ്വർഗ്ഗീയ സിംഹാസനത്തിന്റെ മുമ്പാകെയുള്ള നിത്യ ആരാധനയുടെ ദൃശ്യരൂപമാണു വി. കുർബാന. അദൃശ്യമായ സ്വർഗീയ ആരാധനയെ ഭൂമിയിൽ വെളിപ്പെടുത്തുവാൻ സഹായകമായ ഉപാധികളാണു പ്രതീകങ്ങൾ. മദ്ബഹ, ത്രോണോസ്, കുരിശ്, മെഴുകുതിരികൾ, ധൂപക്കുറ്റി തുടങ്ങി വിവിധ പ്രതീകങ്ങൾ സ്വർഗീയ ആരാധനയെ സ്ഥലകാലങ്ങളിൽ പ്രകടിപ്പിക്കുവാൻ സഹായിക്കുന്നവയാണ്. കർത്തൃദിനത്തിലാണു യോഹന്നാൻ വെളിപാടിലൂടെ സ്വർഗീയ ആരാധന ദർശിച്ചത് (വെളി. 1:10). ഓരോ കർത്തൃദിനത്തിലും ഓർത്തഡോക്സ് വിശ്വാസി സ്വർഗീയ ആരാധന ദർശിക്കുകയും അതിൽ പങ്കാളിയാവുകയും ചെയ്യുന്നു. മാലാഖമാരുടെയും ഗോത്രപിതാക്കന്മാരുടെയും അപ്പൊസ്തലന്മാരുടെയും, വിശുദ്ധന്മാരുടെയും നടുവിൽ 'അറുക്കപ്പെട്ട കുഞ്ഞാടിനെ' അവർ കാണുന്നു. ആരാധനയെപ്പറ്റിയുള്ള ഈ പൗരസ്ത്യ ദർശനത്തിന്റെ വെളിച്ചത്തിൽ വേണം പ്രതീകങ്ങളുടെ അർത്ഥം മനസ്സിലാക്കുവാൻ.

### എന്താണ് പ്രതീകം?

പ്രതീകത്തിന്റെ അർത്ഥം വാക്കുകളിലൂടെ പ്രകടിപ്പിക്കുന്നതിൽ പരിമിതികളുണ്ട്. എങ്കിലും അദൃശ്യമായ ഒരു യാഥാർത്ഥ്യത്തെക്കുറിക്കുന്ന ദൃശ്യവും ഭൗതികവുമായ ഒന്നാണു പ്രതീകമെന്നു പറയാം. പ്രതീകം ഒരു വസ്തുവോ ഒരു കർമ്മമോ ആകാം.

മാമോദീസാത്തൊട്ടി, കാഴ്ചയിൽ കല്ലിലോ സിമെന്റിലോ ഉള്ള ഒരു

കുഴിഞ്ഞ വലിയ പാത്രമാണു. എന്നാൽ ക്രിസ്തീയ പാരമ്പര്യത്തിൽ അതു കർത്താവിന്റെ കല്ലറയുടെയും സഭാ മാതാവിന്റെ ഉദരത്തിന്റെയും, യോർദ്ദാൻ നദിയുടെയും, പ്രതീകമാണ്. കർത്താവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കാളിയാവാനും (റോമ. 6:4), വെള്ളത്തിൽ നിന്നും ആത്മാവിൽ നിന്നും വീണ്ടും ജനിക്കുവാനും (യോഹ. 3:3-5) വിശ്വാസികൾ ജലസ്നാനമേൽക്കുന്നു. കർത്താവിന്റെ അഭിഷേകത്തിൽ പങ്കാളിയാവാനും (1. യോഹ. 2:20, 27; 2 കൊരി. 1:21-22), പരിശുദ്ധാത്മാവിന്റെ മുദ്ര പ്രാപിക്കുവാനും (എഫെ. 1:14; 4:30; വെളി. 7:3; ഹെസ. 9:4), മാമോദീസായിൽ എണ്ണ കൊണ്ടുള്ള അഭിഷേകം നൽകുന്നു. മാമോദീസാത്തൊട്ടി, ജലസ്നാനം, അഭിഷേകം എന്നീ പ്രതീകങ്ങളിൽക്കൂടി മാത്രമേ മാമോദീസായുടെ അർത്ഥം പ്രകടിപ്പിക്കാനാവൂ. 'ക്രിസ്തുവിനോടു ചേരുക'യെന്ന യാഥാർത്ഥ്യം വിശ്വാസികൾ അനുഭവിച്ചറിയുന്നത് ഈ പ്രതീകങ്ങളിൽക്കൂടിയാണ്. അതിനാൽ ഒരു പ്രതീകം ദൈവീക രഹസ്യങ്ങളുടെ കാണപ്പെടുന്ന രൂപമാണെന്നു പറയാം.

ഗോതമ്പപ്പം, വീഞ്ഞ്, കാസാ, പീലാസാ, ത്രോണോസ്, തബ്ലൈത്താ തുടങ്ങിയ നിരവധി പ്രതീകങ്ങൾ വി. കുർബാനയിൽ അത്യന്താപേക്ഷിതങ്ങളാണ്. വി. കുർബാനയുടെ അർത്ഥവ്യാപ്തിയും, ദിവ്യരഹസ്യസ്വഭാവവും പ്രകടിപ്പിക്കുന്നതിൽ ഇവയ്ക്ക് ഓരോന്നിനും പങ്കുണ്ട്. പുരോഹിതൻ തന്നെ ഒരു പ്രതീകമാണ്; യേശുക്രിസ്തുവിന്റെ പ്രതീകം. ചുരുക്കത്തിൽ കൂദാശകളുടെയും, ആരാധനാകർമ്മങ്ങളുടെയും അർപ്പണത്തിൽ അവിഭാജ്യഘടകങ്ങളാണ് പ്രതീകങ്ങൾ.

കുരിശ് കാഴ്ചയിൽ തടികൊണ്ടുള്ള ഒരു രൂപം മാത്രമാണ്. ക്രിസ്തുവിന്റെ കുരിശുമരണത്തിലൂടെ കുരിശ് ക്രിസ്തീയസഭയുടെ അടിസ്ഥാന പ്രതീകങ്ങളിൽ ഒന്നായിത്തീർന്നു. വിശ്വാസികൾ കുരിശു വരയ്ക്കുമ്പോൾ, അതു കർത്താവിന്റെ കുരിശുമരണത്തിന്റെ അനുസ്മരണയും, ദൈവസാന്നിദ്ധ്യബോധത്തിന്റെ അടയാളവുമാണ്.

ആരാധനയിൽ ഉപയോഗിക്കുന്ന ചില വസ്തുക്കളിലോ, ചില കർമ്മങ്ങളിലോ മാത്രം പ്രതീകങ്ങളെ ഒതുക്കിനിർത്താനാവില്ല. പള്ളിയുടെ ശില്പകല, അതിലെ ചിത്രങ്ങൾ, സെമിത്തേരി, ആരാധനയിലെ സംഗീതം, മണിയടിക്കുന്നത്, കാണിക്കയർപ്പിക്കുന്നത്, തീർത്ഥാടനം നടത്തുന്നത് തുടങ്ങിയവയെല്ലാം പ്രതീകങ്ങളാണ്. എല്ലാം അദൃശ്യനായ ദൈവത്തിങ്കലേയ്ക്കു വിശ്വാസികളുടെ ഹൃദയങ്ങളെ ഉയർത്തുവാൻ പര്യാപ്തമാണ്. ദൈവസന്നിധിയിലേയ്ക്ക് ദർശനം നൽകുന്ന വാതിലുകളാണ് പ്രതീകങ്ങൾ.

### പ്രതീകങ്ങൾ വേദപുസ്തകത്തിൽ

പഴയനിയമത്തിൽ വാക്കുകൾ, വ്യക്തികൾ, കർമ്മങ്ങൾ, സംഭവങ്ങൾ

തുടങ്ങിയ പ്രതീകങ്ങളിൽക്കൂടിയാണ് ദൈവീക വെളിപ്പാട് മനുഷ്യർക്കു നൽകപ്പെട്ടത്. യിസ്രായേലിനുണ്ടാകുവാൻ പോകുന്ന പ്രവാസത്തിന്റെ പ്രതീകമായി യിരമ്യാവ് നുകം വഹിച്ചുനടന്നത് ഇതിനുദാഹരണമാണ് (യിരെ. 19:1–11). യഹോവയും യിസ്രായേലും തമ്മിലുള്ള ഉടമ്പടിയുടെ പ്രതീകങ്ങളായിരുന്നു ശാബതും പരിഛേദനയും.

ഭൂമിയിലോ വെള്ളത്തിലോ ഉള്ള ഏതിന്റെയെങ്കിലും പ്രതിമയോ വിഗ്രഹമോ ഉണ്ടാക്കുന്നതിനെ രണ്ടാം കൽപന വിലക്കുന്നു (പുറ. 20:4). എന്നാൽ ദേവാലയവും അതിലെ ഉപകരണങ്ങളും അതിവിശുദ്ധമായി യഹൂദന്മാർ കണക്കാക്കിയിരുന്നു. യിസ്രായേലിന്റെ നടുവിലുള്ള യഹോവയുടെ സാന്നിദ്ധ്യത്തിന്റെ പ്രതീകങ്ങളായിരുന്നു ദേവാലയവും, അതിലെ യാഗപീഠവും, പെട്ടകവും. അതിന്റെ മൂടിയായ 'കൃപാസനവും', അതിനു മുകളിലുള്ള ചിറകുവിരിച്ച കെരൂബുകളും (പുറ. 25:10–22) അതിവിശുദ്ധമായി കണക്കാക്കിയിരുന്നു. 'യഹോവയുടെ സിംഹാസനം', 'പാദപീഠം' എന്നിങ്ങനെ കൃപാസനം വിശേഷിപ്പിക്കപ്പെട്ടിരുന്നു. ഈ പ്രതീകങ്ങൾ മിക്കതും പ്രവാസകാലത്ത് അപ്രത്യക്ഷമായി. എന്നാൽ ക്രിസ്താബ്ദം ഒന്നും രണ്ടും നൂറ്റാണ്ടുകളിലെ പല സുനഗോഗുകളും ചിത്രങ്ങൾ ഉപയോഗിച്ചിരുന്നതായി തെളിവുകളുണ്ട്. ചുരുക്കത്തിൽ മൂന്നാം കൽപ്പനയിൽ പ്രതിമകളുണ്ടാക്കി വന്ദിക്കുന്നതിനെ നിരോധിക്കുന്നുണ്ടെങ്കിലും, അതു പ്രതീകങ്ങൾ (symbols) ഉപയോഗിക്കുന്നതിനെ വിലക്കുന്നതായി യഹൂദന്മാർ ചിന്തിച്ചിരുന്നില്ല. വൈവിദ്ധ്യമാർന്ന പ്രതീകങ്ങളുടെ ഉപയോഗം പഴയനിയമ ആരാധനയുടെ പ്രത്യേകതയാണ്.

## പ്രതീകങ്ങൾ ക്രിസ്തീയ പാരമ്പര്യത്തിൽ

യഹൂദന്മാരുടെ മാതൃകയിലാണു ക്രിസ്തീയ സഭയിൽ ആരാധന ആരംഭിച്ചതും പ്രതീകങ്ങൾ ഉപയോഗിച്ചു തുടങ്ങിയതും. പ്രതീകങ്ങളുടെയും അടയാളങ്ങളുടെയും ഭാഷ അക്ഷരജ്ഞാനമില്ലാത്തവർക്കും മനസ്സിലാകുന്നതാണ്. ഉദാഹരണമായി കുരിശിന്റെ രൂപം കാണുന്നയാളിന്റെ മനസ്സിൽ കർത്താവിന്റെ ജീവിതം മുഴുവനും ഉയർന്നുവരും. ചിലപ്പോൾ നീണ്ട പ്രബോധനങ്ങളേക്കാൾ ചിന്തകളെയുണർത്തുവാൻ കുരിശ് പര്യാപ്തമായിരുന്നിരിക്കണം. അതേസമയം ക്രിസ്തീയ രഹസ്യങ്ങൾ അക്രൈസ്തവരിൽനിന്നും മറയ്ക്കുന്നതിനും ആദിമ ക്രൈസ്തവർ പ്രതീകങ്ങൾ ഉപയോഗിച്ചു. പീഡകളുടെ കാലത്തു ക്രിസ്ത്യാനികൾ തമ്മിൽ തിരിച്ചറിഞ്ഞിരുന്നത് ഒരു മത്സ്യത്തിന്റെ രൂപം വരച്ചു കാണിച്ചായിരുന്നു. ഗ്രീക്കിൽ മത്സ്യത്തിനുള്ള വാക്ക് 'ഇക്ത്തുസ്' (Ichtus) എന്നാണ്. യേശുക്രിസ്തു, ദൈവപുത്രൻ, രക്ഷകൻ (Jesus Christ, Son of God, Saviour) എന്നർത്ഥമുള്ള ഗ്രീക്കു വാക്കുകളുടെ ലോപിതരൂപമാണ് 'ഇക്ത്തുസ്.' വി.

കുർബാനയുടെ പ്രതീകമായും മത്സ്യത്തിന്റെ ചിത്രം ഉപയോഗിച്ചിരുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ (21:9–13) ഈ അർത്ഥത്തിലാണ് മത്സ്യത്തിന്റെ കാര്യം സൂചിപ്പിച്ചിരിക്കുന്നത്. ക്രിസ്തീയ സഭയുടെ അടിസ്ഥാന വിശ്വാസം ഒരു മത്സ്യത്തിന്റെ ചിത്രം വരച്ചുകാണിച്ച് പ്രകടിപ്പിക്കുവാൻ ആദിമ ക്രൈസ്തവർക്കു കഴിഞ്ഞു. അവരെ പീഡിപ്പിക്കുന്നവർക്ക് ഇതിന്റെ അർത്ഥം മനസ്സിലായിരുന്നില്ല താനും.

ആദിമസഭയുടെ വിശ്വാസം ചിത്രങ്ങളിലൂടെ പ്രകടിപ്പിച്ചിരുന്നു എന്നതിന് തെളിവാണു പുരാതന ദേവാലയങ്ങളും റോമിലെ കാറ്റകോംബുകളും (ഭൂമിക്കടിയിലുള്ള പുരാതന ദേവാലയങ്ങൾ). ആദിമസഭയിൽ പൊതുവെ ഉപയോഗിച്ചിരുന്ന പ്രതീകങ്ങൾ താഴെപ്പറയുന്നവയാണ്: പ്രാവ് (പരിശുദ്ധാത്മാവിന്റെ പ്രതീകം); കുരുത്തോലകൾ (വെളി. 7:9; പാപത്തിന്റെ മേലുള്ള വിജയം); നങ്കൂരം (പ്രത്യാശ); നല്ലയിടയൻ (ക്രിസ്തു); നോഹയുടെ പെട്ടകം (മാമോദീസാ; സഭ; 1 പത്രൊ. 3:19–21). ക്രിസ്തുവിന്റെ പ്രതീകമായി കുഞ്ഞാട്, മത്സ്യം (Ichtus), കുരിശ് എന്നീ ചിത്രങ്ങളും ഗ്രീക്ക് അക്ഷരങ്ങളായ കൈ–റോ (Chi-Rho ക്രിസ്റ്റോസ് എന്ന വാക്കിലെ രണ്ടക്ഷരങ്ങൾ), ആൽഫ–ഒമേഗ (ഗ്രീക്കിലെ ആദ്യത്തേതും അവസാനത്തേതുമായ അക്ഷരങ്ങൾ. വെളി. 1:11, 22:6, 22:13) എന്നിവയും ഉപയോഗിച്ചിരുന്നു.

സഭയുടെ പ്രതീകമായി കടലിലൂടെ നീങ്ങുന്ന ഒരു കപ്പലിന്റെ ചിത്രം ആദിമസഭ ഉപയോഗിച്ചിരുന്നു. അഖിലലോക സഭാ കൗൺസിലിന്റെ ഔദ്യോഗിക ചിഹ്നമായി ആധുനിക കാലത്ത് ഇതുതന്നെ അംഗീകരിച്ചിട്ടുണ്ട്. നോഹയുടെ പെട്ടകത്തിൽ നിന്നാണ് ഇതിന്റെ ഉത്ഭവം, ഒലിവു കൊമ്പേന്തിയ ഒരു പ്രാവ് കപ്പലിലേക്ക് പറന്നുവരുന്ന ചിത്രവും (ഉല്പ. 8:11) സാധാരണയായിരുന്നു. മാമോദീസായിൽ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായും ഒലിവു കൊമ്പേന്തിയ പ്രാവിന്റെ ചിത്രം ഉപയോഗിച്ചിരുന്നു. ചുരുക്കത്തിൽ ആദിമസഭയുടെ വിശ്വാസപ്രമാണങ്ങൾ പ്രതീകങ്ങളിലൂടെ അവർ പ്രകടിപ്പിക്കുകയും വിശ്വാസത്തിന്റെ ബോധവൽക്കരണത്തിന് ഉപയുക്തമാക്കുകയും ചെയ്തു.

വിശ്വാസസത്യങ്ങളുടെ പ്രകാശനമായിട്ടു കൂടിയാണ് ഓർത്തഡോക്സ് സഭ പ്രതീകങ്ങൾ ഉപയോഗിക്കുന്നത്. കർത്താവിന്റെ ദൈവീക – മാനുഷിക സ്വഭാവങ്ങളുടെ ഐക്യത്തിന്റെ പ്രതീകമായിട്ടാണ് വി. കുർബാനയിൽ വീഞ്ഞിൽ വെള്ളം ചേർക്കുന്നത്. കർത്താവിന്റെ കുരിശുമരണവും, കബറടക്കവും സഭയുടെ ആരാധനയിലൂടെ അനുഭവിച്ചറിയുവാൻ സഹായിക്കുന്ന പ്രതീകാത്മകമായ കർമ്മമാണ് ദുഃഖവെള്ളിയാഴ്ചയിലെ കബറടക്ക ശുശ്രൂഷ. ഇതേ രീതിയിൽ ഓരോ പ്രതീകത്തിനും, കർമ്മത്തിനും വിശ്വാസ സത്യങ്ങളുമായി അഭേദ്യമായ ബന്ധമുണ്ട്.

## ചോദ്യങ്ങൾ

1. ഓർത്തഡോക്സ് ആരാധനയിൽ പ്രതീകങ്ങൾക്കുള്ള സ്ഥാന മെന്ത്?
2. പ്രതീകങ്ങളുടെ ഉപയോഗം വേദാനുസൃതമാണെന്നു പറയാമോ? എന്തുകൊണ്ട്?
3. ആദിമസഭയിൽ ഉപയോഗിച്ചിരുന്ന പ്രതീകങ്ങൾ ഏവ?
4. ദുഃഖവെള്ളിയാഴ്ചത്തെ കുരിശുകുമ്പിടീലിനെ വിമർശിക്കുന്ന വർക്ക് എന്തു മറുപടി നൽകാൻ കഴിയും?

## പാഠം 2

# ദേവാലയത്തിന്റെ അർത്ഥം

❑ ദേവാലയത്തിന്റെ ഘടന ❑ മദ്ബഹാ ❑ തിരശ്ശീല

ക്രിസ്തീയ ആരാധനയുടെ സ്വഭാവം അതതു കാലങ്ങളിൽ ദേവാല യത്തിന്റെ ശില്പകലയിലൂടെ പ്രകടമാക്കുവാൻ സഭകൾ ശ്രമിച്ചിട്ടുണ്ട്. ആരാധനയുടെ ദൈവശാസ്ത്രപരമായ അർത്ഥം ദേവാലയത്തിന്റെ ഘട നയിലൂടെയും അലങ്കാരങ്ങളിൽക്കൂടിയും പ്രകാശിപ്പിക്കപ്പെടുന്നു.

ക്രിസ്തീയ ശില്പകല വികാസം പ്രാപിക്കുന്നതു 313 –ൽ കുസ്തന്തീ നോസ് ചക്രവർത്തിയുടെ മാനസാന്തരത്തിനു ശേഷമാണ്. ആദിമസഭ ആരാധന നടത്തിയിരുന്നതു വീടുകളിലായിരുന്നു (അ. പ്ര. 2:46; 1 കൊരി. 16:19; റോമ. 16:5; കൊലൊ. 4:15; ഫില. 2). കുസ്തന്തീനോസിന്റെ മാന സാന്തരത്തോടെ രഹസ്യമായി വീടുകളിലും മറ്റും അർപ്പിച്ചിരുന്ന വി. കുർബ്ബാന പരസ്യമായ ആരാധനയുടെ കേന്ദ്രമായിത്തീർന്നു. ക്രിസ്തു മതം റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായിത്തീർന്നതു നാലാം നൂറ്റാണ്ടിലാണല്ലോ. കുസ്തന്തീനോസിനു മുമ്പു രാജാവിനെ ദൈവമായി ആരാധിക്കുന്ന രീതി റോമാ സാമ്രാജ്യത്തിലുണ്ടായിരുന്നു. അതിനായി പ്രത്യേക ക്ഷേത്രങ്ങളും സാമ്രാജ്യത്തിലുടനീളം പണിതിരുന്നു. ചക്ര വർത്തിക്കു പകരം സ്വർഗീയ രാജാവായ ദൈവത്തെ റോമിൽ ആരാധിച്ചു തുടങ്ങി. ആരാധന ഔദ്യോഗിക മതത്തിന്റെ പൊതുചടങ്ങായതോടെ വലി പ്പമുള്ള ദേവാലയങ്ങൾ ചക്രവർത്തി തന്നെ പണികഴിപ്പിച്ചു. ഔദ്യോഗിക മതത്തിന്റെ പ്രൗഢിയും ഗാംഭീര്യവും ശില്പകലയിലൂടെ പ്രകടിപ്പിക്കു വാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ആരാധനയുടെ ഭംഗിയും സ്വർഗീയ

പരിവേഷവും ശില്പകലയിലും പ്രതിഫലിച്ചു തുടങ്ങി. ഉയർന്ന താഴികക്കുടങ്ങളും, മദ്ബഹായും, സ്തൂപങ്ങളും, ഭിത്തികളും സ്വർഗത്തിന്റെ ഔന്നത്യത്തെ പ്രദർശിപ്പിക്കുന്നവയായി മനസ്സിലാക്കി.

യെറുശലേം ദേവാലയത്തിന്റെ ഘടനയും ക്രിസ്തീയ ശില്പകലയെ എല്ലാറ്റിലുമുപരിയായി സ്വാധീനിച്ചിട്ടുണ്ട്. യഹൂദചിന്തയിൽ ദേവാലയം ദൈവസാന്നിദ്ധ്യമുള്ള സ്ഥലമാണ്. ഇസ്രായേലിന്റെ മദ്ധ്യത്തിലുള്ള യഹോവയുടെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായിരുന്നു ദേവാലയം. അതേ രീതിയിൽ ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമായിട്ടാണു ദേവാലയത്തെ ഓർത്തഡോക്സ് സഭകൾ കണക്കാക്കുന്നത്. ഈ ദൈവസാന്നിദ്ധ്യബോധം സാക്ഷാത്ക്കരിക്കത്തക്ക വിധമാണു ദേവാലയവും പ്രതീകങ്ങളും, അലങ്കാരങ്ങളും ക്രമീകരിച്ചിരിക്കുന്നത്. പൗരസ്ത്യ ആരാധനയുടെ ആത്മാവായ ദൈവസാന്നിദ്ധ്യബോധവും, സ്വർഗീയ ആരാധനയിലുള്ള പങ്കാളിത്തമെന്ന സങ്കല്പവും, ശില്പകലയിലൂടെ പ്രകടിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്.

"എന്നാൽ ദൈവം യഥാർത്ഥമായി ഭൂമിയിൽ വസിക്കുമോ? സ്വർഗത്തിലും സ്വർഗാധിസ്വർഗത്തിലും നീ അടങ്ങുകയില്ലല്ലോ? പിന്നെ ഞാൻ പണിതിരിക്കുന്ന ഈ ആലയത്തിൽ അടങ്ങുന്നത് എങ്ങനെ?" (1 രാജാ. 8:27). ശലോമോന്റെ ഈ വാക്കുകളുടെ സാംഗത്യത്തെപ്പറ്റി പൗരസ്ത്യർ ബോധവാന്മാരായിരുന്നു. അതിനാൽ ദൈവസാന്നിദ്ധ്യമുള്ള പ്രപഞ്ചത്തിന്റെ ഒരു സൂക്ഷ്മരൂപമായി ദേവാലയം പണിയുവാൻ ബൈസന്റയിൻ സഭ ശ്രമിച്ചിരുന്നു. പ്രപഞ്ചത്തിന്റെ ഐക്യവും പൊരുത്തവും (Unity and harmony) പ്രകടിപ്പിക്കുവാൻ ഉയർന്ന താഴികക്കുടങ്ങൾ (Domes) നിർമ്മിക്കുന്നതു ബൈസന്റയിൻ സഭയുടെ, പ്രത്യേകിച്ചു റഷ്യൻ ഓർത്തഡോക്സ് സഭയുടെ പ്രത്യേകതയാണ്. മദ്ധ്യത്തിലുള്ള ഒരു വലിയ വൃത്താകാരമായ ഭാഗത്തിനു ചുറ്റും അർദ്ധവൃത്താകൃതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നത് ഈ സഭകളുടെ ശില്പകലയുടെ പ്രത്യേകതയാണ്. മദ്ധ്യത്തിലുള്ള താഴികക്കുടത്തിന്റെ ഉള്ളിൽ പ്രപഞ്ചത്തിന്റെ രാജാവായ ക്രിസ്തുവിന്റെ ചിത്രവും, അതിനു താഴെ മാലാഖമാർ, പ്രവാചകന്മാർ, വിശുദ്ധന്മാർ എന്നിവരുടെ ചിത്രങ്ങളും ഈ ദേവാലയങ്ങളിൽ കയറുന്നവരെ ആകർഷിക്കും. ഇതിനു താഴെയാണു വി. കുർബ്ബാനയും പ്രാർത്ഥനകളും നടക്കുന്നത്. എക്കാലത്തും ദൈവത്തെ ആരാധിച്ചവരോടുകൂടി സഭയും ആരാധിക്കുന്നുവെന്നാണ് ഈ ചിത്രങ്ങൾക്കും ശില്പകലയ്ക്കും പ്രകടമാക്കുവാൻ സാധിക്കുന്നത്.

ദീർഘചതുരാകൃതിയിലുള്ളതും ഉയർന്ന മേൽക്കൂരകളുള്ളതുമായ കെട്ടിടങ്ങളാണു കേരളത്തിലെ നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായിട്ടുള്ളത്. ബഹുദൈവ വിശ്വാസികളായ ഹൈന്ദവരുടെയിടയിൽ ശില്പകലയിലൂടെ ഏകദൈവവിശ്വാസം പ്രകടിപ്പിക്കുവാൻ നമ്മുടെ പൂർവ്വികർ

ശ്രമിച്ചിരുന്നതുകൊണ്ടായിരിക്കണം ലളിതമായ ശൈലിയിൽ ദേവാലയങ്ങൾ പണിതിരുന്നത്. ചിത്രങ്ങളോടും കൊത്തുപണികളോടുമുള്ള വിരക്തി, ഈ ഹൈന്ദവ പശ്ചാത്തലത്തിൽ ഉടലെടുത്തതായിരിക്കണം. എന്നാൽ പാശ്ചാത്യ ക്രൈസ്തവരുമായുള്ള സമ്പർക്കത്തിന്റെ ഫലമായി ദേവാലയത്തിന്റെ ശില്പശൈലിയിൽ ആധുനികകാലത്തു പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്.

### ദേവാലയത്തിന്റെ ഘടന

കേരളത്തിലെ ഓർത്തഡോക്സ് ദേവാലയങ്ങളിൽ സാധാരണ നാലു ഭാഗങ്ങളുണ്ട്. പൂമുഖം (Narthex), ഉൾവശം (Nave), അഴിക്കകം (Choir), മദ്ബഹാ (Sanctuary). ചെറിയ വ്യത്യാസങ്ങൾ പലയിടത്തും കാണുന്നുണ്ട്. മദ്ധ്യപൗരസ്ത്യ ദേശങ്ങളിലെ സുറിയാനി സഭകളിലും ഈ മാതൃക തന്നെയാണ്. ആരാധനയുടെ അർത്ഥം വിശദമാക്കുന്ന വ്യഖ്യാനങ്ങൾ ഓരോ ഭാഗത്തിനും നൽകാവുന്നതാണ്. ദേവാലയത്തിന്റെ ഉൾവശം (Nave) ദീർഘചതുരാകൃതിയിലാണല്ലോ? 'നേവ്' എന്ന വാക്ക് 'കപ്പൽ' എന്നർത്ഥമുള്ള 'നേവിസ്' (Navis) എന്ന ലാറ്റിൻ വാക്കിൽ നിന്നും ഉത്ഭവിച്ചതാണ്. സഭയെ കപ്പലിനോടുപമിച്ചിരുന്നതായി കഴിഞ്ഞ പാഠത്തിൽ കണ്ടു. ദേവാലയത്തെ കപ്പലിനോട് ഉപമിക്കുന്നതും വളരെ പഴയ പാരമ്പര്യമാണ്. നാലാം നൂറ്റാണ്ടിലെ അന്ത്യോക്യൻ സഭയുടെ ആരാധനയെപ്പറ്റി വളരെ വിശദമായി പ്രതിപാദിക്കുന്ന 'അപ്പോസ്തലിക പ്രമാണങ്ങളിൽ' (Apostolic Constitutions) മേൽപ്പട്ടക്കാരൻ കൊടുക്കുന്ന നിർദ്ദേശം ഇങ്ങനെയാണ്:

"ആരാധനക്കായി കൂടുന്ന സമൂഹത്തിൽ ഒരു കപ്പലിന്റെ പരമാധികാരിയെപ്പോലെ, നാവികരായി ശെമ്മാശ്ശന്മാരെ വാഴിക്കുക, അവർ വിശ്വാസികളെ യാത്രക്കാരെയെന്നവണ്ണം, അവരവരുടെ സ്ഥാനങ്ങളിൽ ഒരുക്കി നിർത്തട്ടെ. ആദ്യമായി ഒരു കപ്പൽ പോലെ ദേവാലയത്തിന്റെ കെട്ടിടം നീളത്തിലുള്ളതായിരിക്കട്ടെ, അതിന്റെ ശീർഷഭാഗം (head) കിഴക്കുവശത്തായിരിക്കണം. ഇരുവശങ്ങളിലും അണിയറകൾ (Vestries) ഉണ്ടായിരിക്കണം. നടുഭാഗത്തായി ബിഷപ്പിന്റെ സിംഹാസനവും ഇരുവശങ്ങളിലായി കശ്ശീശന്മാരുടെ ഇരിപ്പിടങ്ങളും ക്രമീകരിക്കുക. ശെമ്മാശ്ശന്മാർ, കപ്പലിലെ നാവികരും, കാര്യവിചാരകരും (managers) ആയതിനാൽ അവർ ഇരുവശത്തും നിൽക്കട്ടെ. വിശ്വാസികൾ ശാന്തരായും, ക്രമമായും ഇരിക്കട്ടെ. സ്ത്രീകളും അച്ചടക്കത്തോടെ ഇരിക്കട്ടെ. മധ്യത്തിലായി ഒരുയർന്ന സ്ഥലത്തു വായനക്കാരൻ നിൽക്കണം."

ഉയർന്ന സ്ഥലമെന്നുദ്ദേശിക്കുന്നതു 'ബീമാ' (Ambon) എന്ന ഉയർന്ന പീഠത്തെ ഉദ്ദേശിച്ചാണ്. പുരാതന ദേവാലയങ്ങളിൽ ഉൾവശത്തോ,

അഴിക്കകത്തോ 'ബീമാ' ഉണ്ടായിരുന്നു. സുറിയാനിസഭയിലെ മിക്ക ആരാധനകളിലും 'ബീമാ'യെപ്പറ്റിയുള്ള പരാമർശനങ്ങളുണ്ട്. ഉയിർപ്പിലും മറ്റു പെരുന്നാളുകളിലും സ്ലീബാ ആഘോഷം നടത്തുവാനും, പ്രസംഗിക്കുവാനും, വേദഭാഗങ്ങൾ വായിക്കുന്നതിനും, 'ബീമാ' ഉപയോഗിച്ചിരുന്നു. യഹൂദ സുനഗോഗുകളിലും 'ബീമാ' എന്നറിയപ്പെട്ടിരുന്ന ഉയർന്ന പീഠത്തിൽ വച്ചാണു വേദവായനകളും പ്രസംഗങ്ങളും നടത്തിയിരുന്നത്.

**മദ്ബഹാ**

'മദ്ബഹാ' എന്ന വാക്കിനു ബലിസ്ഥലം എന്നാണർത്ഥം. ക്ദൂശ് കുദ്ശീൻ (= അതിവിശുദ്ധസ്ഥലം), ബേത്കുദ്ശാ (= ശുദ്ധസ്ഥലം), എന്നീ പേരുകൾ മദ്ബഹായ്ക്ക് ഉപയോഗിക്കുന്നുണ്ട്. പറുദീസായുടെ അതായതു സ്വർഗത്തിന്റെ പ്രതീകമാണ് മദ്ബഹാ. ദൈവം ആദ്യം സൃഷ്ടിച്ച പ്രകാശത്തിന്റെ പ്രഭവസ്ഥാനമായ സൂര്യൻ ഉദിക്കുന്നതു കിഴക്കാണല്ലോ? ദൈവം സൃഷ്ടിച്ച ഏദെൻതോട്ടം (= പറുദീസാ) കിഴക്കായിരുന്നു (ഉല്പ. 2:8). ഏദെനിൽ നിന്നും ബഹിഷ്കൃതനായ മനുഷ്യൻ പറുദീസാ പ്രാപിക്കുവാൻ ആഗ്രഹിക്കുന്നുവെന്നും, ദിവ്യപ്രകാശത്തിലേക്കു തിരിയുന്നു എന്നുമുള്ള അർത്ഥത്തിലാണു കിഴക്കോട്ടു തിരിഞ്ഞു നിന്നു പ്രാർത്ഥിക്കുന്നതും, മദ്ബഹാ കിഴക്കെയറ്റത്തു ക്രമീകരിച്ചിരിക്കുന്നതും. കൂടാതെ ദൈവപുത്രൻ വീണ്ടും വരുന്നതു കിഴക്കു നിന്നായിരിക്കുമെന്നും വിശ്വസിക്കുന്നു (മത്താ. 24:27).

വി. കുർബാനയർപ്പിക്കുന്ന ത്രോണോസും അതിന്റെ ചുറ്റുപാടുകളും സാധാരണ വിശ്വാസികൾക്ക് അപ്രാപ്യമായ സ്ഥലമായി കണക്കാക്കുന്നതു നാലാം നൂറ്റാണ്ടു മുതലാണ്. സുറിയാനി സഭയിലെ വ്യാഖ്യാതാക്കളുടെ അഭിപ്രായത്തിൽ മദ്ബഹാ 'അതിവിശുദ്ധനായ ദൈവം അധിവസിക്കുന്ന സ്ഥല'മാണ്. ഭൂമിയിൽ കാണപ്പെടുന്ന സ്വർഗസദൃശ്യമായ സ്ഥലമാണ്. മാലാഖമാർ ദൈവത്തെ ആരാധിക്കുന്ന സ്വർഗീയ മദ്ബഹായുടെ ദൃശ്യരൂപമാണ്. ആദിമകാലങ്ങളിൽ പൂർണ ശെമ്മാശ്ശൻ തൊട്ടു മുകളിലേക്കുള്ള സ്ഥാനികൾക്കേ മദ്ബഹായിൽ പ്രവേശനമുണ്ടായിരുന്നുള്ളു. പതിനൊന്നാം നൂറ്റാണ്ടു മുതൽ അതിനു താഴെയുള്ള ഉപശെമ്മാശ്ശന്മാർ (Sub deacons), വായനക്കാർ (readers) തുടങ്ങിയവർക്കും മദ്ബഹായിൽ പ്രവേശിക്കുവാൻ അനുമതി ലഭിച്ചു. അത്മായക്കാർക്കു മദ്ബഹായിൽ പ്രവേശനമുണ്ടായിരുന്നില്ല. ഇന്നു ശെമ്മാശ്ശന്മാരുടെ സേവനം ഇടവകകൾക്കു ലഭിക്കാത്തതിനാൽ പ്രത്യേക അനുവാദം നൽകി അത്മായക്കാരെ ആ ചുമതല നിർവ്വഹിക്കുവാൻ ഏർപ്പെടുത്തിയിരിക്കുകയാണ്. കൽദായ സഭയിലും ബൈസന്റയിൻ സഭയിലും പൂർണ ശെമ്മാശ്ശനിൽ താഴെയുള്ളവർ ഇന്നും ത്രോണോസിനെ സമീപിക്കാറില്ല. ദൈവത്താൽ നിയോഗിക്കപ്പെട്ട

ശലോമോന്റെ പിൻഗാമിയായിട്ടായിരുന്നു എത്യോപ്യൻ സഭ ചക്രവർത്തിയെ കണക്കാക്കിയിരുന്നത്. എന്നാൽ കിരീടധാരണം കൊണ്ടുമാത്രം മദ്ബഹായിൽ കയറുവാൻ ചക്രവർത്തി യോഗ്യനായിത്തീരുന്നതായി അവർ വിചാരിച്ചിരുന്നില്ല. അതുകൊണ്ടു കിരീടധാരണ സമയത്തു ചക്രവർത്തിക്കു ശെമ്മാശുപട്ടം നൽകുന്ന രീതി എത്യോപ്യൻ സഭയിലുണ്ടായിരുന്നു.

## തിരശ്ശീല

സുറിയാനി സഭയിലെ ദേവാലയങ്ങളിൽ കുരിശടയാളമോ, പ്രാവിന്റെ ചിത്രമോ ഉള്ള തിരശ്ശീല മദ്ബഹായെ മറയ്ക്കുന്നു. മധ്യപൂർവ്വദേശങ്ങളിൽ വിശുദ്ധന്മാരുടെ ചിത്രങ്ങളും തിരശ്ശീലയിൽ കാണാറുണ്ട്. തെക്കു നിന്നും വടക്കോട്ടു വലിച്ചു തുറക്കത്തക്കവിധമാണു തിരശ്ശീല. നടുക്കു നിന്നും രണ്ടു വശങ്ങളിലേക്കും തുറക്കുന്ന തിരശ്ശീല കൽദായ സഭയുടെ പ്രത്യേകതയാണ്. അന്ത്യോക്യൻ സുറിയാനി സഭയിലെയും, മലങ്കരസഭയിലെയും ചില ദേവാലയങ്ങളിൽ പ്രധാന തിരശ്ശീലയ്ക്കു പുറമെ, ത്രോണോസിനു തൊട്ടുമുമ്പിൽ മറ്റൊരു ചെറിയ തിരശ്ശീല കൂടി കാണുന്നുണ്ട്. പ്രധാന തിരശ്ശീല നീക്കുന്ന സമയത്തു ചെറുതും നീക്കുന്നു. ഇത്തരം ദേവാലയങ്ങളിൽ ഖണ്ഡിപ്പിന്റെ ശുശ്രൂഷയിലും, കാസായും പീലാസായും ആഘോഷപൂർവ്വം പടിഞ്ഞാറോട്ടു കൊണ്ടുവരുന്നതിനു മുമ്പും ചെറിയ തിരശ്ശീല മാത്രമേ വലിച്ചിടാറുള്ളു. ഈ തിരശ്ശീല ഇന്നു മിക്കവാറും അപ്രത്യക്ഷമായിരിക്കയാണ്.

നാലാം നൂറ്റാണ്ടിൽ യറുശലേമിൽ തിരശ്ശീല ഉപയോഗിച്ചിരുന്നതായി വി. കൂറിലോസിന്റെ പ്രസംഗങ്ങളിൽ സൂചനയുണ്ട്. യഹൂദന്മാരുടെ യെറുശലേം ദേവാലയത്തിന്റെ മാതൃകയിലായിരിക്കണം (എബ്രാ. 9:3–7) ക്രിസ്തീയ ദേവാലയങ്ങളിലും തിരശ്ശീല ഉപയോഗിച്ചു തുടങ്ങിയത്. മദ്ബഹായുടെ വിശുദ്ധിയും, ദൈവസന്നിധിയുടെ അദൃശ്യാവസ്ഥയും, മദ്ബഹായിൽ അർപ്പിക്കുന്ന വി. കുർബാന തുടങ്ങിയ കൂദാശകളുടെ രഹസ്യസ്വഭാവത്തെയും സൂചിപ്പിക്കുവാനാണ് തിരശ്ശീല ഉപയോഗിക്കുന്നത്.

ബൈസന്റയിൻ സഭയിൽ തുണികൊണ്ടുള്ള തിരശ്ശീലയ്ക്കു പകരം, തടി കൊണ്ടുള്ള വാതിലാണു ത്രോണോസിനെ മറയ്ക്കുന്നത്. സുവിശേഷകന്മാരുടെയും, അപ്പോസ്തോലന്മാരുടെയും, ദൈവമാതാവിന്റെയും, വിശുദ്ധന്മാരുടെയും മറ്റും ചിത്രങ്ങൾ (Icons) വരച്ചിരിക്കുന്ന ഈ സ്ക്രീൻ 'ഐക്കണോസ്റ്റാസിസ്' (Iconostasis) എന്നാണ് അറിയപ്പെടുന്നത്. എന്നാൽ അർമ്മീനിയൻ സഭയും, കോപ്റ്റിക് സഭയും നമ്മുടേതുപോലുള്ള തിരശ്ശീലയാണുപയോഗിക്കുന്നത്.

### ചോദ്യങ്ങൾ

1. കേരളത്തിലെ ഓർത്തഡോക്സ് ദേവാലയങ്ങളുടെ പ്രത്യേകത കളേവ?
2. ബീമാ എന്നാലെന്ത്?
3. മദ്ബഹായുടെ അർത്ഥം വിവരിക്കുക.
4. കിഴക്കോട്ടു തിരിഞ്ഞു നിന്നു പ്രാർത്ഥിക്കുവാനുള്ള കാരണങ്ങ ളേവ?

## പാഠം 3

# ത്രോണോസും മദ്ബഹായിലെ ഉപകരണങ്ങളും

❑ കബിലാനാ ❑ ത്രോണോസ് ❑ തബലൈത്താ ❑ കുരിശ് ❑ മെഴുകുതിരികളും വിളക്കുകളും ❑ ഏവൻഗേലിയോൻ മേശ ❑ കാസായും പീലാസായും ❑ നക്ഷത്രം ❑ സ്പൂൺ ❑ ഗ്മുർത്തൊ ❑ മറുവഹ്സാ ❑ അരുളിക്കാ

### ത്രോണോസ് (Altar)

'ത്രോണോസ്' എന്ന ഗ്രീക്കു വാക്കിന് സിംഹാസനമെന്നാണർത്ഥം. യെശയ്യാവ് ദർശിച്ച 'ഉയർന്നും പൊങ്ങിയുമുള്ള' സ്വർഗീയ സിംഹാസന ത്തിന്റെ പ്രതീകമാണിത് (യെശ. 6:1). യെശയ്യാവിന്റെ ദർശനത്തിൽ സ്വർഗ്ഗീയ ആരാധനയുടെ കേന്ദ്രം ദൈവസിംഹാസനമാണ്. യോഹന്നാ നുണ്ടായ വെളിപാടിലും സ്വർഗീയ ആരാധന 'കുഞ്ഞാടിന്റെയും ദൈവ ത്തിന്റെയും സിംഹാസന'ത്തിന്റെ മുമ്പിലാണ് നടക്കുന്നത് (വെളി. 4:5; 7:9–11). അതേ രീതിയിൽ വി. കുർബ്ബാനയർപ്പണത്തിൽ സുപ്രധാന സ്ഥാന മാണ് ത്രോണോസിനുള്ളത്. സ്വർഗീയ ആരാധനയുമായി വി. കുർബാ നയെ ബന്ധിപ്പിക്കുന്ന ഒരു പ്രതീകമാണിത്.

വി. കുർബാനയുടെ അർത്ഥവ്യാപ്തിക്കനുസരണമായി പല വ്യാഖ്യാ നങ്ങളും ത്രോണോസിനു നൽകുന്നുണ്ട്. ദൈവിക സിംഹാസനമായും, കർത്താവിന്റെ കബറിടമായും (മൂശൈ ബർകീപ്പാ), 'ജീവവൃക്ഷമായ അമ്മാനുവേലാ'യും (ദീവന്നാസ്യോസ് അരയോപഗൈറ്റ്), കർത്താവ് സ്വയം ബലിയായി അർപ്പിച്ച ഗോൽഗോഥായായും, കുരിശായും,

കർത്താവിന്റെ തന്നെ പ്രതീകമായും സഭാപാരമ്പര്യത്തിൽ ത്രോണോസ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

ബൈസന്റയിൻ സഭയിലും, റോമൻ കത്തോലിക്കാ സഭയിലും വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ ത്രോണോസിനുള്ളിൽ നിക്ഷേപിക്കാറുണ്ട്. രക്തസാക്ഷികളുടെ കബറിടങ്ങളിൽ ദേവാലയം പണിയുന്ന രീതിയിൽ നിന്നായിരിക്കണം ഇതുണ്ടായത്. കത്തോലിക്കാസഭയിൽ മദ്ധ്യശതകങ്ങളിൽ തിരുശേഷിപ്പുകൾ ലഭ്യമല്ലാതെ വരുമ്പോൾ വി. കുർബാന തന്നെ ത്രോണോസിനുള്ളിൽ നിക്ഷേപിച്ചിരുന്നതായി തെളിവുകളുണ്ട്. എന്നാൽ സുറിയാനി സഭയിൽ കർത്താവിന്റെ കബറിടമായി ത്രോണോസിനെ കാണുന്നതുകൊണ്ടു യാതൊരു തിരുശേഷിപ്പും ത്രോണോസിനടിയിൽ നിക്ഷേപിക്കാറില്ല. ഇതേ കാരണത്താൽ തിരുശേഷിപ്പുകൾ വഹിക്കുന്ന പാത്രങ്ങളും ത്രോണോസിൽ വയ്ക്കുന്ന രീതി നമുക്കില്ല.

കബറിടത്തിന്റെ രൂപം ദ്യോതിപ്പിക്കുമാറു ത്രോണോസിന്റെ സാധാരണ അളവ്, ഉയരം നാലടി, നീളം ആറടി, വീതി മൂന്നര/നാലടി എന്നിങ്ങനെയാണ്. ത്രോണോസിനു താഴെയുള്ള 'ദർഗ' എന്നറിയപ്പെടുന്ന ചവിട്ടുപടിയിൽ ശെമ്മാശൻ മുതലുള്ള പുരോഹിതസ്ഥാനികളേ ചവിട്ടാറുള്ളൂ.

അന്ത്യ അത്താഴം തടികൊണ്ടുള്ള മേശയിലായിരിക്കണം നടന്നത്. ഈ മാതൃകയിൽ ആദിമസഭയിൽ പൊതുവെ തടി കൊണ്ടുള്ള മേശയാണുപയോഗിച്ചിരുന്നത്. എങ്കിലും ബലിപീഠം (altar) വി. കുർബ്ബാനയർപ്പണത്തിന്റെ അവിഭാജ്യഘടകമായി ആദിമസഭ കണക്കാക്കിയിരുന്നു: 'കൂടാരത്തിൽ ശുശ്രൂഷിക്കുന്നവർക്ക് അഹോവൃത്തി കഴിപ്പാൻ അവകാശമില്ലാത്ത ഒരു യാഗപീഠം നമുക്കുണ്ടെ'ന്ന് എബ്രായ ലേഖനത്തിൽ പറയുന്നു (13:10). എ. ഡി 107-ൽ അന്ത്യോക്യായിലെ ഇഗ്നാത്തിയോസ് വി. കുർബാനയെപ്പറ്റിയും ത്രോണോസിനെപ്പറ്റിയും പല തവണ പരാമർശിക്കുന്നുണ്ട്: 'ഒരൊറ്റ വി. കുർബാന ഒരു സ്ഥലത്തു അർപ്പിക്കപ്പെടണം; കാരണം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശരീരം ഒന്നാണ്; അവന്റെ രക്തത്തിലെ പങ്കാളിത്തത്തിനുള്ള പാനപാത്രം ഒന്നാണ്; ഏക ബലിപീഠവും (altar) ഏക ബിഷപ്പുമാണ് നമുക്കുള്ളത്' (ഇഗ്നാത്തിയോസ്: ഫിലിപ്യ. 4:1).

കർത്താവിന്റെ കബറിടത്തിന്റെ പ്രതീകമെന്ന നിലയിലായിരിക്കണം കല്ലു കൊണ്ടുള്ള ത്രോണോസ് ഉപയോഗിച്ചു തുടങ്ങിയത്. വിശുദ്ധന്മാരുടെയും രക്തസാക്ഷികളുടെയും കബറിടങ്ങളടങ്ങിയ റോമിലെ പുരാതനമായ കാറ്റകോംബുകൾ എന്ന ഭൂഗർഭ ദേവാലയങ്ങളിൽ കല്ലു കൊണ്ടുള്ള ത്രോണോസായിരുന്നു ഉപയോഗിച്ചിരുന്നത്.

വി. ഇഗ്നാത്തിയോസ് പറയുന്നതുപോലെ ഒരൊറ്റ ത്രോണോസിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ് പുരാതന സഭയുടെ പാരമ്പര്യം. മിക്കവാറും എല്ലാ ഓർത്തഡോക്സ് സഭകളും ഈ പാരമ്പര്യമാണ് പിന്തുടരുന്നത്. ഒരു ദേവാലയത്തിൽ ഒരു ത്രോണോസും, ഒരു ദിവസം ഒരു വി. കുർബാനയുമാണ് ആദിമസഭയുടെ പാരമ്പര്യം. മദ്ധ്യശതകങ്ങളിലെ കത്തോലിക്കാ സന്യാസാശ്രമങ്ങളിൽ ഉള്ള പുരോഹിതന്മാർക്കെല്ലാം വി. കുർബാനയർപ്പിക്കുവാൻ വേണ്ടി പള്ളിയിൽ അൾത്താരകളുടെ എണ്ണം വർദ്ധിപ്പിച്ചു. മലങ്കരസഭയിൽ മൂന്നു ത്രോണോസുകൾ പണിയുന്ന രീതി 17-ാം നൂറ്റാണ്ടിനു ശേഷം ഉണ്ടായിട്ടുള്ളതാണ്. അതിനുമുമ്പ് പണിയപ്പെട്ട ദേവാലയങ്ങളിൽ മൂന്നു ത്രോണോസുകൾ ഉണ്ടായിരുന്നില്ല.

**തബലൈത്താ***

കാസായും പീലാസായും ത്രോണോസിൽ വയ്ക്കുന്നത് തബലൈത്താ യുടെ മുകളിലാണ്. കത്തോലിക്കാ സഭയും (altar stone) ബൈസന്റയിൻ സഭയും (antimension) തബലൈത്താ ഉപയോഗിക്കുന്നുണ്ട്. തബലൈത്തായിൽ തിരുശേഷിപ്പുകൾ വെയ്ക്കുന്ന രീതി ബൈസന്റയിൻ സഭയിലുണ്ട്. 18 ഇഞ്ചു നീളവും 12 ഇഞ്ചു വീതിയുമുള്ള തടിയിലോ മാർബിളിലോ ഉള്ള പലകയാണ് തബലൈത്താ. പള്ളി കൂദാശാ സമയത്ത് ഇതും കൂദാശ ചെയ്യുന്നു. നാലാം നൂറ്റാണ്ടു മുതലെങ്കിലും തബലൈത്താ ഉപയോഗിക്കുന്നുണ്ട്. പീഡനത്തിന്റെ കാലത്ത് പലപ്പോഴും പ്രയാണം ചെയ്യേണ്ടി വന്ന സാഹചര്യത്തിൽ, എടുത്തുകൊണ്ടു യാത്ര ചെയ്യാൻ ഉപകരിക്കുന്ന വിധത്തിൽ (Portable altar) കൂദാശ ചെയ്യപ്പെട്ട ഈ തബലൈത്താ ഉപയോഗിച്ചു തുടങ്ങിയിരിക്കണം. കൂടാതെ ഇടവകയും മെത്രാപ്പോലീത്തായുമായുള്ള ബന്ധത്തെക്കുറിക്കുവാനും തബലൈത്താ ഉപയുക്തമായി. ഒരു ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ അനുഷ്ഠിക്കുന്ന വി. കുർബാന, മെത്രാപ്പോലീത്തായുമായുള്ള സംസർഗത്തിൽ അർപ്പിക്കുന്നു എന്നതിന്റെ സൂചനയായിട്ടാണ്, അദ്ദേഹം കൂദാശ ചെയ്ത തബലൈത്താ ഉപയോഗിക്കുന്നത് (മറ്റൊരടയാളം പുളിപ്പുപയോഗിക്കുന്നതും, മെത്രാപ്പോലീത്തായുടെ പേര് വി. കുർബാനയിൽ ഓർക്കുന്നതുമാണ്. ഇതേപ്പറ്റി താഴെ വിവരിച്ചിട്ടുണ്ട്).

ത്രോണോസിന്റെ ഒരു ചെറിയ രൂപമാണ് തബലൈത്തായെന്നു പറയാം. കർത്താവിന്റെ കുരിശിന്റെയും, കബറിടത്തെ മൂടിയ പാറയുടെയും പ്രതീകമാണെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. 'ഏക സഭയിൽ ഏക വിശുദ്ധ കുർബാന'യെന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു തബലൈത്താ

* 'തബലൈത്താ' എന്ന വാക്കിന് tablet, Plate, table എന്നൊക്കെ അർത്ഥമുണ്ട്.

ഒരു ദിവസം ഒരൊറ്റ വി. കുർബാനയ്ക്കു മാത്രമേ ഉപയോഗിക്കാറുള്ളൂ. അതേ രീതിയിൽ ഒരു ത്രോണോസിൽ ഒരു വി. കുർബാന മാത്രമേ ഒരു ദിവസം അർപ്പിക്കാറുള്ളൂ. ദേവാലയത്തിനു പുറത്തോ, ഇതര സഭകളുടെ ദേവാലയങ്ങളിലോ വി. കുർബാന അർപ്പിക്കുമ്പോൾ നമ്മുടെ തബ ലൈത്താ ഉപയോഗിക്കണമെന്ന് സഭ നിഷ്ക്കർഷിക്കുന്നു.

## കുരിശ്

ത്രോണോസിൽ ലളിതമായ തടിക്കുരിശു വയ്ക്കുന്ന രീതിയാണ് നമ്മുടെ സഭയിലുള്ളത്. ക്രൂശിതരൂപമുള്ളവ നാം ഉപയോഗിക്കാറില്ല. കാരണം വേദനയനുഭവിക്കുന്ന ക്രിസ്തുവിനേക്കാൾ നമ്മുടെ പ്രത്യാശ യുടെ കേന്ദ്രം, മരണത്തെ ജയിച്ചു ഉത്ഥാനം ചെയ്ത മഹത്വവാനായ ക്രിസ്തുവാണ്. കർത്താവിന്റെ കുരിശുമരണത്തിന്റെയും, അതിലൂടെ മനു ഷ്യർക്ക് ലഭ്യമായ രക്ഷയുടെയും, കർത്താവിന്റെ ഉത്ഥാനത്തിന്റെയും പ്രതീ കമാണ് കുരിശ്. മരണത്തിന്റെ മേലുള്ള വിജയത്തിന്റെ അടയാളമായി കുരി ശിനെ കണക്കാക്കുന്നതു കൊണ്ടാണ് ഊറാറായണിയിച്ച കുരിശ് വലിയനോമ്പിലും മറ്റും ദേവാലയത്തിലുയർത്തുന്നത്. കുരിശിനോടുള്ള ബഹുമാനം സുറിയാനി സഭയുടെ പ്രത്യേകതയാണ്. 16-ാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ പോർട്ടുഗീസ് മിഷനറിമാരെ ആകർഷിച്ച ഒരു വസ്തു തയാണ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ കുരിശിനോടുള്ള ഭക്തി. ബൈസന്റയിൻ സഭയിൽ കുരിശിന്റെ സ്ഥാനം ക്രിസ്തുവിന്റെയും മറ്റും ചിത്രങ്ങൾ (icons) ക്കാണ് നൽകിയിരിക്കുന്നത്.

## മെഴുകുതിരികളും വിളക്കുകളും

പ്രകാശം ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമാണ്. അഗ്നിത്തൂണിലൂടെ ഇസ്രായേൽ ദൈവസാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞു. ദേവാലയത്തിലെ തിര ശ്ശീലയ്ക്കു മുമ്പിൽ സ്ഥിരമായി വിളക്കു കത്തിക്കുന്ന രീതി പഴയനിയമ കാലത്തുണ്ടായിരുന്നു (ലേവ്യാ. 24:1-4). പുതിയ ഇസ്രായേൽ ദൈവത്തിന്റെ പ്രകാശത്തിൽ നടക്കുന്നു എന്നതിന്റെ സൂചനയാണ് മെഴുകുതിരികളും വിളക്കുകളും. വെളിപാടു പുസ്തകത്തിൽ ഇതിനെപ്പറ്റി സൂചിപ്പിക്കുന്നു: 'ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാ ശിക്കുന്നതുകൊണ്ട് വിളക്കിന്റെ വെളിച്ചമോ അവർക്കു ആവശ്യമില്ല' (വെളി. 22:5). ക്രിസ്തുവിന്റെ വെളിച്ചത്തിൽ നടക്കുന്ന പുതിയ ഇസ്രാ യേലിനെയാണ് ഇവിടെ വിവക്ഷിച്ചിരിക്കുന്നത്. 'ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു; എന്നെ അനുഗമിക്കുന്നവർ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും' (യോഹ. 8:12) എന്നു കർത്താവ് കൽപ്പിച്ചിരി ക്കുന്നു. ജീവന്റെ വെളിച്ചത്തിന്റെ പ്രതീകമാണ് കത്തിച്ച മെഴുകുതിരികൾ. പുതിയനിയമ കാലത്തു തന്നെ ആരാധനയിൽ വിളക്കുകൾ ഉപയോഗി

ച്ചിരുന്നു (അ. പ്ര. 20:8; വെളി. 4:5). 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു' എന്നുള്ള വസ്തുതയും വിളക്കുകൾ അനുസ്മരിപ്പിക്കുന്നു. 'നിന്റെ വചനം എന്റെ കാലിന് ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു' (സങ്കീ. 119:105) എന്നത് അനുസ്മരിപ്പിക്കുവാനാണ് കത്തിച്ച മെഴുകുതിരികളുടെ അകമ്പടിയോടെ ഏവൻഗേലിയോൻ വായിക്കുന്നത്.

ഹൂദായക്കാനോനനുസരിച്ച് വി. കുർബാന സൂക്ഷിക്കുന്ന മദ്ബഹായിൽ എല്ലായ്പ്പോഴും വിളക്കു കത്തിച്ചിരിക്കണമെന്നുണ്ട്. ജീവന്റെ അപ്പവും, ലോകത്തിന്റെ വെളിച്ചവുമായ ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തെക്കുറിക്കാനാണിത്.

## ഏവൻഗേലിയോൻ മേശ (Lectern)

ഏവൻഗേലിയോൻ മേശയ്ക്കു ചിലപ്പോൾ സിംഹാസനമെന്നും പറയാറുണ്ട്. ഏവൻഗേലിയോൻ ക്രിസ്തുവിന്റെ പ്രതീകമായി കണക്കാക്കപ്പെടുന്നു. മേശയിലേക്ക് കത്തിച്ച മെഴുകുതിരികളുടെയും, ധൂപക്കുറ്റിയുടെയും മറ്‌വഹ്സാകളുടെയും അകമ്പടിയോടെ ആഘോഷമായി കൊണ്ടുവരുന്ന രീതിയാണു മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്. ഇന്ന് പട്ടക്കാരൻ മാത്രം ഇങ്ങനെ വരുന്ന രീതിയാണ് നമ്മുടെ സഭയിൽ കാണുന്നത്. ക്രിസ്തു സ്വർഗത്തിൽ പിതാവാം ദൈവത്തിന്റെ മഹിമാസനത്തിന്റെ വലത്തുഭാഗത്തിരുന്നതിനെ അനുസ്മരിക്കുവാൻ ത്രോണോസിന്റെ വലത്ത് വലത്ത് (തെക്കുവശത്ത്) ഏവൻഗേലിയോൻ മേശയിടുന്ന രീതിയാണ് പൊതുവെ കാണുന്നത്. എന്നാൽ ചില പള്ളികളിൽ വടക്കുഭാഗത്തിന്റെ പ്രാധാന്യം പരിഗണിച്ച് വടക്കുവശത്ത് വയ്ക്കാറുണ്ട്. ഏവൻഗേലിയോൻ സ്ഥിരമായി വെക്കുന്നതുകൊണ്ട് മേശക്കു തന്നെ പ്രത്യേക ബഹുമാനം നൽകുന്നു. മദ്ബഹായിൽ കയറുന്നവർ ഇതിനെ മുത്തി വണങ്ങുന്നു; ധൂപം വീശുമ്പോഴും വണങ്ങുന്നുണ്ട്.

## കാസായും പീലാസായും (Chalice and Paten)

നാലാം നൂറ്റാണ്ടു വരെ സ്ഫടികം കൊണ്ടുള്ള കാസായായിരുന്നു ഉപയോഗിച്ചിരുന്നത്. സ്വർണ്ണമോ വെള്ളിയോ കൊണ്ടുണ്ടാക്കി വിലയേറിയ കല്ലുകൾ പതിച്ച കാസാ ഉപയോഗത്തിലായത് നാലാം നൂറ്റാണ്ടിലാണ്. ആദിമകാലങ്ങളിൽ ഉയരം കുറഞ്ഞ കാസായായിരുന്നു സുറിയാനി സഭയിലുണ്ടായിരുന്നത്. ഇന്നത്തെ രീതിയിലുള്ള ഉയരം കൂടിയ കാസാ 17-ാം നൂറ്റാണ്ടിലാണ് പ്രചാരത്തിലായത്. പോർട്ടുഗീസ് ഇറ്റാലിയൻ ശൈലിയിലുള്ളതാണ് ഉയരം കൂടിയ ഇപ്പോൾ ഉപയോഗിക്കുന്ന കാസാകൾ.

എന്നാൽ സുറിയാനി സഭയിലെ പീലാസാ പുരാതനരൂപം നില

നിർത്തുന്നുണ്ട്. കാസായും പീലാസായും വി. തൈലം (chrism) കൊണ്ട് ശുദ്ധീകരിക്കുന്ന രീതി റോമൻ കത്തോലിക്കാ സഭയിലുണ്ട്. എന്നാൽ സുറിയാനി സഭയിൽ ഒരു പ്രാർത്ഥന ചൊല്ലി ശുദ്ധീകരണം നടത്തുന്നു. ലോഹം കൊണ്ടുള്ള പാത്രങ്ങൾ ഉപയോഗിക്കണമെന്ന് നിർബന്ധമാക്കിയത് 9–ാം നൂറ്റാണ്ടു മുതലാണെന്നു തോന്നുന്നു. സുറിയാനി സഭയിലെ ചില പഴയ സന്യാസാശ്രമങ്ങളിൽ തടികൊണ്ടുള്ള പീലാസാ ഉപയോഗിച്ചിരുന്നതായി തെളിവുകൾ ഉണ്ട്.

### കബിലാനാ

കാസായും പീലാസായും മൂടുന്ന തുണികൊണ്ടുള്ള ചെറിയ ആവരണമാണിത്. 'മ്കബിലോനോ'യെന്ന സുറിയാനി വാക്കിന് 'സ്വീകരിക്കുന്നത്' (receptacle) എന്നാണർത്ഥം. 'ഹൂഫോയോ' (= മൂടി) എന്നതാണ് ശരിയായ പേര്. ആദിമകാലങ്ങളിൽ ലോഹം കൊണ്ടുള്ള മൂടികൾ ഉപയോഗിച്ചിരുന്നു. മധ്യപൂർവ്വദേശത്തുള്ള സുറിയാനി (റീത്ത്) കത്തോലിക്കർ ഈ പതിവ് പുനരാരംഭിച്ചിട്ടുണ്ട്. ദേവാലയത്തിനു മുകളിൽ ആവസിച്ച മേഘത്തിന്റെ (1 രാജാ. 8:10–11) പ്രതീകമായി ഇതിനെ വ്യാഖ്യാനിക്കുന്നുണ്ട് (ഇതേ വ്യാഖ്യാനം ശോശപ്പായ്ക്കും നൽകുന്നുണ്ട്).

### ശോശപ്പാ

അപ്പവീഞ്ഞുകൾ ഒരുക്കിവെച്ചു കഴിയുമ്പോൾ, കാസായും പീലാസായും മൂടുവാനുപയോഗിക്കുന്ന വെള്ളത്തുണിയാണിത്. 'അനാഫുറാ' എന്ന പേരാണ് സുറിയാനിയിൽ ഇതിനുപയോഗിച്ചിരുന്നത് (Anaphora = offering, Liturgy, a petition, veil). ദൈവസാന്നിദ്ധ്യത്തിന്റെയും തേജസ്സിന്റെയും പ്രതീകമായി ഇതിനെയും വ്യാഖ്യാനിക്കുന്നു. ഒരുക്കശുശ്രൂഷയിൽ അപ്പവീഞ്ഞുകൾ ശോശപ്പാ കൊണ്ടു മൂടുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ ഈ ആശയം കാണാവുന്നതാണ്: 'മഹത്വമുള്ളവന്റെ തേജസ്സു കൊണ്ട് ആകാശം മൂടിയിരിക്കുന്നു. അവന്റെ മഹത്വം സൃഷ്ടി മുഴുവനിലും നിറഞ്ഞിരിക്കുന്നു.'

വി. കുർബാനയിൽ സമാധാന ചുംബനത്തിനു ശേഷം ശോശപ്പാ ഉയർത്തി ആഘോഷിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഇങ്ങനെയാണ്: 'ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾക്കു വേണ്ടി പന്ത്രണ്ടു നദികൾ ഒഴുക്കിക്കൊടുത്ത തീക്കൽപ്പാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ നിക്ഷേപിക്കപ്പെട്ട ആ തീക്കൽപാറയും നീ തന്നെയാകുന്നു.' ഈ പ്രാർത്ഥനയനുസരിച്ചു ശോശപ്പാ നീക്കുന്നതു കർത്താവിന്റെ കബറിൽ നിന്നും കല്ലു നീങ്ങിയതിന്റെ പ്രതീകമായിട്ടാണ് (മത്താ. 27:60). പാറയിൽ നിന്നു പുറപ്പെട്ട വെള്ളംകൊണ്ട് ഇസ്രായേൽ മരുഭൂമിയിൽ

മരിക്കാതിരുന്നതുപോലെ (സംഖ്യാ 20:2–11) പാറയുടെ കല്ലറയിൽ നിന്നും ഉത്ഥാനം ചെയ്ത ജീവജലമായ കർത്താവിലൂടെ (യോഹ. 7:37–39) മനുഷ്യവർഗം മരണത്തിൽ നിന്നും വിമുക്തി പ്രാപിച്ചു. പത്രോസ് ദർശനത്തിൽ കണ്ട തുപ്പട്ടിയുടെ പ്രതീകമായും ശോശപ്പായെ കണക്കാക്കാം (അപ്പൊ. പ്ര. 10:9–16). മുൻകാലങ്ങളിൽ ത്രോണോസിന്റെ മുൻഭാഗം മുഴുവനും മൂടുവാൻ തക്ക വലിപ്പമുള്ളതായിരുന്നു ശോശപ്പാ. സഹകാർമ്മികരായ പട്ടക്കാരോ ശെമ്മാശന്മാരോ ഇത്തരം വലിയ ശോശപ്പാ ഉയർത്തി ആഘോഷിക്കുവാൻ സഹായിച്ചിരുന്നു. മേൽപ്പട്ടക്കാരൻ വി. കുർബാനയർപ്പിക്കുമ്പോൾ ശോശപ്പാ ആഘോഷിക്കുവാൻ പട്ടക്കാർ സഹായിക്കുന്ന രീതി ബൈസന്റയിൻ സഭയിൽ ഇന്നുമുണ്ട്.

## നക്ഷത്രം (കൗക്ക്ബോ)

പീലാസായ്ക്കു മുകളിൽ വെയ്ക്കുന്ന കുരിശാകൃതിയിലുള്ള ഈ ഉപകരണം സുറിയാനി സഭയിലും ബൈസന്റയിൻ സഭയിലുമുണ്ട്. കർത്താവിന്റെ ജനനസമയത്തു പ്രത്യക്ഷപ്പെട്ട നക്ഷത്രത്തിന്റെ (മത്താ. 2:1–17) പ്രതീകമായി കണക്കാക്കുന്നു.

## സ്പൂൺ (തർവോദോ)

'കൊടിൽ' (കൽബ്തോ) എന്നും ഇതിനു പേരുണ്ട് (യെശ. 6:6–7). ലോഹനിർമിതമായ സ്പൂണിന്റെ ഉപയോഗം പട്ടക്കാരനു കാസായിൽ നിന്നു വി. കുർബാന അനുഭവിക്കാനും വിശ്വാസികൾക്കു കൊടുക്കാനുമാണ്. അഞ്ചാം നൂറ്റാണ്ടിനു മുമ്പു സ്പൂൺ ഉപയോഗിച്ചിരുന്നതായി തോന്നുന്നില്ല. യെശയ്യാവിന്റെ ദർശനത്തിലെ കൊടിലിന്റെ പ്രതീകമായി ഇതിനെ കാണുന്നു.

## ഗ്മുർത്തൊ (തീക്കട്ട)

തബലൈത്തായുടെ ഇടതുവശത്തായി വെക്കുന്ന ഒരു ചെറിയ കുഷനാണിത്. സ്പൂൺ ഇതിന്മേലാണു വെക്കാറുള്ളത്. തിരുശരീര രക്തങ്ങൾ സ്പർശിച്ചതിനു ശേഷം കൈകൾ തുടയ്ക്കുവാനാണ് ഇതുപയോഗിക്കുന്നത്. അപ്പവീഞ്ഞുകൾ വാഴ്ത്തിയതിനു ശേഷം ഗ്മുർത്തോയും, സ്പൂണും ഉയർത്തിക്കാണിക്കുന്നതിന് പല വ്യാഖ്യാനങ്ങളും നൽകിക്കാണുന്നു.

ഇടതുവശത്തായി വെക്കുന്ന ചെറിയ പാത്രത്തിനു മ്ശംശോനീസോ (deaconess) എന്നാണു പേര് (ഇംഗ്ലീഷിൽ cruet എന്ന പേരാണുള്ളത്). ഒരുക്കശുശ്രൂഷയിൽ വീഞ്ഞും വെള്ളവും ഇതിൽ പകർന്നിട്ടാണ് ഓരോന്നായി കാസായിൽ ഒഴിക്കുന്നത്. തിരുശരീര രക്തങ്ങൾ സ്പർശിച്ചശേഷം പട്ടക്കാരൻ വിരലിന്റെ അഗ്രങ്ങൾ ഈ പാത്രത്തിലെ വെള്ളത്തിൽ കഴുകുന്നു.

### മറുവഹ്സാ (Fan)

കൃപാസനത്തിനു മുകളിൽ ചിറകുവിരിച്ചു നിന്നിരുന്ന കെരൂബുകളുടെയും (പുറ. 25:18–22) യെശയ്യാവ് ദർശനത്തിൽ കണ്ട സെറാഫുകളുടെയും (6:1–4) പ്രതീകമാണു മറുവഹ്സാകൾ. മാലാഖമാർ ദൈവസിംഹാസനത്തിനു ചുറ്റും പറക്കുന്നതിന്റെ സൂചനയായിട്ടാണു മറുവഹ്സാകൾ കിലുക്കുന്നത്. നാലാം നൂറ്റാണ്ടു മുതൽ ഇവ ആരാധനയിൽ ഉപയോഗിച്ചുവരുന്നു. 'അപ്പോസ്തോലിക പ്രമാണങ്ങൾ' (375) ആണ് ഇതിനെപ്പറ്റി പരാമർശിക്കുന്ന ആദ്യത്തെ രേഖ: 'ത്രോണോസിന്റെ ഇരുവശത്തുമായി രണ്ടു ശെമ്മാശ്ശന്മാർ തുണി കൊണ്ടോ മയിൽപ്പീലി കൊണ്ടോ ഉള്ള വിശറികൾ പിടിച്ചുകൊണ്ടു നിൽക്കട്ടെ. കാസായെ പറന്നു സമീപിക്കുന്ന ചെറുപ്രാണികളെ അവർ സാവധാനം ഓടിക്കട്ടെ.' ഈ പ്രായോഗിക നടപടിയിൽ നിന്നാണു മറുവഹ്സായുടെ ഉപയോഗം ആരംഭിക്കുന്നത്. ആറാം നൂറ്റാണ്ടു മുതൽ വി. മൂറോൻ കൂദാശയിലും മറുവഹ്സായുടെ ഉപയോഗം അവിഭാജ്യഘടകമായിത്തീർന്നു. 14–ാം നൂറ്റാണ്ടു വരെ കത്തോലിക്കാസഭയിലും ഇവ ഉപയോഗിച്ചിരുന്നു.

### അരുളിക്ക (Monstrance. Pyx or pix)

സ്വർണ്ണം പൂശിയ ഈ ഉപകരണം ത്രോണോസിൽ വെക്കുന്നതും, പ്രദക്ഷിണങ്ങളിൽ ഉപയോഗിക്കുന്നതും അടുത്തകാലത്തു നമ്മുടെ പള്ളികളിൽ സാധാരണയായിട്ടുണ്ട്. റോമൻ കത്തോലിക്കരുടെ സ്വാധീനത്തിലാണ് ഇതു നമ്മുടെ സഭയിലും പ്രചാരത്തിലായത്. വി. കുർബാന പ്രദർശിപ്പിച്ചുവെച്ച് ആരാധിക്കുവാനായി കത്തോലിക്കർ 13–ാം നൂറ്റാണ്ടിൽ ഉപയോഗിച്ചു തുടങ്ങിയതാണിത്. വാഴ്ത്തിയ അപ്പവീഞ്ഞുകളെ ഈ രീതിയിൽ ആരാധിക്കുന്ന പാരമ്പര്യം ഓർത്തഡോക്സ് സഭകളിലില്ല. പ്രദക്ഷിണമായി കൊണ്ടുനടക്കുന്നതും പൗരസ്ത്യരുടെ പതിവല്ല. കുരിശുമായി പട്ടക്കാരൻ പോകുന്ന പതിവിനെ, ഭേദപ്പെടുത്തി, കത്തോലിക്കാ സ്വാധീനത്തിൽ ഇന്നു പ്രദക്ഷിണത്തിന് ഇത് ഉപയോഗിക്കുന്നുണ്ട്.

### ചോദ്യങ്ങൾ

1. ത്രോണോസിന്റെ അർത്ഥം വിശദമാക്കുക.
2. തബലൈത്തായുടെ ഉപയോഗം ആരംഭിച്ചതെങ്ങനെ?
3. വിളക്കുകളും മെഴുകുതിരികളും ഉപയോഗിക്കുന്നതിന്റെ അർത്ഥമെന്ത്?
4. ശോശപ്പാ കൊണ്ട് അപ്പവീഞ്ഞുകൾ മൂടുന്നതിന്റെയും, മൂടി മാറ്റി ആഘോഷിക്കുന്നതിന്റെയും ഉദ്ദേശ്യമെന്ത്?
5. മറ്വഹ്സാ എന്തിന്റെ പ്രതീകമാണ്?

# അപ്പവീഞ്ഞുകളുടെ അർത്ഥം

❑ അപ്പം ❑ വീഞ്ഞ്

**അപ്പം**

അന്ത്യഅത്താഴ സമയത്തു പുളിപ്പുള്ള ഗോതമ്പപ്പവും വീഞ്ഞും ഉപയോഗിച്ച കർത്താവിന്റെ മാതൃക പൗരസ്ത്യസഭകൾ പിന്തുടരുന്നു.* അപ്പം മനുഷ്യന്റെ ഉപഭോജ്യവസ്തുവാണ്. മനുഷ്യന്റെ അദ്ധ്വാനത്തിന്റെ അടിസ്ഥാന ലക്ഷ്യം ആഹാരസമ്പാദനമാണല്ലോ? അപ്പം ദൈവത്തിനു സമർപ്പിക്കുന്നതുവഴി, മനുഷ്യന്റെ അദ്ധ്വാനഫലത്തെ, അതായത് ജീവിതത്തിന്റെ അടിസ്ഥാനലക്ഷ്യത്തെ ദൈവത്തിനർപ്പിക്കുകയാണ്. അപ്പം ദൈവത്തിന്റെ ദാനമാണ്. ദൈവത്തിൽ നിന്നു ലഭിച്ചതു നന്ദിസൂചകമായി ദൈവമുമ്പാകെയർപ്പിക്കുന്നു. അതിലൂടെ ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും, മനുഷ്യനു ദൈവത്തോടുള്ള വിധേയത്വവും അനുസ്മരിക്കപ്പെടുന്നു.

യെറുശലേം ദേവാലയത്തിലെ വിശുദ്ധസ്ഥലത്തു തിരശ്ശീലയ്ക്കു മുമ്പിലുള്ള മേശയിൽ പന്ത്രണ്ടു കാഴ്ചയപ്പം, ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളുടെ പ്രതീകമായി ഒരുക്കിവെച്ചിരുന്നു (ലേവ്യ. 24:5–9). ഇസ്രായേലിനെ ദൈവം നിത്യമായി ഓർക്കുന്നുവെന്നും, ഗോത്രങ്ങളുമായി ദൈവം ഉടമ്പടി ചെയ്തിരിക്കുന്നു എന്നുമുള്ള അർത്ഥത്തിലാണ് ഇവ അർപ്പിച്ചിരുന്നത്. മരുഭൂമിയിൽ ഇസ്രായേലിനു ഭക്ഷണമായി ലഭിച്ച മന്ന, ദൈവത്തിന്റെ കരുതലിന്റെ തെളിവായിരുന്നു. ആ കരുതലിന്റെ നിത്യസ്മരണയ്ക്കായി മന്നായിട്ട പൊൻപാത്രം നിയമപെട്ടകത്തിൽ വെച്ചിരുന്നു (എബ്രാ. 9:4). കാഴ്ചയപ്പവും മന്നായും വിശുദ്ധ കുർബാനയുടെ മുൻകുറികളായിട്ടാണു സഭാപാരമ്പര്യം മനസ്സിലാക്കുന്നത് (യോഹ. 6:31–34).

പന്ത്രണ്ടു ഗോത്രങ്ങളുടെ സ്ഥാനത്തു പുതിയ ഇസ്രായേലാകുന്ന ഏകസഭയുമായി ദൈവം ഉടമ്പടി ചെയ്തിരിക്കുന്നു എന്ന അർത്ഥത്തിലാണ് ഒരപ്പം മാത്രം വി. കുർബാനയിലർപ്പിക്കുന്നത്. ഏക അപ്പം ഏകജാതനായ ക്രിസ്തുവിന്റെ പ്രതീകമാണ്. അതോടൊപ്പം സഭയുടെ ഐക്യത്തിന്റെ അടയാളം കൂടിയാണ്. 'അപ്പം ഒന്ന് ആകകൊണ്ടു പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ആ ഒരേ അപ്പത്തിന്റെ അംശികൾ ആകുന്നുവല്ലോ' (1 കൊരി. 10:17). ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന സഭയുടെ ഐക്യത്തിന്റെ പ്രതീകമാണ് ഒരപ്പം.

---

* പുളിപ്പുള്ള അപ്പത്തിന്റെ ഉപയോഗത്തെപ്പറ്റി അബ്ബാ പിതാവേ എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത് കാണുക.

രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വിരചിതമായ ഡിഡാക്കേയിൽ അപ്പത്തിന്മേലുള്ള പ്രാർത്ഥനയിൽ ഈ ആശയം അടങ്ങിയിരിക്കുന്നു. 'ഒരിക്കൽ പല കുന്നുകളിന്മേൽ ചിതറിക്കിടന്നിരുന്ന (ധാന്യങ്ങൾ) ഒന്നുചേർന്ന് ഈ ഒരപ്പം ഉണ്ടായതുപോലെ ഭൂമിയുടെ അറ്റങ്ങളിൽ ചിതറിക്കിടക്കുന്ന നിന്റെ സഭയെ നിന്റെ രാജ്യത്തിൽ ഒരുമിച്ചു കൊണ്ടുവരണമെ.' പല ധാന്യമണികളിൽ നിന്നുണ്ടായ ഒരപ്പം, ഏകസഭയുടെ പ്രതീകമാണ്.

വി. കുർബാനയപ്പം 'ഫുർഗോനോ' (= വേർതിരിക്കപ്പെട്ടത്), 'തബഓ' (മുദ്ര), 'ബുക്കറോ' (ആദ്യഫലം, ആദ്യജാതൻ. എബ്രാ 1:6) എന്നീ പേരുകളിൽ അറിയപ്പെടുന്നു. 'ബുക്കറോ' എന്ന പേര്, ഒരുക്കശുശ്രൂഷയിൽ അപ്പം പീലാസായിൽ വെക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ നിന്നുമുണ്ടായതായിരിക്കണം ('സ്വർഗീയ പിതാവിന്റെ കടിഞ്ഞൂൽ പുത്രാ, ബലഹീനനും പാപിയുമായ എന്റെ കൈകളിൽ നിന്നു ഈ ആദ്യഫലത്തെ സ്വീകരിച്ചുകൊള്ളണമെ').

വി. കുർബാനയപ്പത്തെ സംബന്ധിച്ചുള്ള സുറിയാനി സഭയുടെ പാരമ്പര്യം താഴെപ്പറയുന്നതാണ്. പുളിപ്പുള്ളതും, മൂന്നിഞ്ചു വ്യാസവും, മുക്കാലിഞ്ചോളം ഘനവും, വൃത്താകൃതിയിലുള്ളതുമായ അപ്പമായിരിക്കണം. ഉപരിതലം കുരിശാകൃതിയിലുള്ള രണ്ടു വരകളാൽ നാലായിത്തിരിച്ചിരിക്കുന്നു. ഓരോ ഭാഗവും മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആകെയുള്ള പന്ത്രണ്ടു ഭാഗങ്ങളിലും കുരിശടയാളങ്ങളുണ്ട്. ഏകജാതനായ ക്രിസ്തുവിൽ ഒന്നായിത്തീർന്ന പന്ത്രണ്ട് അപ്പോസ്തോലന്മാരുടെ പ്രതീകമാണു പന്ത്രണ്ടു കുരിശുകൾ. പുതിയ ഇസ്രായേലാകുന്ന സഭയുടെ അടിസ്ഥാനമാണല്ലോ പന്ത്രണ്ടു ശ്ലീഹന്മാർ. പഴയ ഇസ്രായേലിലെ പന്ത്രണ്ടു കാഴ്ചയപ്പത്തിനു പകരം, ക്രിസ്തുവിന്റെയും, പുതിയ ഇസ്രായേലിന്റെയും പ്രതീകമായി ഒരപ്പം അർപ്പിക്കുന്നു.

ഗോതമ്പുപൊടി, പുളിപ്പ്, വെള്ളം, ഉപ്പ്, ഒലിവെണ്ണ ഇവയാണു കുർബാനയപ്പത്തിനുപയോഗിക്കുന്നത്. തലേ ആഴ്ചയിലെ മാവിന്റെ ഒരംശം സൂക്ഷിച്ചുവെക്കുന്നതാണു പുളിപ്പ്. സഭയുടെ പിന്തുടർച്ചയുടെയും ജീവന്റെയും പ്രതീകങ്ങളായി പുളിപ്പിനെ കണക്കാക്കുന്നു. പുളിപ്പ് ഇല്ലാതെ വരുന്ന സാഹചര്യത്തിൽ സമീപ ഇടവകകളിൽ നിന്നും വാങ്ങണമെന്നാണു നിയമം. എന്നാൽ അതു സാദ്ധ്യമാകാതെ വന്നാൽ പുതിയ മാവു കുഴച്ചുവെച്ച് പുളിപ്പിച്ച് ഉപയോഗിക്കുവാൻ സുറിയാനി പാരമ്പര്യം അനുവദിക്കുന്നുണ്ട്.

മെത്രാപ്പോലീത്തായുടെയും, പുരോഹിതന്മാരുടെയും കുർബാനയർപ്പണങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ കണ്ണികൂടിയാണു പുളിപ്പ് (Fermentum). മൂന്നും നാലും നൂറ്റാണ്ടുകളിൽ ഈ ബന്ധത്തെക്കുറിക്കുവാൻ,

മെത്രാപ്പോലീത്താ അർപ്പിച്ച വി. കുർബാനയുടെ ഒരംശം പുരോഹിതന്മാരുടെ പീലാസാകളിൽ ചേർക്കുന്ന രീതി റോമിൽ ഉണ്ടായിരുന്നു. പുളിപ്പുപയോഗിക്കുന്ന രീതി ഇതുമായി ബന്ധപ്പെട്ടതായിരിക്കണം.

കൽദായ സുറിയാനിസഭയിലെ ചില എഴുത്തുകാർ സഭയുടെ കൂദാശകളിലൊന്നായി പുളിപ്പിനെ കണക്കാക്കുന്നുണ്ട്. അന്ത്യഅത്താഴത്തിൽ ഉപയോഗിച്ച അപ്പത്തിന്റെ മാവിന്റെ അംശം കർത്താവ് യോഹന്നാനെ ഏൽപ്പിച്ചുവെന്നും, മാർത്തോമ്മാ ശ്ലീഹാ, ആദായി, മാറി തുടങ്ങിയവരിലൂടെ തലമുറകൾ കൈമാറി ഇന്നു സഭയിൽ ഉപയോഗിക്കുന്നുവെന്നാണു കൽദായ സുറിയാനി സഭയുടെ വിശ്വാസം.

ആദ്യത്തെ പത്തു നൂറ്റാണ്ടുകളിൽ റോമൻ കത്തോലിക്കരുൾപ്പെടെ എല്ലാ ക്രിസ്തീയ സഭകളും പുളിപ്പുള്ള അപ്പമാണു വി. കുർബാനയിലുപയോഗിച്ചിരുന്നത്. കത്തോലിക്കാ സഭ പുളിപ്പില്ലാത്ത അപ്പം ഉപയോഗിച്ചു തുടങ്ങിയത് ഒൻപതാം നൂറ്റാണ്ടിൽ മാത്രമാണ്.

ഹൂദായ കാനോനനുസരിച്ച് കുർബാനയപ്പം പാകം ചെയ്യുന്ന അതേ ദിവസം തന്നെ മദ്ബഹായിലുപയോഗിക്കണം. തെല്ലെയിലെ യോഹന്നാൻ എന്ന സുറിയാനി പിതാവിന്റെ അഭിപ്രായം ഇങ്ങനെയാണ്. 'ഈ സ്വർഗീയ അപ്പത്തിന്റെ ദൃഷ്ടാന്തമായ മന്നായെക്കുറിച്ച് ഓരോ ദിവസവും അതാതു ദിവസത്തേയ്ക്കുള്ളതു പെറുക്കിക്കൊള്ളണം; പ്രഭാതത്തിലേക്ക് അതിൽ നിന്നും ശേഷിപ്പിച്ചു വെക്കരുത് എന്നു ദൈവം പറഞ്ഞിരിക്കുന്നു (പുറ. 16) .... (ഇതേ രീതിയിൽ) കുർബാനയപ്പം അതു പാകം ചെയ്യുന്ന ദിവസം തന്നെ ഉപയോഗിക്കണം'. കുറഞ്ഞതു നാലാം നൂറ്റാണ്ടു മുതൽ ഈ പതിവ് സഭയിലുണ്ട്. തലേ ദിവസം സന്ധ്യയ്ക്ക് അപ്പത്തിനുള്ള മാവ് കുഴച്ചു വെക്കുകയും, കുർബാനയ്ക്കു മുമ്പ് രാവിലെ ചുടുകയും ചെയ്യുന്നു. പട്ടക്കാരനോ ശെമ്മാശ്ശനോ മാത്രം ചെയ്തിരുന്ന ജോലിയാണിത്. മാവു കുഴച്ചു വെക്കുമ്പോഴും, പാകം ചെയ്യുമ്പോഴും, സങ്കീർത്തനങ്ങൾ ആലപിക്കണമെന്നും, വൃത്തിയുള്ള വസ്ത്രങ്ങൾ ധരിച്ചിരിക്കണമെന്നും, കഴിയുമെങ്കിൽ ഉപവസിച്ചിരിക്കണമെന്നും യാഹ്യാ ഇബൻഗറീർ (C. 1083) എന്ന സുറിയാനി ഓർത്തഡോക്സ് എഴുത്തുകാരൻ നിഷ്ക്കർഷിക്കുന്നു (ഇദ്ദേഹം അറബി ഭാഷയിലാണ് എഴുതിയിരുന്നത്). പള്ളിയിലോ പരിസരത്തോ വെച്ച് പാകം ചെയ്യണമെന്നുണ്ട്. ആദിമനൂറ്റാണ്ടുകളിൽ വിശ്വാസികൾ തന്നെ അപ്പം ഉണ്ടാക്കി പള്ളിയിൽ കൊണ്ടുവരുന്ന രീതിയായിരുന്നു. കാലക്രമേണ, ഗോതമ്പുമാവോ, അതിനുള്ള പണമോ പള്ളിയിൽ ഏൽപ്പിക്കുന്ന പതിവായി, ഇതിൽനിന്നായിരിക്കണം 'കുർബാനപ്പണം' നൽകുന്ന പതിവുണ്ടായതെന്നു തോന്നുന്നു.

അപ്പത്തിനുള്ള ഗോതമ്പുപൊടി, പുളിപ്പ്, ഉപ്പ്, ഒലിവെണ്ണ എന്നിവയ്ക്കു

പ്രതീകാത്മകമായ പല വ്യാഖ്യാനങ്ങൾ നൽകിക്കാണുന്നുണ്ട്. ഈ നാലു വസ്തുക്കളെ സൃഷ്ടിയുടെ അടിസ്ഥാനഘടകങ്ങളായി ചിത്രീകരിക്കുന്ന വ്യാഖ്യാതാക്കളുണ്ട്. അവരുടെ ചിന്തയിൽ വി. കുർബാനയ്ക്കുള്ള അപ്പം സമ്പൂർണമായിരിക്കണം. സൃഷ്ടിയുടെ നാല് അടിസ്ഥാനഘടകങ്ങൾ ചേർന്നെങ്കിലേ അപ്പം സമ്പൂർണമാകയുള്ളത്രേ. ഇതേത്തുടർന്നു സുറിയാനി എഴുത്തുകാർ മനോധർമ്മമനുസരിച്ച് വ്യത്യസ്ത വ്യാഖ്യാനങ്ങൾ ഇവയ്ക്കു നൽകുന്നുണ്ട് (ഉദാ: ഗോതമ്പുപൊടി - ഭൂമി അഥവാ വെള്ളത്തിന്റെ പ്രതീകം; ഉപ്പ് - അഗ്നി, ഭൂമി; പുളിപ്പ് - ആത്മാവ്, വായു; എണ്ണ - വായു, അഗ്നി, ആത്മാവ്). ഭക്തി സംവർദ്ധകങ്ങളായ വിശദീകരണങ്ങളെന്നല്ലാതെ വിശ്വാസത്തിന്റെ അടിസ്ഥാനതത്വങ്ങളായി ഇവയെ സുറിയാനി സഭ കണക്കാക്കുന്നില്ല (ഉപ്പ് ചേർക്കുന്നതിന്റെ ന്യായീകരണമായി ലേവ്യ 2:13 ചൂണ്ടിക്കാണിക്കാവുന്നതാണ്. മർക്കോസ് 8:48 കാണുക). ഈ ഘടകവസ്തുക്കളുടെ പ്രതീകാത്മകമായ വ്യാഖ്യാനങ്ങൾ, രഹസ്യങ്ങളുടെ രഹസ്യമായ വി. കുർബാനയുടെ സങ്കീർണമായ അർത്ഥത്തിലേയ്ക്കു വിരൽ ചൂണ്ടുന്നു.

### വീഞ്ഞ്

മുന്തിരിരസമായ വീഞ്ഞു മാത്രമേ വി. കുർബാനയ്ക്ക് ഉപയോഗിക്കാവൂ എന്നു പുരാതന കാനോനോകൾ അനുശാസിക്കുന്നു. മധുരമുള്ളതും, അല്പം പുളിരസമുള്ളതുമായ ചുവന്ന വീഞ്ഞായിരിക്കണം. ചുവന്ന വീഞ്ഞ് രക്തത്തിന്റെ പ്രതീകമാണ്. ചുവന്ന വീഞ്ഞിനെ 'മുന്തിരിയുടെ രക്തം' (blood of the grape) എന്നാണു പഴയനിയമം വിളിക്കുന്നത് (ഉല്പ. 49:11; ആവ. 32:14). വിലാപക്കാർക്കും, മനസ്സു തകർന്നവർക്കും സന്തോഷം പ്രദാനം ചെയ്യുന്നതാണു വീഞ്ഞ് (യിരെ. 16:7; സദൃ. 31:6). മശിഹായുടെ വരവിലെ അനുഭവത്തെ വീഞ്ഞു പാനം ചെയ്യുമ്പോഴുള്ള സന്തോഷത്തോട് ഉപമിച്ചിട്ടുണ്ട് (യോവേൽ 2:19; 24). വീഞ്ഞു കഷ്ടതയുടെ പ്രതീകമാണ് (മത്താ. 26:39; 20:22). കഷ്ടതയിലൂടെയുള്ള പരിവർത്തനത്തിന്റെ അടയാളമാണ്. ചക്കിൽ ചവിട്ടി പിഴിഞ്ഞെടുക്കുന്ന നീര് പുളിച്ചുകിട്ടുന്നതാണല്ലോ വീഞ്ഞ് (ഏശ. 63:2, യിരെ. 25:30). കർത്താവിന്റെ ജീവിതത്തിൽ പങ്കുചേരുന്നതിനാണ് വീഞ്ഞു പാനം ചെയ്യുന്നത്.

വീഞ്ഞിന്റെ ലഹരിയെ ഭക്തിലഹരിയോടുപമിക്കാറുണ്ട്. 'എന്റെ പാനപാത്രവും നിറഞ്ഞുകവിയുന്നു' (സങ്കീ. 23:5). എബ്രായ ഭാഷയിൽ ഈ വാക്യം 'ലഹരിപ്പിക്കുന്ന നിന്റെ പാനപാത്രം ഉത്തമമാകുന്നു' എന്നും ഭാഷാന്തരം ചെയ്യാം. കൂദാശകളുടെ സൂചനയായി സഭാപാരമ്പര്യം കാണുന്ന 23-ാം സങ്കീർത്തനത്തിലെ ഈ വാക്യം, വി. കുർബാനയിലൂടെ ലഭ്യമാകുന്ന ആത്മീക ലഹരിയെ - ആത്മീയ ഉണർവ്വിനെ - പ്പറ്റി

പറയുന്നതായി പിതാക്കന്മാർ വ്യാഖ്യാനിക്കുന്നു. നോഹയുടെ ലഹരിയും (ഉല്പ. 9:13-24), ഈ രീതിയിൽ വ്യാഖ്യാനിക്കാറുണ്ട്.

ഇന്ത്യയിലും വീഞ്ഞു ദുർലഭമായ നാടുകളിലും, ഉണങ്ങിയ മുന്തിരി വെള്ളത്തിലിട്ടു പിഴിഞ്ഞെടുത്ത ചാറും ഉപയോഗിക്കാറുണ്ട്. എന്നാൽ സാധാരണ മുന്തിരിപ്പഴത്തിന്റെ ചാറോ മുന്തിരി ജ്യൂസോ ഉപയോഗിക്കുവാൻ സഭാപാരമ്പര്യം അനുവദിക്കുന്നില്ല. വെള്ളവും വീഞ്ഞും ചേർത്തുപയോഗിക്കുന്ന രീതിയാണ് ആദിമകാലം തൊട്ടേ സഭയിലുള്ളത്. ആറാം നൂറ്റാണ്ടിലുള്ള സുറിയാനി രേഖകളനുസരിച്ചു വെള്ളവും വീഞ്ഞും സമമായിരിക്കണം. അർമ്മീനിയക്കാരൊഴിച്ചുള്ള എല്ലാ ക്രിസ്തീയ സഭകളും വെള്ളം ചേർത്ത വീഞ്ഞാണ് ഉപയോഗിക്കുന്നത്. ഇതിന്റെ പേരിൽ സുറിയാനി എഴുത്തുകാർ അർമ്മീനിയക്കാരെ വിമർശിച്ചിരുന്നു. യൂഹാനോൻ ബർശൂശാൻ (+ 1072) എന്ന അന്ത്യോക്യൻ പാത്രിയർക്കീസ് ഇതേപ്പറ്റി എഴുതിയതിങ്ങനെയാണ്. 'കർത്താവു പഠിപ്പിച്ചതനുസരിച്ചാണ് ഞങ്ങൾ വീഞ്ഞിൽ വെള്ളം ചേർക്കുന്നത്. അപ്പോസ്തലനും വേദശാസ്ത്രജ്ഞനുമായ യോഹന്നാൻ പഠിപ്പിക്കുന്നത്, 'കർത്താവിന്റെ വിലാവിൽ നിന്നും രക്തവും വെള്ളവും പുറപ്പെട്ടു' എന്നാണ് (യോഹ. 19:34). വീഞ്ഞിൽ വെള്ളം ചേർക്കുന്നതിനെ ന്യായീകരിക്കുവാൻ സഭാപാരമ്പര്യം ചൂണ്ടിക്കാണിക്കുന്ന വേദഭാഗമാണിത്. ഒരുക്കശുശ്രൂഷയിൽ വീഞ്ഞും വെള്ളവും കലർത്തി കാസായിൽ ഒഴിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിലും ഈ വേദഭാഗം ഉൾപ്പെടുത്തിയിരിക്കുന്നു. 'ദൈവമായ കർത്താവേ, നിന്റെ ദൈവത്വം ഞങ്ങളുടെ മനുഷ്യത്വവുമായി സംയോജിച്ചതുപോലെ ഈ വെള്ളത്തെ ഈ വീഞ്ഞുമായി സംയോജിപ്പിക്കണമേ' എന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടാണു വീഞ്ഞിൽ വെള്ളം ചേർക്കുന്നത്. വീഞ്ഞിൽ വെള്ളം കലർത്തുന്നത്, ക്രിസ്തുവിന്റെ ദൈവത്വവും, മനുഷ്യത്വവും തമ്മിൽ സംയോജിച്ചതിന്റെ പ്രതീകമായി സുറിയാനിസഭ കാണുന്നു.

**ചോദ്യങ്ങൾ**

1. ഒരപ്പം മാത്രം വി. കുർബാനയിൽ ഉപയോഗിക്കുന്നതിന്റെ അർത്ഥം വിശദമാക്കുക?
2. വി. കുർബാനയിൽ ചുവന്ന വീഞ്ഞു ഉപയോഗിക്കുന്നതെന്തുകൊണ്ട്?
3. വീഞ്ഞിൽ വെള്ളം കലർത്തുന്നതിനു നൽകുന്ന വിശദീകരണങ്ങൾ ഏവ?

## പാഠം 5

# ധൂപാർപ്പണത്തിന്റെ അർത്ഥം

❑ പഴയനിയമത്തിൽ ❑ ധൂപാർപ്പണം ക്രിസ്തീയസഭയിൽ ❑ വി. കുർബാനയിലെ ധൂപാർപ്പണം ❑ ധൂപാർപ്പണത്തിന്റെ അർത്ഥം

പൗരസ്ത്യ ആരാധനയുടെ അവിഭാജ്യഘടകമാണു ധൂപാർപ്പണം. യാമ പ്രാർത്ഥനകളിലും, വി. കുർബാനയിലും, ഇതര കൂദാശാനുഷ്ഠാനങ്ങളിലും ധൂപത്തിനു പ്രധാനപ്പെട്ട സ്ഥാനമുണ്ട്. കോപ്റ്റിക് സഭയിൽ യാമപ്രാർത്ഥ നകൾ 'ധൂപപ്രാർത്ഥനകൾ' (Office of the Incense) എന്നാണ് അറിയപ്പെ ടുന്നത്. അതിപുരാതനകാലം മുതൽ മെഡിറ്ററേനിയൻ കടലിനു ചുറ്റു മുള്ള രാജ്യങ്ങളിൽ മതപരമായ ചടങ്ങുകൾക്കു ധൂപകലശവും ധൂപ വർഗവും ഉപയോഗിച്ചിരുന്നു. സുഗന്ധദ്രവ്യങ്ങൾ സുലഭമായി ലഭിച്ചിരു ന്നതുകൊണ്ടായിരിക്കാം ഇന്നാടുകളിലെ ആരാധനയിൽ ധൂപാർപ്പണ ത്തിനു സ്ഥാനമുണ്ടായത്. ക്രിസ്തീയ ആരാധനയിലെ ധൂപാർപ്പണം യഹൂദ ആരാധനയിൽ നിന്നാണ് ഉത്ഭവിച്ചത്.

### പഴയനിയമത്തിൽ

ദൈവകൽപ്പന പ്രകാരമാണ് ആരാധനയിൽ ധൂപാർപ്പണം ആരംഭിച്ച തെന്നു യഹൂദന്മാർ വിശ്വസിച്ചിരുന്നു. പലതരം സുഗന്ധദ്രവ്യങ്ങളുടെ മിശ്രി തമായിരുന്നു ധൂപവർഗം (പുറ. 30:34-38). ആരാധനയ്ക്കു വേണ്ടിയല്ലാതെ വ്യക്തിപരമായ ഉപയോഗത്തിന് അത്തരം മിശ്രിതമുണ്ടാക്കുവാൻ യഹൂ ദന്മാർക്ക് അനുവാദമുണ്ടായിരുന്നില്ല. ധൂപാർപ്പണത്തിനായി പ്രത്യേക ധൂപ പീഠം സമാഗമനകൂടാരത്തിൽ ഉണ്ടായിരുന്നു (പുറ. 30:1-10). അതിവിശുദ്ധ സ്ഥലത്തെ മറയ്ക്കുന്ന തിരശ്ശീലയ്ക്കു മുമ്പിലായിരുന്നു ധൂപപീഠത്തിന്റെ സ്ഥാനം. ഹോമയാഗപീഠത്തിൽ നിന്നെടുക്കുന്ന തീക്കനൽ ഒരു പാത്ര ത്തിലിട്ട്, അതിൽ സുഗന്ധ ധൂപവർഗ്ഗം വിതറി, പാത്രത്തോടെ ധൂപപീഠ ത്തിൽ വെക്കുന്നതായിരുന്നു പഴയനിയമകാലത്തെ പതിവ്. ദിനംപ്രതി രാവിലെയും വൈകിട്ടും ധൂപാർപ്പണം നടത്തണമെന്നു ദൈവം മോശ യോടു കൽപ്പിച്ചു (പുറ. 30:7-8).

പുരോഹിതന്റെ ഒരു പ്രധാന ചുമതലയായിരുന്നു ധൂപാർപ്പണം (1 ശമു. 2:28, സംഖ്യ 16:5). ഹോമയാഗപീഠത്തിൽ നിന്നെടുക്കുന്ന തീക്കനൽ മാത്രമേ ധൂപാർപ്പണത്തിന് ഉപയോഗിച്ചിരുന്നുള്ളു. 'അന്യാഗ്നി' ഉപയോ ഗിച്ചതു നാദാബ്, അബിഹു, എന്നിവരുടെ മരണത്തിനിടയാക്കി (ലേവ്യ 10:1). ചില യാഗങ്ങളുടെ ഭാഗമായി ധൂപവർഗം അർപ്പിച്ചിരുന്നു. മഹാ പുരോഹിതൻ അതിവിശുദ്ധസ്ഥലത്തു പ്രവേശിക്കുന്നതു ധൂപവുമായി ട്ടായിരുന്നു. ദൈവസാന്നിദ്ധ്യമുണ്ടെന്നു യഹൂദന്മാർ വിശ്വസിച്ചിരുന്ന

കൃപാസനം പുരോഹിതന്റെ ദൃഷ്ടികൾക്കു മറഞ്ഞിരിക്കുവാനാണു ധൂപവുമായി പ്രവേശിച്ചിരുന്നത്. ദൈവദർശനം യഹൂദന്മാർ ഭയപ്പെട്ടിരുന്നു. ദൈവതേജസ്സു കാണുവാൻ ആഗ്രഹിച്ച മോശയോടു ദൈവം പറഞ്ഞത് 'ഒരു മനുഷ്യനും എന്നെ കണ്ടു ജീവനോടെ ഇരിക്കയില്ല' എന്നാണല്ലോ (പുറ. 33:20). അതിനാൽ ധൂപത്തിന്റെ പുക കൃപാസനത്തെ മറയ്ക്കുവാനും അങ്ങനെ പുരോഹിതന് ഒരു സംരക്ഷണമായും ആയിട്ടാണു ധൂപവുമായി മഹാപുരോഹിതൻ പ്രവേശിച്ചിരുന്നത്.

ദിവസേന രാവിലെയും വൈകിട്ടുമുള്ള ധൂപാർപ്പണം യിസ്രായേലിന്റെ മുഴുവൻ പ്രാർത്ഥനയുടെ പ്രതീകമായിട്ടാണു നടത്തിയിരുന്നത്. യിസ്രായേലിന്റെ പ്രാർത്ഥന സൗരഭ്യധൂപമായി ദൈവസന്നിധിയിലേക്കുയരുന്നു എന്നാണിതിന്റെ അർത്ഥം. 'എന്റെ പ്രാർത്ഥന തിരുസന്നിധിയിൽ ധൂപമായും എന്റെ കൈകളെ മലർത്തുന്നതു സന്ധ്യായാഗമായും തീരട്ടെ' യെന്നു സങ്കീർത്തനക്കാരൻ പറയുന്നത് ഈ അർത്ഥത്തിലാണ് (സങ്കീ. 141:2).

## ധൂപാർപ്പണം ക്രിസ്തീയ സഭയിൽ

പഴയനിയമത്തിൽ നിന്നും സ്വീകരിച്ചതാണു ക്രിസ്തീയാരാധനയിലെ ധൂപാർപ്പണം. പുതിയ യിസ്രായേലാകുന്ന സഭയുടെ പ്രാർത്ഥന (വിശുദ്ധന്മാരുടെ പ്രാർത്ഥന) ദൈവസന്നിധിയിൽ അർപ്പിക്കപ്പെടുന്ന 'ധൂപവർഗം നിറഞ്ഞ പൊൻകലശ'മാണെന്നു വി. യോഹന്നാൻ പറയുന്നു (വെളി. 5:8). ഏഷ്യാമൈനറിലെ ആരാധനയിൽ ധൂപാർപ്പണമുണ്ടായിരുന്നു എന്നതിന്റെ സൂചനയായിരിക്കണമിത് (വെളി. 8:3-5 കാണുക). ഫിലിപ്പ്യയിലെ ക്രിസ്ത്യാനികൾ പൗലോസിനെത്തിച്ചുകൊടുത്ത സഹായം ദൈവത്തിനു സൗരഭ്യവാസനയായ യാഗമാണെന്നു പൗലോസ് പറയുന്നതും ഈ പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കുവാൻ (ഫിലി. 4:18).

## വി. കുർബാനയിലെ ധൂപാർപ്പണം

കർത്താവു വി. കുർബാന സ്ഥാപിച്ചതു യഹൂദന്മാരുടെ പെസഹായുടെ ദിവസമായിരുന്നില്ല എന്നാണു യോഹന്നാന്റെ സുവിശേഷത്തിൽ സൂചിപ്പിക്കുന്നത് (യോഹ. 13:1; 18:28; 19:14; 31, 42).* യഹൂദന്മാരുടെ പെസഹായ്ക്കു മുമ്പു കർത്താവു ശിഷ്യന്മാരുമായി ഒരു ഖബൂറാ ഭക്ഷണം (Chaburah meal) കഴിക്കുകയും, ആ സമയത്തു വി. കുർബാന സ്ഥാപിക്കുകയും ചെയ്തിരിക്കാമെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ശാബതിനു തലേദിവസമോ, മറ്റു പെരുന്നാളുകൾക്കു മുമ്പോ സ്നേഹിതന്മാർ ഒരുമിച്ചുകൂടി നടത്തിയിരുന്ന അത്താഴമായിരുന്നു ഖബൂറാ

* 'അബ്ബാ പിതാവേ' എന്ന പുസ്തകം 44-46 പുറങ്ങൾ കാണുക.

ഭക്ഷണം. മതപരമായ ഒരു ചടങ്ങു കൂടിയായിരുന്നു ഇത്തരം ഭക്ഷണം. തദവസരത്തിൽ സുഗന്ധദ്രവ്യങ്ങൾ പുകയ്ക്കുന്ന ചടങ്ങുണ്ടായിരുന്നു. അതിഥികളെ ഭക്ഷണത്തിനു ക്ഷണിയ്ക്കുമ്പോൾ ഭവനങ്ങളിൽ സുഗന്ധ ദ്രവ്യങ്ങൾ പുകയ്ക്കുന്നതു മെഡിറ്ററേനിയൻ രാജ്യങ്ങളിലുണ്ടായിരുന്ന പതിവായിരുന്നു. എന്നാൽ യഹൂദന്മാരുടെ ഖബൂറാ ഭക്ഷണത്തിലെ ധൂപാർപ്പണം പ്രാർത്ഥനാപൂർവമാണു നടത്തിയിരുന്നത്. വിശിഷ്ടാതി ഥിയോ, ഗൃഹനായകനോ സുഗന്ധവർഗമെടുത്ത് ഒരു പ്രാർത്ഥന ചൊല്ലി തീക്കനലിൽ ഇടുന്നതായിരുന്നു ധൂപാർപ്പണം. ആധുനികകാലത്തും യാഥാസ്ഥിതികരായ യഹൂദന്മാരുടെയിടയിൽ ഭക്ഷണസമയത്തു സുഗന്ധ വസ്തുക്കൾ പ്രാർത്ഥനയോടെ ഉപയോഗിക്കുന്ന പതിവുണ്ട്.

കർത്താവു ശിഷ്യന്മാരുമായി കഴിച്ച അന്ത്യഅത്താഴം ഒരു ഖബൂറാ ഭക്ഷണമായിരുന്നുവെന്നും, തദവസരത്തിൽ ധൂപവർഗം ഉപയോഗിച്ചിരി ക്കണമെന്നുമാണു ഗ്രിഗറി ഡിക്സ്** എന്ന പണ്ഡിതന്റെ നിഗമനം. ഇതു ശരിയാണെങ്കിൽ വി. കുർബാനസ്ഥാപനത്തിൽ തന്നെ ധൂപാർപ്പണവും ഉണ്ടായിരുന്നു. എന്നാൽ പുതിയനിയമത്തിൽ ഇതേപ്പറ്റി വ്യക്തമായ പരാ മർശനങ്ങൾ ഒന്നുംതന്നെയില്ല.

എന്നാൽ ആരാധനയിൽ ധൂപാർപ്പണം നടത്തുന്നതിനു പുതിയനിയമം എതിരല്ല. വെളിപാടു പുസ്തകമനുസരിച്ചു സ്വർഗ്ഗത്തിലെ നിത്യ ആരാധ നയിൽ ധൂപാർപ്പണത്തിനു സ്ഥാനമുണ്ട് (വെളി. 5:8; 8:3–5). രണ്ടും മൂന്നും നൂറ്റാണ്ടുകളിലെ ആരാധനയിൽ ധൂപാർപ്പണത്തിനു വലിയ സ്ഥാനമുണ്ടാ യിരുന്നതായി തോന്നുന്നില്ല. പുറജാതി ആരാധനയിലെ ഒരു പ്രധാന കർമ്മം ധൂപാർപ്പണമായിരുന്നതുകൊണ്ട്, അതിൽ നിന്നും ക്രിസ്തീയ ആരാധനയെ വേർതിരിച്ചുകാണിക്കുവാനായിരിക്കാം ഇങ്ങനെ ചെയ്തി രുന്നത്. രണ്ടും മൂന്നും നൂറ്റാണ്ടുകളിലെ പീഡയുടെ സമയത്തു പുറജാതി ദേവതകൾക്കു ധൂപാർപ്പണം നടത്തി പീഡയിൽ നിന്നു രക്ഷപ്പെട്ടവരു ണ്ടായിരുന്നു. ഇത്തരം വിശ്വാസത്യാഗികൾ 'ധൂപാർപ്പണക്കാർ' (Turificati- incense burners) എന്നാണ് അറിയപ്പെട്ടിരുന്നത്. അക്കാലത്തെ ക്രിസ്തീ യാരാധനയിൽ ധൂപം ഉപയോഗിക്കാതിരുന്നതിന് ഇതും ഒരു കാരണമാ യിരുന്നിരിക്കണം.

നാലാം നൂറ്റാണ്ടിൽ ധൂപാർപ്പണത്തിന് ആരാധനയിൽ വീണ്ടും സ്ഥാനം ലഭിച്ചു. എത്തറിയ എന്ന സ്പാനീഷ് സ്ത്രീ നാലാം നൂറ്റാണ്ടിന്റെ അവ സാനത്തിൽ യെറുശലേം സന്ദർശിച്ചപ്പോൾ അവിടെ കണ്ട ആരാധനയെ പ്പറ്റി എഴുതിയിട്ടുണ്ട്. പ്രഭാത പ്രാർത്ഥനയിൽ ബിഷപ്പ് സുവിശേഷം വായി ക്കുമ്പോൾ ശെമ്മാശ്ശൻ ധൂപം വീശിയിരുന്നുവെന്ന് എത്തറിയ

** Gregory Dix, The Shape of the Liturgy, p. 425-430.

സാക്ഷിക്കുന്നു. അലക്സാന്ത്രിയായിലെ ബിഷപ്പായിരുന്ന പത്രോസിന്റെ ശവസംസ്കാരത്തിന്റെ വിലാപയാത്രയിൽ ധൂപാർപ്പണം നടത്തിയതായി രേഖയുണ്ട്. 363 ൽ വി. അപ്രേം എഴുതിയ ഒരു ഗാനത്തിലും ആരാധനയിലെ ധൂപാർപ്പണത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്.

മഹാപുരോഹിതസ്ഥാനികളെ ധൂപാർപ്പണം നടത്തി ആദരിക്കുന്ന പതിവു നാലാം നൂറ്റാണ്ടിലാണ് ഉണ്ടായത്. റോമാ സാമ്രാജ്യത്തിൽ ചക്രവർത്തിയോ, ചക്രവർത്തിയുടെ പ്രതിനിധികളോ പൊതുചടങ്ങുകൾക്കു പ്രത്യക്ഷപ്പെടുമ്പോൾ അവരുടെ മുമ്പിൽ മെഴുകുതിരിയോ, വിളക്കോ വഹിച്ചുകൊണ്ടു നടക്കുന്ന രീതിയുണ്ടായിരുന്നു. വിളക്കു കെടുകയാണെങ്കിൽ വീണ്ടും കത്തിക്കുവാൻ ഒരു പാത്രത്തിൽ തീക്കനലുകളുമായി മറ്റൊരു ഭൃത്യൻ ഒപ്പം നടന്നിരുന്നു. ഈ പാത്രത്തിൽ അൽപ്പം സുഗന്ധദ്രവ്യങ്ങൾ വിതറുന്നതു സാധാരണയായിരുന്നു. റോമൻ ചക്രവർത്തിയുടെ കൊട്ടാരത്തിലെ അനുദിന ചടങ്ങുകളിൽ ഒന്നായും ഇതു നടത്തിയിരുന്നു. പിൽക്കാലത്തു ബൈസന്റയിൻ ചക്രവർത്തിമാരും, ചില യൂറോപ്യൻ രാജാക്കന്മാരും അവരുടെ കൊട്ടാരങ്ങളിൽ ഇത്തരം 'ധൂപാർപ്പണം' ഏർപ്പെടുത്തിയിരുന്നു. ഒരു വ്യക്തിയെ ആദരിക്കുന്നുവെന്ന അർത്ഥത്തിലാണു വിളക്കും ധൂപവും ഉപയോഗിച്ചിരുന്നത്. ഈ ആചാരത്തിൽ നിന്നാണു മഹാപുരോഹിത സ്ഥാനികളെ കത്തിച്ച മെഴുകുതിരി നൽകിയും ധൂപാർപ്പണം നടത്തിയും ബഹുമാനിക്കുന്ന പതിവുണ്ടായത്.

## ധൂപാർപ്പണത്തിന്റെ അർത്ഥം

1. അദൃശ്യനായ ദൈവത്തിന്റെ സാന്നിദ്ധ്യം ധൂപം സൂചിപ്പിക്കുന്നു. ധൂപം മേഘസ്തംഭത്തിലൂടെ പഴയ ഇസ്രായേൽ ദൈവസാന്നിദ്ധ്യം ദർശിച്ചു പുതിയ ഇസ്രായേൽ ആകുന്ന സഭയിൽ ദൈവസാന്നിദ്ധ്യബോധമുണ്ടാക്കുന്നതിന് സ്വീകരിച്ച ഒരു പ്രതീകമാണു ധൂപം. വി. കുർബാനയിൽ ത്രിത്വനാമത്തിൽ ധൂപക്കുറ്റി വാഴ്ത്തുന്നതിന്റെ ലക്ഷ്യം ഇതായിരിക്കണം.

2. ദൈവസാന്നിദ്ധ്യബോധത്തിൽ സഭ ദൈവത്തിനർപ്പിക്കുന്ന സത്യആരാധനയുടെ അടയാളമാണു ധൂപാർപ്പണം. സഭയുടെ ആരാധന നിർമ്മലധൂപവും നിർമ്മലയാഗവുമായി (മാലാ. 1:11) ദൈവസന്നിധിയിലേക്കുയരുന്നു. യാമപ്രാർത്ഥനകളിലും, കൂദാശാനുഷ്ഠാനങ്ങളിലും പെരുന്നാളുകളിലും ചൊല്ലുന്ന 'എത്രോ' (ധൂപപ്രാർത്ഥന) യിൽ ഈ ആശയം ആവർത്തിച്ചു കാണുന്നുണ്ട്. വലിയനോമ്പ് ആരംഭത്തിലെ ശൂബ്ക്കോനോ (അനുരഞ്ജനം) ശുശ്രൂഷയിലെ എത്രോയിൽ പ്രാർത്ഥിക്കുന്നത് ഇങ്ങനെയാണ്: 'ഞങ്ങൾ നിർവഹിക്കുന്ന ഈ ശുശ്രൂഷയിൽ തെരഞ്ഞെടുക്കപ്പെട്ട ധൂപത്തിലും ആനന്ദപരിമളത്തിലും, ഹിതകരമായ ധൂപത്തിലും എന്ന

പോലെ തിരുവിഷ്ടം പ്രീതിപ്പെടുമാറാകണമെ.'

3. സഭയുടെ ആരാധനയിലൂടെ സ്ഥലകാലങ്ങൾ ശുദ്ധീകൃതമാകുന്നതിന്റെ പ്രതീകമാണ് ധൂപം. സുഗന്ധം സൽഗുണങ്ങളെക്കുറിക്കുന്നു. സുഗന്ധത്തിന്റെയും സൽഗുണസമ്പന്നനായ വ്യക്തിയുടെയും സാമീപ്യം എല്ലാവരും ഇഷ്ടപ്പെടുന്നു. സുഗന്ധദ്രവ്യത്തിന്റെ സമ്പർക്കത്തിൽ മറ്റു വസ്തുക്കളും സൗരഭ്യം പ്രാപിക്കുന്നു. എല്ലാ നന്മകളുടെയും ഉറവിടമായ ദൈവസമ്പർക്കത്തിലൂടെ സഭയും സൗരഭ്യപൂരിതയായിത്തീരണം. സഭയുടെ സാന്നിദ്ധ്യത്താൽ ലോകവും നന്മകളുടെ സൗരഭ്യം കൊണ്ടു നിറയണം. ദൈവസംസർഗത്തിൽ നിന്നും സഭ പ്രാപിച്ച വിശുദ്ധിയുടെ പരിമളം ആരാധനയിലൂടെ ലോകത്തിലേക്കു പ്രസരിക്കുന്നു.

4. ധൂപാർപ്പണത്തിലൂടെ അന്തരീക്ഷം ശുദ്ധീകൃതമാകുന്നതുപോലെ, പ്രാർത്ഥനയിലൂടെ വിശ്വാസികളുടെ ജീവിതം ശുദ്ധീകരിക്കപ്പെടണമെന്നാണു ദൈവം പ്രതീക്ഷിക്കുന്നത്. ദൈവത്തിനു സ്വീകാര്യമായ ധൂപം വിശുദ്ധ ജീവിതമാണ്. അതിന്റെ സൂചനയായിട്ടാണു സഭ ധൂപം ഉപയോഗിക്കുന്നത്. 'ഞങ്ങളുടെ ഹൃദയങ്ങളാകുന്ന ദേവാലയങ്ങളിലെ ആന്തരീയ ധൂപങ്ങളാൽ നിനക്കു ഞങ്ങൾ ധൂപമർപ്പിക്കുമാറാകണമെ. നിന്റെ സ്നേഹമാകുന്ന പരിമളവാസനയാൽ ഞങ്ങളുടെ സകല അന്തരിന്ദ്രീയങ്ങളെയും നിറക്കണമേ' എന്നു പ്രാർത്ഥിക്കുന്നത് ഈ അർത്ഥത്തിലാണ് (ജനനപ്പെരുന്നാൾ, പ്രഭാതത്തിന്റെ എത്രോ). ദൈവം വസിക്കുന്ന ആലയമാണ് ഓരോ വിശ്വാസിയും (1 കൊരി. 3:17; 6:19). ധൂപത്തിന്റെ സുഗന്ധത്താൽ ദേവാലയം നിറയുന്നതുപോലെ വിശ്വാസികളുടെ ജീവിതം, ദൈവസ്നേഹവും, നന്മയും കൊണ്ടു നിറയണം. ഈ ആന്തരീയ പരിമളമാണ് ധൂപാർപ്പണത്തെ അർത്ഥവത്താക്കുന്നത്.

5. 'വിശുദ്ധന്മാരുടെ പ്രാർത്ഥന' ഒരു സുഗന്ധധൂപമായി ദൈവസന്നിധിയിലേക്കുയരുന്നു (വെളി. 5:8). സഭയുടെ പ്രാർത്ഥനയും അതിനോടു ചേരുന്നു. വി. കുർബാനയിലെ ഒരുക്കശുശ്രൂഷയിൽ, കാസായുടെയും പീലാസായുടെയും ചുറ്റും ധൂപമർപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനയിൽ ഇക്കാര്യം പരാമർശിക്കപ്പെട്ടിട്ടുണ്ട്.

കിഴക്ക്: ഈ പരിമള ധൂപത്താൽ ദൈവമാതാവായ വി. മറിയാം ഓർമിക്കപ്പെടട്ടെ.

പടിഞ്ഞാറ്: ഈ പരിമള ധൂപത്താൽ പ്രവാചകന്മാരും അപ്പോസ്തലന്മാരും വിശുദ്ധന്മാരായ രക്തസാക്ഷികളും ഓർമിക്കപ്പെടട്ടെ.

വടക്കായി: ഈ പരിമള ധൂപത്താൽ ഗുരുക്കന്മാരും പുരോഹിതന്മാരും നീതിമാന്മാരും ഓർമ്മിക്കപ്പെടട്ടെ.

തെക്കായി: ഈ പരിമള ധൂപത്താൽ വിശുദ്ധ സഭയുടെ എല്ലാ സന്താനങ്ങളും ഓർമ്മിക്കപ്പെടട്ടെ.

**ചോദ്യങ്ങൾ**

1. ധൂപാർപ്പണം വേദപുസ്തകാധിഷ്ഠിതമാണെന്ന് കാണിക്കുക.
2. വി. കുർബാനയിൽ ധൂപമർപ്പിക്കുന്ന പതിവുണ്ടായത് എങ്ങനെ?
3. ധൂപാർപ്പണത്തിന്റെ അർത്ഥത്തെപ്പറ്റി ചുരുക്കമായി വിവരിക്കുക.
4. വിവിധ ആരാധനകളിലെ ധൂപപ്രാർത്ഥനകൾ (എത്രോ) വായിച്ച് അവയിലെ പ്രധാനപ്പെട്ട ആശയങ്ങൾ മനസ്സിലാക്കുക.

## പാഠം 6

# ആരാധനയിലെ വേഷവിധാനങ്ങൾ

❑ ചെരിപ്പ് ❑ മേൽപ്പട്ടക്കാരുടെ വേഷങ്ങൾ ❑ വെള്ളക്കുപ്പായം ❑ മസ്നപ്സോ ❑ ഊറാറാ അഥവാ ഹമ്നീക്കോ ❑ വലിയ ഊറാറാ ❑ അരക്കെട്ട് ❑ കുരിശുമാല ❑ കൈയുറകൾ ❑ അംശവടി ❑ കാപ്പ ❑ സ്ളീബാ

പുരാതന റോമാസാമ്രാജ്യത്തിൽ ആഘോഷാവസരങ്ങളിൽ ഉപയോഗിച്ചിരുന്ന വിശേഷ വസ്ത്രങ്ങളുടെ മാതൃകയിലാണ് ആരാധനയിൽ പ്രത്യേക വേഷങ്ങൾ സ്വീകരിച്ചത്. ഇന്നത്തെ രീതിയിലുള്ള ആരാധനാ വസ്ത്രങ്ങൾ നാലാം നൂറ്റാണ്ടു മുതൽക്കാണു പ്രചാരത്തിലായിത്തുടങ്ങിയത്. ജോൺ ക്രിസോസ്റ്റത്തിന്റെ കാലത്ത് (347–407) അന്ത്യോക്യയിൽ മേൽപ്പട്ടക്കാർക്കും, കശീശ്ശന്മാർക്കും, ശെമ്മാശ്ശന്മാർക്കും പ്രത്യേക വേഷങ്ങളുണ്ടായിരുന്നു. പഴയനിയമത്തിലെ പുരോഹിതന്മാരുടെ വേഷവും ക്രിസ്തീയ സഭയിലെ ആരാധനാവേഷങ്ങളുടെ ഉത്ഭവത്തിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട് (പുറ. 28:1–43). പഴയനിയമ കാലത്ത് 'മഹത്വത്തിനും അലങ്കാര'ത്തിനുമായിട്ടാണു പുരോഹിതനെ പ്രത്യേക വേഷമണിയിച്ചിരുന്നത് (പുറ. 28:2). യഹോവയുടെ മഹത്വത്തിന്റെയും പൗരോഹിത്യ ശുശ്രൂഷ നിർവഹിക്കുവാനായി ലഭിച്ച വിശുദ്ധിയുടെയും അടയാളമായിട്ടാണു ദൈവമുമ്പാകെ ശുശ്രൂഷിക്കുന്ന പുരോഹിതൻ വിശേഷ വസ്ത്രങ്ങളണിഞ്ഞിരുന്നത്. ദൈവത്തിന്റെ സർവായുധവർഗത്തെപ്പറ്റി എഫേസ്യ ലേഖനത്തിലുള്ള വിവരണവും, ആരാധനാവേഷത്തിന്റെ വളർച്ചയിൽ പങ്കു വഹിച്ചിട്ടുണ്ട് (എഫേസ്യ 6:11–17).

ഇന്നു സുറിയാനി സഭയിലെ വൈദികരുടെ ആരാധനാവേഷത്തിന്റെ ഭാഗങ്ങൾ ചെരിപ്പ്, വെള്ളക്കുപ്പായം, ഹമ്നിക്കോ എന്നറിയപ്പെടുന്ന ഊറാറ, അരക്കെട്ട്, കൈയുറകൾ, കാപ്പ എന്നിവയാണ്. ഓരോന്നും ധരിക്കുമ്പോഴുള്ള പ്രാർത്ഥനകളിൽ, ഇവയുടെ അർത്ഥത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്.

## ചെരിപ്പ്

പഴയനിയമത്തിൽ യാത്രയ്ക്കുള്ള ഒരുക്കത്തിന്റെ അടയാളമാണു ചെരിപ്പ്. ഇസ്രായേൽ ജനം ഒന്നാമത്തെ പെസഹാ ഭക്ഷിച്ചതു ചെരിപ്പിട്ടു കൊണ്ടായിരുന്നു. വിലാപക്കാരും യുദ്ധത്തടവുകാരും ചെരിപ്പ് ധരിച്ചിരുന്നില്ല. സന്തോഷം, സ്വാതന്ത്ര്യം, അധികാരം, അവകാശം എന്നിവയുടെ പ്രതീകമാണു ചെരിപ്പ് (രൂത്ത് 4:7; സങ്കീ. 60:8; 108:9). വി. കുർബാനയിൽ ചെരിപ്പിടുന്നതു തിന്മയുടെ ശക്തികളുടെ മേലുള്ള വിജയത്തിന്റെയും, 'സമാധാന സുവിശേഷത്തിനുള്ള ഒരുക്കത്തിന്റെയും' (എഫെ. 6:15) അടയാളമായിട്ടാണ് (പ്രാർത്ഥനകൾ കാണുക). വി. കുർബാനയർപ്പണത്തിനായി ഒരുങ്ങിയിരിക്കുന്നു, സ്വർഗരാജ്യത്തിലേക്കുള്ള സഭയുടെ തീർത്ഥാടനത്തിനു നേതൃത്വം നല്കുവാൻ സന്നദ്ധനാണ് എന്നിവയുടെ പ്രതീകം കൂടിയാണിത്. മദ്ബഹായിൽ ഉപയോഗിക്കുന്ന ചെരിപ്പുകൾ മറ്റു സ്ഥലങ്ങളിൽ ഉപയോഗിപ്പാൻ പാടില്ല.

## വെള്ളക്കുപ്പായം

പുരാതന റോമിലും, ഗ്രീസിലും, മാന്യവ്യക്തികളുടെ സാധാരണ വേഷമായിരുന്നു വെള്ളക്കുപ്പായം. കുറഞ്ഞത് രണ്ടാം നൂറ്റാണ്ടു മുതൽ ഇത് ആരാധനാ വസ്ത്രമായി ഉപയോഗിച്ചിരുന്നു. സിപ്രിയൻ (c. 250) രക്തസാക്ഷിമരണം പ്രാപിച്ചപ്പോൾ വെള്ളവസ്ത്രം ധരിച്ചിരുന്നുവത്രേ. മാമോദീസായിൽ പ്രാപിക്കുന്ന വിശുദ്ധിയുടെ പ്രതീകമാണു വെള്ളവസ്ത്രം. 'ജയിക്കുന്നവൻ വെള്ളയുടുപ്പു ധരിക്കു'മെന്നു വെളിപാടു പുസ്തകത്തിൽ (3:5; 7:9) പറഞ്ഞിരിക്കുന്നത് മാമോദീസാ ഏല്ക്കുന്നവരെപ്പറ്റിയാണ്. വിശുദ്ധന്മാരുടെ നീതിപ്രവൃത്തികളാകുന്ന 'ശുദ്ധവും ശുഭ്രവുമായ വിശേഷവസ്ത്ര'മണിഞ്ഞ സഭയെ യോഹന്നാൻ ദർശനത്തിൽ കണ്ടു (വെളി. 19:7–8). റാബിമാരുടെ ചിന്തയിൽ വീഴ്ചയ്ക്കു മുമ്പ് ആദാം 'പ്രകാശത്തിന്റെ വസ്ത്രം' അണിഞ്ഞിരുന്നു. വീഴ്ചയിൽ നഷ്ടമായ പ്രകാശവസ്ത്രം, മാമോദീസായിൽ തിരികെ ലഭിക്കുമെന്നു പൗരസ്ത്യ പാരമ്പര്യം പഠിപ്പിക്കുന്നു. മാമോദീസായുടെ വിശുദ്ധിയിൽ സഭ ദൈവത്തെ ആരാധിക്കുന്നു എന്ന അർത്ഥത്തിലാണ് കാർമ്മികർ വെള്ളക്കുപ്പായം ധരിക്കുന്നത്. ആരാധനയിൽ സംബന്ധിക്കുന്ന വിശ്വാസികളും വെള്ളവസ്ത്രങ്ങൾ ധരിക്കുന്നത് അർത്ഥവത്തായിരിക്കും. കർത്താവിന്റെ രണ്ടാമത്തെ വരവിൽ

സകലർക്കും പരിശുദ്ധാത്മ ശക്തിയാൽ അനശ്വരമായ പ്രകാശവസ്ത്രം ലഭിക്കും. സ്വർഗീയ ദേവാലയത്തിലെ നിത്യആരാധനയിൽ സംബന്ധിക്കുന്നവരുടെ വേഷം ഈ പ്രകാശവസ്ത്രമായിരിക്കും. അതിന്റെ മുൻകുറിയാണു വി. കുർബാനയിലെ വെള്ളക്കുപ്പായം. ശരീരമനസ്സുകളുടെ വിശുദ്ധിയിൽ ആരാധനയിൽ സംബന്ധിക്കുന്നതിന്റെ അടയാളമാണു വെള്ളവസ്ത്രം. ശുഭ്രമായ വിവാഹവസ്ത്രമണിഞ്ഞവർക്കേ സ്വർഗീയ രാജാവിന്റെ വിരുന്നിൽ പങ്കാളിത്തമുള്ളൂ (മത്താ. 22:11–13).

## ഊറാറാ അഥവാ ഹമ്നീക്കോ

ഹമ്നീക്കോ (= മാല, Collar-Like) എന്നറിയപ്പെടുന്ന വസ്ത്രത്തിന്റെ ശരിയായ പേര് ഊറാറാ എന്നാണ്. ശെമ്മാശ്ശന്മാർ തോളിൽ അണിയുന്നതിനും ഈ പേരു തന്നെയാണുള്ളത്. പുരാതന റോമിൽ വിശേഷാവസരങ്ങളിൽ പുരുഷന്മാർ തോളിൽ അണിഞ്ഞിരുന്ന നീണ്ട ഷാളിൽ നിന്നായിരിക്കാം ഇതിന്റെ ഉത്ഭവം. സെനറ്ററന്മാരും, ഉയർന്ന ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും (Consuls) അവരുടെ സ്ഥാനചിഹ്നമായി പുറങ്കുപ്പായത്തിനു മുകളിലായി നിറമുള്ള ഷാൾ ധരിക്കണമെന്ന് ഏ. ഡി. 395 -ൽ തിയഡോഷ്യസ് ചക്രവർത്തി ആജ്ഞാപിക്കയുണ്ടായി. എന്നാൽ ഇക്കാലത്തു ബിഷപ്പന്മാരും വൈദികരും ശെമ്മാശ്ശന്മാരും അവരുടെ സ്ഥാനചിഹ്നമായി ഇതു പയോഗിച്ചിരുന്നു. ഊറാറാ ധരിച്ച ശെമ്മാശ്ശന്മാരെപ്പറ്റി നാലാം നൂറ്റാണ്ടുകളിലെ രേഖകളിൽ പരാമർശനങ്ങളുണ്ട് (372 നോടടുത്ത് കൂടിയ ലവദൂക്യ സുന്നഹദോസ്, ഉപശെമ്മാശ്ശന്മാർ - sub deacons – ഊറാറാ ധരിക്കുന്നതിനെ വിലക്കുകയുണ്ടായി). ശെമ്മാശ്ശന്മാർ ഇടത്തെ തോളിൽ ഊറാറാ അണിയുന്ന രീതി അന്ത്യോക്യയിൽ നാലാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നു. വി. ജോൺ ക്രിസോസ്റ്റത്തിന്റെ ഒരു പ്രസംഗത്തിൽ ഇതിനെ മാലാഖമാരുടെ ചലിക്കുന്ന ചിറകുകളായി ചിത്രീകരിച്ചിട്ടുണ്ട്. 'യുദ്ധത്തിൽ എന്നെ ശക്തി ധരിപ്പിക്കുകയും, എനിക്കെതിരായി നിൽക്കുന്നവരെ എന്റെ കീഴ്മുട്ടു കുത്തിക്കുകയും ചെയ്യണമെ' (സങ്കീ. 18:39–40) എന്ന സങ്കീർത്തനം ചൊല്ലിക്കൊണ്ടാണു പുരോഹിതൻ ഊറാറാ ധരിക്കുന്നത്. തിന്മയുടെ ശക്തികൾക്കെതിരായ കവചമായി ഇതിനെ കണക്കാക്കാം.

**അരക്കെട്ട്** (സൂനോറോ – സുറിയാനി; സോനാറിയോൺ – ഗ്രീക്ക്)

പഴയനിയമത്തിൽ അര കെട്ടുന്നത് ഒരുക്കത്തിന്റെ അടയാളമാണ്. അര കെട്ടി പെസഹാ ഭക്ഷിക്കണമെന്നുള്ളതു നിർബന്ധമായിരുന്നു (പുറ. 12:11). സത്യം കൊണ്ട് അര കെട്ടുന്നതിനെപ്പറ്റി വി. പൗലോസും പറയുന്നുണ്ട് (എഫെ. 6:14). സേവന സന്നദ്ധതയുടെ ചിഹ്നമായി അര കെട്ടിക്കൊണ്ടു കർത്താവ് ശിഷ്യന്മാരുടെ കാൽ കഴുകി (യോഹ. 13:4). തിന്മയുടെ ശക്തിക്കെതിരായി ഒരുങ്ങി ദൈവശക്തിയുടെ വാൾ ധരിച്ചിരിക്കുന്നു എന്ന

അർത്ഥമാണ് അര കെട്ടുന്ന സമയത്തു ചൊല്ലുന്ന പ്രാർത്ഥനയിലടങ്ങിയിരിക്കുന്നത്. 'പരാക്രമശാലിയായുള്ളോവേ! നിന്റെ പ്രാബല്യവും മഹത്വവുമായ വാൾ അരയിൽ കെട്ടിക്കൊൾക. നിന്റെ മഹത്വം വിജയിക്കും' (സങ്കീ. 45:3).

**കൈയുറകൾ** (സെൻദോ)

ധരിക്കുന്നത്, പ്രശക്തി പ്രാപിക്കുന്നതിന്റെയും ദൈവിക ശുശ്രൂഷയ്ക്കു കൈകൾ ഒരുങ്ങിയിരിക്കുന്നു എന്നതിന്റെയും അടയാളമായിട്ടാണ്. ഓരോ കൈയിലും ധരിക്കുമ്പോൾ പ്രത്യേക പ്രാർത്ഥനകളും സങ്കീർത്തനങ്ങളും (18:34-35) ചൊല്ലുന്നു. ബൈസന്റയിൻ സഭയിലും, കൽദായ സഭയിലും കുരിശടയാളമുള്ള കൈയുറകൾ ഉപയോഗിക്കുന്നു. കൈകളിൽ കെട്ടിവയ്ക്കാവുന്ന രീതിയിൽ ഒരു വശം തുറന്ന കൈയുറകളാണു ബൈസന്റയിൻ സഭയിലുള്ളത്.

**കാപ്പ** (സുറിയാനി - ഫൈനോ)

'ഫൈനോ' എന്ന പേരു ഗ്രീക്കിലെ 'ഫെലോനെസ്' (= പുറങ്കുപ്പായം 2 തീമോ. 4:13) എന്ന വാക്കിൽ നിന്നുത്ഭവിച്ചതായിരിക്കണം. യവന റോമൻ സംസ്കാരങ്ങളിൽ പുരുഷന്മാർ ധരിച്ചിരുന്ന പുറങ്കുപ്പായത്തിൽ നിന്നാണു കാപ്പ രൂപം പ്രാപിച്ചത്. ഇന്നത്തെ രീതിയിലുള്ള കാപ്പ നാലാം നൂറ്റാണ്ടിലാണുപയോഗിച്ചു തുടങ്ങുന്നത്. ആദ്യകാലങ്ങളിൽ റോമിലെ ശെമ്മാശ്ശന്മാരും കാപ്പ ധരിച്ചിരുന്നു. എന്നാൽ പൗരസ്ത്യ സഭകളിൽ പട്ടക്കാരും മേൽപ്പട്ടക്കാരും മാത്രമേ കാപ്പ ധരിച്ചിരുന്നുള്ളു* (മത്താ. 25:11), കുരിശുമരണത്തിനു മുമ്പു കർത്താവു ധരിച്ച ചുവപ്പു കുപ്പായം (യോഹ. 19:5), രോഗിണിയായ സ്ത്രീ തൊട്ട കർത്താവിന്റെ വസ്ത്രം (മത്താ. 9:20), ഏലിയാവിന്റെ പുറങ്കുപ്പായം (2 രാജാ. 2:13) എന്നീ പ്രതീകങ്ങൾ ഉപയോഗിച്ച് കാപ്പയുടെ അർത്ഥം വിശദീകരിക്കാറുണ്ട്. കാപ്പ ധരിക്കുമ്പോൾ ചൊല്ലുന്ന സങ്കീർത്തനമനുസരിച്ച് (സങ്കീ. 132:9-10). ദൈവത്തെ ശുശ്രൂഷിക്കുന്ന പുരോഹിതന് ലഭിക്കുന്ന മഹത്വത്തിന്റെ അടയാളമാണിത്.

എല്ലാ പുരാതന സഭകളിലും കാപ്പ ധരിക്കുന്ന പതിവുണ്ട്. മുൻഭാഗം തുറക്കാത്ത കാപ്പയാണു 13-ാം നൂറ്റാണ്ടു വരെ സുറിയാനി സഭയിൽ ഉപയോഗിച്ചിരുന്നത്. കാപ്പയുടെ നിറത്തെപ്പറ്റി പ്രത്യേക നിബന്ധനകളൊന്നുമില്ല. കറുപ്പൊഴിച്ചുള്ള എല്ലാ നിറങ്ങളും ഉപയോഗിക്കാവുന്നതാണ്. എന്നാൽ ദുഃഖവെള്ളിയാഴ്ച മാത്രം കറുത്ത കാപ്പ ധരിക്കാറുണ്ട്. ചില പാശ്ചാത്യസഭകളിൽ സഭാപെരുന്നാളുകളുടെ പ്രത്യേകതയനുസരിച്ചു കാപ്പയുടെ നിറത്തെക്കുറിച്ചു നിഷ്ക്കർഷിക്കുന്നുണ്ട്.

* സ്വർഗീയ വിരുന്നിലെ വസ്ത്രം.

## മേൽപ്പട്ടക്കാരുടെ വേഷങ്ങൾ

### മസ്നപ്സോ

ഈ വാക്കിനു തലപ്പാവ്, ശിരോവസ്ത്രം എന്നൊക്കെ അർത്ഥമുണ്ട്. മേൽപ്പട്ടക്കാരുടെ കാപ്പയുടെ ഭാഗമായി തലയിലിടുന്ന ശിരോവസ്ത്രത്തിനാണ് മസ്നപ്സോ എന്നു പറയുന്നത്. യഹൂദ മഹാപുരോഹിതന്റെ തലപ്പാവിനു എബ്രായ ഭാഷയിലുള്ള പേര് 'മിസ്നെഫെത്ത്' എന്നാണ് (പുറ. 28:4; 36-40). ഈ വാക്കിൽ നിന്നായിരിക്കണം മസ്നപ്സോ എന്ന പേരുണ്ടായത്. സന്യാസിമാരണിയുന്ന ശിരോവസ്ത്രത്തിൽ നിന്നാണു ക്രിസ്തീയ പാരമ്പര്യത്തിൽ ഇതുണ്ടായത്.

ആദ്യകാലങ്ങളിൽ ഇതു വെള്ളത്തുണി കൊണ്ടുള്ളതായിരുന്നു. എഡേസ്സായിലെ ബിഷപ്പായിരുന്ന റാബൂളാ (411-435) ഇത്തരം ശിരോവസ്ത്രമണിഞ്ഞിരുന്നതായി അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ പറയുന്നു. പ്രസ്തുത ഗ്രന്ഥത്തിൽ ഈ വേഷത്തിന് 'ബീറുനോ' (ഗ്രീക്ക്, ബീറോൺ = hood) എന്നാണു പേരു നൽകിയിരിക്കുന്നത്.

സീനായ് മലയിൽ നിന്നും നിയമത്തിന്റെ കൽപ്പലകകളുമായി മോശെ ഇറങ്ങിവരുമ്പോൾ മുഖതേജസ്സു നിമിത്തം ഇസ്രായേൽ ജനത്തിന് അദ്ദേഹത്തിന്റെ മുഖത്തു നോക്കുവാൻ ഭയമായി. അതിനാൽ മോശ ഒരു മൂടുപടമണിഞ്ഞു (പുറ. 34:29-35; 2 കൊരി. 3:12-18). ഈ മാതൃകയിലാണു മേൽപ്പട്ടക്കാരൻ വി. കുർബാനയിൽ പടിഞ്ഞാറോട്ടു തിരിയുമ്പോൾ മസ്നപ്സാ കൊണ്ടു തല മൂടുന്നത്. സങ്കീർത്തനം 4:6 ചൊല്ലിക്കൊണ്ടാണ് ഇതു ധരിക്കുന്നത് (മേൽപ്പട്ടക്കാരും റമ്പാന്മാരും സാധാരണ ധരിക്കുന്ന കുരിശടയാളങ്ങളുള്ള കറുത്ത ശിരോവസ്ത്രത്തിനും 'മസ്നപ്സാ'യെന്നു പേരു പറയാറുണ്ട്. എന്നാൽ ഇതിന് 'എസ്കീമോ, കൂസിസോ, 'കൂബാത്തോ' എന്നും പേരുകളുണ്ട്).

### വലിയ ഊറാറാ

കാപ്പയ്ക്കു മുകളിൽ അണിയുന്ന വലിയ ഊറാറായ്ക്ക് 'പത്രാസീൻ' എന്നാണു സാധാരണ പറയുന്നത്. 'ഓമോഫോറിയോൺ' (തോളിൽ ധരിക്കുന്നത്) എന്ന ഗ്രീക്കു പേരും ഉപയോഗിക്കാറുണ്ട്. നാലാം നൂറ്റാണ്ടു മുതൽ മേൽപ്പട്ടക്കാർ ഇതു ധരിച്ചുവരുന്നു. കത്തോലിക്കാസഭയിലെ ബിഷപ്പന്മാരുടെ 'പാലിയം' ഇതിന്റെ മറ്റൊരു രൂപമാണ്. പട്ടക്കാരന്റെ വേഷത്തിന്റെ ഭാഗമായ ഊറാറായുടെ അർത്ഥം തന്നെ ഇതിനും നൽകാവുന്നതാണ്. ദൈവത്തിന്റെ കാവലിന്റെയും, ശത്രുവിന്റെ മേലുള്ള വിജയത്തിന്റെ ഉറപ്പിന്റെയും അടയാളമാണിത് (ധരിക്കുമ്പോൾ സങ്കീ. 27:5 ചൊല്ലുന്നു).

## കുരിശുമാല

എല്ലാ സഭകളിലെയും മേൽപ്പട്ടക്കാരുടെ വേഷത്തിന്റെ ഭാഗമാണു കുരിശുമാല. ബൈസന്റയിൻ സഭയിൽ കുരിശിനു പകരം ദൈവമാതാവിന്റെയോ കർത്താവിന്റെയോ, ചിത്രങ്ങളുള്ള പെൻഡന്റുകളാണ് അണിയുന്നത്. നാലാം നൂറ്റാണ്ടു മുതൽ വിശ്വാസികൾ കുരിശ് കഴുത്തിലണിഞ്ഞു വന്നു. കുരിശുമാല ബിഷപ്പിന്റെ മാത്രം അവകാശമായിത്തീരുന്നത് 16-ാം നൂറ്റാണ്ടിനു ശേഷമാണ്. തിന്മയുടെ ശക്തികളിൽ നിന്നുള്ള കാവലിന്റെ പ്രതീകമാണിത് (ധരിക്കുമ്പോൾ സങ്കീ. 34:5 ചൊല്ലുന്നു).

## അംശവടി

ഒരു ചെറിയ കുരിശിന്റെ ഇരുവശത്തായി രണ്ടു സർപ്പങ്ങളോടു കൂടിയ അംശവടി ബൈസന്റയിൻ സഭയും സുറിയാനി സഭയും ഉപയോഗിക്കുന്നു. ഒരു സർപ്പം മാത്രമുള്ള വടി സുറിയാനിസഭയിൽ മാത്രമേയുള്ളുവെന്നു തോന്നുന്നു. മോശ ഉയർത്തിയ പിച്ചളസർപ്പത്തിന്റെ പ്രതീകമാണിത്. അഹറോന്റെ തളിർത്ത വടിയുടെ പ്രതീകമായി വളഞ്ഞ അഗ്രമുള്ള വടിയും മലങ്കരയിൽ ഉപയോഗത്തിലുണ്ട്. പ്രായാധിക്യമുള്ള സന്യാസിമാർ ആരാധനയിൽ സംബന്ധിക്കുമ്പോൾ താങ്ങായി വടി ഉപയോഗിച്ചിരുന്ന പതിവിൽ നിന്നായിരിക്കണം അംശവടിയുടെ ഉത്ഭവം. ഇടയന്റെ അടയാളമാണു വടി. കുഴിയിൽ വീണുപോയ ആടിനെ വലിച്ചെടുക്കുവാൻ മദ്ധ്യപൂർവ ദേശങ്ങളിലെ ഇടയന്മാർ അഗ്രം വളഞ്ഞ വടി ഉപയോഗിച്ചിരുന്നു. ഇടയൻ വടി ഉപയോഗിക്കുന്നത് ആടുകളെ ശിക്ഷിക്കുവാനല്ല; ആടുകളെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുവാനും കൂട്ടത്തിൽ നിന്നും അകലുന്നതിനെ ചേർത്തുകൊണ്ടു പോകുവാനുമാണ്. നല്ലഇടയനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം വിശ്വാസികൾ കാണുന്നതു ബിഷപ്പിലാണ്. ദൈവത്തിന്റെ ആട്ടിൻകൂട്ടത്തിന്മേലുള്ള ഉത്തരവാദിത്തത്തിന്റെയും, അധികാരത്തിന്റെയും പ്രതീകമാണ് അംശവടി. 'പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരായിരിപ്പീൻ' (മത്താ. 10:16) എന്നുള്ള കർത്തൃവചനങ്ങളെ അനുസ്മരിപ്പിക്കുന്നതാണു സർപ്പത്തിന്റെ അടയാളമുള്ള വടി. സർപ്പത്തിന്റെ ശക്തിയെ ഹനിക്കുന്ന കുരിശടയാളം അതിന്റെ നടുവിൽ ഉണ്ടായിരിക്കും. അംശവടി കൈയിലെടുക്കുമ്പോൾ ചൊല്ലുന്നതു സങ്കീ. 110:2 ആണ്.

## സ്ളീബാ

സ്ളീബാ കൊണ്ട് മേൽപ്പട്ടക്കാരൻ വാഴ്ത്തുന്നത് എല്ലാ പൗരസ്ത്യ സഭകളിലുമുള്ള പതിവാണ്. ആറാം നൂറ്റാണ്ടിനു ശേഷമാണ് ഈ പതിവുണ്ടായതെന്നു തോന്നുന്നു. സ്ലീബാ കൈയിലെടുക്കുമ്പോൾ ചൊല്ലുന്ന സങ്കീർത്തനമനുസരിച്ച് (സങ്കീ. 44:5) ഇതും ശത്രുക്കളുടെ മേലുള്ള വിജയത്തിന്റെ അടയാളമാണ്.

## ചോദ്യങ്ങൾ

1. വെള്ളവസ്ത്രത്തിന്റെ അർത്ഥമെന്ത്?
2. അര കെട്ടുന്നതിന്റെയും ചെരിപ്പിടുന്നതിന്റെയും അർത്ഥമെന്താണ്? വിശദമാക്കുക?

   (P.S: വേഷങ്ങളുടെ പേരുകൾ മനഃപാഠമാക്കേണ്ടതില്ല).

## യൂണിറ്റ് 3

# സമയത്തിന്റെ ശുദ്ധീകരണം: ആരാധനാവർഷവും പെരുന്നാളുകളും

### പാഠം 1

## ഞായറാഴ്ചയുടെ പ്രാധാന്യം

❑ ഞായറാഴ്ചയാചരണം ക്രിസ്തീയ സഭയിൽ ❑ ആദിമസഭയിൽ ❑ ഞായറാഴ്ച നിത്യതയുടെ ദിനം

ക്രിസ്തീയ ആരാധനയുടെ ഉദ്ഭവത്തിലും വളർച്ചയിലും യഹൂദമതത്തിന്റെ ഗണ്യമായ സ്വാധീനമുണ്ടെന്നു നാം കണ്ടു.* അതേരീതിയിൽ ക്രിസ്തീയ ആരാധനാവർഷവും പെരുന്നാളുകളും വികാസം പ്രാപിച്ചതിൽ യഹൂദമതം സാരമായ പങ്കുവഹിച്ചിട്ടുണ്ട്. യഹൂദ കലണ്ടറിന്റെ കേന്ദ്രം ശാബതും പെസഹാപ്പെരുന്നാളുമായിരുന്നു. ലോകസൃഷ്ടിയുടെ പരിസമാപ്തിയിൽ ദൈവം പ്രവർത്തികളിൽ നിന്നും 'വിരമിച്ചു' ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു (ഉല്പ: 2:3). അതിനാൽ ഏഴാം ദിവസമായ ശാബത് ദൈവസ്ഥാപിതമായും ശാബതാചരണം ദൈവിക നിയമമായും യഹൂദന്മാർ കണക്കാക്കിയിരുന്നു (പുറ. 16:23-29; 31:1-17). ഇസ്രായേലിന്റെ വിമോചനത്തിന്റെ പെരുന്നാളാണു പെസഹാ. പെസഹാ ആചരണവും ദൈവിക കൽപ്പനപ്രകാരമായിരുന്നു നടത്തിയിരുന്നത് (പുറ. 12).

ക്രിസ്തീയ സഭയിലാകട്ടെ, ആരാധനാവർഷത്തിലെ പ്രധാന ദിവസങ്ങൾ ഞായറാഴ്ചയും, ഉയിർപ്പുപെരുന്നാളുമാണ്. നിഖ്യാ സുന്നഹദോസിനു മുമ്പ് (325) ക്രിസ്തീയ കലണ്ടറിന്റെ കേന്ദ്രം ഈ രണ്ടു ദിവസങ്ങളായിരുന്നു.

### ഞായറാഴ്ചയാചരണം ക്രിസ്തീയ സഭയിൽ

**1. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം:** ക്രിസ്തീയസഭ യഹൂദ ആചാരങ്ങൾ അതേപടി പിന്തുടർന്നില്ല എന്നതിനു തെളിവാണ് ഏഴാം ദിവസമായ ശാബതിനു പകരം, ഒന്നാം ദിവസമായ ഞായറാഴ്ച ആചരിച്ചത്. യഹൂദന്മാരുടെ വിശുദ്ധ ദിനമായ ശാബതിനേക്കാൾ ക്രിസ്ത്യാനികൾക്കു

---

* *അബ്ബാ പിതാവേ*, പേജ് 22-37.

പ്രധാനം ഞായറാഴ്ച ആയിരുന്നു. അതിനുള്ള ഏറ്റവും പ്രധാന കാരണം 'ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം' ക്രിസ്തു ഉയിർത്തെഴുന്നേറ്റതാണ്. ഉത്ഥിതനായ ക്രിസ്തു ശിഷ്യന്മാർക്ക് വെളിപ്പെട്ടതും ഞായറാഴ്ചയാണ് (യോഹ. 20:19, 26). എമ്മവൂസിലേക്കു പോയ ശിഷ്യന്മാർക്ക് ക്രിസ്തു പ്രത്യക്ഷപ്പെട്ടതും ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമാണ് (ലൂക്കോ. 24:1; 13). വഴിയാത്രക്കാരനെപ്പോലെ ക്രിസ്തു അവരുമായി ചേർന്നുനടന്ന് അവരുമായി സംഭാഷണത്തിലേർപ്പെട്ടു. മോശ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളതു അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു (ലൂക്കോ. 24:27). എന്നിട്ടും അവർക്ക് ക്രിസ്തുവാണു സന്നിഹിതനായിരിക്കുന്നതെന്നു മനസ്സിലായില്ല. 'അവരുമായി ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അപ്പം എടുത്ത് അനുഗ്രഹിച്ചു നുറുക്കി അവർക്കു കൊടുത്തു. ഉടനെ അവരുടെ കണ്ണു തുറന്നു. അവർ അവനെ അറിഞ്ഞു' (24:30–31). ഉത്ഥിതനായ ക്രിസ്തുവിന്റെ സജീവസാന്നിദ്ധ്യം അപ്പോസ്തോലന്മാർ അനുഭവിച്ചറിഞ്ഞത് 'ഒന്നാം ദിവസത്തെ' വി. കുർബാനയിലൂടെയാണ്. ഞായറാഴ്ചയിലെ വിശുദ്ധ കുർബാനാനുഭവം യേശുവിനോടു കൂടിയുള്ള അത്താഴമായി ശിഷ്യന്മാർ കണക്കാക്കി (ലൂക്കോ. 24:30). യേശുവിനെ അറിയുവാൻ തക്കവണ്ണം അവരുടെ കണ്ണുകളെ തുറന്നതു വി. കുർബാനാനുഭവമാണ്. ആദിമ ക്രിസ്ത്യാനികൾ ഓരോ എട്ടാം ദിവസവും ആരാധനയിലൂടെ ക്രിസ്തുവിനെ ദർശിക്കുകയും ക്രിസ്തു അവരോടു കൂടി വസിക്കുന്നത് അനുഭവിച്ചറിയുകയും ചെയ്തു. തോമ്മാശ്ലീഹായുടെ അവിശ്വാസത്തെപ്പറ്റി സൂചിപ്പിക്കുമ്പോൾ ഈ വസ്തുത കൂടി യോഹന്നാൻ വിവക്ഷിക്കുന്നുണ്ട് (യോഹ. 20:24–29).

വി. പൗലോസിന്റെ കാലത്തു തന്നെ ഞായറാഴ്ചയിലെ ആരാധന ഒരു സാധാരണ പതിവായിത്തീർന്നു കഴിഞ്ഞിരുന്നു. ത്രോവാസിൽ വച്ച് ഈ പതിവനുസരിച്ചു പൗലോസും ലൂക്കോസും, സഭാംഗങ്ങളും അപ്പം നുറുക്കിയതായി അപ്പോസ്തോല പ്രവൃത്തികൾ (20:7) രേഖപ്പെടുത്തുന്നു. ഞായറാഴ്ചയിലെ ആരാധനാസമയത്തു വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരം നടത്തുവാൻ പൗലോസ് കൊരിന്തിലെ സഭയോട് ആജ്ഞാപിക്കുന്നു (1 കൊരി. 16:2). എ. ഡി. 54–ൽ തന്നെ ഞായറാഴ്ച ആരാധനാദിവസമായി വേർതിരിക്കപ്പെട്ടിരുന്നു എന്നതിനു തെളിവാണിത്.

ക്രിസ്തുവുമായി ബന്ധപ്പെട്ട ദിവസമായി ഞായറാഴ്ച ആദിമസഭ കണക്കാക്കി. വിശ്വാസികളുമായി ക്രിസ്തു 'അത്താഴം കഴിക്കുന്ന' ദിവസമാണത്. അന്നത്തെ കൂട്ടായ്മയ്ക്ക് ഓരോ വിശ്വാസിയും പ്രത്യേകമായി ക്ഷണിക്കപ്പെട്ടിരിക്കുന്നു.

**2. കർത്തൃദിനം:** മേലുദ്ധരിച്ച വേദഭാഗങ്ങളിൽ 'ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ' എന്നല്ലാതെ മറ്റൊരു പേരും ഞായറാഴ്ചയ്ക്ക് ഉപയോഗി

ക്കുന്നില്ല (ആഴ്ചവട്ടത്തിലെ ദിവസങ്ങൾക്ക് ഒന്നാം ദിവസം, രണ്ടാം ദിവസമെന്നിങ്ങനെയുള്ള പേരുകളാണു യഹൂദ കലണ്ടറിൽ നൽകിയിരിക്കുന്നത്. സുറിയാനിയിലും ഇത് അനുകരിച്ചിരിക്കുന്നു). എന്നാൽ വെളിപാടു പുസ്തകത്തിൽ ആദ്യമായി 'കർത്തൃദിനം' (Lord's Day) എന്ന പേരുപയോഗിച്ചിരിക്കുന്നു. 'പത്രോസിന്റെ സുവിശേഷം' എന്ന അപ്പൊക്രിഫാ പുസ്തകത്തിൽ 'കർത്തൃദിന'മെന്നത് ഉയിർപ്പുപെരുന്നാളിന്റെ പേരാണ്. അന്ത്യോക്യായിലെ വി. ഇഗ്നാത്തിയോസും ഉയിർപ്പു പെരുന്നാളിനെ 'കർത്തൃദിന'മെന്നാണു വിളിക്കുന്നത്. (മഗ്നീഷ്യ ലേഖനം 9). ഓരോ ഞായറാഴ്ചയും ഉയിർപ്പിന്റെ പെരുന്നാളായി ആദിമസഭ ആചരിച്ചിരുന്നതു കൊണ്ടായിരിക്കണം, 'കർത്തൃദിന'മെന്നു യോഹന്നാൻ ഞായറാഴ്ചയെ വിശേഷിപ്പിക്കുന്നത്. സുറിയാനിസഭയിലും, 'ഒന്നാം ദിവസം' അഥവാ 'ഉയിർപ്പിന്റെ ദിവസം' (ക്യംതാ) എന്നാണു ഞായറാഴ്ച അറിയപ്പെടുന്നത്.

റോമൻ സാമ്രാജ്യത്തിൽ 'സൂര്യന്റെ ദിവസം' (Day of the sun) എന്നാണു ഞായറാഴ്ച അറിയപ്പെട്ടിരുന്നത്. ഇതെത്തുടർന്ന് 'നീതി സൂര്യന്റെ' (മലാഖി 4:2) ഉദയത്തിന്റെ ദിവസമായി ക്രിസ്തീയസഭ ഞായറാഴ്ചയെ കണക്കാക്കുന്നു.

### ആദിമസഭയിൽ

തെർത്തുല്യന്റെ കാലത്തു തന്നെ (എ. ഡി. 200) ഞായറാഴ്ച മുട്ടുകുത്തുന്നതും ഉപവസിക്കുന്നതും സഭ വിലക്കിയിരുന്നു. ഉയിർപ്പു മുതൽ പെന്തിക്കോസ്തി വരെയുള്ള അമ്പതു ദിവസങ്ങൾക്കും ഈ വിലക്കു ബാധകമായിരുന്നു. മുട്ടുകുത്തുന്നത് അനുതാപത്തിന്റെയും അടിമത്തത്തിന്റെയും അടയാളമായി ചിന്തിച്ചിരുന്നതുകൊണ്ടാണു നിന്നുകൊണ്ടു ഞായറാഴ്ച പ്രാർത്ഥിക്കണമെന്നു നിഷ്ക്കർഷിച്ചിരുന്നത്. ഞായറാഴ്ചയും ഉയിർപ്പിനു ശേഷമുള്ള അമ്പതു ദിവസങ്ങളും, ഉത്ഥിതനായ മണവാളനോടു കൂടി സന്തോഷിക്കുന്ന ദിവസങ്ങളാണ്. അതിനാൽ ഉപവസിക്കുന്നതും വിലക്കപ്പെട്ടിരുന്നു.

നാലാം നൂറ്റാണ്ടിന്റെ ആരംഭം വരെ ഞായറാഴ്ച ഒഴിവുദിവസമായിരുന്നില്ല. 'സൂര്യന്റെ ബഹുമാന്യമായ ദിവസം' (Venerable day of the sun) നീതിന്യായ കോടതികളും തൊഴിൽശാലകളും ജോലി നിറുത്തിവയ്ക്കണമെന്നു കുസ്തന്തീനോസ് ചക്രവർത്തി ഏ. ഡി. 321 മാർച്ച് 7 നു വിളംബരം പുറപ്പെടുവിച്ചു.

കർത്താവിന്റെ ഉത്ഥാനം മുതൽ ഞായറാഴ്ച ആരാധനാ ദിവസമായിട്ടാണു സഭ ആചരിച്ചിരുന്നതെന്നു നാം കണ്ടു. വി. കുർബാനയർപ്പണമില്ലാതെ ഞായറാഴ്ച ആചരിക്കുന്ന രീതി ആദിമ സഭയിലില്ലായിരുന്നു. നാലാം നൂറ്റാണ്ടിൽ വി. ജോൺ ക്രിസോസ്റ്റം പറയുന്നു: 'ഈ ഭക്ഷണം

സാഹോദര്യത്തിന്റേതാണ്. കാരണം എല്ലാവരും കർത്താവിൽ എന്നവണ്ണം ഇതിൽ പങ്കാളികളാവുന്നു. ഈ ഭക്ഷണത്തിൽ നിന്നും മാറിനിൽക്കുന്നതു കർത്താവിൽ നിന്നും മാറിനിൽക്കുന്നതിനു തുല്യമാണ്. ഞായറാഴ്ചയിലെ ഈ (ദിവ്യ) ഭക്ഷണം, കർത്താവിനോടു കൂടെയും, സഹോദരന്മാരോടു കൂടെയുമാണു നാം കഴിക്കുന്നത്.'

ഞായറാഴ്ച ആരാധനയിൽ നിന്നും വി. കുർബാനാനുഭവത്തിൽ നിന്നും മാറിനിൽക്കുന്നവർ കർത്താവിൽ നിന്നു തന്നെ അന്യരാവുകയാണ്.

## ഞായറാഴ്ച നിത്യതയുടെ ദിവസം

സഭാപിതാക്കന്മാർ ഞായറാഴ്ചയ്ക്കു ആലങ്കാരികമായ പല വിശദീകരണങ്ങളും നൽകുന്നുണ്ട്. പരക്കെ അംഗീകരിക്കപ്പെട്ടിരുന്ന ഒരു വ്യാഖ്യാനമാണു ഞായറാഴ്ചയെ നിത്യതയുടെ പ്രതീകമായി ചിത്രീകരിക്കുന്നത്. ആഴ്ചയിലെ ഒന്നാം ദിവസമാണു ഞായർ. ഏഴാം ദിവസമായ ശാബതിനു ശേഷം വീണ്ടും ഞായർ വരുന്നു. അതിനാൽ പിതാക്കന്മാർ ഞായറാഴ്ചയെ എട്ടാംദിവസമായും കണക്കാക്കി. ഒന്നാം ദിവസമാണ് സൃഷ്ടിയുടെ ആരംഭം, പുതിയ സൃഷ്ടിയുടെ ആദ്യഫലമായ ക്രിസ്തുവിന്റെ ഉത്ഥാനം എട്ടാം ദിവസമായിരുന്നു. അതിനാൽ എട്ടാം ദിവസമായ ഞായർ പുതിയ സൃഷ്ടിയുടെ ആരംഭത്തിന്റെ ദിനമാണ്. ഏഴു ദിവസമുള്ള ആഴ്ച വട്ടത്തിനപ്പുറമാണ് എട്ടാം ദിവസം. അതിനാൽ സമയത്തിനതീതമായ നിത്യതയുടെ പ്രതീകമാണ് എട്ടാം ദിവസമായ ഞായർ. ക്രിസ്തുവിൽ രക്ഷിക്കപ്പെട്ട മനുഷ്യവർഗം നിത്യതയ്ക്ക് അർഹരായിത്തീർന്നിരിക്കുന്നു. ആ നിത്യതയുടെ മുന്നനുഭവമാണു ഞായറാഴ്ച. നിത്യവിശ്രമത്തിന്റെ പ്രതീകമായിട്ടാണു ഞായറാഴ്ച ജോലികളിൽ നിന്നു വിരമിക്കുന്നത്. നിത്യത അനുഭവിച്ചറിയുന്നത് ഞായറാഴ്ച ആരാധനയിലൂടെയാണ്. വി. കുർബാനയിലൂടെയാണ്. ഉത്ഥിതനായ ക്രിസ്തുവിനോടു കൂടി നിത്യരാജ്യത്തിൽ കഴിക്കുന്ന അത്താഴവിരുന്നിന്റെ പങ്കാളിത്തമാണു ഞായറാഴ്ചയിലെ വി. കുർബാനാനുഭവം. ബർന്നബാസിന്റെ ലേഖനത്തിലും, ജസ്റ്റിൻ മാർട്ടിയർ, തെർത്തുല്യൻ, ഐറേനിയസ് തുടങ്ങിയ പിതാക്കന്മാരുടെ എഴുത്തുകളിലും ഞായറാഴ്ചയ്ക്കു ഈദൃശ്യമായ വ്യാഖ്യാനങ്ങൾ നൽകുന്നുണ്ട്.

പിൽക്കാല എഴുത്തുകാരിൽ അഗസ്തീനോസ് പറയുന്നു: 'കർത്താവിന്റെ ദിവസം, ക്രിസ്തുവിന്റെ ഉത്ഥാനത്താൽ ശുദ്ധീകൃതമായ ദിവസം, നിത്യതയുടെ എട്ടാം ദിവസം, നിത്യവിശ്രമത്തെ സൂചിപ്പിക്കുന്നു. അവസാനമില്ലാത്ത രാജ്യത്തിൽ എത്തിച്ചേരുകയല്ലാതെ നമ്മുടെ ലക്ഷ്യം എന്താണ്?'

നാസിയാൻസിലെ വി. ഗ്രീഗോറിയോസും ഇതേ ആശയം തന്നെ പ്രകടിപ്പിക്കുന്നുണ്ട്. 'കല്ലറയിലുള്ള വിശ്രമത്തിന്റെ സൂചനയാണു ശാബത്. എന്നാൽ നമ്മുടെ ഞായറാഴ്ച, പുതിയ സൃഷ്ടിയുടെ ആരംഭമാണ്. ഉയരത്തിൽ നിന്നും പുതുജീവൻ പ്രവഹിച്ച ദിവസമാണ്.'

കർത്താവിന്റെ രണ്ടാമത്തെ വരവിൽ സംഭവിക്കുന്ന പൊതു ഉയിർപ്പിന്റെ പ്രതീകം കൂടിയാണു ഞായറാഴ്ച. പാപത്തിന്റെ കല്ലറയിൽ നിന്നും മനുഷ്യൻ ഉത്ഥാനം ചെയ്തു. ക്രിസ്തുവിനെ കാണുകയും, ആരാധിക്കുകയും ചെയ്യുകയാണ് ഓരോ ഞായറാഴ്ചയും. അന്തിമ ഉയിർപ്പിന്റെ അനുഭവം ഓരോ ഞായറാഴ്ചയും ആരാധനയിലൂടെ സംലബ്ദമാകുന്നു. ഇക്കാരണം കൊണ്ടു കൂടിയാണു ഞായറാഴ്ചകളിൽ കുമ്പിടാതെ ആരാധിക്കുന്നത്.

**ചോദ്യങ്ങൾ**

1. ഞായറാഴ്ച ആചരണത്തെ ചോദ്യം ചെയ്യുന്ന ശാബതു വിശ്വാസിക്ക്, എന്തു മറുപടി നൽകുവാൻ കഴിയും?
2. ഞായറാഴ്ചയ്ക്ക് 'കർത്തൃദിനം' എന്നു പറയുന്നതെന്തുകൊണ്ട്?
3. ഞായറാഴ്ച നിത്യതയുടെ പ്രതീകമെന്നു പറയുന്നതെന്തുകൊണ്ട്?
4. ഞായറാഴ്ച കുമ്പിടാത്തതിന്റെയും ഉപവസിക്കാത്തതിന്റെയും കാരണം വിശദമാക്കുക.

## പാഠം 2

# വലിയ നോമ്പ്

❑ വലിയ നോമ്പിന്റെ ഉത്ഭവം ❑ വലിയ നോമ്പ് സുറിയാനി പാരമ്പര്യത്തിൽ ❑ നോമ്പിന്റെ ലക്ഷ്യം ജീവിത ശുദ്ധീകരണം

അനുതാപത്തിന്റെയും, പ്രാർത്ഥനയുടെയും, ആത്മീയ ശിക്ഷണത്തിന്റെയും ഭാഗമായി പഴയനിയമ കാലത്തു തന്നെ യഹൂദന്മാർ ഉപവസിച്ചിരുന്നു. നിനവെയിലെ ജനങ്ങൾ ഉപവസിച്ചത് അനുതാപത്തിന്റെ ഭാഗമായിട്ടാണ്. പരസ്യശുശ്രൂഷയ്ക്കുള്ള പ്രാർത്ഥനാനിരതമായ ഒരുക്കത്തിന്റെ ഭാഗമായിട്ടായിരുന്നു കർത്താവ് നാല്പതുദിവസം ഉപവസിച്ചത്. ആത്മീയ ശിക്ഷണാർത്ഥം തിങ്കളും വ്യാഴവും ഉപവസിക്കുന്നതു യഹൂദന്മാരുടെ പതിവായിരുന്നു. പരീശന്റെ പ്രാർത്ഥനയിൽ അയാൾ ആഴ്ചയിൽ രണ്ടു ദിവസം

ഉപവസിക്കുന്ന കാര്യം പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട് (ലൂക്കോ. 18:12). യഹൂദന്മാരുടെ ആഴ്ചയിലെ രണ്ടു ദിവസത്തെ ഉപവാസത്തിന്റെ മാതൃകയിൽ ബുധനും വെള്ളിയും ഉപവസിക്കുന്ന രീതി എ. ഡി. 100 –ൽ തന്നെ സഭയിലുണ്ടായിരുന്നു. *ഡിഡാക്കെ*യാണ് (7:4) ഇതിനെപ്പറ്റി പ്രതിപാദിക്കുന്ന ആദ്യത്തെ രേഖ. സ്നാനമേൽക്കുന്നവരും, സ്നാനം കഴിപ്പിക്കുന്നവരും, കഴിവുള്ള വിശ്വാസികളും ഉപവസിക്കണമെന്ന് ഡിഡാക്കെയും, ജസ്റ്റിൻ മാർട്ടിയറും (എ. ഡി. 150) നിഷ്ക്കർഷിക്കുന്നു. ബുധനും, വെള്ളിയും, സ്നാനത്തിനു മുമ്പുള്ള ഒന്നോ രണ്ടോ ദിവസങ്ങളും മാത്രമായിരുന്നില്ല ആദിമസഭയുടെ ഉപവാസദിനങ്ങൾ. ഉയിർപ്പുപെരുന്നാളിനു മുമ്പുള്ള രണ്ടു ദിവസങ്ങൾ കൂടി ഉപവാസദിവസങ്ങളായി, രണ്ടാം നൂറ്റാണ്ടു മുതലെങ്കിലും സഭ ആചരിച്ചിരുന്നു. 'മണവാളൻ വേർപിരിഞ്ഞ (മർക്കോ. 2:20) ദിവസങ്ങളായിരുന്നല്ലോ കുരിശുമരണത്തിനും, ഉത്ഥാനത്തിനുമിടയിലുള്ള രണ്ടു ദിവസങ്ങൾ. ഉയിർപ്പുപെരുന്നാളിനുള്ള ഒരുക്കമായിട്ടാണ് ഈ ദിവസങ്ങൾ ആചരിച്ചിരുന്നത്. ഈ ഉപവാസത്തിൽ നിന്നാണു വലിയ നോമ്പിന്റെ ഉത്ഭവം.

## വലിയ നോമ്പിന്റെ ഉത്ഭവം

### (1) രണ്ടു ദിവസത്തെ ഉപവാസം

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ ഈസ്റ്ററിനു മുമ്പുള്ള ഉപവാസം ഒരാഴ്ചയിൽ കൂടുതലുണ്ടായിരുന്നില്ല. ഒന്നോ രണ്ടോ ദിവസത്തെ ഉപവാസമായിരുന്നു സാധാരണ പതിവ്. രണ്ടാം നൂറ്റാണ്ടിൽ ഐറേനിയസ് ഉപവാസത്തെപ്പറ്റിയുള്ള വ്യത്യസ്ത പാരമ്പര്യങ്ങളെപ്പറ്റി പറയുന്നതിങ്ങനെയാണ്: '(ഉയിർപ്പിനു മുമ്പ്) ഒരു ദിവസം ഉപവസിക്കണമെന്നു ചിലർ ചിന്തിക്കുന്നു; ചിലർ രണ്ടു ദിവസവും, മറ്റു ചിലർ അതിൽക്കൂടുതലും ഉപവസിക്കുന്നു. വേറെ ചിലർ തുടർച്ചയായി 40 മണിക്കൂർ ഉപവസിക്കുന്നു.' ഉപവാസദിനങ്ങളുടെ കാര്യത്തിൽ അങ്ങിങ്ങു ചെറിയ വ്യത്യാസങ്ങൾ ഉണ്ടായിരുന്നുവെന്നാണ് ഐറേനിയസ് പറയുന്നത്.

തെർത്തുല്യന്റെ കാലത്തും (C. 200) രണ്ടു ദിവസമായിരുന്നു ഉപവാസം. മൂന്നാം നൂറ്റാണ്ടിൽ റോമിലും രണ്ടു ദിവസമായിരുന്നു ഉപവാസമെന്നു ഹിപ്പോലിറ്റസ് '*അപ്പോസ്തോലിക പാരമ്പര്യ*'ത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### 2. ആറു ദിവസത്തെ ഉപവാസം

ചില സഭകൾ ക്രമേണ രണ്ടു ദിവസത്തെ ഉപവാസം ഒരാഴ്ചത്തേക്ക് ദീർഘിപ്പിച്ചു. എ. ഡി. 247 –ൽ അലക്സന്ത്രിയായിലെ ദീവന്നാസ്യോസ് ഉയിർപ്പിനു മുമ്പുള്ള ആറു ദിവസങ്ങൾ ഉപവാസദിനങ്ങളാണെന്നു

പറയുന്നുണ്ട്. ഈ പതിവ് എല്ലായിടത്തുമില്ലെന്നും, വെള്ളിയും ശനിയും ഉപവസിക്കുന്നതാണു പരക്കെ പ്രധാനമായി കണക്കാക്കുന്നതെന്നും, അദ്ദേഹം രേഖപ്പെടുത്തുന്നു. എന്നാൽ 329 -ൽ വി. അത്താനാസ്യോസ് 'പരിശുദ്ധ നോമ്പ്' (Holy Fast) ആറു ദിവസം നീണ്ടുനിൽക്കുന്നതാണെന്നു പറയുന്നുണ്ട്.

മൂന്നാം നൂറ്റാണ്ടിൽ സിറിയായിലും ആറു ദിവസമായിരുന്നു ഉപവാസം. ഡിഡാസ്ക്കാലിയാ (C 250) എന്നറിയപ്പെടുന്ന പുരാതന സഭാനിയമങ്ങളുടെ സമാഹാരമനുസരിച്ച്, കഷ്ടാനുഭവാഴ്ചയിൽ തിങ്കളാഴ്ച മുതൽ ശനിയാഴ്ച രാത്രി വരെ ഉപവസിക്കണം. ഈ ദിവസങ്ങളിൽ അപ്പവും, ഉപ്പും വെള്ളവും മാത്രമേ ഭക്ഷിക്കാവൂ എന്നു ഡിഡാസ്ക്കാലിയ അനുശാസിക്കുന്നു: 'എന്നാൽ വെള്ളിയാഴ്ചയും, ശനിയാഴ്ചയും പൂർണമായി ഉപവസിക്കുക, ഒന്നും ഭക്ഷിക്കരുത്' എന്ന് ഇതിൽ തുടർന്നു പറയുന്നു. കഷ്ടാനുഭവാഴ്ചയിലെ ഓരോ ദിവസത്തേയും ഓരോ സംഭവവുമായി ഡിഡാസ്ക്കാലിയ ബന്ധിപ്പിക്കുന്നുണ്ട്. തിങ്കളാഴ്ച കർത്താവിനെ ഒറ്റിക്കൊടുക്കുവാൻ യൂദാ സമ്മതിച്ചത്രേ; ചൊവ്വാഴ്ച സന്ധ്യയ്ക്കു കർത്താവ് അന്ത്യ അത്താഴം കഴിക്കുകയും, യഹൂദന്മാർ കർത്താവിനെ പിടിക്കുകയും ചെയ്തു; ബുധനാഴ്ച കയ്യാഫാവിന്റെ ഭവനത്തിൽ കർത്താവിനെ തടവിലിട്ടു; വ്യാഴാഴ്ച പീലാത്തോസിന്റെ മുമ്പിൽക്കൊണ്ടുപോയി; വെള്ളിയാഴ്ച കുരിശിൽ തറച്ചുകൊന്നു; ശനിയാഴ്ച താൻ കല്ലറയിൽ കിടക്കുകയും, ഞായറാഴ്ച ഉത്ഥാനം ചെയ്യുകയും ചെയ്തു. ഡിഡാസ്ക്കാലിയാ, ഓരോ ദിവസത്തേയും സുവിശേഷസംഭവങ്ങളുമായി ബന്ധിപ്പിക്കുന്നതു ഓരോ ദിവസവും ഉപവസിക്കുന്നതിന്റെ കാരണം വിശദീകരിക്കുവാനാണ്: 'വെള്ളിയാഴ്ച രക്ഷകനെ കുരിശിച്ചതു വഴി, മനുഷ്യർ സ്വയം കൊന്നു. അതിനാൽ വെള്ളിയാഴ്ച ഉപവസിക്കുക; കർത്താവ് കല്ലറയിൽ ഉറങ്ങിയതുകൊണ്ട് ശാബതിലും ഉപവസിക്കുക.'

377 -ൽ സലാമീസിലെ ബിഷപ്പായിരുന്ന എപ്പിഫാനിയോസും ഈ പാരമ്പര്യത്തെപ്പറ്റി എഴുതിയിട്ടുണ്ട്: 'ഉയിർപ്പിനു മുമ്പുള്ള ആറു ദിവസം എല്ലാ വിശ്വാസികളും ഉപവാസത്തോടെ ആചരിക്കുന്നു. സന്ധ്യയ്ക്ക് അപ്പവും വെള്ളവും ഉപ്പും മാത്രമേ അവർ ഭക്ഷിക്കാറുള്ളൂ. എന്നാൽ കൂടുതൽ ഭക്തി തീക്ഷ്ണതയുള്ളവർ രണ്ടോ, മൂന്നോ, നാലോ ദിവസവും, ചിലർ ആഴ്ച മുഴുവനും – ഉയിർപ്പുദിവസം പ്രഭാതം വരെ ഉപവസിക്കാറുണ്ട്. അവർ ആറു ദിവസവും അവരുടെ പ്രാർത്ഥന (Vigil) നടത്തുന്നു. വലിയനോമ്പിലെ (lent) എല്ലാ ദിവസവും ഉച്ചതിരിഞ്ഞു മൂന്നു മണി മുതൽ സന്ധ്യ വരെ അവർ പ്രാർത്ഥിക്കാറുണ്ട്. എന്നാൽ (കഷ്ടാനുഭവാഴ്ചയിൽ) വ്യാഴാഴ്ച സന്ധ്യ മുതൽ വെള്ളിയാഴ്ച പ്രഭാതം വരെയും, ശനിയാഴ്ച സന്ധ്യ മുതൽ ഉയിർപ്പിന്റെ ദിവസം പ്രഭാതം വരെയും അവർ തുടർച്ച

യായി പ്രാർത്ഥിക്കുന്നു. ചിലയിടങ്ങളിൽ വ്യാഴാഴ്ച ഉച്ചതിരിഞ്ഞു മൂന്നു മണിക്കു വി. കുർബാന അർപ്പിക്കാറുണ്ട്. മറ്റു സ്ഥലങ്ങളിൽ ഉയിർപ്പിന്റെ ദിവസം പ്രഭാതത്തിലല്ലാതെ വി. കുർബാനയർപ്പിക്കാറില്ല.'

വെള്ളിയാഴ്ചയും ശനിയാഴ്ചയും രാത്രിയിലുള്ള അഖണ്ഡ പ്രാർത്ഥന (Vigil) യെപ്പറ്റി ഡിഡാസ്ക്കാലിയായും പരാമർശിക്കുന്നുണ്ട്. പ്രാർത്ഥനകൾ, മദ്ധ്യസ്ഥപ്രാർത്ഥനകൾ, വേദവായന എന്നിവയായിരുന്നു അഖണ്ഡ പ്രാർത്ഥനയിലുണ്ടായിരുന്നത്. നാലാം നൂറ്റാണ്ടിൽ കൈസര്യയിലെ വി. യൂസേബിയോസും ഈ പതിവിനെപ്പറ്റി പറയുന്നുണ്ട്.

### 3. നാല്പ്പതു ദിവസത്തെ ഉപവാസം

എപ്പിഫാനിയോസ് 'വലിയ നോമ്പ്' (Lent) നെപ്പറ്റി പറയുന്നതു നാല്പതു ദിവസത്തെ ഉപവാസത്തെപ്പറ്റിയായിരിക്കണം. വലിയ നോമ്പ് എന്നല്ലാതെ കൂടുതൽ വിശദീകരണങ്ങൾ അദ്ദേഹം നൽകുന്നില്ല. നാല്പതു ദിവസത്തെ ഉപവാസത്തെപ്പറ്റി ആദ്യമായി പറയുന്നതു നിഖ്യാ സുന്നഹദോസിന്റെ (325) അഞ്ചാമത്തെ കാനോനിലാണ്. വി. അത്താനാസ്യോസിന്റെ പെരുന്നാൾ ലേഖനങ്ങളിലും (Fertal Letters) നാല്പതു ദിവസത്തെ ഉപവാസത്തെപ്പറ്റി സൂചനകളുണ്ട്. ലവദോക്യ സുന്നഹദോസാണ് (C. 360) എല്ലാ വിശ്വാസികളും നാല്പതു ദിവസം ഉപവസിക്കണമെന്ന് ആദ്യമായി അനുശാസിച്ചത്. അതുവരെ മാമോദീസായേൽക്കുന്നവർക്കു മാത്രമുള്ളതായിരുന്നു വലിയ നോമ്പ്. ഉയിർപ്പിനു മുമ്പുള്ള ആറു ദിവസത്തെ നോമ്പ്, ആറാഴ്ചത്തേയ്ക്കു നീട്ടുന്നതു സ്നാനാർത്ഥികളുടെ മാമോദീസായ്ക്കുള്ള ഒരുക്കത്തിന്റെ ഭാഗമായിട്ടാണ്. സ്നാനത്തിനു മുമ്പുള്ള ഉപവാസം അതിപുരാതന പാരമ്പര്യമാണെന്നു നാം കാണുകയുണ്ടായി. ഉയിർപ്പുപെരുന്നാളിൽ സ്നാനമേൽക്കുന്നവർ സഭയുടെ നിയമമനുസരിച്ച് രണ്ടോ ആറോ ദിവസങ്ങൾ ഉപവസിച്ചിരുന്നു. എന്നാൽ നാലാം നൂറ്റാണ്ടിൽ സ്നാനാർത്ഥികളുടെ പരിശീലനകാലം ചുരുങ്ങിയത് ആറാഴ്ചയായി (നാല്പതു ദിവസം) സഭ നിശ്ചയിച്ചു. ഈ ദിവസങ്ങളിൽ അവർ ഉപവസിക്കണമെന്നു നിഷ്ക്കർഷിക്കുകയും ചെയ്തു.

അനുതാപത്തിന്റെയും, ഉയിർപ്പുപെരുന്നാളിനുള്ള ഒരുക്കത്തിന്റെയും ഭാഗമായി വിശ്വാസികളും ഈ ഉപവാസത്തിൽ പങ്കുചേർന്നു. സ്നാനാർത്ഥികളോടു കൂടി വിശ്വാസികളും ഉപവസിക്കുന്ന രീതിയെപ്പറ്റി ഡിഡാക്കെ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ? സഭയിൽ ധാരാളമായിട്ടുണ്ടായിരുന്ന നാമമാത്ര ക്രിസ്ത്യാനികളിൽ വിശ്വാസബോധമങ്കുരിപ്പിക്കുവാൻ വലിയനോമ്പ് സഹായിക്കുമെന്നു മനസ്സിലാക്കിയ സഭാപിതാക്കന്മാർ ഇതിനെ പ്രോത്സാഹിപ്പിച്ചു. വലിയനോമ്പിൽ പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമുള്ള പ്രാധാന്യം വിശ്വാസബോധനത്തിനും അവർ നൽകി. വലിയനോമ്പിൽ

വിശ്വാസികൾക്കും, സ്നാനാർത്ഥികൾക്കുമായി യെറുശലേമിലെ വി. കൂറിലോസ് നടത്തിയ പ്രസംഗങ്ങളാണു മാമോദീസായെപ്പറ്റിയുള്ള 18 പ്രസംഗങ്ങൾ (Baptismal Homilies), നിഖ്യാ വിശ്വാസപ്രമാണത്തിന്റെ സരളമായ വ്യാഖ്യാനമാണ് ഇവയുടെ ഉള്ളടക്കം. മപ്സുവെസ്റ്റ്യായിലെ തിയൊദോർ (+ 428 Theodore of Mopsuestia, Baptismal Homilies), അന്ത്യോക്യയിലെ വി. സേവറിയോസ് (+ 538 Cathedral Homilies) എന്നിവരും വലിയ നോമ്പിൽ ഇത്തരത്തിലുള്ള വിശ്വാസബോധന പ്രസംഗങ്ങൾ നടത്തിയിട്ടുണ്ട്. ഇന്നും ധ്യാനത്തിനും, വിശ്വാസബോധനത്തിനുമുള്ള അവസരമായി വലിയനോമ്പ് ഉപയോഗിക്കാവുന്നതാണ്.

കർത്താവു നാല്പതു ദിവസം ഉപവസിച്ചുവെന്ന വസ്തുത വലിയ നോമ്പിനു പരക്കെ അംഗീകാരം ലഭിക്കാനിടയാക്കി. കർത്താവിന്റെ മാതൃകയിൽ 'ലോകമെമ്പാടും' നാൽപതു ദിവസം ഉപവസിക്കുന്നതായി 340–ൽ വി. അത്താനാസ്യോസ് എഴുതിയിട്ടുണ്ട്. നാലാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ മിക്കവാറും എല്ലാ സഭകളും നാൽപതു ദിവസത്തെ നോമ്പ് അംഗീകരിച്ചു കഴിഞ്ഞിരുന്നു.*

നാൽപ്പതു ദിവസം കണക്കാക്കുന്ന രീതി പലയിടത്തും വ്യത്യസ്തമായിരുന്നു. വലിയനോമ്പിലെ ശനിയും ഞായറും ഉപവാസദിനങ്ങളായിരുന്നില്ല. ഞായറാഴ്ച കർത്താവിന്റെ ഉത്ഥാനത്തിന്റെ പ്രതിവാരാഘോഷമായിരുന്നതിനാൽ ഉപവാസം വിലക്കിയിരുന്നു. ശനിയാഴ്ച ഈ 'പ്രതിവാര ഈസ്റ്ററിന്റെ' ഒരുക്കനാളാണ്; കാത്തിരിപ്പിന്റെയും പ്രത്യാശയുടെയും ദിവസമാണ്. അന്തിമ ഉയിർപ്പിനായി കാത്തിരിക്കുന്ന മരിച്ചുപോയവരെ അനുസ്മരിക്കുന്ന ദിവസമാണ്. അവരുടെ പ്രത്യാശയായ ക്രിസ്തു കല്ലറയിൽ കിടക്കുകയും, പാതാളത്തിലിറങ്ങി മരിച്ചവർക്ക് ആസന്നമായ ഉത്ഥാനത്തിന്റെ സദ്വാർത്ത അറിയിക്കുകയും ചെയ്തു. 'മണവാളൻ വേർപിരിഞ്ഞ' ദുഃഖശനിയാഴ്ച ഒഴികെയുള്ള ശനിയാഴ്ചകളിൽ ഉപവസിക്കുന്നതിനെ സഭ വിലക്കിയിരിക്കുന്നത് ഇക്കാരണത്താലാണ്. ഞായറാഴ്ച പോലെ തന്നെ പ്രത്യാശയുടെ ദിവസമായതുകൊണ്ടാണു നോമ്പിലെ ശനിയാഴ്ചകളിൽ വി. കുർബാനയർപ്പണം നിഷ്ക്കർഷിച്ചിരിക്കുന്നത്. വലിയ നോമ്പിലെ ശനിയും ഞായറും ഒഴിച്ചാൽ ഉപവാസദിനങ്ങളുടെ എണ്ണം കുറയുന്നു. അതിനാൽ കർത്താവിന്റെ മാതൃകയിൽ കൃത്യം നാൽപതു ദിവസം ഉപവസിക്കുവാൻ പൗരസ്ത്യസഭകൾ വലിയനോമ്പ് 7 ആഴ്ചത്തേയ്ക്ക് (അമ്പതു ദിവസത്തേയ്ക്ക്) ദീർഘിപ്പിച്ചു. ഈ പതിവ് 375 നോടടുത്തു യെറുശലേമിൽ ഉണ്ടായിരുന്നതായി, എത്തറിയായെന്ന സ്പാനീഷ്

---

* ഗ്രീക്കിൽ tessarakoste എന്നും, ലാറ്റിനിൽ quadragesima എന്നുമാണു നാൽപ്പതു നോമ്പ് അറിയപ്പെട്ടിരുന്നത്.

തീർത്ഥാടക എഴുതിയിരിക്കുന്നു. എന്നാൽ പാശ്ചാത്യസഭകളിൽ ഞായ റാഴ്ച മാത്രം ഉപവാസത്തിൽ നിന്നൊഴിയുന്ന രീതിയാണ് ആദിമകാല ത്തുണ്ടായിരുന്നത്. അതായതു 36 ദിവസം പാശ്ചാത്യർ ഉപവസിച്ചിരുന്നു. അതിനാൽ 40 ദിവസം തികയ്ക്കുവാൻ വലിയ നോമ്പാരംഭത്തിനു തൊട്ടു മുമ്പുള്ള ബുധനാഴ്ച (Ash Wednesday) മുതൽ ഉപവസിക്കുന്ന രീതി റോമൻസഭ ഏഴാം നൂറ്റാണ്ടിൽ ആരംഭിച്ചു. നാൽപ്പതു ദിവസം കൃത്യമായി ഉപവസിക്കുന്നതിനേക്കാൾ ഈസ്റ്ററിനു നാല്പതു ദിവസം പ്രാർത്ഥനാ പൂർവം ഒരുങ്ങുന്നതിനായിരുന്നു ആദിമസഭയിൽ പ്രാധാന്യം കൽപ്പിച്ചി രുന്നത്.

നാലും അഞ്ചും നൂറ്റാണ്ടുകളിൽ ഉപവാസം കൂടുതൽ കർശനമാക്കി. ഇക്കാലത്തു സന്ധ്യയ്ക്കു മാത്രം ഭക്ഷിക്കുവാൻ സഭ ഉപവാസക്കാരെ ഉദ്ബോധിപ്പിച്ചിരുന്നു. മത്സ്യം, മാംസം, ക്ഷീരോൽപ്പന്നങ്ങൾ, മുട്ട എന്നിവ വിലക്കുന്നതും ഇക്കാലത്താണ്. കത്തോലിക്കാസഭ 9-ാം നൂറ്റാണ്ടു മുതൽ ഉപവാസത്തിൽ അയവുകൾ വരുത്തിത്തുടങ്ങി. 15-ാം നൂറ്റാണ്ടു മുതൽ കത്തോലിക്കാ സന്യാസിമാർ ഉച്ച വരെ മാത്രമേ ഉപവസിച്ചിരുന്നുള്ളു. 1964-ലെ രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം, നോമ്പിലെ വെള്ളിയാഴ്ച ഒഴിച്ചുള്ള ദിവസങ്ങളിൽ മാംസം ഭക്ഷിക്കുവാൻ കത്തോ ലിക്കർക്ക് അനുവാദമുണ്ട്. എന്നാൽ പൗരസ്ത്യസഭകൾ വലിയ നോമ്പ് ആചരിക്കുന്നതിൽ വിട്ടുവീഴ്ചകൾ ചെയ്യാറില്ല.

## വലിയനോമ്പ് സുറിയാനി പാരമ്പര്യത്തിൽ

വലിയനോമ്പ് അതിൽത്തന്നെ ഒരു ലക്ഷ്യമല്ല, അതിന് അർത്ഥം നൽകുന്നത് ഈസ്റ്ററാണ്. ഈസ്റ്ററിന്റെ പുതുജീവൻ പ്രാപിക്കാനുള്ള ഒരു ക്കമാണു വലിയനോമ്പ്. അനുതാപത്തിന്റെയും ആത്മീയ ഒരുക്കത്തി ന്റെയും അവസരമാണിത്. സഭയുടെ ശുദ്ധീകരണത്തിനുള്ള സമയമാണ്; ആത്മീകമായും, ആന്തരീകവുമായ ഒരുക്കത്തിന്റെ പ്രതീകമായിട്ടാണു ഭക്ഷണത്തിൽ നിന്നും ഉപവസിക്കുന്നത്. ആത്മസംയമനത്തിന്റെ അടയാ ളമാണു ഭക്ഷണം വെടിയുന്നത്. അനുതപിച്ചു ദൈവോന്മുഖമായി ജീവി ക്കുന്നു എന്നയർത്ഥത്തിലാണു ഭക്ഷണം ഉപേക്ഷിക്കുന്നത്. ഭക്ഷണ സമ്പാദനത്തിലാണു മനുഷ്യൻ പലപ്പോഴും തിന്മയുടെ മാർഗങ്ങൾ അവ ലംബിക്കുന്നത്. 'മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ജീവിക്കുന്നത്' (മത്താ. 4:4; ആവ. 8:3) എന്നതന്വർത്ഥമാക്കുവാൻ കൂടിയാണ് ഉപവസി ക്കുന്നത്. ഉപവാസത്തിന് അർത്ഥം നൽകുന്നതു ജീവിത പരിവർത്തന മാണ്. യഥാർത്ഥ ജീവിത പരിവർത്തനമെന്നതു പാപബോധമുണ്ടാകുന്നതു മാത്രമല്ല; പാപത്തിന്റെ വഴികളെ പൂർണമായി ഉപേക്ഷിക്കുന്നതാണ് (യോവേൽ 2:12-13). പാപത്തെ ഒരു രോഗാവസ്ഥയായിട്ടാണു സുറിയാനി

പാരമ്പര്യം കാണുന്നത്. യഥാർത്ഥ വൈദ്യനായ ക്രിസ്തു പാപികളെ അനുകമ്പയോടെ വീക്ഷിച്ചു സൗഖ്യമാക്കുന്ന സംഭവങ്ങൾ വലിയനോമ്പിലെ ഞായറാഴ്ചകളിലെ വായനകളിലുൾപ്പെടുത്തിയിരിക്കുന്നത് ഇക്കാരണം കൊണ്ടാണ്.

## അനുരഞ്ജന ശുശ്രൂഷ

യാഗാർപ്പണത്തിനു മുമ്പു സഹോദരനുമായി നിരക്കണമെന്നുള്ള (മത്താ. 5:23–25) കർതൃവചനത്തിന്റെ മാതൃകയിലാണു വലിയനോമ്പിനു മുമ്പ് നിരപ്പിന്റെ ശുശ്രൂഷ (ശുബ്ക്കോനോ) നടത്തുന്നത്. ബാഹ്യചടങ്ങിനേക്കാൾ ഹൃദയപരിവർത്തനമാണു നോമ്പിന്റെ ലക്ഷ്യമെന്ന് ഈ ശുശ്രൂഷയിലെ പ്രാർത്ഥനകൾ അനുസ്മരിപ്പിക്കുന്നു. മദ്യവും ഭക്ഷണവും വെടിഞ്ഞുള്ള നോമ്പിന് അർത്ഥം നൽകുന്നത് ജീവിത പരിവർത്തനമാണ്. 'സഹോദരന്മാരെ നമുക്ക് അന്യോന്യം സ്നേഹിക്കാം; കാരണം ഇതാണ് (യഥാർത്ഥ) കൽപ്പനയുടെ ആചരണം. അസൂയയും, വൈരാഗ്യവും നിറഞ്ഞ ഹൃദയത്തോടെ ഭക്ഷണത്തിൽ നിന്ന് ഉപവസിക്കുന്നവരുണ്ട്. വീഞ്ഞു കുടിക്കാതിരിക്കുകയും രഹസ്യത്തിൽ സഹോദരനെ കൊല്ലുകയും ചെയ്യുന്നവനുമുണ്ട്' (ശുബ്ക്കോനോ ശുശ്രൂഷ). ജീവിതത്തിൽ നന്മയുണ്ടാകുവാൻ ആഗ്രഹിക്കാതെ, മറ്റുള്ളവരാൽ അംഗീകാരം കിട്ടുവാൻ ഉപവസിക്കുന്നതു വ്യർത്ഥമാണ്.

## നോമ്പിന്റെ ലക്ഷ്യം ജീവിത ശുദ്ധീകരണം

ഭക്ഷണവും ലൗകിക സുഖങ്ങളും ആസ്വദിച്ചു നശിച്ചുപോകാനുള്ളതല്ല, മനുഷ്യശരീരം. ദൈവമന്ദിരമായിത്തീരുവാനാണു ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ദൈവ മന്ദിരമായി ശരീരത്തെ ശുദ്ധീകരിക്കുവാനും, സമർപ്പിക്കുവാനുമാണു നോമ്പ് ആചരിക്കുന്നത്.

"ഭക്ഷണങ്ങളുടെ സംതൃപ്തി കൂടാതെ, ശരീരത്തെ സൂക്ഷ്മമായി കാത്തുകൊള്ളുന്നതിനും, സകലവിധ ദുഷ്ടവിചാരങ്ങളുടെയും ഹേതുവായ ഉദരത്തെ നിയന്ത്രിക്കുവാനും, മരണവും നാശവും വരുത്തുന്ന ഇന്ദ്രിയങ്ങളെ അടക്കുവാനും ഞങ്ങൾക്കു ശക്തി നൽകണമേ. കർത്താവേ ഞങ്ങളുടെ കേൾവിയെ നിന്റെ വിശുദ്ധ കൽപ്പനകൾ സ്വീകരിക്കുന്നതിനു വെടിപ്പാക്കണമേ. ഞങ്ങളുടെ ഘ്റാണം ദൈവിക ആത്മാവിനെ ആസ്വദിപ്പാനും, കാഴ്ച നിന്റെ അത്ഭുതങ്ങളെ ധ്യാനിപ്പാനും, നാവു നിന്റെ തിരുവചനമാധുര്യത്താൽ ആനന്ദിപ്പാനും, സ്പർശനം പുണ്യപ്രവർത്തികളാൽ ശുഭപ്പെടുന്നതിനും പ്രാപ്തി നൽകണമേ. ഞങ്ങളുടെ ആത്മാവിന്റെ ഇന്ദ്രിയങ്ങളെ നീതിയാലും വിശുദ്ധ പുണ്യത്താലും ദൈവത്താൽ നിർമ്മിക്കപ്പെട്ട ആദ്യ മനുഷ്യന്റെ സൃഷ്ടിയായി ഭേദപ്പെടുത്തണമേ" (കൊത്തിനെ

ചൊവ്വാ, പ്രഭാതത്തിന്റെ സെദ്റാ). വീഴ്ചയ്ക്കു മുമ്പുള്ള ആദാമിന്റെ നിഷ്കളങ്കാവസ്ഥ പ്രാപിക്കുകയാണു നോമ്പിന്റെ ലക്ഷ്യം.

മനുഷ്യജീവിതമെന്നതു നിരന്തര പോരാട്ടമാണ്. മരണത്തോടും, വിശപ്പിനോടും, അലസതയോടും, നിരാശയോടുമുള്ള അവിശ്രമ യുദ്ധമാണ്. ജീവിത പോരാട്ടത്തിന്റെ ആത്മീയവശത്തെപ്പറ്റി മനുഷ്യൻ ബോധവാനാകേണ്ട അവസരമാണു നോമ്പ്. ദൈവത്തിൽ നിന്നും മനുഷ്യനെ അകറ്റുന്ന തിന്മയോടും, പ്രലോഭനങ്ങളോടുമുള്ള പോരാട്ടമാണു നോമ്പ്.

"ഈ പരിശുദ്ധ നോമ്പാകുന്ന പോരാട്ടക്കളത്തിൽ ആകൽക്കറുസായ്ക്കെതിരായി തോറ്റു പോകാത്തവിധം ജയഘോഷത്തോടെ നിൽപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ. അവനോടുള്ള പോരാട്ടത്തിൽ ഞങ്ങൾ വീരന്മാരായിത്തീർന്നു ജയത്തോടു കൂടി നിന്റെ വിശുദ്ധ ഭടന്മാർക്കുള്ള കിരീടത്തിന് അർഹന്മാരായിത്തീരണമേ" (കൊത്തിനെ, ബുധൻ എത്രോ).

നോമ്പിന്റെ വിവിധ വശങ്ങളിലേക്കു വെളിച്ചം വീശുന്നവയാണു കൊത്തിനെ ആഴ്ചയിലെ പ്രൊമിയോൻ - സെദ്റാകൾ. നമുക്കു ചുറ്റുമുള്ള വിശക്കുന്ന ജനങ്ങളുമായി താദാത്മ്യപ്പെടുവാനുള്ള അവസരം കൂടിയാണു നോമ്പ്. ഉപവസിച്ചു മിച്ചം വെക്കുന്ന ഭക്ഷണം ദരിദ്രന്മാർക്കു കൊടുക്കണമെന്നു വലിയനോമ്പിലെ പ്രാർത്ഥനകൾ ഉദ്ബോധിപ്പിക്കുന്നു.

"ഉപവാസക്കാരനായ നീ ദരിദ്രനെ വിളിച്ച് അവനു ഭക്ഷണം കൊടുക്കുക. അവൻ ഇങ്ങോട്ടു വന്നിട്ടല്ല, നീ അവന്റെ പിന്നാലെ ചെന്ന് അവന്റെ ഉദരത്തെ നിറയ്ക്കുകയാണു വേണ്ടത്. നിലങ്ങൾ കൃഷിക്കാരുടെ പിന്നാലെ പോയിട്ടല്ല, എന്നാലോ കൃഷിക്കാർ തന്നെ വിത്തു വഹിച്ചു കൊണ്ടു വിതയ്ക്കുവാൻ പുറപ്പെടുകയത്രെ ചെയ്യുന്നത്. ദരിദ്രൻ വന്നു നിന്റെയടുക്കൽ മുട്ടുമ്പോൾ കർത്താവു ഭക്ഷണം നൽകിക്കൊള്ളുമെന്ന് അവനോടു പറകയല്ല വേണ്ടത്. അങ്ങനെ പറഞ്ഞാൽ ആ വചനം വ്യർത്ഥവും പ്രതിഫലമില്ലാത്തതും ആയിത്തീരും. എന്നാലോ നീ ഭക്ഷണം കൊടുത്തുകൊണ്ട് ഈ വചനം പറഞ്ഞാൽ അതു നിനക്കു ദോഷമല്ല. എന്തുകൊണ്ടെന്നാൽ നിന്നേക്കാൾ കൂടുതലായി അവനെ പോഷിപ്പിക്കുന്നവൻ ആരാകുന്നുവെന്ന് അവൻ അറിയുന്നു" (വലിയനോമ്പിലെ വ്യാഴാഴ്ച, ഒമ്പതാം മണിയുടെ പ്രാർത്ഥന).

നോമ്പിനെ അർത്ഥവത്താക്കുന്നത്, നമ്മുടെ സഹോദരനു നാമെത്തിക്കുന്ന സഹായമാണ്. പട്ടിണിയുടെ പിടിയിൽപ്പെട്ടു നിത്യം 'ഉപവസിക്കുവാൻ' വിധിക്കപ്പെട്ട സഹോദരങ്ങളെ സഹായിക്കാത്ത ഒരാളിന്റെ ഉപവാസം ദൈവത്തിനു പ്രീതികരമായിത്തീരുകയില്ല.

### ചോദ്യങ്ങൾ

1. നാൽപ്പതുനോമ്പിന്റെ ഉത്ഭവത്തെപ്പറ്റി ഉപന്യസിക്കുക.
2. ശനിയാഴ്ചയും ഞായറാഴ്ചയും ഉപവസിക്കാത്തതെന്തുകൊണ്ട്?

## പാഠം 3

# കഷ്ടാനുഭവാഴ്ച

❑ ക്രിസ്തീയ പെസഹാ ❑ കഷ്ടാനുഭവാഴ്ച നാലാം നൂറ്റാണ്ടിൽ ❑ ഓശാനപ്പെരുന്നാൾ ❑ ഓശാനയ്ക്കു ശേഷം ❑ പെസഹാ വ്യാഴാഴ്ച ❑ കാലുകഴുകൽ ശുശ്രൂഷ ❑ ദുഃഖവെള്ളിയാഴ്ച

കർത്താവിന്റെ വരവ് ആസന്നമാണെന്നു രണ്ടാം നൂറ്റാണ്ടിന്റെ അവസാനം വരെ ക്രിസ്തീയസഭ വിശ്വസിച്ചിരുന്നു. എന്നാൽ മൂന്നും നാലും നൂറ്റാണ്ടുകളിൽ ചരിത്രത്തിന്റെ അന്ത്യം വിദൂരഭാവിയിൽ സംഭവിപ്പാനിരിക്കുന്ന ഒന്നായി സഭ പഠിപ്പിച്ചു. കർത്താവിന്റെ വരവിനെക്കുറിച്ചുള്ള ഈ വിശ്വാസം, ആരാധനയുടെ വളർച്ചയിൽ പ്രധാനപ്പെട്ട പങ്കു വഹിച്ചിട്ടുണ്ട്. കർത്താവിന്റെ വരവിനായി കാത്തിരിക്കുന്നതിനേക്കാൾ, കർത്താവിന്റെ സാന്നിദ്ധ്യം ആരാധനയിലൂടെ അനുഭവിച്ചറിയുവാൻ സഭാപിതാക്കന്മാർ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. കർത്താവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ അനുസ്മരിക്കുന്ന പെരുന്നാളുകൾ വർഷം തോറും ആഘോഷിച്ചു തുടങ്ങിയത് ഈ സാഹചര്യത്തിലാണ്. സഭാപിതാക്കന്മാർ ഈ ആഘോഷങ്ങളെ പ്രോത്സാഹിപ്പിച്ചു. കാരണം അക്ഷരാഭ്യാസമില്ലാത്ത വിശ്വാസികൾക്കും, നാമമാത്ര ക്രിസ്ത്യാനികൾക്കും സുവിശേഷസത്യങ്ങൾ വിശദീകരിച്ചുകൊടുക്കാനുള്ള അവസരങ്ങളായിരുന്നു ഇത്തരം ആഘോഷങ്ങൾ.

ഒരു വർഷത്തിലെ ആരാധനയിലൂടെ കർത്താവിന്റെ ജനനം, സ്നാനം, പരസ്യശുശ്രൂഷ, മരണം, ഉത്ഥാനം, സ്വർഗാരോഹണം എന്നീ സംഭവങ്ങൾ പുതുതായി സഭയിൽ ചേർന്നവർക്ക് അനുഭവവേദ്യമാക്കുവാൻ സഭയ്ക്കു കഴിഞ്ഞു. ഓരോ ആഴ്ചയിലും, കർത്താവിന്റെ ജീവിതത്തിലെ ഓരോ സംഭവങ്ങൾ അവർ കണ്ടെത്തി. കർത്താവിന്റെ ജീവിതത്താൽ ചരിത്രവും സമയവും ശുദ്ധീകരിക്കപ്പെട്ടു. ആ ജീവിതസംഭവങ്ങളുടെ ആഘോഷത്താൽ സമയവും, ആഴ്ചകളും, വർഷവും ശുദ്ധീകരിക്കപ്പെടുന്നുവെന്നു സഭയ്ക്കു ബോദ്ധ്യമായി. സഭാ കലണ്ടറിന്റെ ഉത്ഭവം ഇങ്ങനെയാണ്.

കർത്താവിനോടു കൂടി ജീവിക്കുവാൻ വിശ്വാസികളെ സഹായിക്കുകയാണ് ആരാധനാവർഷത്തിന്റെയും സഭാ കലണ്ടറിന്റെയും ലക്ഷ്യം.

കഷ്ടാനുഭവാഴ്ച ആഘോഷിക്കുന്നതിന്റെ ലക്ഷ്യവും ഇതു തന്നെ; കർത്താവിനോടു കൂടി ജീവിക്കുവാൻ വിശ്വാസികളെ സഹായിക്കുക; കർത്താവിന്റെ മരണത്തിലും ഉത്ഥാനത്തിലും സാക്ഷികളാകുവാൻ അവരെ സഹായിക്കുക. ഓശാന ഞായറാഴ്ച വിശ്വാസികൾ കർത്താവിനോടു കൂടി യെറുശലേമിൽ പ്രവേശിക്കുന്നു; അന്ത്യ അത്താഴത്തിലും കാൽ കഴുകലിലും പങ്കാളികളായിത്തീരുന്നു; ഇഷ്ടശിഷ്യനായ യോഹന്നാനെപ്പോലെ ദുഃഖവെള്ളിയാഴ്ച കുരിശിന്റെ സമീപത്തു വേദനയോടെ നിൽക്കുന്നു; ദുഃഖശനിയാഴ്ച കല്ലറയുടെ സമീപം നിന്നു വിലപിക്കുന്നു; ഉയിർപ്പിന്റെ പ്രഭാതത്തിൽ കർത്താവിന്റെ സാന്നിദ്ധ്യത്തിൽ ഹർഷപുളകിതരാകുന്നു.

### ക്രിസ്തീയ പെസഹാ (Christian Passover)

ആദിമസഭയുടെ ഈസ്റ്ററാഘോഷത്തിൽ നിന്നാണു വലിയനോമ്പും കഷ്ടാനുഭവാഴ്ചയും ഉദ്ഭവിക്കുന്നത്. നാലാം നൂറ്റാണ്ടു വരെ ഉയിർപ്പു പെരുന്നാളിനു 'പാസ്ക്കാ' (Pascha – പെസഹാ) എന്നാണു പൗരസ്ത്യ സഭകൾ പേരു പറഞ്ഞിരുന്നത്. കുരിശുമരണവും ഉയിർപ്പും രണ്ടായി ആചരിക്കുന്ന രീതിയും അന്നുണ്ടായിരുന്നില്ല. ക്രിസ്തീയ പെസഹായിൽ ഇവ രണ്ടും ഒരുമിച്ചാണ് ആഘോഷിച്ചിരുന്നത്.

### കഷ്ടാനുഭവാഴ്ച നാലാം നൂറ്റാണ്ടിൽ

'കഷ്ടാനുഭവാഴ്ച' (Passion Week) എന്നതിനേക്കാൾ ആദിമസഭയിൽ ഉപയോഗിച്ചിരുന്ന പേരുകൾ 'വിശുദ്ധവാരം' (Holy Week), 'വലിയ ആഴ്ച' (Great Week) എന്നിവയായിരുന്നു. നാലാം നൂറ്റാണ്ടിൽ യെറുശലേമിലെ കഷ്ടാനുഭവാഴ്ച ആഘോഷങ്ങളെപ്പറ്റി മനസ്സിലാക്കുവാൻ സഹായിക്കുന്ന മൂന്നു രേഖകളുണ്ട്. (1) എത്തറിയാ എന്ന സ്പാനീഷ് സ്ത്രീ (C. 375) എഴുതിയ യാത്രാവിവരണം. (2) യെറുശലേമിലെ വി. കൂറിലോസിന്റെ വിശ്വാസബോധന പ്രസംഗങ്ങൾ (Mystagogical Catechesis). (3) നാലാം നൂറ്റാണ്ടിൽ വിരചിതമായ അർമ്മീനിയൻ വേദവായനക്കുറിപ്പ് (Armenian Lectionary). ഈ മൂന്നു രേഖകളിൽ ഏറ്റവും പ്രധാനം എത്തറിയായുടെ യാത്രാവിവരണമാണ്. യെറുശലേമിൽ സംബന്ധിച്ച ആരാധനയുടെ എല്ലാ വിശദാംശങ്ങളും അവർ എഴുതിയിട്ടുണ്ട്. എത്തറിയാ യെറുശലേമിൽ എത്തിയ കാലത്തു (C. 375) വലിയനോമ്പിന്റെ ദൈർഘ്യം ഏഴാഴ്ചയായിരുന്നു. ഓശാനയ്ക്കു തലേദിവസം തൊട്ടുള്ള ചടങ്ങുകൾ സൂക്ഷ്മമായി എത്തറിയാ വിവരിക്കുന്നുണ്ട്.

"(നോമ്പിലെ) ഏഴാമത്തെ ആഴ്ചയിൽ ശനിയാഴ്ച മുതൽ പീഡാനുഭവ സംഭവങ്ങൾ കൂടുതലായി ആരാധനയിൽ അനുസ്മരിച്ചു തുടങ്ങുന്നു. അന്നേദിവസം, എല്ലാവരും ലാസറിന്റെ ഗ്രാമമായ ബഥനിയിൽ പോയി (ആരാധനയിൽ സംബന്ധിക്കുകയും), 'ആറു ദിവസത്തിനുള്ളിൽ പെസഹാ ആചരിക്കും' എന്നിങ്ങനെയുള്ള വേദഭാഗം (യോഹ. 12:1) വായിച്ചു കേൾക്കുകയും ചെയ്യുന്നു." നാലാം നൂറ്റാണ്ടിലെ ഈ ശുശ്രൂഷയുടെ തുടർച്ചയായിട്ടാണ് ഓശാനയുടെ തലേദിവസം ലാസറിന്റെ ഉയിർപ്പിനെ അനുസ്മരിക്കുന്നത്.

### ഓശാനപ്പെരുനാൾ (Palm Sunday)

'പിറ്റേദിവസം ഞായറാഴ്ച, അതായത് ഓശാനാ ഞായറാഴ്ച (Palm Sunday), കഷ്ടാനുഭവാഴ്ച ആരംഭിക്കുകയായി. ഈ ദിവസങ്ങൾക്കു യെറുശലേമിൽ 'വലിയ ആഴ്ച' (Great Week) എന്നാണു പേര്. അന്നേദിവസം ഉച്ചതിരിഞ്ഞു കർത്താവിനെ എതിരേൽക്കുവാനായി ഒലിവുമലയിൽ നിന്നും പ്രദക്ഷിണം നടത്തുന്നു' (മത്താ. 21:1) എന്നിങ്ങനെ എത്തേറിയാ എഴുതുന്നു. ഓശാനപ്പെരുന്നാളിനെപ്പറ്റിയുള്ള ഏറ്റവും പുരാതനരേഖ, എത്തേറിയായുടെ വിവരണമാണ്: "അന്നു ഉച്ചതിരിഞ്ഞു യെറുശലേമിലെ വിശ്വാസികൾ ബിഷപ്പിനോടൊപ്പം ഒലിവുമലയിൽ കർത്താവു സ്വർഗ്ഗാരോഹണം ചെയ്ത സ്ഥലത്തെ ദേവാലയത്തിൽ എത്തി ആരാധന നടത്തിയിരുന്നു. യെറുശലേമിലേക്കുള്ള കർത്താവിന്റെ വിജയഘോഷയാത്രയെപ്പറ്റിയുള്ള വേദഭാഗങ്ങൾ വായിച്ചശേഷം, അഞ്ചു മണിയോടെ പ്രദക്ഷിണം ആരംഭിക്കുകയായി. കർത്താവിന്റെ മാതൃകയിൽ ബിഷപ്പ് കഴുതപ്പുറത്തു കയറി ഘോഷയാത്രയിൽ പങ്കെടുക്കുന്നു. ജനങ്ങൾ ഗീതങ്ങളും, സങ്കീർത്തനങ്ങളും ആലപിക്കുകയും, പ്രതിവാക്യമായി 'ഹോശന്നാ, യിസ്രായേലിന്റെ രാജാവായി കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ' (യോഹ. 12:13) എന്ന് ആർക്കുകയും ചെയ്തിരുന്നു.

കുരുത്തോല വാഴ്ത്തുന്നത് ഓശാന ശുശ്രൂഷയുടെ ഭാഗമായിത്തീരുന്നത് 6-ാം നൂറ്റാണ്ടിലാണ്. ആറാം നൂറ്റാണ്ടിൽ സ്പെയിനിലെ മൊസറബിക് ക്രമത്തിൽ (Mozarabic Rite) ഈ ചടങ്ങുണ്ടായിരുന്നു. അന്ത്യോക്യൻ സുറിയാനിക്രമത്തിന്റെ സ്വാധീനത്തിൽ രൂപം പ്രാപിച്ച മൊസറബിക് ക്രമം പൗരസ്ത്യരുടെ പതിവിനെ അനുകരിച്ചതായിരിക്കണം.

കർത്താവിനെ എതിരേറ്റ ജനങ്ങൾ 'ഈത്തപ്പനയുടെ കുരുത്തോല' (Branches of Plam trees) വഹിച്ചിരുന്നതായി യോഹന്നാൻ (12:12) എഴുതുന്നു. ഇതിൽനിന്നാണു Palm Sunday എന്ന പേരുണ്ടായത്. കുരുത്തോല രക്തസാക്ഷികളുടെ അടയാളമാണ് (വെളി. 7:9). തിന്മയുടെ മേലുള്ള രക്തസാക്ഷികളുടെ വിജയത്തിന്റെ അടയാളമായി അവരുടെ കബറിടങ്ങൾ

ആദിമസഭയിൽ കുരുത്തോല കൊണ്ടലങ്കരിച്ചിരുന്നു. കുരുത്തോല വിജയ ചിഹ്നമായിരുന്നതിനാൽ, മൽസരങ്ങളിൽ വിജയിക്കുന്ന കായികാഭ്യാസികൾക്കു സമ്മാനമായി നൽകിയിരുന്നത്രേ. കൂടാരപ്പെരുന്നാളാഘോഷത്തിന് യിസ്രായേൽജനം കുരുത്തോല ഉപയോഗിച്ചിരുന്നു (ലേവ്യ 23:40; നെഹ. 8:15). മക്കാബ്യർ സിറിയാക്കാരെ തോൽപ്പിച്ചപ്പോൾ കുരുത്തോലകളേന്തിയാണു ജനങ്ങളെ അവർ സ്വീകരിച്ചത് (1 മക്കാ. 13:37).

പെസഹാ പെരുന്നാളിൽ മശീഹാ വരുമെന്നും, ശത്രുക്കളെ പരാജയപ്പെടുത്തി യഹൂദന്മാർക്കു സ്വാതന്ത്ര്യം നൽകുമെന്നുമായിരുന്നു യഹൂദന്മാരുടെ പ്രതീക്ഷ. ഈ പശ്ചാത്തലത്തിലാണു കർത്താവിനെ കുരുത്തോലകളുമായി ജനങ്ങൾ എതിരേറ്റത്.

ആദിമസഭയിൽ പൊതുവെ ഉപയോഗിച്ചിരുന്ന പ്രതീകങ്ങളിലൊന്നായിരുന്നു കുരുത്തോലയുടെ ചിത്രം. മരണത്തെയും തിന്മയേയും ജയിച്ച ക്രിസ്തു കുരുത്തോലയേന്തി നില്ക്കുന്ന ചിത്രം ആദിമസഭയിൽ സാധാരണയായിരുന്നു. സ്വർഗ്ഗത്തിന്റെ പ്രതീകമായും കുരുത്തോലയുടെ ചിത്രം ഉപയോഗിച്ചിരുന്നു. അതിനാൽ പുരാതന ദേവാലയങ്ങളിൽ കുരുത്തോലകൾക്കിടയിൽ നിൽക്കുന്ന കുഞ്ഞാടിന്റെയും അപ്പോസ്തോലന്മാരുടെയും ചിത്രം കാണാം.

കർത്താവിന്റെ കുരിശുമരണത്തിന്റെയും, തിന്മയുടെ മേലുള്ള വിജയത്തിന്റെയും മുൻകുറിയായിട്ടാണു ഓശാന ദിവസം കുരുത്തോലകളേന്തി പ്രദക്ഷിണം നടത്തുന്നത്. യെറുശലേമിലേയ്ക്കു വിജയശ്രീലാളിതനായി പ്രവേശിച്ച യേശുവിനെ, അനുതാപത്തിന്റെയും, പ്രാർത്ഥനയുടെയും, ആത്മ സംയമനത്തിന്റെയും കുരുത്തോലകളുമായി ഓരോ വിശ്വാസിയും സ്വീകരിക്കേണ്ട ദിവസമാണു ഓശാനാ.

### ഓശാനയ്ക്കു ശേഷം

നാലാം നൂറ്റാണ്ടിൽ യെറുശലേമിൽ കഷ്ടാനുഭവാഴ്ചയിലെ ആരാധനകൾ നടത്തിയിരുന്നതു നാലു ദേവാലയങ്ങളിലായിട്ടാണ്.

1. ഹെലനി രാജ്ഞി കർത്താവിന്റെ കുരിശു കണ്ടെടുത്ത സ്ഥലത്തു കുസ്തന്തീനോസ് ചക്രവർത്തി പണികഴിപ്പിച്ച 'മാർട്ടീറിയം' (Martyrium) എന്ന ദേവാലയം.

2. കർത്താവിന്റെ കല്ലറയുടെ സ്ഥാനത്തു പണിത തിരുക്കബറിട ദേവാലയം അഥവാ 'അനസ്റ്റാസിസ്' (Anastasis).

3. ഒലിവു മലയിലെ 'എലയോണാ' (Eleona) എന്ന ചാപ്പൽ.

പാരമ്പര്യമനുസരിച്ചു മത്തായി 24-ാം അദ്ധ്യായത്തിലും, മർക്കോസ്

13-ാം അദ്ധ്യായത്തിലും രേഖപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ കർത്താവു ശിഷ്യന്മാരെ പഠിപ്പിച്ചതു ഇവിടെ വെച്ചാണ് (മത്താ. 24:3; മർക്കോ. 13:3 കാണുക).

4. കർത്താവു സ്വർഗാരോഹണം ചെയ്ത സ്ഥലത്തെ ഇംബോമോൻ (Imbomon) എന്ന ദേവാലയം.

എത്തറിയായുടെ വിവരണമനുസരിച്ചു തിങ്കളാഴ്ച ഉച്ചതിരിഞ്ഞു മൂന്നു മണിക്കു മാർട്ടീറിയത്തിൽ പ്രാർത്ഥനയുണ്ട്. ചൊവ്വാഴ്ച സന്ധ്യയ്ക്കു വിശ്വാസികൾ ഒലിവു മലയിലെ 'എലയോണാ'യിൽ ഒരുമിച്ചു കൂടുന്നു. മത്താ. 24; മർക്കോ. 13 എന്നീ വേദഭാഗങ്ങൾ ആരാധനയിൽ വായിച്ചിരുന്നു. ബുധനാഴ്ചത്തെ ആരാധന കബറിടദേവാലയത്തിൽ (അനസ്റ്റാസിസ്) വച്ചാണ്. അന്നു യൂദാ കർത്താവിനെ ഒറ്റിക്കൊടുത്തതിനെപ്പറ്റിയുള്ള വേദ ഭാഗം (മത്താ. 26:14-16) വായിച്ചിരുന്നു. പട്ടക്കാരൻ ഈ വേദഭാഗം വായിക്കു മ്പോൾ ജനങ്ങൾ കണ്ണുനീരോടെ വിലപിച്ചിരുന്നു. സ്നാനാർത്ഥികളെയും, വിശ്വാസികളെയും ബിഷപ്പ് ആശീർവദിക്കുന്നതോടെ ബുധനാഴ്ചത്തെ ആരാധനയുടെ സമാപ്തിയായി.

## പെസഹാ വ്യാഴാഴ്ച

ക്രിസ്തീയ പാരമ്പര്യത്തിൽ കഷ്ടാനുഭവാഴ്ചയിലെ വ്യാഴാഴ്ച മൂന്നു പ്രധാന ചടങ്ങുകൾ നടക്കുന്നുണ്ട്: (1) അന്ത്യ അത്താഴത്തിന്റെ പങ്കാളി ത്തമായ വി. കുർബാന. (2) കർത്താവ് ശിഷ്യന്മാരുടെ കാൽ കഴുകിയ സംഭവത്തിന്റെ (യോഹ. 13:1-20) ആരാധനാപരമായ അനുസ്മരണം. (3) വി. മൂറോൻ കൂദാശ. നാലാം നൂറ്റാണ്ടിൽ യെറുശലേമിൽ വി. കുർബാന മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതു വ്യാഴാഴ്ച ഉച്ച തിരിഞ്ഞു രണ്ടു മണിക്കു മാർട്ടീറിയത്തിൽ ആണ് അർപ്പിച്ചിരുന്നത്.

## കാൽകഴുകൽ ശുശ്രൂഷ*

അന്ത്യ അത്താഴത്തിനിടയിൽ യേശു എഴുന്നേറ്റു പുറങ്കുപ്പായം ഊരി വച്ചു ഒരു തൂവാല അരയിൽ ചുറ്റി, പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യ ന്മാരുടെ കാൽ കഴുകിത്തുടച്ചു (യോഹ. 13:4-5). മദ്ധ്യപൂർവ ദേശങ്ങളിൽ വീട്ടിൽ വരുന്ന അതിഥിയെ കാൽ കഴുകുവാൻ വെള്ളം കൊടുത്തായി രുന്നു സ്വീകരിച്ചിരുന്നത് (ഉല്പ. 18:4). പഴയനിയമത്തിലെ പുരോഹിത ന്മാർ പൗരോഹിത്യ ശുശ്രൂഷ നിവർത്തിക്കുവാൻ സമാഗമന കൂടാരത്തിൽ കടക്കുന്നതിനു മുമ്പു കാലുകളും കൈകളും കഴുകിയിരുന്നു (പുറ.

* ഗ്രന്ഥകർത്താവിന്റെ 'കാൽ കഴുകൽ ശുശ്രൂഷയുടെ അർത്ഥം' എന്ന ലേഖന ത്തിൽ (*മലങ്കരസഭ*, 1987 ഏപ്രിൽ, പേജ് 19-22) ഈ ശുശ്രൂഷയുടെ വിശദാംശ ങ്ങൾ വിവരിച്ചിട്ടുണ്ട്.

30:19–20). കർത്താവിന്റെ കാലത്തു പാലസ്തീനിൽ ധനവാന്മാരുടെ വീടുകളിൽ അടിമകളാണ് അതിഥികളുടെ കാൽ കഴുകിയിരുന്നത്. റാബിമാരുടെ ശിഷ്യന്മാർ ഒരു അടിമയുടെ രീതിയിൽ ഗുരുവിനെ ശുശ്രൂഷിക്കുവാൻ ബാദ്ധ്യസ്ഥരായിരുന്നു. ഈ പശ്ചാത്തലത്തിൽ വേണം കർത്താവിന്റെ പ്രവൃത്തിയുടെ അർത്ഥം മനസ്സിലാക്കുവാൻ. കർത്താവു ശിഷ്യന്മാരുടെ കാൽ കഴുകിയത്, തന്റെ കഷ്ടാനുഭവത്തിന് അവരെ ഒരുക്കുവാനും, അതിൽ പങ്കാളികളാക്കുവാനും ആയിരുന്നു (യോഹ. 13:6–8). അതോടൊപ്പം തന്റെ കുരിശുമരണമെന്ന താഴ്മയുടെ ശുശ്രൂഷയെപ്പറ്റി അവരെ ബോധവാന്മാരാക്കുവാനും കർത്താവ് ആഗ്രഹിച്ചിരുന്നിരിക്കണം. വി. കുർബാനാനുഭവത്തിനുള്ള ഒരുക്കമായിട്ടു കൂടി കാൽ കഴുകലിനെ കണക്കാക്കാവുന്നതാണ് (യോഹ. 13:9–10).

സഭയുടെ ചരിത്രത്തിൽ മൂന്നു വ്യത്യസ്ത അവസരങ്ങളിൽ കാൽ കഴുകുന്ന രീതിയുണ്ട്. (1) സ്നാനമേറ്റവരുടെ കാൽ കഴുകുന്ന രീതി നാലാം നൂറ്റാണ്ടു മുതൽ പാശ്ചാത്യ സഭയിൽ ഉണ്ടായിരുന്നു. മിലാനിൽ മാമോദീസായിൽ കാൽ കഴുകുമ്പോൾ യോഹ. 13–ാം അദ്ധ്യായം വായിച്ചിരുന്നു. എട്ടാം നൂറ്റാണ്ടോടു കൂടി ഈ പതിവ് അപ്രത്യക്ഷമായി. (2) സന്യാശ്രമങ്ങളിൽ ചെല്ലുന്നവരുടെ കാൽ കഴുകുന്ന രീതി പാശ്ചാത്യ സന്യാസിമാർക്കിടയിൽ ഉണ്ടായിരുന്നു. സന്യാസ സ്ഥാനലബ്ധിയുടെ ഭാഗമായും കാൽ കഴുകൽ ഉണ്ടായിരുന്നു. സുറിയാനി സഭയിൽ റമ്പാന്മാരെ വാഴിക്കുമ്പോൾ കാൽ കഴുകുന്ന രീതി ഇന്നുമുണ്ട്. (3) പെസഹാ വ്യാഴാഴ്ച കാൽ കഴുകുന്ന രീതി കുറഞ്ഞതു അഞ്ചാം നൂറ്റാണ്ടു മുതൽ സഭയിലുണ്ട്. മെത്രാപ്പോലീത്താ തന്റെ കത്തീഡ്രൽ ദേവാലയത്തിൽ വച്ചു വൈദികരുടെയോ, അവൈദികരുടെയോ കാൽ കഴുകുന്നതാണ് സഭയുടെ പാരമ്പര്യം. ബിഷപ്പു മാത്രമല്ല, വൈദികരും ഇടവകപ്പള്ളികളിൽ കാൽ കഴുകുന്ന പതിവ് കത്തോലിക്കാ സഭയിലുണ്ട്.

694 –ൽ സ്പെയിനിലെ ടൊളെഡോയിൽ ചേർന്ന ഒരു സുന്നഹദോസ്, മെത്രാപ്പോലീത്തന്മാരും, വൈദികരും പെസഹാ വ്യാഴാഴ്ച കാൽ കഴുകൽ ശുശ്രൂഷ നടത്തണമെന്നു അനുശാസിച്ചു. പുരാതനമായ ഈ പതിവ് പട്ടക്കാർ മുടക്കുന്നു എന്നായിരുന്നു പ്രസ്തുത സുന്നഹദോസിന്റെ പരാതി. കാൽകഴുകൽ മുടക്കുന്ന മെത്രാപ്പോലീത്താമാരേയും, പട്ടക്കാരേയും രണ്ടു മാസത്തേക്കു മുടക്കണമെന്നു സുന്നഹദോസ് തീരുമാനിക്കുകയും ചെയ്തു. സ്പെയിനിലും ഫ്രാൻസിലുമുള്ള കത്തോലിക്കാ വൈദികരെ ഉദ്ദേശിച്ചായിരുന്നു ഈ തീരുമാനം. സഭയുടെ ദൗത്യം ശുശ്രൂഷിക്കുകയാണെന്നാണു കാൽകഴുകൽ ശുശ്രൂഷയുടെ അർത്ഥം. അരയിൽ തൂവാല ചുറ്റി ശിഷ്യന്മാരുടെ കാൽ കഴുകിയ യേശുനാഥന്റെ മാതൃക സഭ പിന്തുടരണമെന്നാണു ദൈവം പ്രതീക്ഷിക്കുന്നത്. പാവങ്ങളുമായി സഭ

താദാത്മ്യപ്പെട്ടു ജീവിച്ച നൂറ്റാണ്ടുകളിൽ സഭയുടെ സേവനത്തിന്റെ ആഘോഷമായിട്ടാണു കാൽകഴുകൽ ശുശ്രൂഷയെന്ന അർത്ഥവത്തായ ആരാധന സഭ സ്വീകരിച്ചത്. ദൈവത്തിന്റെയും മനുഷ്യന്റെയും മുമ്പാകെ താഴ്മയുടെ പ്രതീകമായി ജീവിക്കുവാൻ സഭയ്ക്കു കടപ്പാടുണ്ട് എന്നാണ് ഇതിന്റെ അർത്ഥം.

## മൂറോൻ കൂദാശ

കുറഞ്ഞതു അഞ്ചാം നൂറ്റാണ്ടു മുതൽ പെസഹാ വ്യാഴാഴ്ച ശുശ്രൂഷയുടെ ഭാഗമായിട്ടാണു മൂറോൻ കൂദാശ ചെയ്തിരുന്നത്. വി. കുർബാനയും വി. മൂറോൻ കൂദാശയും അന്ത്യ അത്താഴ സമയത്തു കർത്താവു ശിഷ്യന്മാരെ പഠിപ്പിച്ചുവെന്നാണു ചില സുറിയാനി പിതാക്കന്മാരുടെ അഭിപ്രായം (വി. കുർബാനയെപ്പറ്റിയല്ലാതെ മൂറോനെപ്പറ്റി സുവിശേഷങ്ങളിൽ പരാമർശനങ്ങളൊന്നുമില്ല). അതിനാൽ 'രഹസ്യങ്ങളുടെ വ്യാഴാഴ്ച' (Thursday of the Mysteries) എന്നാണു സുറിയാനി പാരമ്പര്യത്തിൽ പെസഹാ വ്യാഴാഴ്ച അറിയപ്പെടുന്നത്. എല്ലാ പെസഹാ വ്യാഴാഴ്ചയും മൂറോൻ കൂദാശ ചെയ്യുന്ന പതിവ് പതിമൂന്നാം നൂറ്റാണ്ടു വരെ സുറിയാനി സഭയിലുണ്ടായിരുന്നു. ബാറെബ്രായായുടെ കാലം വരെ (13-ാം നൂറ്റാണ്ട്) ഓരോ മെത്രാപ്പോലീത്തായും, അതാതു ഭദ്രാസനങ്ങളിൽ പെസഹാ വ്യാഴാഴ്ച പട്ടക്കാരുടെ സഹകരണത്തിൽ മൂറോൻ കൂദാശ ചെയ്തിരുന്നു. അതിനുശേഷം മാത്രമാണ് പാത്രിയർക്കീസോ കാതോലിക്കായോ മാത്രം അപൂർവമായി മൂറോൻ കൂദാശ ചെയ്യുന്ന രീതിയുണ്ടായത്.*

## പെസഹാ വ്യാഴാഴ്ച നാലാം നൂറ്റാണ്ടിൽ

എത്തറിയായുടെ വിവരണങ്ങളനുസരിച്ച് യെറുശലേമിൽ പെസഹാ വ്യാഴാഴ്ച ഉച്ചതിരിഞ്ഞു രണ്ടു മണിക്ക് മാർട്ടീറിയത്തിൽ വി. കുർബാന അർപ്പിച്ചിരുന്നു. അന്ത്യഅത്താഴത്തെപ്പറ്റിയുള്ള മത്താ. 26:20-39 ആയിരുന്നു സുവിശേഷത്തിൽ നിന്നും വായിച്ചിരുന്നത്. നാലു മണിക്കു വി. കുർബാന അവസാനിക്കുമ്പോൾ ജനങ്ങൾ പിരിയുന്നു. സന്ധ്യയ്ക്കു ഏഴു മണിക്കു രാത്രി മുഴുവനും നീണ്ടുനിൽക്കുന്ന ശുശ്രൂഷ (Vigil) ആരംഭിക്കുകയായി. ആറു ചട്ടങ്ങളിലായി വിവിധ ദേവാലയങ്ങളിലായിട്ടാണ് ഇതു നടത്തിയിരുന്നത്. പീഡാനുഭവത്തിലെ ഓരോ സംഭവവും അതുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ വച്ചാണ് അനുസ്മരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്നത്.

---

* വി. മൂറോനെപ്പറ്റി, അബ്ബാ പിതാവേ, പേജ് 111-116; ഗ്രന്ഥകർത്താവിന്റെ 'മൂറോൻ അഭിഷേകം വേദാനുസൃതമോ?' (കോട്ടയം, 1985) എന്നിവ കാണുക.

1. അന്ത്യ അത്താഴത്തിനു ശേഷം കർത്താവ് ഒലിവു മലയിലേക്കാണ് പോയത് (മത്താ. 26:30–35). ആ മാതൃകയിൽ ഏഴു മണിക്കു എല്ലാവരും ‘എലയോണാ’യിൽ കൂടുന്നു. രാത്രി 11 മണി വരെ പ്രാർത്ഥനകളും വേദ വായനകളും തുടരുന്നു.

2. അടുത്തഘട്ടം രാത്രി പന്ത്രണ്ടു മണിക്കു കർത്താവ് സ്വർഗാരോഹണം ചെയ്ത സ്ഥലത്തെ ‘ഇംബോമോൻ’ എന്ന ദേവാലയത്തിലാണ്. സന്ദർഭോചിതമായ ഗീതങ്ങളും വേദവായനകളും തുടരുന്നു (അർമ്മേനിയൻ വേദവായനക്കുറിപ്പനുസരിച്ച് ഇവിടെ വായിച്ചിരുന്ന വേദഭാഗം (യോഹ. 13:31–18:1). ആണ്. സ്വർഗാരോഹണത്തിനു ശേഷമുള്ള പരിശുദ്ധാത്മാവിന്റെ വരവിനെപ്പറ്റിയാണ് ഈ വേദഭാഗം).

2. ആരാധനയുടെ അടുത്തഘട്ടം ഒലിവു മലയുടെ താഴ്‌വരയിൽ ഗത്സമനയിൽ കർത്താവ് വേദനയോടെ പ്രാർത്ഥിച്ച സ്ഥലത്തു വെച്ചാണ് നടത്തിയിരുന്നത് (വേദവായന, മത്താ. 26:36–46).

3. തോട്ടത്തിൽ വച്ച് യൂദാ കർത്താവിനെ ചുംബിച്ച സ്ഥലത്തു വച്ചാണ് നാലാമത്തെ ഘട്ടം നടത്തിയിരുന്നത്. മത്താ. 26:47–56 ഇവിടെ വച്ച് വായിച്ചിരുന്നു.

വായന അവസാനിക്കുമ്പോൾ പട്ടണം വരെ കേൾക്കത്തക്ക ഉച്ചത്തിൽ ജനങ്ങൾ വിലപിച്ചു മുറയിട്ടിരുന്നുവെന്ന് എത്തറിയാ രേഖപ്പെടുത്തുന്നു.

4. 118–ാം സങ്കീർത്തനം ചൊല്ലിക്കൊണ്ട് പ്രദക്ഷിണം യെറുശലേമിലൂടെ മുമ്പോട്ടുനീങ്ങി, പീലാത്തോസിന്റെ അരമനയുടെ സ്ഥാനത്തു എത്തുന്നു. പീലാത്തോസ് കർത്താവിനെ വിസ്തരിക്കുന്നതിനെപ്പറ്റിയുള്ള സുവിശേഷഭാഗമാണ് (യോഹ. 18:25–19:16). ഇവിടെ വായിച്ചിരുന്നത്. ക്ഷീണിതരായിരിക്കുന്നുവെങ്കിലും, ആരാധനയുടെ അടുത്ത ഘട്ടത്തിൽ കൂടി പങ്കെടുക്കുവാൻ ബിഷപ്പ് ജനങ്ങളെ ആഹ്വാനം ചെയ്യുന്നു.

5. കർത്താവ് ചമ്മട്ടിയടിയേറ്റ സ്തൂപത്തിനു മുമ്പിൽ പ്രാർത്ഥിച്ചശേഷം പുലരുന്നതിനു മുമ്പ് പ്രാർത്ഥന അവസാനിപ്പിക്കുകയും, ജനങ്ങൾ അല്പം വിശ്രമിക്കുവാൻ പിരിഞ്ഞുപോവുകയും ചെയ്തിരുന്നു.

### ദുഃഖവെള്ളിയാഴ്ച

രാവിലെ എട്ടു മണിക്കു ഗോൽഗോഥായിൽ ശുശ്രൂഷകളാരംഭിക്കുകയായി. സ്ലീബാവന്ദനവാണ് ആദ്യത്തെ ചടങ്ങ്. ബിഷപ്പിന്റെ സിംഹാസനത്തിനു മുമ്പിലായി, വിരിച്ചൊരുക്കിയ ഒരു മേശയിൽ കർത്താവിന്റെ കുരിശിന്റെ അവശിഷ്ടമടങ്ങിയ വെള്ളിപ്പേടകം വയ്ക്കുന്നു. തുടർന്ന് കുരിശിന്റെ അവശിഷ്ടം കൈയിൽ പിടിച്ചുകൊണ്ട് ബിഷപ്പ് സിംഹാസനത്തിൽ

ഇരിക്കുന്നു. സ്നാനാർത്ഥികളും വിശ്വാസികളും മേശക്കു മുമ്പിൽ കുമ്പിട്ട്, കുരിശിന്റെ അവശിഷ്ടം മുത്തുന്നു. ശെമ്മാശ്ശന്മാർ ജാഗ്രതയോടെ ഓരോരുത്തരേയും നിരീക്ഷിക്കുന്നുണ്ടായിരിക്കും. കാരണം ഒരിക്കൽ മുത്തുന്നതിനിടയിൽ വിശ്വാസികളിലാരോ കുരിശിന്റെ ഒരംശം കടിച്ചെടുത്തതായി കേട്ടുവെന്ന് എത്തറിയാ പറയുന്നു. അതാവർത്തിക്കാതിരിക്കാനാണ് ശെമ്മാശ്ശന്മാർ നിൽക്കുന്നത്. ഈ ചടങ്ങിന്റെ മാതൃകയിലാണ് സുറിയാനി സഭയിൽ സ്ലീബാവന്ദനവ്, ദുഃഖവെള്ളിയാഴ്ച ശുശ്രൂഷയുടെ ഭാഗമാക്കിയത്.

സ്ലീബാവന്ദവിനു ശേഷം ഉച്ചയ്ക്ക് ദുഃഖവെള്ളിയാഴ്ചയുടെ പ്രാർത്ഥനകൾ ആരംഭിക്കുകയായി. മൂന്നു മണിക്കൂറോളം ഇതു നീണ്ടുനിന്നിരുന്നു. പീഡാനുഭവത്തെപ്പറ്റി പഴയനിയമത്തിലും പുതിയനിയമത്തിലുമുള്ള വിവിധ ഭാഗങ്ങൾ വായിച്ചിരുന്നു. 'യേശു ജീവനെ വിട്ടു' (യോഹ. 15:30) എന്ന ഭാഗം വായിച്ച് പ്രാർത്ഥനകൾ അവസാനിപ്പിക്കുന്നു.

മാർട്ടീറിയത്തിലെ പ്രാർത്ഥനകൾക്കു ശേഷം മൂന്നു മണിയോടു കൂടി എല്ലാവരും അനസ്റ്റാസിസിലേക്കു പോകുന്നു. കബറടക്കത്തെപ്പറ്റിയുള്ള വേദഭാഗമാണ് (യോഹ. 15:38-42) ഇവിടെ വായിച്ചിരുന്നത്. തുടർന്നു രാത്രി മുഴുവനും നീണ്ടുനിൽക്കുന്ന അഖണ്ഡപ്രാർത്ഥന (Vigil) ആരംഭിക്കുന്നു. ക്ഷീണിച്ചവർ വീടുകളിൽ പോയിരുന്നുവെങ്കിലും, കുറച്ചാളുകൾ ഇതിലും സംബന്ധിച്ചിരുന്നത്രെ.

### ദുഃഖശനിയാഴ്ച

നാലാം നൂറ്റാണ്ടിൽ യെറുശലേമിൽ ദുഖഃശനിയാഴ്ച വി. കുർബാന ഉണ്ടായിരുന്നതായി തോന്നുന്നില്ല. മൂന്നാം മണിക്കും ആറാം മണിക്കുമുള്ള പ്രാർത്ഥനയെപ്പറ്റി മാത്രമേ എത്തറിയാ പറയുന്നുള്ളു.

### ചോദ്യങ്ങൾ

1. സഭാ കലണ്ടറിന്റെ ഉത്ഭവത്തെപ്പറ്റി ചുരുക്കമായി വിവരിക്കുക?
2. കാൽ കഴുകൽ ശുശ്രൂഷയുടെ അർത്ഥമെന്ത്?
3. ദുഃഖവെള്ളിയാഴ്ച സ്ലീബാ വന്ദിക്കുന്ന രീതി ഉണ്ടായതെങ്ങനെ?

# പാഠം 4

# ഉയിർപ്പുപെരുന്നാൾ, സ്വർഗാരോഹണം പെന്തിക്കോസ്തി

❑ ഈസ്റ്ററാഘോഷം നാലാം നൂറ്റാണ്ടിൽ ❑ ഉയിർപ്പു പെരുന്നാൾ സുറിയാനി സഭയിൽ ❑ സ്വർഗാരോഹണവും പെന്തിക്കോസ്തിയും ❑ പെന്തിക്കോസ്തി യഹൂദമതത്തിൽ ❑ പെന്തിക്കോസ്തിപെരുന്നാൾ ക്രിസ്തീയ സഭയിൽ ❑ പെന്തിക്കോസ്തി പെരുന്നാൾ സഭാജീവിതത്തിൽ

ആദ്യത്തെ മൂന്നു നൂറ്റാണ്ടുകളിൽ 'പാസ്ക്കാ' അഥവാ ഉയിർപ്പുപെരുന്നാൾ, കർത്താവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സംയുക്തമായ ആഘോഷമായിരുന്നുവെന്നു നാം മനസ്സിലാക്കി. എന്നാൽ പാശ്ചാത്യരും പൗരസ്ത്യരും രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ ഈസ്റ്റർ ആഘോഷിച്ചിരുന്നതു രണ്ടു രീതിയിലായിരുന്നു. പൗരസ്ത്യ സഭകൾ, വി. യോഹന്നാന്റെ പാരമ്പര്യമനുസരിച്ചു നീസാൻ മാസം 14-ാം തീയതി സന്ധ്യയോടുകൂടി ഉപവാസം അവസാനിപ്പിച്ച്, അന്നേദിവസം വൈകിട്ട് ഉയിർപ്പുപെരുന്നാൾ (പാസ്ക്കാ) ആചരിച്ചു. അതേ സമയത്തു തന്നെ യഹൂദന്മാർ പെസഹായും ഭക്ഷിച്ചിരുന്നു. ഇതനുസരിച്ചു നീസാൻ മാസം 14-ാം തീയതി വരുന്ന ഏതു ദിവസവും ഉയിർപ്പുപെരുന്നാൾ ആഘോഷിച്ചിരുന്നു. എന്നാൽ പാശ്ചാത്യ ക്രിസ്ത്യാനികൾക്കും, അപൂർവ്വം ചില പൗരസ്ത്യർക്കും നീസാൻ 14 നു ശേഷം വരുന്ന ഞായറാഴ്ചയായിരുന്നു ഉയിർപ്പുപെരുന്നാൾ. ഇതനുസരിച്ചു പൗരസ്ത്യർ പെരുന്നാളാഘോഷിക്കുമ്പോൾ, പാശ്ചാത്യർ ഉപവാസം അവസാനിപ്പിച്ചിരുന്നില്ല. നീസാൻ മാസം 14 നു ഈസ്റ്റർ ആഘോഷിച്ചിരുന്നവരെ 'പതിനാലുകാർ' (Quartodecimans) എന്നാണു വിളിച്ചിരുന്നത്. ഏഷ്യാമൈനർ, കിലിക്യ, മെസോപ്പൊത്തോമ്യ, സിറിയാ എന്നിവിടങ്ങളിലെ ക്രിസ്ത്യാനികൾക്കു നീസാൻ 14 നായിരുന്നു ഈസ്റ്റർ. പാലസ്തീൻ, പൊന്തോസ് (ഏഷ്യാമൈനർ), ഗ്രീസ്, ഗോൾ (ഫ്രാൻസ്), ഇറ്റലി എന്നിവിടങ്ങളിൽ ഞായറാഴ്ചയും. പാശ്ചാത്യരും പൗരസ്ത്യരും തമ്മിൽ ഇതിന്റെ പേരിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടായി.

എ. ഡി. 195 -ൽ പ്രശ്നം രൂക്ഷമായി. പാശ്ചാത്യ സഭയിലെ ഏറ്റവും പ്രധാനപ്പെട്ട പട്ടണത്തിലെ ബിഷപ്പ് എന്ന നിലയിൽ, റോമിലെ വിക്ടർ, എല്ലാ സഭകളും പാശ്ചാത്യരീതിയിൽ ഈസ്റ്ററാഘോഷിക്കണമെന്നു നിർദ്ദേശിച്ചു. അല്ലാത്തപക്ഷം മുടക്കുമെന്നും വിക്ടർ ഭീഷണിപ്പെടുത്തി. റോമിലെ ബിഷപ്പ് മറ്റു സഭകളുടെ കാര്യത്തിൽ ഇടപെടുന്ന ആദ്യത്തെ സംഭവമാണിത്. ഏഷ്യാ മൈനറിലെ സുന്നഹദോസിന്റെ പിന്തുണയോടെ, എഫെസൂസിലെ ബിഷപ്പായിരുന്ന പോളിക്രാറ്റസ്, നീസാൻ 14 ന്

ഈസ്റ്ററാഘോഷിക്കുന്നതിനെ ന്യായീകരിച്ചു വിക്ടറിനെഴുതി. അപ്പോസ്തലന്മാരായ യോഹന്നാൻ, പീലിപ്പോസ്, രക്തസാക്ഷിയായ പോളിക്കാർപ്പോസ് തുടങ്ങിയ അനേകരുടെ സാക്ഷ്യങ്ങൾ അദ്ദേഹം പ്രസ്തുത ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. ഇതിനെത്തുടർന്നു നീസാൻ 14 ആചരിക്കുന്നവരെ വിക്ടർ മുടക്കി. പൗരസ്ത്യർ മുടക്കിനെ അംഗീകരിച്ചില്ല. മുടക്കു വിലപ്പോവില്ലെന്നു കണ്ട വിക്ടർ പിന്നീടതു പിൻവലിച്ചു. പൗരസ്ത്യർ 325-ലെ നിഖ്യാ സുന്നഹദോസു വരെ നീസാൻ 14 -ന് ഉയിർപ്പു പെരുന്നാൾ ആചരിച്ചുപോന്നു. നിഖ്യായിൽ വച്ചു സ്നേഹത്തിന്റെ ആത്മാവിൽ പ്രശ്നം പരിഹരിക്കപ്പെട്ടു. പാശ്ചാത്യരുടെ രീതിയിൽ എല്ലാ സഭകളും നീസാൻ 14 -നു ശേഷം വരുന്ന ഞായറാഴ്ച ഈസ്റ്ററാഘോഷിക്കണമെന്നു നിഖ്യാ സുന്നഹദോസ് തീരുമാനിച്ചു.

## ഈസ്റ്ററാഘോഷം നാലാം നൂറ്റാണ്ടിൽ

ഈസ്റ്ററാഘോഷത്തെപ്പറ്റി എത്തറിയാ പ്രത്യകമായി ഒന്നും പറയുന്നില്ല. 'ഈസ്റ്ററിന്റെ അഖണ്ഡപ്രാർത്ഥന (Vigil) നമ്മുടെ രീതിയിൽ നടത്തുന്നു'വെന്നു മാത്രം അവർ രേഖപ്പെടുത്തുന്നു. എന്നാൽ യെറുശലേമിലെ വി. കൂറിലോസിന്റെ പ്രസംഗങ്ങളിൽ നിന്നും, അർമീനിയൻ വേദവായനക്കുറിപ്പിൽ നിന്നും വിശദവിവരങ്ങൾ മനസ്സിലാക്കുവാൻ കഴിയും. നാലാം നൂറ്റാണ്ടിൽ യെറുശലേമിലെ ഈസ്റ്ററാഘോഷത്തിന്റെ പ്രധാന ചടങ്ങുകൾ താഴെപ്പറയുന്നവയാണ്.

1. തിരുക്കബറിട ദേവാലയമായ അനസ്റ്റാസിസിൽ ശുശ്രൂഷകൾ ആരംഭിക്കുന്നു. രാത്രി മുഴുവനും നീണ്ടുനിൽക്കുന്ന പ്രാർത്ഥനകൾ ആരംഭിക്കുന്നതു മത്താ. 27:62-66 വായിച്ചുകൊണ്ടാണ് (കർത്താവിന്റെ ശരീരം ശിഷ്യന്മാർ മോഷ്ടിക്കാതിരിക്കുവാൻ കല്ലറ മുദ്ര വയ്ക്കണമെന്നു യഹൂദന്മാർ ആവശ്യപ്പെടുന്നതാണ് ഈ വേദഭാഗത്തിന്റെ ഉള്ളടക്കം). തുടർന്നു കർത്താവിന്റെ പാതാള പ്രവേശനത്തെപ്പറ്റിയുള്ള പ്രവചനമായ 88-ാം സങ്കീർത്തനം ചൊല്ലുന്നു. 'ഇന്നു മുതൽ എന്നെന്നേക്കും കർത്താവിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ' (സങ്കീ. 113:2) എന്നു ചൊല്ലിക്കൊണ്ടു ബിഷപ്പ് മൂന്നു മെഴുകുതിരികൾ കത്തിക്കുന്നു. പട്ടക്കാരും, ശെമ്മാശ്ശന്മാരും ജനങ്ങളും മുമ്പോട്ടുവന്ന് അവരുടെ കൈകളിലുള്ള മെഴുകുതിരികൾ കത്തിക്കുന്നതോടെ മാർട്ടീറിയത്തിലേയ്ക്കുള്ള പ്രദക്ഷിണം ആരംഭിക്കുന്നു (ഈസ്റ്റർ രാത്രിയിൽ ദീപാലങ്കാരം നിർബന്ധമാക്കിയതു കുസ്തന്തീനോസ് ചക്രവർത്തിയാണ്).

2. മാർട്ടീറിയത്തിലെത്തിയാലുടനെ 'ഇതു യഹോവ ഉണ്ടാക്കിയ ദിവസം; ഇന്നു നാം സന്തോഷിച്ച് ആനന്ദിക്കുക' (സങ്കീ. 118:24) എന്നു ചൊല്ലിക്കൊണ്ടു ശുശ്രൂഷകൾ ആരംഭിക്കുകയായി. ഉയിർപ്പു

സന്തോഷത്തിന്റെ പെരുന്നാളാണല്ലോ. ശുശ്രൂഷയുടെ ഭാഗമായി പന്ത്രണ്ടു വേദഭാഗങ്ങൾ വായിച്ചിരുന്നു. എല്ലാം കർത്താവിന്റെ ഉത്ഥാനത്തെപ്പറ്റി പ്രത്യക്ഷമായോ പരോക്ഷമായോ സൂചിപ്പിക്കുന്നവയാണ്.* ഓരോ വായനയ്ക്കു ശേഷവും സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നു.

3. അടുത്തതു സ്നാനാർത്ഥികളുടെ മാമോദീസായാണ്. കർത്താവിന്റെ മരണത്തിലും ഉത്ഥാനത്തിലുമുള്ള പങ്കാളിത്തമായ സ്നാനത്തിന് (റോമ. 6:2–5; കൊലോ. 2:12–14). ഏറ്റവും അനുയോജ്യമായ ദിവസം ഉയിർപ്പു പെരുന്നാളായി ആദിമസഭ കണക്കാക്കി, ഉയിർപ്പിന്റെ ദിവസം മാമോദീസാ നൽകുന്ന രീതി മൂന്നാം നൂറ്റാണ്ടു മുതൽ സാധാരണയായി, ദീർഘ നാളത്തെ വിശ്വാസബോധനത്തിനും, ഒരുക്കത്തിനും ശേഷമാണു സ്നാനാർത്ഥികൾക്കു മാമോദീസാ നൽകിയിരുന്നത്. അവരുടെ അന്തിമ ഒരുക്കത്തിനുള്ള അവസരമായിരുന്നു വലിയനോമ്പും കഷ്ടാനുഭവാഴ്ചയും.

നാലാം നൂറ്റാണ്ടിൽ യെറുശലേമിൽ ഉയിർപ്പുപെരുന്നാളിൽ മാമോദീസാ നടത്തിയിരുന്നതു മാർട്ടീറിയത്തിനടുത്തുള്ള മാമോദീസാ മുറിയിൽ (Baptistery) വെച്ചായിരുന്നു. സ്നാനാർത്ഥികളും, തലതൊടുന്നവരും (Sponsors), വൈദിക ഗണത്തിൽപ്പെട്ടവരും മാത്രമേ മാമോദീസാ മുറിയിൽ പ്രവേശിച്ചിരുന്നുള്ളു. സാത്താനെ ഉപേക്ഷിക്കുന്നത്, ക്രിസ്തുവിനെ സ്വീകരിക്കുന്നത്, ശുദ്ധീകരിച്ച ഒലിവ് എണ്ണ (exorcized olive oil) കൊണ്ടുള്ള അഭിഷേകം, ത്രിത്വനാമത്തിലുള്ള സ്നാനം, മൂറോനഭിഷേകം, വെള്ളവസ്ത്രങ്ങൾ അണിയിക്കുന്നത് എന്നിവയായിരുന്നു മാമോദീസായിലെ ചടങ്ങുകൾ. തുടർന്നു കത്തിച്ച മെഴുകുതിരികളുമായി, 'ലംഘനം ക്ഷമിച്ചും, പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ' (സങ്കീ. 32:1) എന്നു പാടിക്കൊണ്ടു പുതുതായി സ്നാനമേറ്റവർ കബറിടദേവാലയത്തിലേയ്ക്ക് അണിയണിയായി നീങ്ങുന്നു.

4. തിരുക്കബറിട ദേവാലയത്തിലെത്തുമ്പോൾ സ്നാനമേറ്റവർക്കായി ബിഷപ്പ് പ്രാർത്ഥിക്കുകയും, അതിനെത്തുടർന്ന് എല്ലാവരും മാർട്ടീറിയത്തിലേയ്ക്കു പോകുകയും ചെയ്യുന്നു.

5. ഈസ്റ്ററിന്റെ വി. കുർബാന മാർട്ടീറിയത്തിൽ വെച്ചാണു നടത്തിയിരുന്നത്. വി. കുർബാനയിലെ വേദവായനകൾ 1 കൊരി. 15:1–11; മത്താ. 25:1–20 എന്നിവയായിരുന്നു.

---

* വായനാ ഭാഗങ്ങൾ: ഉല്പ. 1:1–3:24, ഉല്പ. 22:1–18; പുറ. 12:1–24; യോനാ 1:1–4:11; പുറ. 14:24–15:21; ഏശ. 60:1–13; യോബ് 38:1–28; 2 രാജാ. 2:1–22; യിരെ. 31:31–34; യോശു. 1:1–9, ഹെസെ. 37:1–14; ദാനി. 3:1–90 (LXX).

6. വി. കുർബാനയ്ക്കു ശേഷം എല്ലാവരും വീണ്ടും തിരുക്കബറിട ദേവാലയത്തിലെത്തി അവസാന ശുശ്രൂഷകൾ നടത്തുന്നു. ശുശ്രൂഷാ മദ്ധ്യേ ഉയിർപ്പിനെപ്പറ്റിയുള്ള വിവിധ പുതിയനിയമ ഭാഗങ്ങൾ വീണ്ടും വായിച്ചിരുന്നു. പുലർച്ചയോടു കൂടി ശുശ്രൂഷകൾ അവസാനിക്കുകയും എല്ലാവരും പിരിഞ്ഞുപോവുകയും ചെയ്തിരുന്നു.

കഷ്ടാനുഭവാഴ്ചയിലെ മേൽവിവരിച്ച ചടങ്ങുകൾക്കു വിശദീകരണങ്ങൾ ആവശ്യമില്ല. അത്രയ്ക്കു സൂക്ഷ്മമായും വിശദമായും എത്തറിയായും, വി. കൂറിലോസും ഓരോ ചടങ്ങും വിവരിച്ചിട്ടുണ്ട്. വേദവായനയ്ക്ക് ആ ശുശ്രൂഷയിലുണ്ടായിരുന്ന സ്ഥാനം ശ്രദ്ധേയമാണ്. പീഡാനുഭവത്തെ സംബന്ധിച്ച പ്രസക്ത വേദഭാഗങ്ങൾ വായിച്ചിരുന്നുവെന്നു മാത്രമല്ല, ഓരോ സംഭവവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ വച്ച് അവ അനുസ്മരിക്കാനും യെറുശലേമിലെ സഭ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സുവിശേഷ സംഭവങ്ങൾ അരങ്ങേറിയ സ്ഥലത്തും സമയത്തും ആരാധനയിലൂടെ വിശ്വാസികൾക്ക് അവ അനുഭവവേദ്യമാക്കിയിരുന്നതു കൊണ്ടാണു ധാരാളം തീർത്ഥാടകർ എക്കാലത്തും യെറുശലേമിലെ കഷ്ടാനുഭവാഴ്ചയിൽ പങ്കെടുത്തിരുന്നത്.

## ഉയിർപ്പു പെരുന്നാൾ സുറിയാനി സഭയിൽ

പൗരസ്ത്യ ആരാധനാവർഷത്തിന്റെ കേന്ദ്രം ഉയിർപ്പു പെരുന്നാളാണ്. ഓരോ ഞായറാഴ്ചയും ഉയിർപ്പു പെരുന്നാളിന്റെ ആഘോഷമായിട്ടാണ് ഓർത്തഡോക്സ് സഭകൾ കണക്കാക്കുന്നത്. ഉയിർപ്പു പെരുന്നാൾ സമാധാനത്തിന്റെ പെരുന്നാളായി സുറിയാനിസഭ പഠിപ്പിക്കുന്നു. സ്ലീബാ ആഘോഷത്തിലെ സെദ്റായിലെ പ്രമേയം തന്നെ സമാധാനമാണ്. കർത്താവു മരണത്തിൽ നിന്നുത്ഥാനം ചെയ്തതുപോലെ വിശ്വാസികൾ ആത്മീയ മരണത്തിൽ നിന്നും ഉത്ഥാനം ചെയ്യേണ്ട ദിവസമാണ് ഈസ്റ്റർ. പാപത്തിന്റെയും അവിശ്വാസത്തിന്റെയും കല്ലറകൾ പൊളിയേണ്ട ദിവസമാണത്.

ഉയിർപ്പു പെരുന്നാളിന്റെ പ്രധാന ഘടകങ്ങൾ ഉയിർപ്പിന്റെ പ്രഖ്യാപനം, പ്രദക്ഷിണം, സ്ലീബാ ആഘോഷം എന്നിവയാണ്. ഇവയുടെ പരിസമാപ്തിയായി വി. കുർബാനയും അർപ്പിക്കുന്നു. ദുഃഖവെള്ളിയാഴ്ച, കർത്താവിന്റെ കബറടക്കത്തിന്റെ പ്രതീകമായി ഒരു തടിക്കുരിശു വെള്ളത്തുണിയിൽ പ്രത്യേകം പൊതിഞ്ഞ്, ത്രോണോസിന്റെ ഉള്ളിൽ വെക്കുന്നു (ത്രോണോസ് കർത്താവിന്റെ കല്ലറയുടെ പ്രതീകമായി നാം മനസ്സിലാക്കി). കർത്താവിന്റെ പ്രതീകമായ കുരിശ് അടക്കിയതിനാൽ ദുഃഖശനിയാഴ്ച വി. കുർബാന ആ ത്രോണോസിൽ അർപ്പിക്കാറില്ല. ഉയിർപ്പു പെരുന്നാളിൽ രാത്രി പ്രാർത്ഥനാമദ്ധ്യേ, ത്രോണോസിനുള്ളിൽ അടക്കം

ചെയ്തിരുന്ന കുരിശു പുറത്തെടുത്ത് ആഘോഷപൂർവ്വം താഴെപറയുന്ന പ്രഖ്യാപനം നടത്തുന്നു: 'സഹോദരന്മാരെ, ഒരു പുതിയ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മശിഹാ കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റു തന്റെ ശത്രുക്കളെ പിന്നിലേക്ക് അടിച്ചോടിച്ചിരിക്കുന്നു.' ഇങ്ങനെ മൂന്നു പ്രാവശ്യം പ്രഖ്യാപിക്കുന്നു. ഓരോന്നിനും പ്രതിവാക്യമായി 'സത്യമായി താൻ ഉയിർത്തെഴുന്നേറ്റു എന്നു ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു' എന്നു ജനങ്ങൾ ചൊല്ലുന്നു.

എല്ലാ പൗരസ്ത്യസഭകളിലും ഉയിർപ്പിന്റെ ഈ പ്രഖ്യാപനമുണ്ട്. ബൈസന്റയിൻ സഭയിൽ കുരിശിനു പകരം കുരിശിക്കപ്പെട്ട കർത്താവിന്റെ ഐക്കൺ ആണുപയോഗിക്കുന്നത്.

തുടർന്നു പ്രാർത്ഥനകളും മറ്റും പൂർത്തിയാക്കി ഉയിർപ്പിന്റെ പ്രദക്ഷിണം നടത്തുന്നു. ഉത്ഥിതനായ കർത്താവു മഗ്ദലന മറിയത്തിനു പ്രത്യക്ഷപ്പെടുന്ന സംഭവമാണു പ്രദക്ഷിണ ഗീതത്തിന്റെ ഉള്ളടക്കം (യോഹ. 20:11-18). ഉയിർത്തെഴുന്നേറ്റ കർത്താവിനെ എതിരേൽക്കുവാനെന്ന വിധം, വിശ്വാസികൾ കത്തിച്ച മെഴുകുതിരികളുമായി പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നു. സ്നാനാർത്ഥികൾ മാമോദീസായ്ക്കു ശേഷം നടത്തിയ പ്രദക്ഷിണത്തെ അനുസ്മരിച്ചായിരിക്കണം ഇത് ഉത്ഭവിച്ചത്. പ്രദക്ഷിണത്തിനു ശേഷം നടക്കുന്ന സ്ലീബാ ആഘോഷവും ഉയിർപ്പിന്റെ പ്രഖ്യാപനമാണെന്നു പറയാം.

## സ്വർഗാരോഹണവും പെന്തിക്കോസ്തിയും

നിഖ്യാ സുന്നഹദോസിനു മുമ്പ് (എ. ഡി. 325) ക്രിസ്തീയ സഭയിൽ പരക്കെ ആചരിച്ചിരുന്ന പെരുന്നാളുകൾ ഉയിർപ്പും, പെന്തിക്കോസ്തിയും മാത്രമായിരുന്നു. ഈ രണ്ടു പെരുന്നാളുകളും യഹൂദമതത്തിൽ നിന്ന് ഉദ്ഭവിച്ചവയാണ്. യഹൂദന്മാരുടെ പെസഹാ ദിവസങ്ങളിൽ ആണല്ലോ ക്രിസ്തു മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തത്. യഹൂദന്മാരുടെ പെസഹാ, ക്രിസ്തീയ സഭയിൽ ഉയിർപ്പു പെരുന്നാളായി രൂപാന്തരപ്പെട്ടു. അതേരീതിയിൽ യഹൂദന്മാരുടെ പെന്തിക്കോസ്തിപ്പെരുന്നാളിനു ക്രിസ്തീയസഭയിൽ പുതിയ അർത്ഥം നൽകപ്പെട്ടു.

## പെന്തിക്കോസ്തി യഹൂദമതത്തിൽ

യഹൂദന്മാരുടെ മൂന്നു പ്രധാന പെരുന്നാളുകളാണു പെസഹാ, പെന്തിക്കോസ്തി, കൂടാരപ്പെരുന്നാൾ എന്നിവ. 'പെന്തിക്കോസ്തി' എന്ന ഗ്രീക്കു വാക്കിന് 'അമ്പതാമത്തെ (ദിവസം)' എന്നാണർത്ഥം. പെസഹാ പെരുന്നാളിനു ശേഷം അമ്പതാമത്തെ ദിവസമാണു പെന്തിക്കോസ്തി ആചരിച്ചിരുന്നത്. പെന്തിക്കോസ്തി ധാന്യക്കൊയ്ത്തിന്റെ പെരുന്നാളായിരുന്നു.

പഴയനിയമത്തിൽ ഇതിന്, വാരോത്സവം (feast of weeks; പുറ. 34:22; ആവ. 16:10), കൊയ്ത്തു പെരുന്നാൾ (Harvest Feast; പുറ. 23:16), ആദ്യഫലപ്പെരുന്നാൾ (Feast of the first fruits; സംഖ്യാ. 28:26; പുറ. 34:22) എന്നൊക്കെ പേരുകളുണ്ട്. ദൈവാനുഗ്രഹത്തെ നന്ദിയോടെ സ്മരിച്ചുകൊണ്ട് ആദ്യഫലം ദൈവസന്നിധിയിൽ അർപ്പിക്കുവാനുള്ള പെരുന്നാളായിരുന്നു ഇത്. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം സന്തോഷത്തിന്റെയും, സ്തോത്രത്തിന്റെയും പെരുന്നാളാണു പെന്തിക്കോസ്തി.

കർത്താവിന്റെ കാലമായപ്പോഴേയ്ക്കും യഹൂദന്മാർ പെന്തിക്കോസ്തിക്കു പുതിയ അർത്ഥം നൽകി. കൊയ്ത്തുപെരുന്നാളിനേക്കാൾ ഉപരി, ദൈവം സീനായ് മലയിൽ വച്ചു മോശയ്ക്കു ന്യായപ്രമാണം നൽകിയതിനെ അനുസ്മരിക്കുന്ന ദിവസമായിത്തീർന്നു ഇത്.

## പെന്തിക്കോസ്തിപ്പെരുന്നാൾ ക്രിസ്തീയ സഭയിൽ

പരിശുദ്ധാത്മാവു ശിഷ്യന്മാരുടെമേൽ ആവസിച്ച ദിവസമായതുകൊണ്ടാണു പെന്തിക്കോസ്തി ഒരു ക്രിസ്തീയ പെരുന്നാളായിത്തീർന്നത്. മൂവായിരം മാനസാന്തരപ്പെട്ട 'കൊയ്ത്ത്' പെരുന്നാളാണു പെന്തിക്കോസ്തി. ദൈവം മോശയ്ക്ക് ഏൽപ്പിച്ചുകൊടുത്ത ന്യായപ്രമാണം ക്രിസ്തീയ പെന്തിക്കോസ്തിയിൽ നീങ്ങിപ്പോയി. പുതിയ ന്യായപ്രമാണം അപ്പോസ്തലന്മാർക്കു ലഭ്യമായ ദിവസമാണു ക്രിസ്തീയ പെന്തിക്കോസ്തി. യഹൂദചരിത്രത്തിൽ യിസ്രായേലിന്റെ ഉദ്ഭവത്തിന്റെ, അതായത് ന്യായപ്രമാണം ലഭിച്ചതിന്റെ അനുസ്മരണയായിരുന്നല്ലോ പെന്തിക്കോസ്തി പെരുന്നാൾ. അതേദിവസം പരിശുദ്ധാത്മാവ് ആവസിച്ചു പുതിയ ഇസ്രായേലിനെ സ്ഥാപിച്ചു. യഹോവ തേജസ്സിൽ സീനായ്മലയിൽ ഇറങ്ങി ന്യായപ്രമാണം മോശയെ ഏൽപ്പിച്ചു (പുറ. 24:16–18; പുറ. 33–34). അതേ രീതിയിൽ അഗ്നിജ്വാല പോലെ പരിശുദ്ധാത്മാവു ശിഷ്യരുടെമേൽ ആവസിച്ചു പുതിയ ഇസ്രായേലായി അവരെ ശുദ്ധീകരിച്ചു. പെന്തിക്കോസ്തി പുതിയ ഇസ്രായേലാകുന്ന സഭയുടെ ജന്മദിനമാണ്. പെന്തിക്കോസ്തി ദിവസം യഹൂദന്മാർക്കു ലഭ്യമായ ന്യായപ്രമാണത്തിനു ക്രിസ്തീയ പെന്തിക്കോസ്തിയിൽ നീക്കം വന്നു. പെന്തിക്കോസ്തി പെരുന്നാളും ന്യായപ്രമാണവും തമ്മിലുള്ള ബന്ധം മനസ്സിൽ കണ്ടുകൊണ്ടായിരിക്കണം വി. പൗലോസ് പരിശുദ്ധാത്മാവിനെയും ന്യായപ്രമാണത്തെയും തമ്മിൽ താരതമ്യപ്പെടുത്തുന്നത് (2 കൊരി. 3–ാം അദ്ധ്യായം കാണുക. 'അക്ഷരം കൊല്ലുന്നു; ആത്മാവോ ജീവിപ്പിക്കുന്നു').

## സ്വർഗാരോഹണ പെരുന്നാൾ

ആദിമസഭയിൽ കർത്താവിന്റെ സ്വർഗാരോഹണവും പെന്തിക്കോസ്തിയും ഒരുമിച്ച് ഉയിർപ്പിനു ശേഷം 50–ാം ദിവസമായിരുന്നു ആചരിച്ചിരുന്നത്.

മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തെർത്തുല്ല്യനും നാലാം നൂറ്റാണ്ടിൽ ചരിത്രകാരനായ യൂസേബിയോസും ഈ ആചാരത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. നാലാം നൂറ്റാണ്ടിന്റെ അവസാനത്തിൽ മാത്രമാണ് ഇവ രണ്ടു ദിവസങ്ങളിൽ ആചരിക്കുന്ന പതിവുണ്ടായത്. എത്തറിയായുടെ വിവരണങ്ങളിൽ നിന്നും രണ്ടു പെരുന്നാളുകളും ഒരുമിച്ചാണ് ആഘോഷിച്ചിരുന്നതെന്നു കാണാം. എത്തറിയാ യെറുശലേമിൽ എത്തിയ സമയത്ത്, പെന്തിക്കോസ്തിയും സ്വർഗ്ഗാരോഹണവും ആചരിച്ചിരുന്നത് ഇങ്ങനെ സംഗ്രഹിക്കാം. പെന്തിക്കോസ്തി ദിവസം, പരിശുദ്ധാത്മാവു ശിഷ്യന്മാരുടെ മേൽ ഇറങ്ങിയ മാളികയുടെ സ്ഥാനത്തു പണിതിരുന്ന ദേവാലയത്തിലേയ്ക്ക് ആഘോഷപൂർവ്വമായ പ്രദക്ഷിണം നടത്തുന്നു. രാവിലെ ഒമ്പതു മണിക്ക് ആരംഭിച്ചിരുന്ന ശുശ്രൂഷാമദ്ധ്യേ അപ്പോസ്തോല പ്രവർത്തികൾ 2:1-13 വായിച്ചിരുന്നു. അന്നേദിവസം ഉച്ചതിരിഞ്ഞായിരുന്നു സ്വർഗാരോഹണം ആഘോഷിച്ചിരുന്നത്. ഉച്ച തിരിഞ്ഞു വിശ്വാസികൾ ഒലിവുമലയിലെ ഇംബോമോൻ എന്ന ദേവാലയത്തിൽ ഒരുമിച്ചുകൂടുന്നു. ആരാധനയിൽ സ്വർഗാരോഹണത്തെപ്പറ്റിയുള്ള വേദഭാഗങ്ങൾ വായിച്ചിരുന്നു. സന്ധ്യയാകുമ്പോൾ, കത്തിച്ച മെഴുകുതിരികളുമേന്തി ജനങ്ങൾ യെറുശലേമിൽ പ്രദക്ഷിണം നടത്തുന്നതോടെ ആഘോഷങ്ങൾ പര്യവസാനിക്കുകയായി.

നാലാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ അന്ത്യോഖ്യായിൽ രചിക്കപ്പെട്ട 'അപ്പോസ്തലിക പ്രമാണങ്ങ'ളനുസരിച്ച് ഉയിർപ്പിനു ശേഷം നാല്പതാം ദിവസം സ്വർഗാരോഹണവും, അമ്പതാം ദിവസം പെന്തിക്കോസ്തിയും ആചരിച്ചിരുന്നു. 'മനുഷ്യാവതാരത്തിന്റെയും രക്ഷാപ്രവർത്തനങ്ങളുടെയും പരിസമാപ്തിയെന്നാണു സ്വർഗാരോഹണപ്പെരുന്നാളിനെപ്പറ്റി അപ്പോസ്തലിക പ്രമാണങ്ങൾ പറയുന്നത്. ഈ രേഖയനുസരിച്ചു 40-ാം ദിവസമായ വ്യാഴാഴ്ചയ്ക്കു മുമ്പുള്ള ഞായറാഴ്ച സ്വർഗാരോഹണപ്പെരുന്നാൾ ആരംഭിച്ചിരുന്നത്രേ.

ആദിമ നൂറ്റാണ്ടുകളിൽ ഉയിർപ്പിനു ശേഷമുള്ള അമ്പതു ദിവസങ്ങൾക്കെല്ലാം കൂടി പെന്തിക്കോസ്തി ദിനങ്ങൾ എന്നാണു പറഞ്ഞിരുന്നത്. ഈ അമ്പതു ദിവസങ്ങളും, ഉയിർപ്പു പെരുന്നാൾ പോലെ സന്തോഷത്തിന്റെയും, മരണത്തിന്റെയും, പാപത്തിന്റെയും മേലുള്ള വിജയത്തിന്റെയും ദിവസങ്ങളായിട്ടാണു സഭ കണക്കാക്കിയിരുന്നത്. അതുകൊണ്ടാണ് ഉപവസിക്കുന്നതും മുട്ടുകുത്തുന്നതും ഈ ദിവസങ്ങളിൽ വിലക്കിയിരിക്കുന്നത്. പെന്തിക്കോസ്തിപ്പെരുന്നാൾ ഈ സന്തോഷോത്സവത്തിന്റെ പരിസമാപ്തിയെക്കുറിക്കുന്നു. നാലാം നൂറ്റാണ്ടിന്റെ അവസാനം അന്ത്യോഖ്യായിൽ ഒരാഴ്ചയോളം നീണ്ടുനിൽക്കുന്ന ആഘോഷമായിരുന്നു പെന്തിക്കോസ്തിയെന്ന്, അപ്പോസ്തോലിക പ്രമാണങ്ങൾ

പറയുന്നു. അതിനുശേഷം ഒരാഴ്ച നോമ്പാചരിച്ചിരുന്നത്രേ. കോപ്റ്റിക്ക് സഭയിൽ പെന്തിക്കോസ്തിയുടെ പിറ്റേദിവസം ശ്ലീഹാ നോമ്പാരംഭിക്കുന്നത് ഈ പാരമ്പര്യമനുസരിച്ചാണ്.

മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പല സഭകളും പെന്തിക്കോസ്തി പെരുന്നാളിന് അർഹമായ പ്രാധാന്യം കൊടുത്തിരുന്നില്ല. അതിനാൽ എൽവീറെ സുന്നഹദോസ് (എ. ഡി. 300), എല്ലാ സഭകളും പെന്തിക്കോസ്തി ആചരിക്കണമെന്നു നിഷ്ക്കർഷിച്ചു.

## പെന്തിക്കോസ്തിപ്പെരുന്നാൾ സഭാജീവിതത്തിൽ

സഭയുടെ അഭിഷേകത്തിന്റെ പെരുന്നാളാണു പെന്തിക്കോസ്തി. യോർദ്ദാനിൽ വച്ചു ക്രിസ്തുവിനെ അഭിഷേകം ചെയ്ത പരിശുദ്ധാത്മാവു പെന്തിക്കോസ്തി ദിവസം സഭയുടെ മേൽ ആവസിച്ച് അതിനെ അഭിഷേകം ചെയ്തു. പരിശുദ്ധാത്മാവിന്റെ സജീവ സാന്നിദ്ധ്യം തൽഫലമായി സഭയിലുണ്ടാവുകയും ചെയ്തു. ക്രിസ്തുവിൽ ഒരു അഭിഷേകമെന്നവിധം ആവസിക്കുന്ന പരിശുദ്ധാത്മാവു ക്രിസ്തുവിന്റെ ശരീരമായ സഭയിലേയ്ക്കും അഭിഷേകത്തിന്റെ പരിമളം പരത്തുന്നു. മാമോദീസായിൽ സഭയോടു ചേർക്കപ്പെടുന്ന ഓരോ വിശ്വാസിക്കും, ക്രിസ്തുവിന്റെ അഭിഷേകമായ പരിശുദ്ധാത്മാവിനെ മൂറോനഭിഷേകം വഴി ലഭിക്കുന്നു. ഓരോ വിശ്വാസിയും പെന്തിക്കോസ്തിയുടെ അനുഭവത്തിൽ പങ്കാളിയാവുന്നതു വി. മൂറോനഭിഷേകത്തിലൂടെയാണ്.

സഭയുടെ പുതുക്കത്തിന്റെ പെരുന്നാൾ കൂടിയാണു പെന്തിക്കോസ്തി. അന്നത്തെ പ്രാർത്ഥനകളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം സഭയുടെയും വിശ്വാസികളുടെയും ജീവിതത്തിൽ കൂടുതലായി ഉണ്ടാകുവാൻ പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ട്.

'നിന്റെ ശ്രേഷ്ഠമായ പെരുന്നാളിന്റെ ഈ സമയത്തു ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. എപ്പോഴും നീ ഞങ്ങളിൽ വസിച്ചു വാക്കിലും പ്രവൃത്തിയിലും നടപടികളിലും ഉത്തമവും പൂർണവുമായ സകല പ്രവർത്തനങ്ങളിലും നിന്റെ ദൈവിക വ്യാപാരം സദാ ഞങ്ങളിൽ പ്രത്യക്ഷപ്പെടുത്തണമെ. ഞങ്ങളുടെ പാപങ്ങളും നിയമലംഘനങ്ങളും മൂലം ഞങ്ങളിൽ നിന്നു നിന്റെ കൃപയെ നിരോധിക്കരുതേ. ഞങ്ങൾക്കുള്ള സഹായങ്ങളിൽനിന്നു നീ ഉദാസീനനായിരിക്കരുതേ. നിന്റെ ശക്തിയും ജ്ഞാനവും നൈർമ്മല്യവും വിശുദ്ധിയും കൊണ്ടു ഞങ്ങളുടെ ഹൃദയങ്ങളെ നിറയ്ക്കണമെ. നിന്റെ കൃപയും കരുണയും മൂലം നിന്റെ ശുശ്രൂഷയ്ക്കു നിർമ്മല ഭവനങ്ങളും നിന്റെ തിരുവാസത്തിനു വിശുദ്ധാലയങ്ങളും ആയിത്തീരുവാൻ ഞങ്ങളെ യോഗ്യരാക്കണമെ. അങ്ങനെ ഞങ്ങൾ തിരുമുമ്പാകെ വെടിപ്പുള്ളവരും നിർമ്മലരുമായി പ്രത്യക്ഷപ്പെടുമാറാകണമേ'

(പെന്തിക്കോസ്തി, മൂന്നാം ശുശ്രൂഷയിൽ മുട്ടുകുത്തുമ്പോഴുള്ള രഹസ്യ പ്രാർത്ഥന).

സഭയേയും വ്യക്തിജീവിതങ്ങളെയും ശുദ്ധീകരിക്കുന്നതു പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം സഭയിലും, വ്യക്തികളിലും ഉണ്ടെന്നുള്ളതിന്റെ തെളിവ്, വിശുദ്ധിയും, നന്മയും പരിശുദ്ധാത്മാവിന്റെ ഫലങ്ങളും (ഗലാ. 5:22–23) ആണ്.

**ചോദ്യങ്ങൾ**

1. പെസഹാ പെരുന്നാളിനെ സംബന്ധിച്ച് ആദിമസഭയിലുണ്ടായിരുന്ന വിവാദം എന്തായിരുന്നു. സഭ ഇതെങ്ങനെ പരിഹരിച്ചു?
2. ആദിമസഭയിൽ ഉയിർപ്പുപെരുന്നാളിൽ മാമോദീസാ നടത്താനുള്ള കാരണമെന്തായിരുന്നു?
3. പെന്തിക്കോസ്തി പെരുന്നാളിനു യഹൂദമതത്തിലുണ്ടായിരുന്ന സ്ഥാനമെന്തായിരുന്നു?
4. ക്രിസ്തീയ സഭയിൽ പെന്തിക്കോസ്തിപ്പെരുന്നാളിന്റെ ഉത്ഭവത്തെപ്പറ്റി ചുരുക്കമായി വിവരിക്കുക.
5. 'പരിശുദ്ധാത്മാവിന്റെ പ്രവർത്തനം വ്യക്തി ജീവിതത്തിൽ' എന്ന വിഷയത്തെപ്പറ്റി ലഘു ഉപന്യാസമെഴുതുക.

**പാഠം 5**

# ക്രിസ്തുമസും ദനഹായും

❑ ഡിസംബർ 25 ❑ ഇരുപത്തിയഞ്ചു നോമ്പ് ❑ ക്രിസ്തുമസ് ഇന്ന് ❑ ദനഹാപ്പെരുന്നാൾ

'ജനനപ്പെരുന്നാളിൽ അർപ്പിക്കുന്ന വി. കുർബാന' (Mass of Christ) എന്ന അർത്ഥത്തിലാണ് ക്രിസ്തുമസ് എന്ന വാക്കുപയോഗിച്ചു തുടങ്ങിയത്. പാശ്ചാത്യ സഭയിൽ നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിലുത്ഭവിച്ച ഒരു പെരുന്നാളാണ് ക്രിസ്തുമസ്.

**ഡിസംബർ 25**

കർത്താവു ജനിച്ച വർഷവും തീയതിയും കൃത്യമായി അറിയുവാൻ സഹായിക്കുന്ന സൂചനകൾ പുതിയനിയമത്തിൽ കുറവാണ്. 'തിബെ

ര്യോസ് കൈസറുടെ വാഴ്ചയുടെ പതിനഞ്ചാമാണ്ടിൽ' യോഹന്നാൻ സ്നാപകൻ പരസ്യശുശ്രൂഷ ആരംഭിച്ചതായി ലൂക്കോസ് രേഖപ്പെടുത്തുന്നു (3:1). അതേവർഷം തന്നെ യേശുക്രിസ്തുവും മുപ്പതാമത്തെ വയസ്സിൽ പരസ്യശുശ്രൂഷ ആരംഭിച്ചുവെന്നാണ് ലൂക്കോസിന്റെ സൂചന (3:23). യഹൂദാ രാജാവായ ഹേരോദാവിന്റെയും റോമൻ ചക്രവർത്തി അഗസ്തുസ് കൈസറുടെയും കാലത്ത് ക്രിസ്തു ജനിച്ചുവെന്നും ലൂക്കോസ് പറയുന്നുണ്ട് (ലൂക്കോ. 1:5; 2:1; മത്താ. 2:1). വർഷം കൃത്യമായി കണക്കാക്കുവാൻ ബുദ്ധിമുട്ടുണ്ടെങ്കിലും, ക്രിസ്തു ജനിച്ചത് ഏ. ഡി. 1 -ൽ ആയിരിക്കാനിടയില്ല. ക്രിസ്തുവിന്റെ ജനനത്തോടു കൂടി ക്രിസ്ത്വബ്ദം (AD = Annum Domini) ആരംഭിക്കുന്നുവെന്ന ധാരണയാണു നമുക്കുള്ളത്. എ. ഡി. 325 നോടടുത്ത് ഡയനീഷ്യസ് എക്സിഗുവസ് (Dionysius Exiguus) എന്ന ഒരു സന്യാസിയാണ് ക്രിസ്ത്വബ്ദം കണക്കു കൂട്ടിയെടുത്തത്. അദ്ദേഹത്തിന്റെ കണക്കനുസരിച്ച് റോമൻ വർഷം 754-ൽ ആണ് ക്രിസ്തു ജനിച്ചതും, ക്രിസ്ത്വബ്ദം ആരംഭിക്കുന്നതും [Auc 754, Auc = Ab urbe condita = from the founding of the city (of Rome)].

ഡയനീഷ്യസിന്റെ കണക്കിൽ കുറഞ്ഞത് നാലു വർഷത്തെ തെറ്റു കടന്നുകൂടിയിട്ടുണ്ട്. ഏതടിസ്ഥാനത്തിലാണ് റോമൻ വർഷം 754 ക്രിസ്തുവിന്റെ ജനനവർഷമായും, ക്രിസ്ത്വബ്ദത്തിന്റെ ആരംഭമായും അദ്ദേഹം നിശ്ചയിച്ചതെന്ന് അറിഞ്ഞുകൂടാ. തിബര്യോസിന്റെ വാഴ്ചയുടെ പതിനഞ്ചാമാണ്ടിൽ യേശുവിന് മുപ്പതു വയസ്സായിയെന്നാണല്ലോ ലൂക്കോസിന്റെ സൂചന (3:23). അതിനാൽ യേശുവിന് പതിനഞ്ചു വയസ്സുള്ളപ്പോഴായിരിക്കണം തിബര്യോസ്, ചക്രവർത്തിയായത്. തിബര്യോസിനു മുമ്പുള്ള അഗസ്തുസ് കൈസർ 43 വർഷം ഭരിച്ചുവെന്നാണ് അലക്സന്ത്രിയായിലെ ക്ലീമ്മീസ് പറയുന്നത്. അങ്ങനെയെങ്കിൽ അഗസ്തുസിന്റെ വാഴ്ചയുടെ 28-ാം വർഷം യേശു ജനിച്ചുവെന്ന് ഡയനീഷ്യസ് ചിന്തിച്ചിരിക്കണം. അഗസ്തുസിന്റെ വാഴ്ച ആരംഭിക്കുന്നത് റോമൻ വർഷം (Auc) 726 -ൽ ആണ്. വാഴ്ചയുടെ 28-ാം വർഷം 754 ആണ്. ആ വർഷം എ. ഡി. ഒന്നായി ഡയനീഷ്യസ് കണക്കാക്കി. എന്നാൽ യഹൂദചരിത്രകാരനായ യോസീഫസിന്റെ വിവരണമനുസരിച്ച് ഹേരോദാവ് റോമൻവർഷം 750-ൽ മരണമടഞ്ഞു. ചുരുക്കത്തിൽ ഡയനീഷ്യസിന്റെ കണക്ക് ശരിയായി എടുത്താൽ, ഹേരോദാവ് മരിച്ച് നാലു വർഷം കഴിഞ്ഞിട്ടാണ് യേശു ജനിക്കുന്നത്. ഹേരോദാവിന്റെ വാഴ്ചയുടെ അവസാനവർഷം യേശു ജനിച്ചുവെന്നു ചിന്തിച്ചാൽത്തന്നെ ബി. സി. 4-ന് മുമ്പ് യേശുവിന്റെ ജനനം നടന്നിരിക്കണം.

മാസവും തീയതിയും ഇതുപോലെ കൃത്യമായി അറിയാമായിരുന്നില്ല. വിവിധ പുരാതന കലണ്ടറുകളുടെയും സാക്ഷ്യങ്ങളുടെയും വെളിച്ചത്തിൽ മാസവും തീയതിയും കണ്ടുപിടിക്കാനായി ആദിമ നൂറ്റാണ്ടുകൾ മുതലേ

ശ്രമങ്ങൾ നടന്നു. അലക്സന്ത്രിയായിലെ ക്ലീമ്മീസിന്റെ അഭിപ്രായത്തിൽ ഏപ്രിൽ 18, 19 അല്ലെങ്കിൽ മെയ് 29 ആയിരിക്കണം കർത്താവിന്റെ ജനന ദിവസം. എ. ഡി. 243 –ൽ വടക്കേ ആഫ്രിക്കയിൽ വിരചിതമായ ഒരു രേഖയനുസരിച്ച് (De Pascha Computus), മാർച്ച് 28 ന് ആണ് കർത്താവു ജനിച്ചത്. മൂന്നാം നൂറ്റാണ്ടിൽ റോമിലെ ഹിപ്പോലിറ്റസ് ദാനിയേലിന്റെ പുസ്തകത്തെക്കുറിച്ചുള്ള വ്യാഖ്യാനത്തിൽ 'അഗസ്തുസിന്റെ വാഴ്ചയുടെ നാല്പത്തിരണ്ടാമാണ്ടിൽ, ഡിസംബർ 25, ബുധനാഴ്ച ക്രിസ്തു ജനിച്ചു' എന്നു പറയുന്നു. ഡിസംബർ 25, കർത്താവിന്റെ ജന്മദിനമായി ആദ്യമായി നിർദേശിച്ചത് ഹിപ്പോലിറ്റസാണ്. എങ്കിലും ഇക്കാലത്തു ജനനപ്പെരുന്നാൾ സഭ ആഘോഷിച്ചു തുടങ്ങിയിരുന്നില്ല.

നാലാം നൂറ്റാണ്ടിൽ വി. ജോൺ ക്രിസോസ്റ്റം, ഡിസംബർ 25 ന് കർത്താവ് ജനിച്ചെന്ന് വിശ്വസിക്കുകയും അതു തെളിയിക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഒരു പുരാതന പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ യോഹന്നാൻ സ്നാപകന്റെ പിതാവായ സഖറിയാ, മഹാപുരോഹിതനായിരുന്നുവെന്നു ക്രിസോസ്റ്റം പറയുന്നു. സഖറിയായ്ക്കു ദൈവദൂതൻ പ്രത്യക്ഷപ്പെട്ടതു പാപപരിഹാരദിനമായ സെപ്തംബർ 24 ന് ആണത്രെ (സഖറിയാ പുരോഹിതനായിരുന്നു എന്നല്ലാതെ മഹാപുരോഹിതനായിരുന്നെന്നോ പാപപരിഹാരദിനത്തിലാണ് വെളിപാടുണ്ടായതെന്നോ വി. ലൂക്കോസ് പറയുന്നില്ല. ലൂക്കോ. 1:5–23 കാണുക). വെളിപ്പാടിനെത്തുടർന്ന് സെപ്തംബർ 24 ന് യോഹന്നാൻ മാതൃഗർഭത്തിൽ ഉരുവായി എന്നും ജൂൺ 24 ന് ജനിച്ചുവെന്നും, ക്രിസോസ്റ്റം വാദിക്കുന്നു. ആറു മാസം കഴിഞ്ഞു (ലൂക്കോ. 1:36 കാണുക) ഡിസംബർ 25 ന് ക്രിസ്തു ജനിച്ചെന്നാണ് അദ്ദേഹത്തിന്റെ വാദം. ഇതും ചരിത്രപരമായി തെളിയിക്കുവാൻ പ്രയാസമാണ്.

മറ്റൊരു പാരമ്പര്യമനുസരിച്ച്, ദൈവമാതാവിന് ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ടത് മാർച്ച് 25 ന് ആണ് (മൂന്നും നാലും നൂറ്റാണ്ടുകളിൽ കർത്താവ് കുരിശിൽ മരിച്ചതും മാർച്ച് 25 ന് ആണെന്ന് വിശ്വസിച്ചിരുന്നു). മാർച്ച് 25 ന് യേശു മാതൃഗർഭത്തിൽ ഉരുവായെങ്കിൽ ഡിസംബർ 25 ന് ജനിച്ചുവെന്നാണ് ഈ പാരമ്പര്യം പറയുന്നത് (see, Duschene, Christian Worship. Its Origin and Evolution, London, 1949, p. 261-263).

ഡിസംബർ 25 ക്രിസ്തുമസ് ദിനമായി തെരഞ്ഞെടുക്കാൻ മറ്റൊരു കാരണം കൂടിയുണ്ട്. ജൂലിയൻ കലണ്ടർ അനുസരിച്ച് മകരസംക്രാന്തി (Winter solstice: സൂര്യൻ ദക്ഷിണായന രേഖയുടെ നേരെ എത്തുന്നത്) ഡിസംബർ 25 ന് ആണ്. ഈജിപ്ഷ്യൻ കലണ്ടർ അനുസരിച്ച് ജനുവരി 6 ന്. ഈ ദിവസം സൂര്യൻ വടക്കോട്ട് നീങ്ങിത്തുടങ്ങുന്നു. അതിനാൽ സൂര്യഭക്തരായിരുന്ന മിത്രാ മതക്കാർ (Mithraism) ഈ ദിവസം 'അദൃശ്യസൂര്യന്റെ

ജന്മദിന'മായി (dies natalis solis invicti = birthday of the invisible sun) ആഘോഷിച്ചിരുന്നു. എ. ഡി. 274 ഡിസംബർ 25 ന് റോമൻ ചക്രവർത്തി ഔറേലിയൻ സൂര്യദേവനെ സാമ്രാജ്യത്തിലെ പ്രധാന ദേവനായി പ്രഖ്യാപിക്കുകയും, ഒരു സൂര്യക്ഷേത്രം സ്ഥാപിക്കുകയും ചെയ്തു. സൂര്യദേവന്റെ ആരാധന ശക്തമായിരുന്ന ഒരു കാലഘട്ടത്തിലാണ് ക്രിസ്തുമസ് റോമിൽ ഉത്ഭവിക്കുന്നത്. കൂടാതെ സഭാപിതാക്കന്മാർ ക്രിസ്തുവിന്റെ ജനനത്തിന്റെ പ്രതീകമായി മകരസംക്രാന്തിയെ വിശേഷിപ്പിച്ചിരുന്നു. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ 'നീതിസൂര്യ'നെന്നത് ക്രിസ്തുവിന്റെ നാമധേയമായി പിതാക്കന്മാർ ഉപയോഗിച്ചിരുന്നു. സൂര്യദേവന്റെ പെരുന്നാളാണ് ക്രിസ്തുമസായി പരിണമിച്ചതെന്ന് ഇപ്പറഞ്ഞതിന് അർത്ഥമില്ല. ജനനപ്പെരുന്നാൾ ഡിസംബർ 25 ന് ആഘോഷിക്കുവാൻ തുടങ്ങിയതിന്റെ പിന്നിൽ ഈ സ്വാധീനവും ഉണ്ടായിരിക്കണമെന്ന് ചൂണ്ടിക്കാണിച്ചതേയുള്ളു.

പൗരസ്ത്യസഭകൾ ആദ്യകാലങ്ങളിൽ ജനുവരി 6 ന് ആയിരുന്നു ജനനപ്പെരുന്നാൾ ആചരിച്ചിരുന്നത്. മുകളിൽ സൂചിപ്പിച്ചതുപോലെ പാശ്ചാത്യ സഭയിലാണ് ആദ്യം ക്രിസ്തുമസ് ആഘോഷിച്ചുതുടങ്ങിയത്. എ. ഡി. 336 നോടടുത്ത് റോമിൽ ഡിസംബർ 25 ന് ക്രിസ്തുമസ് ആഘോഷിച്ചു തുടങ്ങി. 375 നോടടുത്ത് അന്ത്യോക്യയിൽ ക്രിസ്തുമസ് ആചരിച്ചുതുടങ്ങി. ഈ പെരുന്നാൾ കോൺസ്റ്റാന്റിനോപ്പിളിൽ തുടങ്ങിയത് 479–ൽ നാസിയാൻസിലെ വി. ഗ്രീഗോറിയോസാണ്. 430 –ൽ അലക്സാന്ത്രിയായും ഈ പെരുന്നാൾ അംഗീകരിച്ചു. പലസ്തീനിൽ ഏഴാം നൂറ്റാണ്ട് വരെ ജനുവരി 6 നു ആയിരുന്നു ജനനപ്പെരുന്നാൾ. ക്രമേണ അവരും ഡിസംബർ 25 അംഗീകരിച്ചു. ജൂലിയൻ കലണ്ടർ പിന്തുടരുന്ന അർമ്മീനിയൻ സഭയിൽ ഇന്നും ജനുവരി 6 ന് ആണ് ജനനപ്പെരുന്നാൾ.

അറിയോസിന്റെ വേദവിപരീതത്തിനും, ക്രിസ്തുവിനെ സംബന്ധിച്ചുള്ള മറ്റു ദുരുപദേശങ്ങൾക്കും മറുപടിയായിട്ടു കൂടി ക്രിസ്തുമസ് പെരുന്നാൾ ആഘോഷമായി സഭകൾ ആചരിച്ചിരുന്നു. അറിയോസിനെ മുടക്കിയ നിഖ്യാ സുന്നഹദോസിനു ശേഷം (325) അധികം താമസിയാതെയാണ് ക്രിസ്തുമസ് ആചരിച്ചുതുടങ്ങിയത്. ക്രിസ്തുമസ് ആരാധനയിലും അതിനെപ്പറ്റിയുള്ള സഭാപിതാക്കന്മാരുടെ പ്രസംഗങ്ങളിലും അറിയോസിനെതിരായ ധാരാളം പരാമർശനങ്ങളുണ്ട്. യേശുക്രിസ്തുവിന്റെ ദിവ്യത്വം ഉറപ്പിച്ചുപറയുന്ന അനേക പ്രാർത്ഥനകൾ സുറിയാനി സഭയിലെ ജനനപ്പെരുന്നാളിന്റെ ശുശ്രൂഷയിൽ ഉണ്ട്.

'തിരുവിഷ്ടത്തോടെ ജനനത്തിനായി വരികയും, തന്റെ ജനനത്താൽ കന്യകയായ മാതാവിന്റെ മുദ്രകൾക്കോ കന്യാത്വത്തിനോ അഴിവു വരാതിരിക്കുകയും ചെയ്തവനും അനാദ്യന്ത പിതാവിന്റെ പുത്രനും വചനവും ആയുള്ളോവേ, സംശയരഹിതമായി നീ ദൈവം തന്നെയാകുന്നുവെന്നു

നിന്നെക്കുറിച്ചു ഗ്രഹിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമേ.'

ജനനപ്പെരുന്നാളിലെ സ്ലീബാ ആഘോഷത്തിലെ (തെക്കോട്ടു തിരിഞ്ഞുകൊണ്ട്) ഈ ഹ്രസ്വപ്രാർത്ഥനയിൽ, ക്രിസ്തുവിന്റെ ദിവ്യത്വം, കന്യാജനനം, പിതാവിനോടുള്ള സമത്വം, സ്വമേധയായുള്ള ജനനം എന്നീ വിശ്വാസസത്യങ്ങളാണ് അടങ്ങിയിരിക്കുന്നത്. അഗോചരനും അപ്രമേയനുമായ ദൈവം മനുഷ്യനായിത്തീർന്നതിലുള്ള അത്ഭുതമാണ് ജനനപ്പെരുന്നാളിലെ പല പ്രാർത്ഥനകളിലും തുടിച്ചുനിൽക്കുന്നത്.

ജനനപ്പെരുന്നാളിൽ രാത്രിയിൽ വി. കുർബാനയും പ്രാർത്ഥനകളും നടത്തുന്ന രീതി നാലാം നൂറ്റാണ്ടു മുതൽ സഭയിലുണ്ട്. ജനുവരി 6 ന് ബേത്‌ലഹേമിൽ ജനനപ്പെരുന്നാൾ ആചരിക്കുമ്പോൾ പാതിരാത്രിക്ക് വി. കുർബാനയുണ്ടായിരുന്നതായി എത്തേറിയാ രേഖപ്പെടുത്തുന്നു. പ്രഭാതത്തിൽ ജനങ്ങൾ ഘോഷയാത്രയായി കാൽവറിയിലെ പള്ളിയിലെത്തി ആരാധന അവസാനിപ്പിച്ചിരുന്നു. യെറുശലേമിലെ ഈ പാരമ്പര്യം ക്രമേണ മറ്റു സഭകളും സ്വീകരിച്ചു.

## ഇരുപത്തിയഞ്ചു നോമ്പ് (Advent Fasting)

ആറാം നൂറ്റാണ്ടു മുതൽ ക്രിസ്തുമസ്സിനു മുമ്പുള്ള ആറാഴ്ചക്കാലം ഉപവാസദിവസങ്ങളായി ആചരിച്ചിരുന്നു. ഇക്കാലത്ത് ഗോളിൽ (ഫ്രാൻസ്) ചേർന്ന ചില സുന്നഹദോസുകൾ ആറാഴ്ചക്കാലം അനുതാപത്തിലും ഉപവാസത്തിലും വിശ്വാസികൾ ക്രിസ്തുമസ്സിനായി ഒരുങ്ങണമെന്നു നിഷ്ക്കർഷിച്ചു. സുറിയാനി സഭയിലും ക്രിസ്തുമസ്സിനു മുമ്പുള്ള 40 ദിവസം (നവം. 15 മുതൽ) ഉപവസിക്കുന്നതായിരുന്നു പുരാതന പാരമ്പര്യം. കോപ്റ്റിക്, ബൈസന്റയിൻ സഭകളിൽ നവംബർ 15 ന് നോമ്പ് ആരംഭിക്കുന്നു. റോമിലും ആദ്യകാലങ്ങളിൽ ആറാഴ്ച നോമ്പാചരിച്ചിരുന്നെങ്കിലും ക്രമേണ അഞ്ചാഴ്ചയായും, പിന്നീട് നാലാഴ്ചയായും കുറച്ചു. റോമൻ സ്വാധീനത്തിലാണ് ക്രിസ്തുമസ്സിനു മുമ്പുള്ള നോമ്പ് ഇരുപത്തിയഞ്ചു ദിവസമായി സുറിയാനിസഭയിലും കുറഞ്ഞത്. ആധുനിക റോമൻ സഭ ഈ നോമ്പ് അപ്പാടെ ഉപേക്ഷിച്ചിരിക്കുന്നു. അന്ത്യോഖ്യായിലെ യാക്കോബായ സുറിയാനിസഭയും യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ കാലത്ത് ഈ നോമ്പിന്റെ ദൈർഘ്യം കുറയ്ക്കുകയുണ്ടായി.

## ക്രിസ്തുമസ്സ് ഇന്ന്

ആത്മീക മൂല്യങ്ങൾ നഷ്ടപ്പെട്ട് ഒരു സാമൂഹ്യച്ചടങ്ങായി ഇന്ന് ക്രിസ്തുമസ് പലയിടത്തും പരിണമിച്ചിരിക്കുന്നു. ക്രിസ്തുമസിനു സമ്മാനങ്ങൾ കൈമാറുന്നത് മദ്ധ്യശതകങ്ങളുടെ അന്ത്യത്തിൽ ആരംഭിച്ച ഒരു പതിവാണ്. യൂറോപ്പിൽ പലയിടത്തും യേശുക്കുഞ്ഞ് സമ്മാനങ്ങൾ

കൊണ്ടുവരുന്നതായിട്ടാണ് കുട്ടികൾ വിശ്വസിച്ചിരുന്നത്. പതിനാറാം നൂറ്റാണ്ടിനുശേഷം കുട്ടികളുടെ വിശുദ്ധനായ സെന്റ് നിക്കോളാസിനെ കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്ന ക്രിസ്തുമസ് ഫാദറായി ചിത്രീകരിച്ചു തുടങ്ങി. ഇദ്ദേഹത്തെയാണ് സാന്താക്ലോസ് എന്നു വിളിക്കുന്നത്. ഇറ്റലിക്കാരുടെ വിശ്വാസം ബെഫാനാ (from Epiphany) എന്ന വൃദ്ധ സമ്മാനങ്ങൾ കൊണ്ടുവരുന്നുവെന്നാണ്. സ്പെയിനിൽ 'മൂന്നു രാജാക്കന്മാർ' (വിദ്വാന്മാർ) സമ്മാനങ്ങളുമായി എത്തുന്നുവെന്നും വിശ്വസിക്കുന്നു.

### ദനഹാപ്പെരുന്നാൾ (Epiphany)

'ദനഹാ' എന്ന വാക്കിന് 'ഉദയം' എന്നാണർത്ഥം. ഗ്രീക്കിൽ 'എപ്പിഫാനിയാ' എന്നു പറയുന്നു. കർത്താവിന്റെ ജനനത്തെപ്പറ്റിയും, രണ്ടാമത്തെ വരവിനെപ്പറ്റിയും പറയുമ്പോൾ വി. പൗലോസ് ഈ ഗ്രീക്കുവാക്കുപയോഗിക്കുന്നുണ്ട് (തീത്തോ. 2:11, 13). 'തെയോഫനി' (Theophany ദൈവവെളിപാട്) എന്നും ഇതിന് പേരുണ്ട്. ഇന്ന് പൗരസ്ത്യസഭകൾ കർത്താവിന്റെ മാമോദീസായുടെ പെരുന്നാളായി ജനുവരി 6 ന് ദനഹാ ആചരിക്കുന്നു. എന്നാൽ പാശ്ചാത്യസഭകളിൽ 'വിദ്വാന്മാർ കർത്താവിനെ ആരാധിച്ചതിന്റെ' (മത്താ. 2:1-12) പെരുന്നാളായിട്ടാണ് ജനുവരി 6 ആഘോഷിക്കുന്നത്.

മുകളിൽ സൂചിപ്പിച്ചതുപോലെ എ. ഡി. 375 നു മുമ്പ് പൗരസ്ത്യസഭകൾ ജനുവരി 6 ന് ജനനപ്പെരുന്നാളും, ക്രിസ്തുവിന്റെ മാമോദീസായും ഒരുമിച്ചാണ് ആഘോഷിക്കുന്നത്. അതിനുശേഷം ഡിസംബർ 25 നു ജനനപ്പെരുന്നാളും, ജനുവരി 6 ന് കർത്താവിന്റെ മാമോദീസായും ആഘോഷിച്ചു തുടങ്ങി. നാലാം നൂറ്റാണ്ടിൽ ചില സഭകളിൽ വിദ്വാന്മാരുടെ വരവും കാനായിലെ അത്ഭുതവും (യോഹ. 2:1-11) ജനുവരി 6 നു തന്നെ അനുസ്മരിച്ചിരുന്നു. എങ്കിലും ക്രിസ്തുമസ് ഡിസംബർ 25 ന് ആചരിച്ചു തുടങ്ങിയതിനു ശേഷം ജനുവരി 6 കർത്താവിന്റെ മാമോദീസായുടെ പെരുന്നാളായിട്ടാണ് പൗരസ്ത്യർ കണക്കാക്കുന്നത്.

ജനുവരി 6 -ലെ പെരുന്നാളിനെപ്പറ്റിയുള്ള ആദ്യത്തെ സൂചന അലക്സന്ത്രിയായിലെ ക്ലീമ്മീസിന്റെ (C. 215). ലേഖനത്തിലാണ്. ജ്ഞാനമതക്കാർ ക്രിസ്തീയ സഭയുടെ മാതൃകയിൽ ജനുവരി 6 ന് കർത്താവിന്റെ മാമോദീസാ ആചരിച്ചിരുന്നുവെന്ന് ക്ലീമ്മീസ് എഴുതുന്നു. നാലാം നൂറ്റാണ്ടിൽ ജനുവരി 6 ന് സ്നാനാർത്ഥികൾക്ക് മാമോദീസാ നൽകുന്ന പതിവുണ്ടായിരുന്നു. മാമോദീസാ സ്നാനാർത്ഥികളുടെ 'പ്രകാശവൽക്കരണം' (Enlightenment) ആയതിനാൽ ദനഹാപ്പെരുന്നാളിന് 'പ്രകാശത്തിന്റെ പെരുന്നാൾ' (Feast of lights) എന്നാണ് പൗരസ്ത്യ പിതാക്കന്മാർ പേരു നൽകിയിരിക്കുന്നത് (ഉദാ. Gregory of Nazianzus, Oration, 39:1). ഇങ്ങനെ പേരു

നൽകിയതിന് മറ്റൊരു കാരണം കൂടിയുണ്ട്. ഒരു പുരാതന പാരമ്പര്യമനുസരിച്ച് കർത്താവ് സ്നാനമേൽക്കാനായി ഇറങ്ങിയപ്പോൾ, യോർദ്ദാനിൽ തീ ഉണ്ടായത്രേ. സുവിശേഷങ്ങളുടെ ചില പുരാതന കൈയെഴുത്തുപ്രതികളിൽ കർത്താവിന്റെ മാമോദീസായുടെ സമയത്തു തീയുണ്ടായെന്നോ, പ്രകാശമുണ്ടായെന്നോ, സൂചനയുണ്ട്. റ്റാസിയന്റെ സുവിശേഷ സമാഹാരമായ (എ. ഡി. 150) ഡയാറ്റെസാറോൺ (Diatessaron of Tatian), ജസ്റ്റിൻ മാർട്ടിയറുടെയും അലക്സാന്ത്രിയായിലെ ക്ലീമ്മിസിന്റെയും കൃതികൾ എന്നിവയിൽ ഇതെപ്പറ്റി പറയുന്നു. സുറിയാനിസഭയിലെ ദനഹാ ശുശ്രൂഷയിലും ഇതെപ്പറ്റി സൂചനകളുണ്ട്.

'ദൈവപുത്രൻ യോർദ്ദാനിൽ സ്നാനമേൽക്കുവാൻ വന്നപ്പോൾ തീയും വിറകും കൂടാതെ വെള്ളം ഊഷ്മളമായി' എന്നു പാടുന്നത് (സെദ്റായ്ക്കു ശേഷമുള്ള ഗീതം) ഈ പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ്.

ദനഹാ ഓരോ ക്രിസ്ത്യാനിയുടെയും മാമോദീസായുടെ പെരുന്നാൾ കൂടിയാണ്. കാരണം കർത്താവ് സ്നാനമേറ്റതു ക്രിസ്തീയ മാമോദീസാ സ്ഥാപിക്കുവാനാണ്. 'ഞങ്ങളുടെ പാപപരിഹാരാർത്ഥം മാമോദീസായ്ക്കായി വന്ന സകലത്തിനും പാപപരിഹാരം നല്കുന്നവനും ഞങ്ങളുടെ നിർമ്മലീകരണത്തിനു വേണ്ടി സ്നാനത്തിനെഴുന്നള്ളിയ സകലത്തെയും ശുദ്ധീകരിക്കുന്നവനുമായ കർത്താവേ.... വിശുദ്ധ സഭയ്ക്കാകമാനം നീ പാപപരിഹാരം നല്കണമേ' (എത്രൊ). കർത്താവിന്റെ സ്നാനത്താൽ യോർദാനിലെ വെള്ളം ശുദ്ധീകരിക്കപ്പെട്ടു. അതോടൊപ്പം സകല വെള്ളവും യോർദാനിൽ വെച്ച് ശുദ്ധീകൃതമായിരിക്കുന്നു. സകല ജലാശയങ്ങളെയും നദികളെയും തന്റെ സ്നാനത്താൽ വിശുദ്ധീകരിച്ച പരിശുദ്ധനായ കർത്താവേ നിന്റെ ദനഹായുടെ ഈ വിശുദ്ധ ദിനത്തിൽ നിന്റെ വിശുദ്ധിയാൽ ഞങ്ങളെ വിശുദ്ധീകരിക്കേണമെ. ഞങ്ങളുടെ വായ്കളെ നിന്റെ സ്തുതിയുടെ ഉറവയും നിന്റെ മഹത്വങ്ങളുടെ നിറഞ്ഞ പാത്രങ്ങളും ആക്കിത്തീർക്കണമേ.' മനുഷ്യന്റെയും സമസ്ത സൃഷ്ടിയുടെയും ശുദ്ധീകരണമാണ് ആരാധനയുടെ ലക്ഷ്യം. അതിന്റെ അടയാളമാണ് ദനഹാ ശുശ്രൂഷ.

ഉയിർപ്പുപെരുന്നാളിൽ നിന്നും വേർപെടുത്തി ദനഹാപെരുന്നാളിനെപ്പറ്റി ചിന്തിക്കാനാവില്ല. കാരണം ക്രിസ്തുവിന്റെ മാമോദീസാ തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മുൻകുറിയാണ്. താൻ പാതാളത്തിൽ ഇറങ്ങിയതിന്റെയും മരണത്തെ ജയിച്ചതിന്റെയും മുൻകുറിയായിട്ടാണ് ക്രിസ്തു യോർദ്ദാൻ വെള്ളത്തിൽ ഇറങ്ങിയത്. 'യോർദ്ദാനിൽ മറഞ്ഞു കിടന്ന മഹാസർപ്പത്തിന്റെ തലയെ ക്രിസ്തു തകർത്തു'വെന്നു വിശുദ്ധ ജലത്തിൽ പിശാചിന്റെ ഗണത്തെ മുക്കിക്കൊന്നുവെന്നും ദനഹായുടെ പ്രാർത്ഥനകളിൽ പരാമർശിച്ചിരിക്കുന്നത് ഈ അർത്ഥത്തിലാണ്.

ചെങ്കടലിൽ ഫറവോനും സൈന്യത്തിനുമുണ്ടായ നാശം, ക്രിസ്തുവിന്റെ മരണത്താലുള്ള സാത്താന്റെ നാശത്തിന്റെയും മുൻകുറിയായും ദനഹായിലെ പ്രാർത്ഥനകളിൽ പറഞ്ഞിരിക്കുന്നു.

ക്രിസ്തുവിന്റെ യഥാർത്ഥ മാമോദീസാ കുരിശുമരണവും ഉത്ഥാനവുമാണ് (ലൂക്കോ. 12:50; മർക്കോ. 10:38-39). ആ സ്നാനത്തിന്റെ മുൻകുറിയായിട്ടാണ് കർത്താവ് യോർദ്ദാനിൽ ഇറങ്ങിയത്. സ്നാനത്തിലൂടെ കർത്താവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കാളിയാവുന്ന വിശ്വാസി, യോർദ്ദാനിലെ സ്നാനത്തിൽ കൂടി പങ്കാളിയായിത്തീരുന്നു.

ഈസ്റ്ററിന്റെ മുൻകുറിയാണ് ദനഹാ, കാരണം കർത്താവിന്റെ കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും സൂചനയാണ് കർത്താവിന്റെ മാമോദീസാ. ഇക്കാരണത്താൽ അഞ്ചാം നൂറ്റാണ്ടിൽ അലക്സാന്ത്രിയായിൽ ഈസ്റ്ററിന്റെ തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചിരുന്നത് ദനഹാപ്പെരുന്നാളിലായിരുന്നു.

ദനഹാപ്പെരുന്നാളിൽ വെള്ളം വാഴ്ത്തുന്നത് നാലാം നൂറ്റാണ്ടു മുതലുള്ള പതിവാണ്. പലസ്തീനിൽ യോർദ്ദാൻ നദിയും ഈജിപ്തിൽ നൈൽ നദിയും ദനഹാപ്പെരുന്നാളിൽ വാഴ്ത്തുന്ന പതിവ് ഇന്നുണ്ട്. ചില ബൈസന്റയിൻ സഭകളിൽ നദികളോ കുളങ്ങളോ ജലാശയങ്ങളോ ഈ ദിവസം വാഴ്ത്താറുണ്ട്. ആരാധനയുടെ ലക്ഷ്യം സമസ്ത ലോകത്തിന്റെയും തിന്മയിൽ നിന്നുള്ള വിമുക്തിയും വിശുദ്ധീകരണവുമാണ്. 'സൃഷ്ടി ദ്രവത്വത്തിന്റെ ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായെക്കു കീഴ്പ്പെട്ടിരിക്കുന്നു' (റോമ. 8:20) എന്ന് വിശുദ്ധ പൗലോസ് പറയുന്നു. സൃഷ്ടിയുടെ വിശുദ്ധീകരണവും ആരാധനയുടെ ലക്ഷ്യമായി ഓർത്തഡോക്സ് സഭകൾ വിശ്വസിക്കുന്നു. അതുകൊണ്ടാണ് ദനഹാപ്പെരുന്നാളിൽ പ്രാധാന്യത്തോടെ വെള്ളം വാഴ്വിന്റെ ശുശ്രൂഷ നടത്തുന്നത്.

### ചോദ്യങ്ങൾ

1. ഡിസംബർ 25 ക്രിസ്തുവിന്റെ ജനനപ്പെരുന്നാൾ ആഘോഷിക്കാനിടയായതെങ്ങനെ?
2. ജനനപ്പെരുന്നാളിലെ പ്രാർത്ഥനകൾ വായിച്ച് ക്രിസ്തുവിന്റെ ദൈവത്വത്തെപ്പറ്റിപ്പറയുന്ന ഭാഗങ്ങൾ കണ്ടുപിടിക്കുക.
3. ക്രിസ്തുമസ് ആഘോഷം എങ്ങനെ കൂടുതൽ ആത്മീക ചൈതന്യമുള്ളതാക്കി തീർക്കാം?
4. ദനഹപ്പെരുന്നാളിന് നമ്മുടെ ആത്മീയ ജീവിതത്തിലുള്ള സ്ഥാനമെന്ത്?

5. ദനഹായ്ക്ക് പ്രകാശത്തിന്റെ പെരുന്നാളെന്നു പറയുന്നതെന്തു കൊണ്ട്?

6. 'ഈസ്റ്ററിന്റെ മുൻകുറിയാണ് ദനഹ' - വിശദീകരിക്കുക.

## പാഠം 6

# മറ്റു പെരുന്നാളുകൾ

❑ മാറാനായപ്പെരുനാളുകളും മാറാനായ പോലെ ആചരിക്കേണ്ടവയും ❑ ക്രിസ്തുമസിനു ശേഷമുള്ള പെരുന്നാളുകൾ ❑ യോഹന്നാൻ സ്നാപകന്റെ പെരുന്നാളുകൾ ❑ മായൽത്തോപ്പെരുന്നാൾ ❑ മറുരൂപപ്പെരുന്നാൾ ❑ ദൈവമാതാവിന്റെ പെരുന്നാൾ ❑ വി. മാർത്തോമ്മാശ്ലീഹായുടെ പെരുനാളുകൾ

ആരാധനാ വർഷത്തിലെ പെരുന്നാളുകളെ പ്രധാനമായി നാലു വിഭാഗങ്ങളായി തിരിക്കാം.

1. കർത്താവിന്റെ ജീവിതത്തിലെ സംഭവങ്ങളുമായി ബന്ധപ്പെട്ടവ. 2. ദൈവമാതാവിന്റെ പെരുന്നാളുകൾ 3. ശ്ലീഹന്മാരുടെ പെരുന്നാളുകൾ. 4. സഹദേന്മാരുടെയും വിശുദ്ധന്മാരുടെയും പെരുന്നാളുകൾ.

കർത്താവിന്റെ ജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങളെ അനുസ്മരിക്കുന്ന പെരുന്നാളുകൾക്കാണ് 'മാറാനായ പെരുന്നാളുകൾ' എന്നു പറയുന്നത്. ദൈവമാതാവിന്റെയും; ചില ശ്ലീഹന്മാരുടെയും പെരുന്നാളുകൾക്കും സമാനമായ പ്രാധാന്യം സഭ കൽപിക്കുന്നുണ്ട്.

### മാറാനായ പെരുന്നാളുകളും മാറാനായ പോലെ ആചരിക്കേണ്ടവയും

ഡിസംബർ 25 - ജനനപ്പെരുനാൾ; ജനുവരി 6 - ദനഹാപെരുനാൾ; ഫെബ്രുവരി 2 - മായൽത്തോ (ദേവാലയ പ്രവേശനം); മാർച്ച് 25 - ദൈവമാതാവിനോടുള്ള വചനിപ്പ്; ഈസ്റ്റർ; സ്വർഗാരോഹണം; പെന്തിക്കോസ്തി; ജൂൺ 29 - പത്രോസ് പൗലൊസ് ശ്ലീഹന്മാരുടെ ഓർമ; ജൂലൈ 3 - മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മ; ആഗസ്റ്റ് 6 - മറുരൂപപ്പെരുന്നാൾ; ആഗസ്റ്റ് 15 - ദൈവമാതാവിന്റെ വാങ്ങിപ്പ്; സെപ്തംബർ14 - സ്ലീബാപ്പെരുന്നാൾ.

ഈസ്റ്ററിന്റെ തീയതിയെ അനുസരിച്ചാണു സ്വർഗാരോഹണവും,

പെന്തിക്കോസ്തിയും ആചരിക്കുന്നത്. ഇവയിൽ മിക്കവാറും എല്ലാ പെരുന്നാളുകളും കുറഞ്ഞത് നാലാം നൂറ്റാണ്ടു മുതൽ പൗരസ്ത്യസഭകൾ ആചരിച്ചുവരുന്നു. പൗരസ്ത്യസഭയുടെ മാതൃകയിൽ പാശ്ചാത്യരും ക്രമേണ ഈ പെരുന്നാളുകൾ അംഗീകരിച്ചു തുടങ്ങി. താഴെപ്പറയുന്നതു പോലെ, ആദ്യകാലങ്ങളിൽ പെരുന്നാളുകളുടെ തീയതിയിൽ ഐക്യരൂപ്യമുണ്ടായിരുന്നില്ല. തീയതിയുടെ കാര്യത്തിൽ പൗരസ്ത്യരുടെ രീതി പാശ്ചാത്യരും, പാശ്ചാത്യരുടേതു പൗരസ്ത്യരും സ്വീകരിച്ചിട്ടുണ്ട്.

## ക്രിസ്തുമസിനു ശേഷമുള്ള പെരുന്നാളുകൾ

ഡിസംബർ 25 നു ജനനപ്പെരുന്നാൾ ആഘോഷിച്ചു തുടങ്ങിയപ്പോൾ, അതിനുശേഷമുള്ള ദിവസങ്ങൾ പുതിയനിയമത്തിലെ വിവിധ വിശുദ്ധന്മാരുടെ പെരുന്നാളുകളായി പൗരസ്ത്യസഭകൾ ആചരിച്ചിരുന്നു. എ. ഡി. 379 ജനുവരി 1-ാം തീയതി വി. ബസ്സേലിയോസിന്റെ ശവസംസ്കാര സമയത്തു അദ്ദേഹത്തിന്റെ സഹോദരനായ നിസ്സായിലെ വി. ഗ്രിഗോറിയോസ് ചെയ്ത പ്രസംഗത്തിൽ, ഡിസംബർ 25 നും ജനുവരി 1 നും ഇടയിൽ ആചരിച്ചിരുന്ന പെരുന്നാളുകളെപ്പറ്റി പറയുന്നുണ്ട്. ഇതനുസരിച്ചു താഴെപ്പറയുന്ന പെരുന്നാളുകളാണ് അക്കാലത്തുണ്ടായിരുന്നത്. ഡിസംബർ 26 - സ്തേഫാനോസിന്റെ ഓർമ്മ (ഇന്ന് ജനുവരി 8); ഡിസംബർ 27 - സെബദി പുത്രന്മാരായ യാക്കോബും യോഹന്നാനും (ഇന്നു മെയ് 1/8); ഡിസംബർ 28 - പത്രോസ് പൗലോസ് ശ്ലീഹന്മാർ (ഇന്നു ജൂൺ 29). എ. ഡി. 412-ൽ എഴുതിയ സുറിയാനിയിലുള്ള പരിശുദ്ധന്മാരുടെ ലിസ്റ്റിലും ഈ പെരുന്നാളുകളുടെ സ്ഥാനം ഇതു തന്നെയാണ്. അർമീനിയൻ സഭ ഡിസംബർ 25 -ന് ജനനപ്പെരുന്നാൾ ആചരിക്കുന്നില്ലെങ്കിലും അവരുടെ പുരാതന കലണ്ടറിലും ഈ ക്രമം തന്നെ കാണുന്നുണ്ട്. വി. സ്തേഫാനോസും, മേൽപ്പറഞ്ഞ നാലു അപ്പോസ്തോലന്മാരും വാങ്ങിപ്പോയത് ഈ തീയതികളിലാണെന്നുള്ളതിനു ചരിത്രപരമായ തെളിവുകളില്ല. പ്രത്യേക ചരിത്രതെളിവുകളുടെ അടിസ്ഥാനത്തിലല്ല, ഈ പെരുന്നാളുകൾ ഈ തീയതികളിൽ ആഘോഷിച്ചിരുന്നത്. നേരെ മറിച്ച്, ഈ അഞ്ചു വ്യക്തികൾ ക്രിസ്തീയസഭയുടെ തൂണുകളായിരുന്നവരും, കർത്താവിന്റെ വത്സല ശിഷ്യന്മാരുടെ ഗണത്തിൽപ്പെട്ടവരും ആയിരുന്നതിനാൽ, ജനനപ്പെരുന്നാളിനോടു ചേർന്നുള്ള ദിവസങ്ങളിൽ അവരുടെ ഓർമ ആഘോഷിച്ചിരുന്നുവെന്നേയുള്ളു.

സെബദി പുത്രനായ യാക്കോബ് രക്തസാക്ഷിയായത് ഡിസംബറിൽ ആയിരുന്നില്ല; പെസഹായുടെ കാലത്തായിരുന്നു (അ. പ്ര. 12:1-5). യാക്കോബിന്റെയും യോഹന്നാന്റെയും പെരുന്നാളിൽ പിൽക്കാലത്ത് മാറ്റമുണ്ടായി. ബൈസന്റയിൻ സഭയുടെ മാതൃകയിൽ സുറിയാനിസഭ യാക്കോബിന്റെ

ഓർമ മെയ് ഒന്നിനും, യോഹന്നാന്റെ ഓർമ മെയ് 8 നും ആചരിക്കുന്ന രീതിയാണ് ഇന്നുള്ളത്. ഗ്രീക്കുകാർ മെയ് 8 പെരുന്നാളാക്കിയത് എഫെസൂസിൽ യോഹന്നാന്റെ കബറിങ്കൽ നടന്ന ഒരത്ഭുതത്തിന്റെ ഓർമയ്ക്കായിട്ടായിരുന്നു.

പാശ്ചാത്യസഭയിൽ പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ ഓർമ ജൂൺ 29 –ന് ആണ് ആചരിച്ചിരുന്നത്. കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലം തൊട്ടുള്ള പതിവാണിത്. ഈ ശ്ലീഹന്മാർ രക്തിസാക്ഷികളായത് ജൂൺ 29–ന് ആണെന്നുള്ളതിനു വ്യക്തമായ തെളിവുകളൊന്നുമില്ല. അവരുടെ പുരാതന കബറിടത്തിന്റെ സ്ഥാനത്തു കുസ്തന്തീനോസ് പണിത ദേവാലയത്തിലേക്ക് അവരുടെ തിരുശേഷിപ്പുകൾ നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മാറ്റിസ്ഥാപിച്ചു. ഈ സംഭവത്തെ അനുസ്മരിക്കുവാനാണു ജൂൺ 29 ലെ പെരുന്നാളാഘോഷിച്ചിരുന്നത്. പാശ്ചാത്യരുടെ മാതൃകയിൽ, പൗരസ്ത്യസഭകളിലും, ഡിസംബർ 28 –നു പകരം, ജൂൺ 29 –ന് ഈ പെരുന്നാൾ ആചരിച്ചു തുടങ്ങി. യെറുശലേമിൽ ഏഴാം നൂറ്റാണ്ടു വരെ, പത്രോസ് – പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ ഡിസംബർ 28 –നു തന്നെയായിരുന്നു.

അഞ്ചാം നൂറ്റാണ്ടു മുതൽ സഭ ആചരിച്ചുവരുന്നതാണ് ശിശുവധപ്പെരുന്നാൾ (ഡിസംബർ 27). ആറാം നൂറ്റാണ്ടു മുതൽ പാശ്ചാത്യസഭയിൽ ഡിസംബർ 28 –നും, ബൈസന്റയിൻ സഭയിൽ ഡിസംബർ 29 –നും ആണ് ഈ പെരുന്നാൾ.

## യോഹന്നാൻ സ്നാപകന്റെ പെരുന്നാളുകൾ

യോഹന്നാൻ സ്നാപകന്റെ മൂന്നു പെരുന്നാളുകൾ സുറിയാനി സഭയിലുണ്ട്. ജനുവരി 7 യോഹന്നാന്റെ പുകഴ്ച, ജൂൺ 25 യോഹന്നാന്റെ ജനനം, ആഗസ്റ്റ് 29 ശിരഛേദനം. ഇതിൽ ഏറ്റവും പഴയത് ജനുവരി 7 ആണ്. എല്ലാ പൗരസ്ത്യസഭകളിലും ഈ പെരുന്നാളുണ്ട്. കർത്താവിന്റെ ജനനത്തിന് ആറു മാസം മുമ്പ് യോഹന്നാൻ ജനിച്ചു എന്ന വിശ്വാസത്തിൽ ജൂൺ 25 ജനനപ്പെരുന്നാളായി പാശ്ചാത്യസഭ ആചരിച്ചു തുടങ്ങി. അഗസ്തീനോസിന്റെ ഒരു പ്രസംഗത്തിൽ ഇതിനെപ്പറ്റി സൂചനയുണ്ട്. ആഗസ്റ്റ് 29 –ലെ ശിരഛേദനപ്പെരുന്നാൾ ആദ്യം കുസ്തന്തീനോപോലീസിലും സിറിയായിലും തുടർന്നു പാശ്ചാത്യസഭയിലും ആഘോഷിച്ചു തുടങ്ങി.

## മായൽത്തോ (കർത്താവിന്റെ ദേവാലയ പ്രവേശന) പെരുന്നാൾ

**ഫെബ്രുവരി 2:** നാലാം നൂറ്റാണ്ടു മുതൽ സഭയിൽ ആഘോഷിച്ചു

വരുന്ന ഈ പെരുന്നാളിന്റെ ഉത്ഭവം പാലസ്തീനിലാണ്. ജനനപ്പെരുന്നാളിനു ശേഷം നാല്പതാം ദിവസം യെറുശലേമിൽ ഇതാചരിച്ചിരുന്നതായി എത്തേറിയാ രേഖപ്പെടുത്തുന്നു. നാലാം നൂറ്റാണ്ടിൽ പലസ്റ്റീനിൽ ജനപ്പെരുന്നാൾ ജനുവരി 6 ന് ആയിരുന്നതിനാൽ 'മായൽത്തോ' ഫെബ്രുവരി 14 ന് ആയിരുന്നു. എ. ഡി. 542 -ൽ ജസ്റ്റീനിയൻ ചക്രവർത്തി പുറപ്പെടുവിച്ച ഒരു വിളംബരത്തെത്തുടർന്നാണു കോൺസ്റ്റാന്റിനോപ്പിളിൽ ഈ പെരുന്നാൾ ആരംഭിച്ചത്. എന്നാൽ പാശ്ചാത്യസഭയിൽ ഈ ദിവസം ദൈവമാതാവിന്റെ ശുദ്ധീകരണത്തിന്റെ പെരുന്നാളായിട്ടാണു കണക്കാക്കുന്നത് (ലൂക്കോ. 2:22; ലേവ്യ. 12:2-8). പാശ്ചാത്യരുടെ ദൈവമാതാവിന്റെ പെരുന്നാളുകളിൽ ഏറ്റവും പുരാതനമായതും ഇതു തന്നെ.

### മറുരൂപപ്പെരുന്നാൾ (ആഗസ്റ്റ് 6)

പൗരസ്ത്യസഭയുടെ മാത്രം പെരുന്നാളാണിത്. പാശ്ചാത്യർ ഒരിക്കലും ഇതാചരിച്ചതായി തോന്നുന്നില്ല. ആറാം നൂറ്റാണ്ടിനു ശേഷം കോൺസ്റ്റാന്റിനോപ്പിളിലാണ് ഇതിന്റെ ഉത്ഭവം.

### സ്ലീബാപ്പെരുന്നാൾ (സെപ്തംബർ 14)

മായൽത്തോ പോലെ ഇതും പാലസ്റ്റീനിൽ ഉത്ഭവിച്ചതാണ്. ഹെലനി രാജ്ഞി കർത്താവിന്റെ കുരിശു കണ്ടെടുത്തത് സെപ്തംബർ 14 ന് ആണെന്നാണു പാരമ്പര്യം. കാൽവറിയിലും കർത്താവിന്റെ കബറിടത്തിലും കുസ്തന്തീനോസ് ചക്രവർത്തി പണിത ദേവാലയങ്ങളുടെ ശുദ്ധീകരണം നടന്നതു 335 സെപ്തംബർ 14 നു ആയിരുന്നു (അത്താനാസ്യോസിനെ മുടക്കിയ 335 -ലെ ടൈർ സുന്നഹദോസിൽ പങ്കെടുത്ത മേൽപ്പട്ടക്കാരാണു ഈ ദേവാലയം കൂദാശ ചെയ്തത്). യെറുശലേമിൽ നാലാം നൂറ്റാണ്ടിന്റെ അവസാനം എട്ടു ദിവസമായിരുന്നു സ്ലീബാ പെരുന്നാളിന്റെ ആഘോഷങ്ങൾ. യെറുശലേമിൽ ഉത്ഭവിച്ച ഈ പെരുന്നാൾ അധികം താമസിയാതെ സുറിയാനിസഭയും ബൈസന്റയിൻ സഭയും ആചരിച്ചു തുടങ്ങി. റോമിൽ ഈ പെരുന്നാൾ ആഘോഷിച്ചു തുടങ്ങുന്നതു എട്ടാം നൂറ്റാണ്ടിൽ മാത്രമാണ്.

### ദൈവമാതാവിന്റെ പെരുന്നാളുകൾ

ദൈവമാതാവിന്റെ അഞ്ചു പെരുന്നാളുകൾ സുറിയാനിസഭയിലുണ്ട്: ഡിസംബർ 26 - ദൈവമാതാവിന്റെ പുകഴ്ച പെരുന്നാൾ; ജനുവരി 15 - വിത്തുകൾക്കു വേണ്ടി ദൈവമാതാവിന്റെ പെരുന്നാൾ; മാർച്ച് 25 - വചനിപ്പ്; ആഗസ്റ്റ് 15 - വാങ്ങിപ്പ്; സെപ്തംബർ 8 - ദൈവമാതാവിന്റെ ജനനം.

നാലാം നൂറ്റാണ്ടു മുതൽ ദേവാലയങ്ങൾ ദൈവമാതാവിന്റെ പേരിൽ സ്ഥാപിച്ചു തുടങ്ങിയിരുന്നു. എന്നാൽ മാതാവിന്റെ പേരിലുള്ള

പെരുന്നാളുകൾ ആഘോഷിച്ചു തുടങ്ങുന്നത് 431 -ലെ എഫെസൂസ് സുന്ന ഹദോസിനു ശേഷമാണ്.

ദൈവമാതാവിന്റെ പെരുന്നാളുകളിൽ ഏറ്റവും പൗരാണികം ഡിസംബർ 26 -ന് ആഘോഷിക്കുന്ന 'ദൈവമാതാവിന്റെ പുകഴ്ചയുടെ പെരുന്നാൾ' ആണ്. അഞ്ചാം നൂറ്റാണ്ടു മുതൽ ഇതാചരിച്ചു വരുന്നു. ക്രിസ്തുമസിന്റെ ഭാഗമായിട്ടാണ് ഈ പെരുന്നാളിനെ കണക്കാക്കിയിരുന്നത്.

ആദ്യകാലത്ത് വചനിപ്പ് പെരുന്നാൾ ക്രിസ്തുമസ്സിനു മുമ്പുള്ള നോമ്പിലെ ഒരു ഞായറാഴ്ചയാണ് ആചരിച്ചിരുന്നത്. (സുറിയാനി സഭയിൽ ക്രിസ്തുമസ്സിനു മുമ്പ് അഞ്ചാമത്തെ ഞായറാഴ്ച). എന്നാൽ ആറാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ വചനിപ്പുപെരുന്നാൾ മാർച്ച് 25 -ന് ആചരിച്ചു തുടങ്ങി. ആറാം നൂറ്റാണ്ടിൽത്തന്നെ വാങ്ങിപ്പുപെരുന്നാളും സഭയിൽ പ്രചാരത്തിലായി. റോമൻ ചക്രവർത്തിയായ മൗറിസ് (Emperor Maurice + 602) ആഗസ്റ്റ് 15 -ന് ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ സാമ്രാജ്യത്തിലെങ്ങും ആചരിക്കണമെന്നു കൽപ്പിച്ചു.

ദൈവമാതാവിന്റെ ജനനപ്പെരുന്നാളും (സെപ്തംബർ 8), ആറാം നൂറ്റാണ്ടിലാണുത്ഭവിച്ചത്. കൂടാതെ കർത്താവിന്റെ ദേവാലയ പ്രവേശനം (ഫെബ്രുവരി 2) ദൈവമാതാവിന്റെ ശുദ്ധീകരണ പെരുന്നാളായിട്ടും കണക്കാക്കിയിരുന്നു. ദൈവമാതാവിന്റെ എല്ലാ പെരുന്നാളുകളും ഉത്ഭവിച്ചത് പൗരസ്ത്യസഭകളിലാണ്. ഏഴാം നൂറ്റാണ്ടിൽ, പൗരസ്ത്യ സന്യാസിമാർ ഈ പെരുന്നാളുകൾ പാശ്ചാത്യനാട്ടിൽ പ്രചരിപ്പിച്ചു.

ദൈവമാതാവിന്റെ വചനിപ്പ്, വാങ്ങിപ്പ്, ജനനം, ശുദ്ധീകരണം എന്നീ പെരുന്നാളുകൾ ഗ്രീക്കു വംശജനായ സേർഗീസ് പാപ്പായുടെ കാലത്താണ് (+ 701) റോമിൽ പ്രചാരത്തിലായത്.

ഇവ കൂടാതെ കത്തോലിക്കാസഭയിൽ ദൈവമാതാവിന്റെ മറ്റു പല പെരുന്നാളുകളും ആചരിക്കുന്നുണ്ട്. ഉദാഹരണമായി മറിയാമിനെ ദേവാലയത്തിൽ സമർപ്പിച്ചതിന്റെ ഓർമ്മ (Presentation of Mary, നവംബർ 21) എട്ടാം നൂറ്റാണ്ടിൽ ബൈസന്റയിൻ സഭയിൽ ഉത്ഭവിച്ചതെങ്കിലും, 14-ാം നൂറ്റാണ്ടു മുതൽ കത്തോലിക്കർ ആഘോഷമായി ആചരിച്ചുവരുന്നു. അന്നായുടെ ഗർഭധാരണം (Conception of Anna ഡിസം. 8), മറിയാം ഏലിശുബായെ സന്ദർശിച്ചതിന്റെ ഓർമ്മ (Visitation), മാതാവിന്റെ രാജത്വത്തിന്റെ പെരുന്നാൾ (Feast of the Queenship of Mary, മെയ് 31) എന്നിവയും കാലാന്തരത്തിൽ കത്തോലിക്കാസഭ സ്വീകരിച്ച പെരുന്നാളുകളാണ്.

എല്ലാ വിശുദ്ധന്മാരിലും ഉപരിയായ ഒരു സ്ഥാനം ദൈവമാതാവിന് പൗരസ്ത്യസഭകൾ നൽകുന്നുണ്ട്. അതിനാൽ ദൈവമാതാവിന്റെ

പെരുന്നാളുകൾക്കും നിസ്തുലമായ സ്ഥാനം നൽകുന്നു. വചനിപ്പു പെരുന്നാൾ ദിവസം (മാർച്ച് 25) ദുഃഖവെള്ളിയാഴ്ച വന്നാൽപ്പോലും അന്നു വി. കുർബാനയർപ്പിക്കണമെന്ന് സുറിയാനിസഭ നിഷ്ക്കർഷിക്കുന്നതു ഇതുകൊണ്ടാണ്.

എന്നാൽ ദൈവമാതാവ് മാതൃഗർഭം മുതൽക്കേ പാപരഹിതയാണ് എന്നു കത്തോലിക്കാസഭ പഠിപ്പിക്കുന്നത് ഓർത്തഡോക്സ് സഭകൾ അംഗീകരിക്കുന്നില്ല. അമലോത്ഭവം (Immaculate Conception) എന്നറിയപ്പെടുന്ന ഈ ഉപദേശം 1759–ൽ പയസ് ഒൻപതാമൻ പാപ്പായാണ് കത്തോലിക്കാസഭയിൽ പ്രഖ്യാപിച്ചത്. 'ഏകജാതനായ ക്രിസ്തു'വിനല്ലാതെ പൂർണപാപരാഹിത്യം മറ്റൊരു മനുഷ്യനും ഉണ്ടെന്ന് ഓർത്തഡോക്സ് സഭകൾ പഠിപ്പിക്കുന്നില്ല.

ദൈവമാതാവിന്റെ ശരീരത്തോടെയുള്ള സ്വർഗാരോഹണം (Bodily assumption of Mary) കത്തോലിക്കാസഭയുടെ അടിസ്ഥാന വിശ്വാസങ്ങളിലൊന്നായി 1950–ൽ പയസ് പന്ത്രണ്ടാമൻ പാപ്പാ പ്രഖ്യാപിച്ചു. ദൈവമാതാവിന്റെ സ്വർഗാരോഹണത്തെപ്പറ്റി പൗരസ്ത്യസഭകൾ വിശ്വസിക്കുന്നുണ്ടെങ്കിലും, അടിസ്ഥാനവിശ്വാസസത്യമായി ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. നാലാം നൂറ്റാണ്ടിൽത്തന്നെ ദൈവമാതാവിനോടുള്ള പ്രാർത്ഥനകൾ സഭയിൽ ഉപയോഗിക്കുന്നുണ്ട്. എന്നാൽ 'കൃപനിറഞ്ഞ മറിയമെ' എന്ന പ്രാർത്ഥന (ലൂക്കോ. 1:28; 42) ഇന്നത്തെ രൂപത്തിലെത്തുന്നത് പതിനഞ്ചാം നൂറ്റാണ്ടിൽ മാത്രമാണ്. ഇതിന്റെ വ്യത്യസ്ത രൂപങ്ങൾ പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ ഉപയോഗിച്ചിരുന്നു.

## വി. മാർത്തോമ്മാശ്ലീഹായുടെ പെരുന്നാളുകൾ

മാർത്തോമ്മാശ്ലീഹായുടെ രണ്ടു പെരുന്നാളുകൾ നമ്മുടെ സഭാ കലണ്ടറിലുണ്ട്; മാർത്തോമ്മാശ്ലീഹായുടെ ദുക്റോനോ (ഓർമ) ജൂലൈ 3; കുന്തമേറ്റു മരിച്ചതിന്റെ ഓർമ്മ ഡിസംബർ 21. ഇതിൽ സുറിയാനിസഭയുടെ പെരുന്നാൾ ജൂലൈ 3 –ലേതാണ്. ഡിസംബർ 21 പാശ്ചാത്യരുടെ പെരുന്നാളും. എഡേസായുടെ ചരിത്രമനുസരിച്ച് (Chronicle of Edesua) എ. ഡി. 394 ആഗസ്റ്റ് 22 ന് വി. മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ എഡേസായിലെ പള്ളിയിൽ ആഘോഷമായി പ്രതിഷ്ഠിച്ചു. ഇതേത്തുടർന്നു എഡേസ്സായിലും യെറുശലേമിലും ആഗസ്റ്റ് 22 തോമ്മാശ്ലീഹായുടെ പെരുന്നാളുകളായി ആചരിച്ചിരുന്നുവെന്ന് അർമ്മീനിയൻ വായനക്കുറിപ്പിൽ കാണുന്നു. അപ്പോസ്തോലന്റെ തിരുശേഷിപ്പുകൾ എഡേസ്സായിൽ കൊണ്ടുവന്നതിന്റെ ഓർമ്മയ്ക്കായിട്ടാണ് ജൂലൈ 3 പെരുന്നാളായി സുറിയാനി സഭയിൽ ആചരിച്ചു തുടങ്ങിയത്.

## ചോദ്യങ്ങൾ

1. സഭയിലെ മാറാനായപെരുന്നാളുകൾ ഏവ?
2. ദൈവമാതാവിന്റെ പെരുന്നാളുകളുടെ ഉത്ഭവത്തെപ്പറ്റി ചുരുക്കമായി വിവരിക്കുക.

# യൂണിറ്റ് 4

# മാറാനാതാ: കർത്താവേ വരേണമേ

## പാഠം 1

## സംഗീതം ക്രിസ്തീയാരാധനയിൽ

❑ പഴയനിയമത്തിൽ ❑ പുതിയനിയമത്തിൽ ❑ സംഗീതം ആദിമസഭയിൽ ❑ സുറിയാനി ആരാധനാഗീതങ്ങൾ ❑ ആരാധനാ ഗീതങ്ങൾ ഇന്ന്

ക്രിസ്തീയ ആരാധനയുടെ സുപ്രധാന ഘടകമാണു സംഗീതം. അതിപുരാതനകാലം മുതൽക്കേ സംഗീതം മതപരമായ ചടങ്ങുകളുടെ ഭാഗമായിരുന്നു. ഭാരതത്തിലും, യൂറോപ്പിലും, എല്ലാ പുരാതന സംസ്കാരങ്ങളിലും സംഗീതം വളർന്നതും വികസിച്ചതും മതത്തിന്റെ പരിലാളനയിലാണ്. ആത്മീയാനുഭവം ആവിഷ്കരിക്കുന്നതിൽ ഏറ്റവും ഫലപ്രദമായ മാധ്യമം സംഗീതമാണ്. ഗദ്യപ്രാർത്ഥനകളേക്കാൾ അർത്ഥസമ്പുഷ്ടിയുള്ളതും, ദൈവസാന്നിദ്ധ്യബോധമുളവാക്കുവാൻ സഹായിക്കുന്നവയുമാണു ഗീതങ്ങൾ. തളർന്ന മനസ്സും ശരീരവുമായി ആരാധനയ്ക്കെത്തുന്നവരുടെ പോലും ഹൃദയങ്ങളെ ദൈവത്തിങ്കലേയ്ക്ക് ഉയർത്തുവാൻ സഹായകമാണു സംഗീതം.

### പഴയനിയമത്തിൽ

പഴയനിയമ ആരാധനയിൽ ഉപയോഗിച്ചിരുന്ന ഗാനങ്ങളാണു സങ്കീർത്തനങ്ങൾ. ദേവാലയത്തിലേയും, സുന്നഗോഗുകളിലേയും ആരാധനയിൽ സങ്കീർത്തനങ്ങൾക്കു സുപ്രധാന സ്ഥാനമുണ്ടായിരുന്നു. മോശ (90-ാം സങ്കീർത്തനം), ശലോമോൻ (സങ്കീ. 72, 127), ദാവീദ് തുടങ്ങിയ പല പഴയനിയമ കഥാപാത്രങ്ങളും സങ്കീർത്തനങ്ങൾ രചിച്ചിട്ടുണ്ട്. ബി. സി. 586 ലെ ബാബിലോൺ പ്രവാസത്തിനു ശേഷം രചിക്കപ്പെട്ട പല സങ്കീർത്തനങ്ങളുണ്ട് (ഉദാ. 126, 137). പഴയനിയമ ആരാധനയിൽ സംഗീതത്തിനും സംഗീതോപകരണങ്ങൾക്കുമുള്ള സ്ഥാനത്തെപ്പറ്റി സങ്കീർത്തനങ്ങളിൽ ത്തന്നെ സൂചനയുണ്ട് (സങ്കീ. 149:3; 150:3-5). 150-ാം സങ്കീർത്തനത്തിന്റെ രചയിതാവ് എല്ലാത്തരം സംഗീതോപകരണങ്ങളും ആരാധനയിൽ ഉപയോഗിക്കണമെന്ന പക്ഷക്കാരനാണ്. മോശയുടെ കാലം മുതൽക്കേ നൃത്തവാദ്യങ്ങളുടെ അകമ്പടിയോടു കൂടിയുള്ള സംഗീതം യഹൂദ ആരാധനയുടെ ഭാഗമായിരുന്നു (പുറ. 15:1-21). ദാവീദിന്റെ കാലത്തു സാക്ഷ്യപെട്ടകം യെറുശലേമിലേയ്ക്ക് അനേകം സംഗീതജ്ഞരുടെ അകമ്പടിയോടെ ഒരു

വലിയ ഘോഷയാത്രയായിട്ടാണു കൊണ്ടുവന്നത് (1 ദിന. 15). പിൽക്കാലത്തു യെറുശലേം ദേവാലയത്തിൽ 288 സംഗീത വിദഗ്ദ്ധന്മാരുണ്ടായിരുന്നത്രേ (1 ദിന. 25:1–8). ആരാധനയ്ക്കു പരമസ്ഥാനമുണ്ടായിരുന്ന ഇസ്രായേലിൽ, ആരാധനാ സംഗീതം പഠിപ്പിക്കുന്നതിനും പരിരക്ഷിക്കുന്നതിനും പ്രത്യേക സംവിധാനമുണ്ടായിരുന്നു. യഹോവയുടെ മഹത്വത്തെ സ്തുതിക്കുവാൻ ഇസ്രായേൽ ജനത ആരാധനയിൽ സംഗീതമുപയോഗിച്ചതുപോലെ (പുറ. 15; സങ്കീ. 150:1–2) പുതിയ ഇസ്രായേലായ ക്രിസ്തീയ സഭയും ആരാധനയിൽ സംഗീതത്തിനു സ്ഥാനം നൽകി.

### പുതിയനിയമത്തിൽ

അപ്പോസ്തോലിക സഭയുടെ ആരാധനയിൽ സംഗീതത്തിനു സ്ഥാനമുണ്ടായിരുന്നു. അന്ത്യഅത്താഴത്തിനു ശേഷം കർത്താവും ശിഷ്യന്മാരും സ്തോത്രം പാടിയതായി വി. മത്തായി രേഖപ്പെടുത്തുന്നു (26:30). എഫേസൂസിലെ ക്രിസ്ത്യാനികളെ ആരാധനയ്ക്കായി പൗലോസ് ആഹ്വാനം ചെയ്തത് ഇങ്ങനെയാണ്: 'ആത്മാവു നിറഞ്ഞവരായി സങ്കീർത്തനങ്ങളാലും, സ്തുതികളാലും, ആത്മീയഗീതങ്ങളാലും തമ്മിൽ സംസാരിച്ചും, നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ദൈവവും പിതാവുമായവന് എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്തുകൊണ്ടിരിപ്പിൻ' (എഫെ. 5:19–20). കൊലോസ്യ സഭയ്ക്കും (3:16–17) ഈ നിർദ്ദേശം തന്നെ പൗലോസ് നൽകുന്നു. 'എല്ലായ്പ്പോഴും എല്ലാറ്റിനു വേണ്ടിയും സ്തോത്രം ചെയ്വിൻ' എന്നുള്ള പുതിയനിയമ നിർദേശമനുസരിച്ചാണു യാമപ്രാർത്ഥനകളിലും, കൂദാശാനുഷ്ഠാനങ്ങളിലും ഗീതങ്ങൾക്കു പ്രധാന സ്ഥാനം നൽകിയിരിക്കുന്നത്.

സംഗീതത്തിന്റെ പരമലക്ഷ്യം ദൈവത്തെ സ്തുതിക്കുകയാണ്. അല്ലാതെ മനുഷ്യന്റെ വൈകാരിക സംതൃപ്തിയല്ല. മനുഷ്യരെ സംയോജിപ്പിക്കുന്ന ഘടകമായി പ്രവർത്തിക്കുവാൻ സംഗീതത്തിനു കഴിയും. സംഗീതത്തിന്റെ അടിസ്ഥാനം ശബ്ദവൈവിദ്ധ്യത്തിന്റെ 'ഹാർമണി'യാണ്. നിയന്ത്രിത ശബ്ദങ്ങളുടെ അനുസ്യൂത പ്രവാഹമാണു സംഗീതം. സംഗീതത്തിലെ ശബ്ദങ്ങളുടെ ഐക്യരൂപത്തിലൂടെ പ്രപഞ്ചത്തിന്റെ ഐക്യരൂപം പ്രതിഫലിക്കപ്പെടുന്നു. സംഗീതം ദൈവത്തെ സ്തുതിക്കുന്നതിനുള്ള മാധ്യമമാകുന്നതുപോലെ, പ്രപഞ്ചം മുഴുവനും ദൈവമഹത്വം പ്രതിഫലിപ്പിക്കുന്ന ഒരു സംഗീതശിൽപ്പമായിത്തീരണമെന്നുള്ളതാണു ദൈവേഷ്ടം. സംഗീതത്തിന്റെ ആത്യന്തികലക്ഷ്യം ദൈവമഹത്വം പ്രതിഫലിപ്പിക്കുകയാണ്. എല്ലാ ഗീതങ്ങളും ആത്യന്തികമായി ദൈവത്തെ സ്തുതിക്കുന്ന സങ്കീർത്തനങ്ങളായിത്തീരണം.

## സംഗീതം ആദിമസഭയിൽ

ആരാധനയിൽ ധാരാളമായി ഗീതങ്ങൾ ഉപയോഗിക്കുന്ന രീതി സുറിയാനിസഭയുടെ സംഭാവനയാണ്. ക്രിസ്തീയ ഗീതങ്ങളിൽ ഏറ്റവും പുരാതനമായ 'ശലോമോന്റെ പാട്ടുകൾ' (Odes of Solomon) രണ്ടാം നൂറ്റാണ്ടിൽ സുറിയാനിയിൽ എഴുതപ്പെട്ടവയാണ്. ഓർത്തഡോക്സ് സഭയുടെ ആരാധനാ ഗീതങ്ങളുടെ ചരിത്രത്തിൽ ഏറ്റവും സ്മരണീയനായ പിതാവു വി. അപ്രേമാണ് (+ 373). നാലാം നൂറ്റാണ്ടിൽ ബർദൈസാൻ, ഹാർമോണിയോസ് എന്നീ ജ്ഞാനമത (Gnostic) വേദവിപരീതികൾ അവരുടെ ഉപദേശങ്ങൾ പ്രചരിപ്പിക്കുവാൻ നാടോടിപ്പാട്ടുകൾ ഉപയോഗിച്ചു. സാധാരണക്കാരുടെ ഇടയിൽ അവർക്ക് അതിവേഗം പ്രചാരം സിദ്ധിച്ചു. ഈ അവസരത്തിൽ നിസിബിസിലെ ഒരു ശെമ്മാശ്ശനായിരുന്ന വി. അപ്രേം ഓർത്തഡോക്സ് വിശ്വാസപ്രചരണത്തിനു ഗാനങ്ങൾ രചിച്ചു തുടങ്ങി. അപ്രേമിന്റെ ഭക്തിനിർഭരവും ലളിതവുമായ പ്രാർത്ഥനാഗീതങ്ങൾ പലതും എതിരാളികളുടെ ശൈലിയെ അനുകരിച്ചുള്ളവയായിരുന്നു. കവിയും, ഗായകനുമായിരുന്ന അപ്രേം ജനങ്ങളെ പാട്ടുകൾ അഭ്യസിപ്പിക്കുകയും ചെയ്തു. താമസിയാതെ തന്നെ അദ്ദേഹത്തിന്റെ കൃതികൾ ആരാധനയിലുപയോഗിച്ചു തുടങ്ങി. 'പരിശുദ്ധാത്മാവിന്റെ കിന്നര'മെന്നറിയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ അസംഖ്യം ഗീതങ്ങൾ ഓർത്തഡോക്സ് ആരാധനയെ മികവുറ്റതാക്കുന്നു.

## സുറിയാനി ആരാധനാഗീതങ്ങൾ

വി. അപ്രേമിനെ കൂടാതെ സെറൂഗിലെ മാർ യാക്കോബ് (+ 531), മാർ ബാലായി (C. 400) തുടങ്ങിയ വേദശാസ്ത്ര കവികളുടെ കൃതികളും സുറിയാനി ആരാധനയിൽ ഉപയോഗിക്കുന്നുണ്ട്.

മിക്ക ആരാധനാഗീതങ്ങളും എട്ടു രീതികളിൽ (= നിറങ്ങളിൽ) പാടാവുന്നവയാണ്. ബൈസന്റയിൻ പാരമ്പര്യത്തിലും എട്ടു രീതികൾ ഉപയോഗിക്കുന്നുണ്ട്. 'അഷ്ട ശബ്ദങ്ങൾ' (Octoechos) എന്നാണു ബൈസന്റയിൻ സഭകൾ ഇതിനു പറയുന്നത്. ഗ്രീക്കു സംഗീതത്തിന്റെ സ്വാധീനത്തിൽ ആരാധനാഗീതങ്ങൾ വിവിധ രാഗങ്ങളിൽ ആലപിക്കുന്ന സമ്പ്രദായം നാലാം നൂറ്റാണ്ടിൽത്തന്നെ അന്ത്യോഖ്യയിലുണ്ടായിരുന്നു. സുറിയാനി സഭയിൽ എട്ടു 'നിറങ്ങൾ' ഏർപ്പെടുത്തിയത് അന്ത്യോഖ്യൻ പാത്രിയർക്കീസായ വി. സേവേറിയോസ് (512–538) ആണ്. എട്ടു രീതിയിൽ ചൊല്ലാവുന്ന ഗീതങ്ങളുടെ ഒരു സമാഹാരം അദ്ദേഹം ഗ്രീക്കിൽ രചിച്ചു. ഏഴാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ എഡേസായിലെ പോൾ, സുറിയാനിയിലേയ്ക്ക് അതു തർജമ ചെയ്തു. 'എക്കാറാ' എന്നറിയപ്പെടുന്ന ഈ ഗീത സമാഹാരത്തിന്റെ തർജമ എഡേസായിലെ വി. യാക്കോബിന്റെ (+ 703) കാലത്തു

മെച്ചപ്പെടുത്തുകയുണ്ടായി. പിൽക്കാലത്തെ പല എഴുത്തുകാരുടെ സംഭാവനകളും 'എക്കാറാ'യിൽ അടങ്ങിയിട്ടുണ്ട്.

സുറിയാനി ആരാധനാഗീതങ്ങൾ ദൈവശാസ്ത്രത്തിന്റെയും ആദ്ധ്യാത്മികതയുടെയും ഭണ്ഡാഗാരങ്ങളാണ്. അവയുടെ പ്രമേയം മിക്കപ്പോഴും വേദപുസ്തക സംഭവങ്ങളാണ്. ഈശ്വരസന്നിധിയിലേയ്ക്കു മനസ്സുയർത്തുന്ന മനുഷ്യന്റെ പ്രാർത്ഥനകളാണു പല ഗീതങ്ങളും. ദൈവത്തിൽ നിന്നു ശക്തി പ്രാപിക്കാനാഗ്രഹിക്കുന്ന മനുഷ്യൻ തന്റെ കുറവുകളെ ദൈവമുമ്പാകെ ഏറ്റുപറയുന്നു. അതിനാൽ അനുതാപത്തിന്റെ പ്രമേയമുൾക്കൊള്ളുന്ന ധാരാളം ഗീതങ്ങൾ സുറിയാനി സഭയിലുണ്ട്.

### ആരാധനാ സംഗീതം ഇന്ന്

മനുഷ്യന്റെ ബുദ്ധിപരമായ സംതൃപ്തിക്കു വേണ്ടി മാത്രമുള്ളതല്ല ആരാധന. അവന്റെ സമസ്ത ഭാവങ്ങളും വികാരങ്ങളും ആരാധനയിലൂടെ പ്രകടിപ്പിക്കപ്പെടണം. ഈ ലക്ഷ്യത്തിലാണ് ആരാധനയിൽ സംഗീതം ഉൾപ്പെടുത്തിയിരിക്കുന്നത്. ജനങ്ങളുടെ പൂർണമായ പങ്കാളിത്തത്തിനുള്ള ഒരുപാധികൂടിയാണു സംഗീതം. എല്ലാവരും ചേർന്നു പാടുന്നതിനാണ് ആരാധനയിൽ ഗീതങ്ങൾ ചേർത്തിരിക്കുന്നത്. ഇന്നു ജനങ്ങൾക്കു വേണ്ടി പലയിടത്തും ഗായകസംഘങ്ങൾ ആണു ഗീതങ്ങൾ ആലപിക്കുന്നത്. ദേവാലയത്തിൽ നടത്തുന്ന ഗാനമേളയായി ആരാധന ചിലയവസരങ്ങളിൽ അധഃപതിക്കാറുണ്ട്. ജനങ്ങളെ നയിക്കുവാൻ ഗായകസംഘങ്ങൾ സഹായകമായേക്കാം. എന്നാൽ ജനങ്ങൾക്കു പകരം ഗായകസംഘങ്ങൾ ഗീതങ്ങൾ ആലപിക്കുന്നത് അഭിലഷണീയമല്ല.

സംഗീതോപകരണങ്ങളില്ലാതെ പാടുന്ന രീതിയാണ് സുറിയാനി - ബൈസന്റയിൻ സഭകളിലുള്ളത്. സുറിയാനി ഗീതങ്ങൾ സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ പാടുന്നതും പലപ്പോഴും അരോചകമായി തോന്നാറുണ്ട്. സംഗീതോപകരണങ്ങളുടെ ശബ്ദകോലാഹലം പലയിടത്തും ആരാധനയുടെ പവിത്രതയെ കളങ്കപ്പെടുത്തുന്നുണ്ടെന്നുള്ളതു വാസ്തവമാണ്.

ബൈസന്റയിൻ പാരമ്പര്യത്തിലെപ്പോലെ ആരാധനാസംഗീതം സുറിയാനിസഭയിൽ വളർന്നിട്ടില്ല. പത്താം നൂറ്റാണ്ടിൽ സ്ഥാപിതമായ റഷ്യൻ ഓർത്തഡോക്സ് സഭയിലാണ് ആരാധനാസംഗീതം ഏറ്റവും വളർച്ച പ്രാപിച്ചിരിക്കുന്നത്. സുറിയാനിഗീതങ്ങളും രാഗങ്ങളും അതേപടി ഉപയോഗിക്കുന്നതല്ലാതെ ഭാരതീയ സംഗീത മാധ്യമങ്ങൾ ഉപയോഗിക്കുവാൻ നമ്മുടെ സഭ ശ്രമിച്ചിട്ടില്ല. പ്രാദേശിക ഭാഷ പോലെ തന്നെ പൗരസ്ത്യ ആരാധനയുടെ ഭാഗമാണ് പ്രാദേശിക സംഗീതം. ആത്മീയ നിറവും ദൈവദത്തമായ കഴിവുകളുമുള്ള വ്യക്തികൾ ഈദൃശമായ സംഭാവനകൾ നൽകുമെന്നു പ്രതീക്ഷിക്കാം.

### ചോദ്യങ്ങൾ

1. ക്രിസ്തീയ ആരാധനയിൽ സംഗീതത്തിനുള്ള സ്ഥാനമെന്ത്?
2. ആരാധനയിൽ ഗായകസംഘത്തിനുള്ള സ്ഥാനത്തെപ്പറ്റി ചർച്ച ചെയ്യുക.

## പാഠം 2

# ഘോഷയാത്രകളും ക്രിസ്തീയ ആരാധനയും

❑ പഴയനിയമത്തിൽ ❑ പുതിയനിയമത്തിൽ ❑ ഘോഷയാത്ര ക്രിസ്തീയ ആരാധനയിൽ ❑ ഘോഷയാത്രകൾ സുറിയാനിസഭയിൽ

എല്ലാ മതങ്ങളുടെയും ആരാധനയിൽ ഘോഷയാത്ര അഥവാ പ്രദക്ഷിണത്തിന് പ്രധാന സ്ഥാനമുണ്ട്. മതാനുയായികളെ ഒരുമിച്ചു ചേർക്കുവാനും മതത്തിന്റെ അടിസ്ഥാന വിശ്വാസസത്യങ്ങളിൽ ചിലതു നാടകീയമായി അവതരിപ്പിക്കുവാനും ഘോഷയാത്രകൾ (Liturgical Processions) ഉതകുന്നു.

### പഴയനിയമത്തിൽ

രക്ഷാചരിത്രത്തിലെ പ്രധാന സംഭവങ്ങളെ അനുസ്മരിക്കുന്ന ഘോഷയാത്രകൾ യഹൂദ ആരാധനയിലും ഉണ്ടായിരുന്നു. 'ഇസ്രായേലിന്റെ വാഗ്ദത്തനാട്ടിലേക്കുള്ള (ഘോഷ) യാത്ര' പഴയനിയമ വേദവിജ്ഞാനീയത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിലൊന്നാണ്. പഴയനിയമചരിത്രം മുഴുവനും തന്നെ ഇസ്രായേലിന്റെ 'വിജയഘോഷയാത്ര'യുടെ വിവരണമാണ്.

ഈജിപ്തിൽ നിന്നുള്ള വിമോചനവും, വാഗ്ദത്ത നാട്ടിലേയ്ക്കുള്ള യാത്രയും ഇസ്രായേലിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാന ഘോഷയാത്രയായിരുന്നു. രാത്രി അഗ്നിസ്തംഭത്തിലും പകൽ മേഘത്തൂണിലും യഹോവ, ആ ഘോഷയാത്രയിൽ സന്നിഹിതനായി അതിനെ നയിച്ചു. അതിൽ പങ്കെടുത്തവർക്കു മന്നായും കാടപ്പക്ഷിയും മരുഭൂമിയിൽ വെള്ളവും യഹോവ നൽകി. അതിന്റെ പരിസമാപ്തി കുറിച്ചത് യറിഹോവിന്റെ പതനവും (യോശു. 6) കനാൻനാടിന്റെ മേലുള്ള വിജയവുമായിരുന്നു.

സാക്ഷ്യപെട്ടകം യെറുശലേമിൽ സ്ഥാപിച്ചതും (2ശമു. 6) ശലോമോന്റെ

ദേവാലയത്തിന്റെ ശുദ്ധീകരണം നടത്തിയതും (1 രാജാ. 8:1–3) യഹൂദ ആരാധനയുടെ ചരിത്രത്തിലെ പ്രധാന സംഭവങ്ങളാണ്. രണ്ടും ഘോഷ യാത്രകളോടെയാണ് ആഘോഷിച്ചത്. കനാനിലേയ്ക്കുള്ള യാത്രയും, പ്രവാസത്തിനു ശേഷം യെറുശലേമിലേക്കുള്ള തിരിച്ചുവരവുമെല്ലാം അതി ബൃഹത്തായ ഘോഷയാത്രകളായിട്ടാണു പഴയനിയമത്തിൽ ചിത്രീകരി ച്ചിരിക്കുന്നത് (സംഖ്യാ 9–10; യോശു. 6; സങ്കീ. 104; 113; 125; യശയ്യാ 60). ഇവയുടെ പ്രത്യേകത യഹോവയുടെ സാന്നിദ്ധ്യമാണ്. മരുഭൂമിയിൽ ഊടാടി സഞ്ചരിച്ചിരുന്ന യിസ്രായേലിന്റെ ജീവിതത്തിൽ യഹോവ പങ്കാ ളിയായിരുന്നതായി യഹൂദന്മാർ വിശ്വസിച്ചിരുന്നു. യെറുശലേം ദേവാല യത്തിന്റെ ശുദ്ധീകരണ സമയത്ത് യഹോവ ദേവാലയത്തിൽ വന്നു വസി ച്ചതായും അവർ കരുതി. ദേവാലയത്തിലേയ്ക്ക് യഹോവയെ എതി രേൽക്കുവാൻ വേണ്ടിയായിരുന്നു ദേവാലയ ശുദ്ധീകരണത്തിന്റെ അവ സരത്തിൽ ഘോഷയാത്രയുണ്ടായിരുന്നത് (2 ശമു. 6; 1 രാജാ. 8; സങ്കീ. 24; 68; 118; നെഹ. 12:31–38).

പഴയനിയമ ചരിത്രത്തിലെ പ്രധാന സംഭവങ്ങളെ അനുസ്മരിക്കുവാൻ യഹൂദന്മാർ മൂന്നു പെരുന്നാളുകൾ ആചരിച്ചിരുന്നു. പെസഹാപെരുന്നാൾ ഈജിപ്തിൽ നിന്നുള്ള രക്ഷയും, പെന്തിക്കൊസ്തി ന്യായപ്രമാണം കിട്ടി യതിന്റെയും, കൂടാരപ്പെരുന്നാൾ മരുവാസത്തിന്റെയും അനുസ്മരണങ്ങ ളായിരുന്നു. പഴയനിയമ ചരിത്രത്തിന്റെ കേന്ദ്രബിന്ദു പുറപ്പാടാണ്. അതാ യതു വാഗ്ദത്തനാട്ടിലേയ്ക്കുള്ള യാത്രയാണ്. ആ യാത്രയിലെ പ്രധാന പ്പെട്ട മൂന്നു സംഭവങ്ങളിൽ യിസ്രായേൽ ജനതയെ പങ്കാളികളാക്കുവാ നായിരുന്നു, ഈ പെരുന്നാളുകൾ ആചരിച്ചിരുന്നത്. കർത്താവിനു മുമ്പുള്ള യഹൂദമത ജീവിതത്തിൽ പ്രത്യാശയും ചലനാത്മകതയും പകർന്നതു മശിഹായുടെ വരവിലുള്ള വിശ്വാസവും വാഗ്ദത്തനാടിനെക്കുറിച്ചുള്ള പ്രതീക്ഷയുമാണ്. വാഗ്ദത്തനാട്ടിലേയ്ക്കുള്ള 'ആത്മീയയാത്ര' തുടരു ന്നതായി യഹൂദന്മാർ വിശ്വസിച്ചിരുന്നു. പ്രവാസകാലത്തെ ജീവിതത്തിന്റെ അനുസ്മരണയ്ക്കായി യെറുശലേമിലേയ്ക്കു തീർത്ഥയാത്രകൾ നടത്തി യിരുന്നതായി പിൽക്കാല യഹൂദചരിത്രത്തിൽ കാണാം.

### പുതിയനിയമത്തിൽ

ഘോഷയാത്രയെ സംബന്ധിച്ചുള്ള പഴയനിയമ സങ്കല്പം ക്രിസ്തീയ സഭയെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. കർത്താവിന്റെ ലോകജീവിതം കുരി ശിലേയ്ക്കുള്ള ഘോഷയാത്രയായി പുതിയനിയമത്തിൽ ചിത്രീകരിച്ചിരി ക്കുന്നു. അതിന്റെ സമാപ്തി യെറുശലേമിലേയ്ക്കുള്ള തന്റെ പ്രവേശ നമാണ്. വിജയഘോഷയാത്രയായി ജനങ്ങൾ കർത്താവിനെ എതിരേറ്റു (മർക്കോ. 11:1–10). ഗോൽഗോഥായിലേയ്ക്കുള്ള തന്റെ അന്ത്യയാത്രയും

ഒരു ഘോഷയാത്രയായിരുന്നു - പടയാളികളുടെ അകമ്പടിയോടെ കുരിശു മേന്തിയുള്ള ഒരു യാത്ര (മർക്കോ. 15:21-22).

'യെറുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമി യുടെ അറ്റത്തോളവും' (അ. പ്ര. 1:8) വളരുന്ന പുതിയ ഇസ്രായേലിന്റെ സ്വർഗീയ വാഗ്ദത്തനാട്ടിലേയ്ക്കുള്ള പ്രയാണത്തിന്റെ ചരിത്രമാണ് അപ്പോസ്തോല പ്രവൃത്തികൾ. പുതിയനിയമ എഴുത്തുകാർ പുതിയ ജറു സലേമാകുന്ന സഭയുടെ വെളിപാടിനെക്കുറിച്ച് പറയുന്നുണ്ട് (ഗലാ: 4:26; വെളി. 21:10). അവരുടെ ദർശനത്തിൽ ക്രിസ്തീയ ജീവിതം സ്വർഗീയ യെറുശലേമിലേയ്ക്കുള്ള വിജയഘോഷയാത്രയാണ്.

## ഘോഷയാത്ര ക്രിസ്തീയ ആരാധനയിൽ

പുതിയനിയമ കാലത്തു തന്നെ ഏഷ്യാമൈനറിലെ സഭയുടെ ആരാ ധനയിൽ ഘോഷയാത്രകൾക്കു സ്ഥാനമുണ്ടായിരുന്നുവെന്നു വെളിപാടു പുസ്തകത്തിൽ സൂചനകളുണ്ട്. കുരുത്തോലകളേന്തിയ പുരുഷാരം (വെളി. 7:9), ദൈവതേജസ്സോടെ ദൈവസന്നിധിയിൽ നിന്നിറങ്ങി വരുന്ന ക്രിസ്തുവിന്റെ മണവാട്ടിയായ സഭ (21:9-10) തുടങ്ങിയ വിവരണങ്ങൾ ഈയർത്ഥത്തിൽ വേണം മനസ്സിലാക്കുവാൻ.

എന്നാൽ ഘോഷയാത്രകൾ ക്രിസ്തീയ ആരാധനയുടെ അവി ഭാജ്യഘടകമായിത്തീരുന്നതു കുസ്തന്തീനോസ് ചക്രവർത്തിയുടെ മാന സാന്തരത്തിനു ശേഷമാണ്. അതുവരെ, രഹസ്യമായി നടത്തിയിരുന്ന ക്രിസ്തീയ ആരാധന, സാമ്രാജ്യത്തിന്റെ ഔദ്യോഗികമതത്തിന്റെ ഭാഗ മായിത്തീർന്നു. ക്രിസ്തുമതത്തിന്റെ പരസ്യവും ഔദ്യോഗികവുമായ സ്വഭാ വത്തിന്റെ അടയാളമായി ഘോഷയാത്രകൾ കണക്കാക്കപ്പെട്ടു. നാലാം നൂറ്റാണ്ടിൽ യെറുശലേമിലെ ആരാധനയിൽ അവയ്ക്കുണ്ടായിരുന്ന സ്ഥാനത്തെപ്പറ്റി എത്തറിയായുടെ വിവരണങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്.

ഘോഷയാത്ര ആരാധനയുടെ ചലനാത്മകതയുടെ പ്രതീകമാണ്. ഒരു സ്ഥലത്തു നിശ്ചലമായി നിന്ന് ആരാധിക്കുന്നതു മാത്രമല്ല, ക്രിസ്തീയ ആരാധനയുടെ പ്രത്യേകത. സഭ ദൈവരാജ്യത്തിലേയ്ക്കു നീങ്ങുന്നുവെ ന്നതിന്റെ സൂചനയാണ് ആഘോഷമായ പ്രദക്ഷിണങ്ങൾ. പഴയനിയമ ത്തിൽ മോശയുടെ നേതൃത്വത്തിൽ ആരംഭിച്ച പുറപ്പാട് പുതിയനിയമ ത്തിൽ പുതിയ മോശയായ ക്രിസ്തുവിലൂടെ തുടരുന്നു.

യുദ്ധത്തിന്റെ ഭാഗമാണു ഘോഷയാത്ര. സൈന്യത്തിന്റെ ശക്തിയുടെ പ്രകടനമായി ഘോഷയാത്രകൾ നടത്താറുണ്ട്. അതേ രീതിയിൽ തിന്മ യുടെ ശക്തികളുമായി സഭ നിരന്തരം പോരാടുന്നു എന്നതിന്റെ പ്രതീക മാണ് ആരാധനയോടനുബന്ധിച്ചുള്ള പ്രദക്ഷിണങ്ങൾ. സഭയുടെ

ആത്മീയ ഐക്യത്തിന്റെയും, ശക്തിയുടെയും പ്രകടനമായി ഇവയെ കണക്കാക്കാം. ഇതുകൊണ്ടാണു കുരിശിനു നമ്മുടെ ഘോഷയാത്രകളിൽ പ്രധാന സ്ഥാനം നൽകിയിരിക്കുന്നത്.

ക്രിസ്ത്യാനികൾ ലോകമരുഭൂമിയിൽ പ്രവാസികളും ഊടാടി സഞ്ചരിക്കുന്നവരുമാണ് എന്നതിന്റെ അടയാളം കൂടിയാണു ഘോഷയാത്രകൾ. 'മനുഷ്യപുത്രൻ വരുവോളം നിങ്ങൾ യിസ്രായേൽ പട്ടണങ്ങളെ സഞ്ചരിച്ചു തീരുകയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു' (മത്താ. 10:23). കർത്താവിന്റെ രണ്ടാമത്തെ വരവു വരെ പ്രവാസികളായി ജീവിക്കുവാനാണു സഭ വിളിക്കപ്പെട്ടിരിക്കുന്നത്. 'സകല ജാതികളെയും ശിഷ്യരാക്കുവാനുള്ള' (മത്താ. 28:20) അനുസ്യൂത യാത്രയാണു സഭയുടെ ദൗത്യം. സ്ഥാപനങ്ങളായി വളർന്നു ഒരിടത്തു കൂടിയിരിക്കുകയല്ല ആത്മീയ തീർത്ഥാടകരായി ദൈവരാജ്യത്തിലേയ്ക്കു ആഘോഷമായി നീങ്ങുകയാണു സഭയുടെ ദൗത്യമെന്ന് അനുസ്മരിക്കേണ്ട അവസരമാണു ഘോഷയാത്രകൾ.

സമസ്ത ലോകത്തിന്റെയും ശുദ്ധീകരണവും സഭയുടെ ദൗത്യമാണ്. ലോകത്തെ ദൈവസാന്നിദ്ധ്യമുള്ള ദേവാലയമാക്കിത്തീർക്കുവാനുള്ള സഭയുടെ ദൗത്യത്തിന്റെ ഭാഗമാണു ഘോഷയാത്രകൾ.

### ഘോഷയാത്രകൾ സുറിയാനിസഭയിൽ

അഞ്ചു രീതിയിലുള്ള ഘോഷയാത്രകൾ (പ്രദക്ഷിണങ്ങൾ) സുറിയാനി സഭയിലുണ്ട്.

1. വിശുദ്ധ കുർബാനയിലോ, മറ്റു കൂദാശാനുഷ്ഠാനങ്ങളിലോ ഉള്ള ആഘോഷമായ നീക്കങ്ങൾ.

2. മാറാനായ പെരുന്നാളുകളിൽ സ്ലീബാ ആഘോഷത്തോടെ അവസാനിക്കുന്ന പ്രദക്ഷിണങ്ങൾ (ജനനപ്പെരുന്നാൾ, ദനഹാ, പാതിനോമ്പ്, ഓശാനാ, ദുഃഖവെള്ളിയാഴ്ച, ഈസ്റ്റർ, സ്വർഗാരോഹണം).

3. പെരുന്നാളുകളിൽ മേൽപ്പട്ടക്കാരെ ആഘോഷമായി സ്വീകരിക്കുന്നത്.

4. ഇടവകകളിലെ പെരുന്നാളുകളിൽ നടത്തുന്ന പ്രദക്ഷിണം.

5. തീർത്ഥാടനങ്ങൾ.

ഇവയെ എല്ലാറ്റിനെപ്പറ്റിയും വിശദമായി പ്രതിപാദിക്കുവാൻ സ്ഥലപരിമിതി മൂലം സാധിക്കുന്നില്ല.

### 1. വിശുദ്ധ കുർബാനയിലെ പ്രദക്ഷിണങ്ങൾ

ചെറുതെങ്കിലും ആഘോഷമായ പല പ്രദക്ഷിണങ്ങൾ വി. കുർബാനയിലുണ്ട്. ത്രോണോസിനു ചുറ്റുമുള്ള പ്രദക്ഷിണത്തോടെയാണു വി. കുർബാന ആരംഭിക്കുന്നത്. ബേത്‌ലഹേമിലെ പുൽക്കൂട്ടിൽ കിടന്ന യേശുക്കുഞ്ഞിനെ വിദ്വാന്മാരും ആട്ടിടയന്മാരും ആരാധിച്ചതിന്റെ സൂചനയാണിതെന്നു പറയാം.

ഏവൻഗേലിയോൻ, വായിക്കുവാനായി ആഘോഷത്തോടെ കൊണ്ടുവരുന്ന പതിവാണു സുറിയാനി സഭയിലുണ്ടായിരുന്നത്. ബൈസന്റയിൻ സഭയിൽ ഏവൻഗേലിയോൻ ആഘോഷമായി കൊണ്ടുവരുന്നതിനു ചെറിയ പ്രവേശനം (Little Entrance) എന്നാണു പറയുന്നത്. മദ്ബഹായ്ക്കു വെളിയിൽ ഒരുക്കിവച്ചിരിക്കുന്ന അപ്പവീഞ്ഞുകൾ വിശ്വാസപ്രമാണത്തിനു ശേഷം ആഘോഷമായി പ്രധാന ത്രോണോസിലേയ്ക്കു കൊണ്ടുവരുന്ന രീതിയും ബൈസന്റയിൻ പാരമ്പര്യത്തിലുണ്ട്. 'വലിയ പ്രവേശനം' (Great Entrance) എന്ന് ഇത് അറിയപ്പെടുന്നു.

സുറിയാനി സഭയിൽ ധൂപക്കുറ്റി വാഴ്ത്തിക്കഴിഞ്ഞു പട്ടക്കാരൻ പടിഞ്ഞാറോട്ടു തിരിഞ്ഞു ധൂപം വീശുന്നതും ഒരു ലഘുപ്രദക്ഷിണം തന്നെയാണെന്നു പറയാം. ആറാം നൂറ്റാണ്ടിലെ അന്ത്യോഖ്യൻ സഭയിലെ വി. കുർബാനയിൽ ഈ സമയത്തു പട്ടക്കാരൻ പള്ളിക്കകത്തു ചുറ്റി നടന്നു ധൂപം വീശുന്ന രീതിയുണ്ടായിരുന്നതായി ദീവന്നാസ്യോസ് അരയോപഗൈറ്റിന്റെ (c. 500) വിവരണങ്ങളിൽ നിന്നു മനസ്സിലാക്കാം.

കാസായും പീലാസായും ആഘോഷമായി പടിഞ്ഞാറോട്ടു കൊണ്ടുവരുന്നതും പ്രദക്ഷിണമാണ്. കർത്താവിന്റെ രണ്ടാമത്തെ വരവിന്റെ പ്രതീകമാണിത്. വി. കുർബാന തന്നെ ആദ്യന്തം ആഘോഷമായ ഒരു 'യാത്ര' യാണ്. കർത്താവിന്റെ ജനനം, പരസ്യശുശ്രൂഷ, പീഡാനുഭവം, കുരിശുമരണം, ഉത്ഥാനം, സ്വർഗാരോഹണം, രണ്ടാമത്തെ വരവ്, സ്വർഗരാജ്യത്തിൽ തന്നോടു കൂടി പന്തിയിലിരിക്കുന്നതു തുടങ്ങിയ സംഭവങ്ങൾ പടിപടിയായി വി. കുർബാനയിൽ നാം ഓർക്കുന്നുണ്ട്.

### 2. മാറാനായ പെരുന്നാളുകളിലെ പ്രദക്ഷിണവും സ്ലീബാ ആഘോഷവും

കർത്താവിന്റെ ജീവിതത്തിലെ രക്ഷാകരസംഭവങ്ങളുടെ കൂദാശാപരമായ ആവിഷ്ക്കാരമാണു മാറാനായ പെരുന്നാളുകളിലെ പ്രദക്ഷിണങ്ങൾ. ജനനപ്പെരുന്നാളിൽ തീജ്ജ്വാലയ്ക്കു ചുറ്റുമുള്ള പ്രദക്ഷിണത്തിലൂടെ, കർത്താവിന്റെ ജനനത്തിന്റെ സദ്വാർത്ത മാലാഖമാരിൽ നിന്നും ശ്രവിച്ച ഇടയന്മാരോടു നാം താദാത്മ്യപ്പെടുന്നു (ലൂക്കോ. 2:8-14). യേശുക്കു

ഞ്ഞിനെ കണ്ടുവണങ്ങുവാൻ ബദ്ധപ്പെട്ടു യാത്ര ചെയ്ത ഇടയന്മാരുടെയും, വിദ്വാന്മാരുടെയും, അനുഭവത്തിൽ പങ്കാളികളാവുകയാണു ജനന പ്പെരുന്നാളിലെ ഘോഷയാത്രയിലൂടെ.

പാതിനോമ്പിലെ സ്ലീബാ ആഘോഷത്തോടനുബന്ധിച്ചുള്ള പ്രദക്ഷി ണത്തിൽ ഹെലനി രാജ്ഞി സ്ലീബാ കണ്ടെടുത്തതും, മോശ പിച്ചളസർ പ്പത്തെ ഉയർത്തിയതുമാണ് അനുസ്മരിക്കുന്ന സംഭവങ്ങൾ.* പിച്ചളസർപ്പം (സംഖ്യാ. 21) കർത്താവിന്റെ കുരിശുമരണത്തിന്റെ പ്രതീകമാണ്. നോമ്പ് കർത്താവിന്റെ കുരിശുമരണത്തിലേക്കും, ഉത്ഥാനത്തിലേക്കുമുള്ള സഭ യുടെ തീർത്ഥാടനമാണെന്നു സൂചിപ്പിക്കുന്നതാണു പാതിനോമ്പിലെ പ്രദ ക്ഷിണം.

ഓശാനാ ഞായറാഴ്ചയിൽ പ്രദക്ഷിണത്തിനുള്ള സ്ഥാനത്തെപ്പറ്റി നേരത്തെ സൂചിപ്പിച്ചു. കർത്താവിനെ യെറുശലേമിലെ ജനങ്ങൾ എതി രേറ്റതുപോലെ, നമ്മുടെ ജീവിതത്തിലേക്ക് എതിരേൽക്കുന്നതിന്റെ പ്രതീ കമാണിത്. യെറുശലേമിലെ ജനങ്ങളുടെ അനുഭവത്തിൽ സഭാംഗങ്ങളും പങ്കാളികളാവുകയാണ്.

കാൽവറിയിലേക്കുള്ള കർത്താവിന്റെ അന്ത്യയാത്രയുടെ അനുസ്മര ണമാണു ദുഃഖവെള്ളിയാഴ്ചയിലെ ഒന്നാമത്തെ പ്രദക്ഷിണം. മാതാവി നോടും, യേശുവിനെ സ്നേഹിച്ചവരോടും കൂടെ നാമും തകർന്ന ഹൃദയ ത്തോടെ കർത്താവിനെ അനുധാവനം ചെയ്യുകയാണ്. കർത്താവിന്റെ കബ റടക്കത്തിന്റെ പുനരാവിഷ്ക്കരണമാണു ദുഃഖവെള്ളിയാഴ്ചയിലെ രണ്ടാ മത്തെ പ്രദക്ഷിണം. കർത്താവിന്റെ നിർജ്ജീവശരീരം കബറിൽ വച്ചതിനു നാം സാക്ഷികളായിത്തീരുന്നു. കർത്താവു യഥാർത്ഥമായും ജഡത്തിൽ മരിച്ചുവെന്നു നാം വിശ്വസിക്കുന്നതിന്റെ അടയാളമാണു കബറടക്ക ശുശ്രൂഷ.

ഉത്ഥിതനായ ക്രിസ്തുവിനെ മുഖാമുഖം കാണുന്ന അനുഭവമാണ് ഉയിർപ്പിന്റെ പ്രദക്ഷിണത്തിന്റെ കാതലായ വശം. മഗ്ദലനമറിയം കർത്താ വിനെ കാണുന്ന സംഭവമാണ് അന്നത്തെ പ്രദക്ഷിണഗീതത്തിന്റെ പ്രമേയം (യോഹ. 20:11–18). ശിഷ്യന്മാരെപ്പോലെ വിശ്വാസികൾ കല്ലറയിലേക്ക് ഓടു

---

* ആദിമസഭയിൽ വലിയനോമ്പ് സ്നാനാർത്ഥികളുടെ വിശ്വാസ ബോധനത്തി നുള്ള അവസരമായിരുന്നു. വലിയനോമ്പിന്റെ പകുതിയാകുമ്പോൾ ബിഷപ്പിന്റെ സിംഹാസനം ദേവാലയ മദ്ധ്യത്തിൽ കൊണ്ടുവന്നു സ്ഥാപിച്ചിരുന്നു. അദ്ദേഹം അതിലിരുന്നു സ്നാനാർത്ഥികളെ പഠിപ്പിച്ചിരുന്ന രീതിയിൽ നിന്നായിരിക്കണം, പാതിനോമ്പിൽ കുരിശുയർത്തുന്ന പാരമ്പര്യം സുറിയാനി സഭയിലുണ്ടായത്. ബിഷപ്പിന്റെ സിംഹാസനം ഇങ്ങനെ സ്ഥാപിക്കുന്നതിനെപ്പറ്റി നാലാം നൂറ്റാണ്ടിൽ യെറുശലേമിലെ വി. കൂറീലോസ് പറയുന്നുണ്ട്.

ന്നതിന്റെ പ്രതീകമാണ് ഉയിർപ്പിന്റെ പ്രദക്ഷിണം (യോഹ. 20:1–10).

## 3. മേൽപ്പട്ടക്കാരെ സ്വീകരിക്കുന്നത്

പെരുന്നാളുകളോടനുബന്ധിച്ചുള്ള സന്ധ്യാപ്രാർത്ഥനയ്ക്കും, പ്രഭാത പ്രാർത്ഥനയ്ക്കും, മേൽപ്പട്ടക്കാരെ ആഘോഷമായി സ്വീകരിക്കുന്നതും അർത്ഥപൂർണ്ണമായ ചടങ്ങാണ്. സാക്ഷാൽ മണവാളനായ ക്രിസ്തുവിന്റെ പ്രതീകമാണു മേൽപ്പട്ടക്കാരൻ. ബുദ്ധിയുള്ള കന്യകമാരെപ്പോലെ (മത്താ. 25:1–13). വിശ്വാസികൾ 'മണവാളനെ' സ്വീകരിച്ചു മണവറയിൽ പ്രവേശിക്കുന്നു. സ്വർഗീയ മണവാളനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യമാണല്ലോ ആരാധനയുടെ ജീവൻ. ദൈവത്തിന്റെ ആട്ടിൻകൂട്ടമാണു സഭ. സത്യഇടയന്റെ സാന്നിധ്യം ബിഷപ്പിൽ വിശ്വാസികൾ ദർശിക്കുന്നു. മുമ്പിൽ നടക്കുന്ന ഇടയനെ പിന്തുടരുന്ന ആടുകളെപ്പോലെ വിശ്വാസികൾ ബിഷപ്പിന്റെ പിന്നാലെ ആരാധനയ്ക്കായി ദേവാലയത്തിൽ പ്രവേശിക്കുന്നു. ആരാധന തന്നെ ദൈവതേജസ്സിലേക്കുള്ള ഒരു ഘോഷയാത്രയാണെന്നുള്ളതിന്റെ അടയാളമാണിത്.

## 4. ഇടവകപ്പെരുന്നാളുകളിലെ പ്രദക്ഷിണം

ഇടവകകളിൽ നടത്തുന്ന ഘോഷയാത്രയ്ക്കു 'റാസാ' എന്നു പേരു പറയാറുണ്ട്. സുറിയാനിയിലെ 'റോസോ' (കൽദായ സുറിയാനിയിൽ 'റാസാ') എന്ന വാക്കിൽ നിന്നാണു ഈ പേരുണ്ടായത്. 'റോസോ' (അഥവാ 'റാസാ') എന്ന വാക്കിനു 'വി. കുർബ്ബാന', 'രഹസ്യം' എന്നൊക്കെയർത്ഥമുണ്ട്. കത്തോലിക്കർ ഘോഷയാത്രയിൽ വി. കുർബാന എഴുന്നള്ളിക്കാറുള്ളതുകൊണ്ടാണു 'റാസ' എന്നു ഘോഷയാത്രയെ വിളിക്കുന്നത്. നേരത്തെ സൂചിപ്പിച്ച 'അരുളിക്ക'യെന്ന ഉപകരണം ഇങ്ങനെ കുർബാന എഴുന്നെള്ളിക്കാനാണു കത്തോലിക്കർ ഉപയോഗിക്കുന്നത്. ഇങ്ങനെ തിരുശരീരരക്തങ്ങൾ കൊണ്ടുനടക്കുന്ന രീതി ഓർത്തഡോക്സ് പാരമ്പര്യത്തിലില്ല. അതിനാൽ 'റാസ' എന്നതിനേക്കാൾ പ്രദക്ഷിണം അഥവാ ഘോഷയാത്ര എന്നു പറയുന്നതായിരിക്കും യുക്തമായിട്ടുള്ളത്. ദൈവരാജ്യത്തിലേയ്ക്കുള്ള നിരന്തര യാത്രയിലാണു സഭ എന്ന അർത്ഥത്തിലാണ് ഇത്തരം പ്രദക്ഷിണങ്ങൾ നടത്തുന്നത്.

ആരാധനയുടെ ലക്ഷ്യം സഭയുടെ ആത്മീയമായ വളർച്ചയാണ്. ആരാധന ദൈവരാജ്യത്തിന്റെ പൂർണതയിലേയ്ക്കുള്ള സഭയുടെ യാത്രയാണ്. ആരാധനാവർഷം തന്നെ ഒരു ഘോഷയാത്രയാണ്. അതിന്റെ കേന്ദ്രം ഈസ്റ്ററാണ്. ഓരോ ഞായറാഴ്ചയും ആ ഘോഷയാത്രയിലെ ഓരോ ഘട്ടങ്ങളാണെന്നു പറയാം.

ഓരോ കൂദാശയും ഓരോ ഘോഷയാത്രയായി കണക്കാക്കാം. ദൈവ

രാജ്യത്തിലേയ്ക്കുള്ള യാത്രയിലെ ഭക്ഷണമാണു വി. കുർബാന. പഴയ മനുഷ്യന്റെ ജീവിതത്തിൽ നിന്നും ക്രിസ്തുവിന്റെ പുതുക്കത്തിലേയ്ക്കുള്ള യാത്രയാണു മാമോദീസാ. പാപത്തിന്റെ അടിമത്തത്തിൽ നിന്നും ക്രിസ്തുവിലെ സന്തോഷത്തിലേയ്ക്കും സ്വാതന്ത്ര്യത്തിലേയ്ക്കുമുള്ള യാത്രയാണു കുമ്പസാരം. ദൈവജനത്തിന്റെ ഘോഷയാത്ര നയിക്കാനുള്ള ശുദ്ധീകരണവും, പ്രതിജ്ഞയെടുക്കലുമാണു പൗരോഹിത്യം. ജനങ്ങളുടെ ആത്മീയ ഘോഷയാത്രയിൽ അവരുടെ മുമ്പിൽ നടക്കുകയാണു പട്ടക്കാരന്റെ ചുമതല.

**ചോദ്യങ്ങൾ**

1. ക്രിസ്തീയ ആരാധനയിൽ പ്രദക്ഷിണത്തിനുള്ള സ്ഥാനത്തെപ്പറ്റി ലഘുവിവരണമെഴുതുക.
2. മാറാനായപ്പെരുന്നാളുകളിലെ പ്രദക്ഷിണങ്ങളുടെ അർത്ഥം വിവരിക്കുക.

## പാഠം 3

# വേദവായന ആരാധനയിൽ

❑ യെറുശലേമിലെ വേദവായനക്കുറിപ്പ് ❑ സുറിയാനി വേദവായനക്കുറിപ്പ്

എക്കാലത്തും ക്രിസ്തീയ ആരാധനയുടെ പ്രധാന ഘടകമായിരുന്നു വേദവായന. യഹൂദന്മാരുടെ സുനഗോഗ് ആരാധനയിൽ തിരുവെഴുത്തുകൾക്കും, വചന ശുശ്രൂഷയ്ക്കുമുണ്ടായിരുന്ന സ്ഥാനത്തെപ്പറ്റി നേരത്തെ വിശദമാക്കിയിട്ടുള്ളതാണ്. ആദിമസഭയുടെ ആരാധനയിൽ സുനഗോഗുകളുടെ മാതൃകയിലാണു വേദവായനയും വചന ശുശ്രൂഷയും ഉൾപ്പെടുത്തിയത്. സുവിശേഷങ്ങൾ എഴുതുന്നതിനു മുമ്പ്, ക്രിസ്തീയ സഭയുടെ തിരുവെഴുത്തു പഴയനിയമമായിരുന്നു. സുനഗോഗുകളിൽ മോശയുടെ അഞ്ചു പുസ്തകങ്ങൾക്കായിരുന്നു പ്രാമാണ്യമെങ്കിൽ, ക്രിസ്തീയസഭയിൽ ആ സ്ഥാനം പ്രവചന പുസ്തകങ്ങൾക്കാണു ലഭിച്ചത്. ഇന്നത്തെ രീതിയിൽ വേദഭാഗങ്ങൾ തെരഞ്ഞെടുത്തു വായിക്കുന്ന രീതി ആദിമസഭയിൽ ഉണ്ടായിരുന്നില്ല. വേദഗ്രന്ഥങ്ങൾ തുടർച്ചയായി വായിക്കുന്ന രീതിയാണു സുനഗോഗുകളിലുണ്ടായിരുന്നത്. ഈ മാതൃകയിൽ സുവിശേഷങ്ങളും ലേഖനങ്ങളും തുടർച്ചയായി വായിക്കുന്ന രീതിയാണ് ആദിമസഭ

അവലംബിച്ചിരുന്നത്. നാലാം നൂറ്റാണ്ടിനു മുമ്പ് ഈസ്റ്റർ, പെന്തിക്കോസ്തി എന്നീ പെരുന്നാളുകളിൽ മാത്രം അവയുമായി ബന്ധപ്പെട്ട വേദഭാഗങ്ങൾ വായിച്ചിരുന്നു. മറ്റു ഞായറാഴ്ചകളിൽ മേൽപ്പട്ടക്കാരനോ, പട്ടക്കാരനോ യഥേഷ്ടം വായനകൾ തെരഞ്ഞെടുക്കുകയാണു ചെയ്തിരുന്നത്.

അഞ്ചാം നൂറ്റാണ്ടിൽ പല സഭകളിലും ദനഹാ, ലാസറിന്റെ ശനിയാഴ്ച, ഓശാന, കഷ്ടാനുഭവാഴ്ച, ഈസ്റ്റർ, ഹേവോറോ ആഴ്ച, പെന്തിക്കോസ്തി മറ്റു ചില പ്രധാന പെരുന്നാളുകൾ എന്നീ ദിവസങ്ങളിൽ മാത്രമേ അനുയോജ്യമായ വായനകൾ നിശ്ചയിച്ചിരുന്നുള്ളു. സാധാരണ ഞായറാഴ്ചകളിൽ യഥേഷ്ടം വായനാഭാഗങ്ങൾ തെരഞ്ഞെടുക്കുവാൻ ഇടവകകൾക്ക് അനുവാദമുണ്ടായിരുന്നു. സുറിയാനി സഭയിലെ ഏറ്റവും പുരാതനമായ വേദവായനക്കുറിപ്പ് അഞ്ചാം നൂറ്റാണ്ടിൽ എഴുതിയ ഒരു കൈയെഴുത്തു പ്രതിയാണ് (ബ്രിട്ടീഷ് ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്നു. BM. Add 14528, Burkitt, The Early Syriac Lectionary). ഇതിൽ വലിയ നോമ്പിലെ ഞായറാഴ്ചകളിൽ യഥേഷ്ടം വായനകൾ തെരഞ്ഞെടുക്കുവാൻ അനുവദിക്കുന്നുണ്ട്.

## യെറുശലേമിലെ വേദവായനക്കുറിപ്പ്

അറിയപ്പെടുന്ന വേദവായനക്കുറിപ്പുകളിൽ ഏറ്റവും പഴയത് നാലാം നൂറ്റാണ്ടിൽ യെറുശലേമിൽ ഉപയോഗിച്ചിരുന്നതാണ്. ഗ്രീക്കിൽ എഴുതപ്പെട്ട ഈ വായനക്കുറിപ്പ് ഇന്ന് അർമീനിയൻ ഭാഷയിലുള്ള തർജമയിലൂടെ മാത്രമേ ലഭ്യമായിട്ടുള്ളു. അതിനാൽ അർമീനിയൻ വേദവായനക്കുറിപ്പ് (Armenian Lectionary) എന്ന പേരിലും ഇതറിയപ്പെടുന്നു.

യെറുശലേമിലെ ഒന്നാമത്തെ ബിഷപ്പും കർത്താവിന്റെ സഹോദരനുമായ വി. യാക്കോബാണ് ഈ വേദവായനകൾ ക്രോഡീകരിച്ചതെന്നു കൈയെഴുത്തു പ്രതികളിൽ കാണാം. യെറുശലേമിൽ ഉദ്ഭവിച്ച എല്ലാ ആരാധനാക്രമങ്ങളും വി. യാക്കോബിന്റെ പേരിലാണ് അറിയപ്പെടുന്നത്. നാലാം നൂറ്റാണ്ടിൽ യെറുശലേമിലെ വി. കൂറിലോസ് വേദവായനക്കുറിപ്പിന് അന്തിമരൂപം നല്കിയതായും കൈയെഴുത്തു പ്രതികളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വേദപുസ്തക ഭാഗങ്ങൾ കൂടാതെ വിശുദ്ധന്മാരുടെയും രക്തസാക്ഷികളുടെയും ജീവിത ചരിത്രങ്ങൾ സഭാപിതാക്കന്മാരുടെ ലേഖനങ്ങൾ എന്നിവ വായിക്കുന്ന രീതി ആദിമസഭയിൽ ഉണ്ടായിരുന്നു. അർമീനിയൻ വേദവായനക്കുറിപ്പിലും ഇതേപ്പറ്റി സൂചനകളുണ്ട്.

**1. രക്തസാക്ഷികളുടെ ചരിത്രം:** അർമീനിയൻ വേദവായനക്കുറിപ്പനുസരിച്ചു ജനുവരി 11, പത്രോസ് അപ്സെലാമോസ് എന്ന രക്തസാക്ഷി

യുടെ ഓർമ്മദിവസമാണ്. അന്നേദിവസം അദ്ദേഹത്തിന്റെ ജീവചരിത്രം വായിക്കണമെന്നു നിഷ്ക്കർഷിച്ചിരിക്കുന്നു. പൗലോസിന്റെ ലേഖനത്തിനും സുവിശേഷത്തിനുമിടയിലാണ് ഇതു വായിക്കുവാൻ ക്രമീകരിച്ചിരിക്കുന്നത്. ഇതേ രീതിയിലാണ് നാല്പതു സഹദേന്മാരുടെ ഓർമ്മദിനത്തിൽ (മാർച്ച് 9) 'നാല്പതു സഹദേന്മാരുടെ പ്രവൃത്തികൾ' എന്ന ഗ്രന്ഥം വായിക്കണമെന്നും അർമീനിയൻ വായനക്കുറിപ്പ് അനുശാസിക്കുന്നു.

**2. സഭാപിതാക്കന്മാരുടെ ലേഖനങ്ങൾ:** നാലാം നൂറ്റാണ്ടിൽ യെറുശലേമിൽ മെയ് 7 നു സ്ലീബായുടെ ഒരു പെരുന്നാൾ ആഘോഷിച്ചിരുന്നു. ഏ. ഡി. 350 മെയ് 7 നു ഗോൽഗോഥായ്ക്കു മുകളിൽ പ്രകാശപൂരിതമായ ഒരു വലിയ കുരിശു പ്രത്യക്ഷപ്പെട്ടു. ഈ സംഭവത്തെ അനുസ്മരിക്കുന്ന പെരുന്നാളായിരുന്നു മെയ് 7 ന് ആഘോഷിച്ചിരുന്നത്. അന്നേദിവസം പൗലോസിന്റെ ലേഖനത്തിനും സുവിശേഷത്തിനുമിടയിൽ യെറുശലേമിലെ വി. കൂറിലോസ് 'കുസ്തന്തീനോസ്' ചക്രവർത്തിക്കയച്ച ലേഖനം വായിച്ചിരുന്നു.*

മത്തായിയുടെ സുവിശേഷത്തിനു പ്രത്യേക പ്രാധാന്യം ഇതിൽ നൽകിയിട്ടുണ്ട്. പലസ്തീനിലെ യഹൂദ ക്രിസ്ത്യാനികൾക്കായിട്ടാണ് മത്തായി സുവിശേഷമെഴുതിയതെന്നുള്ള പാരമ്പര്യം ഈയവസരത്തിൽ സ്മരണാർഹമാണ്. പഴയനിയമത്തിലെ 23 പുസ്തകങ്ങളിൽ നിന്നു മാത്രമേ ഇതിൽ വായനകൾ ഉൾപ്പെടുത്തിയിട്ടുള്ളു. പുതിയനിയമത്തിൽ 2 കൊരിന്ത്യർ, 2 തെസ്സലോനിക്യർ, ഫിലമോൻ, 2, 3 യോഹന്നാൻ, യൂദാ, വെളിപാട് എന്നീ പുസ്തകങ്ങളിൽ നിന്നുള്ള വായനഭാഗങ്ങൾ അർമീനിയൻ വായനക്കുറിപ്പിൽ കാണുന്നില്ല. ഈ പാരമ്പര്യത്തിന്റെ തുടർച്ചയായിട്ടായിരിക്കണം സുറിയാനി വേദവായനക്കുറിപ്പിൽ 2 തെസ്സലോനിക്യർ, ഫിലമോൻ, 2, 3 യോഹന്നാൻ, യൂദാ, വെളിപാട് എന്നീ പുസ്തകങ്ങളിൽ നിന്നുള്ള വായനാഭാഗങ്ങൾ ഉൾപ്പെടുത്താതിരുന്നത്. രണ്ടാം കൊരിന്ത്യ ലേഖനത്തിൽ നിന്നുള്ള ഒരു വായന മാത്രമേ സുറിയാനി വേദവായനക്കുറിപ്പിലുള്ളു.

വേദവായനകൾക്കിടയിൽ സങ്കീർത്തനഭാഗങ്ങൾ ചൊല്ലുവാൻ അർമ്മീനീയൻ വായനക്കുറിപ്പിൽ ക്രമീകരിച്ചിട്ടുണ്ട്. സുറിയാനി സഭയിൽ ഇന്നു സുവിശേഷ വായനകൾക്കു മുമ്പു മാത്രമേ സങ്കീർത്തനങ്ങൾ ചൊല്ലാറുള്ളു.

സുറിയാനി സഭയുടെ വേദവായനക്കുറിപ്പിന്റെ അടിസ്ഥാനം നാലാം

* 'കുസ്തന്തീനോസ്' എന്നാണ് വായനപ്പടിയിൽ പറയുന്നതെങ്കിലും അദ്ദേഹത്തിന്റെ പിൻഗാമി കോൺസ്റ്റൻസ് ചക്രവർത്തിക്കാണ് (337-361) വി. കൂറിലോസ് ലേഖനമെഴുതിയത്.

നൂറ്റാണ്ടിലെ യെറുശലേം (= അർമ്മീനിയൻ) വേദവായനക്കുറിപ്പാണ്. നമ്മുടെ വേദവായനക്കുറിപ്പു പരിഷ്ക്കരിക്കുവാനുള്ള ശ്രമം, സഭാപാരമ്പര്യത്തോടു കൂറു പുലർത്തുന്നതായിരിക്കണം.

## സുറിയാനി വേദവായനക്കുറിപ്പ്

വിശുദ്ധ കുർബാനയ്ക്കും മറ്റു കൂദാശകൾക്കും വിവിധ ക്രമങ്ങളുള്ളതുപോലെ വേദവായനക്കുറിപ്പിലും വൈവിദ്ധ്യമുള്ളതു സുറിയാനി സഭയുടെ പ്രത്യേകതയാണ്. അന്ത്യോഖ്യൻ സുറിയാനിസഭയിൽ ഉപയോഗിക്കുന്നതിൽ നിന്നും വ്യത്യസ്തമായ ഒന്നാണ് ഇന്ത്യയിൽ ഉപയോഗിക്കുന്നത് (പാമ്പാക്കുട പ്രസിദ്ധീകരിച്ചത്). ഇവയുടെയെല്ലാം അടിസ്ഥാനം നാലാം നൂറ്റാണ്ടിലെ യെറുശലേം (അർമ്മീനിയൻ) വേദവായനക്കുറിപ്പാണ്. വിവിധ വായനക്കുറിപ്പുകൾ തമ്മിൽ ഗണ്യമായ സാമ്യമുണ്ട്.

സഭാവർഷത്തിന്റെ ഘടനയുടെ അടിസ്ഥാനത്തിൽ വേണം വേദവായനക്കുറിപ്പിൽ വായനകൾ ക്രമീകരിച്ചിരിക്കുന്നതിനെ മനസ്സിലാക്കുവാൻ. എട്ടു ഘട്ടങ്ങൾ അഥവാ ചക്രങ്ങൾ (cycles) ആയിട്ടാണു സുറിയാനി സഭാവർഷം ക്രമീകരിച്ചിരിക്കുന്നത് (എട്ട് എന്ന സംഖ്യയ്ക്കുള്ള പ്രാധാന്യത്തെപ്പറ്റി ഈ പുസ്തകത്തിന്റെ ആദ്യഭാഗത്തു പരമാർശിച്ചിട്ടുള്ളതാണ്). ജനനപ്പെരുന്നാൾ, ദനഹാ, ഈസ്റ്റർ, സ്വർഗാരോഹണം, പെന്തിക്കോസ്തി, കൂടാരപ്പെരുന്നാൾ, ദൈവമാതാവിന്റെ വാങ്ങിപ്പ്, സ്ലീബാപ്പെരുന്നാൾ എന്നിവയെ കേന്ദ്രീകരിച്ചുള്ള എട്ടു ഘട്ടങ്ങളാണു സഭാവർഷത്തിലടങ്ങിയിരിക്കുന്നത്. ഓരോ ഘട്ടത്തിലും ഈ പെരുന്നാളുകളുമായി ബന്ധമുള്ളതും അവയുടെ സന്ദേശമോ, ആശയമോ അടങ്ങിയിരിക്കുന്നതുമായ സംഭവങ്ങളും വേദഭാഗങ്ങളുമാണു വായിക്കുന്നത്. ഒരു അപ്പോസ്തലന്റെയോ, പഴയനിയമ വിശുദ്ധന്റെയോ പെരുന്നാളിൽ, അവരുടെ പേരുകൾ സൂചിപ്പിച്ചിട്ടുള്ളതോ അവരുടെ ജീവിതവുമായി ബന്ധമുള്ളതോ സാമ്യമുള്ളതോ ആയ ഭാഗങ്ങൾ വായിക്കുന്നു. ഉദാഹരണമായി സ്തേഫാനോസിന്റെ ഓർമ്മ ദിവസം വായിക്കുന്ന സുവിശേഷഭാഗം രക്തസാക്ഷി മരണത്തെപ്പറ്റിയുള്ള കർത്താവിന്റെ പ്രവചനമാണ് (മത്താ. 23:34–39).

കൂദോശ് ഈത്തോ (സഭയുടെ ശുദ്ധീകരണം) ആണല്ലോ സഭാവർഷത്തിന്റെ ആരംഭദിനം. സഭയുടെ സ്ഥാപനമാണ് അന്നത്തെ വായനഭാഗങ്ങളുടെ പ്രമേയം. സമാഗമന കൂടാരത്തിന്റെയും, യെറുശലേം ദേവാലയത്തിന്റെയും സ്ഥാപനത്തെ സംബന്ധിച്ചുള്ള പഴയനിയമ ഭാഗങ്ങളും അന്നു വായിക്കുന്നു. സമാഗമന കൂടാരവും, ദേവാലയവും സഭയുടെ സ്ഥാപനത്തിന്റെ മുൻകുറിയാണെന്നാണു വായനകളുടെ സന്ദേശം. ഹൂദോസ് ഈത്തോ (= സഭയുടെ പുതുക്കം) യിലും ഇതു തന്നെയാണു പ്രമേയം.

ഹൂദോസ് ഈത്തോയ്ക്കു ശേഷമുള്ള ആറു ഞായറാഴ്ചകൾ ജന

നപ്പെരുന്നാളിനുള്ള ഒരുക്കമാണ്. കർത്താവിന്റെ ജനനവുമായി ബന്ധപ്പെട്ട സംഭവങ്ങളാണ് ഈ ഞായറാഴ്ചകളിൽ വായിക്കുന്നത്. സുറിയാനി സഭയിൽ ആദിമകാലങ്ങളിൽ ഈ ആറു ഞായറാഴ്ചകളും ജനനപ്പെരുന്നാളിനു മുമ്പുള്ള നാല്പതു ദിവസത്തെ നോമ്പിലെ ദിവസങ്ങളായിരുന്നു.

ജനനപ്പെരുന്നാളിൽ പത്തോളം പഴയനിയമഭാഗങ്ങൾ വായിക്കണമെന്നു നിഷ്ക്കർഷിച്ചിരിക്കുന്നു. കർത്താവിന്റെ ജനനത്തെപ്പറ്റിയുള്ള പഴയനിയമ പ്രവചനങ്ങളും, സൂചനകളുമാണ് ഇവയെല്ലാം തന്നെ. ജനനപ്പെരുന്നാളിനും ദനഹായ്ക്കുമിടയിലുള്ള രണ്ടു ഞായറാഴ്ചകളിലെ ഇതിവൃത്തം കർത്താവിന്റെ ബാല്യകാലമാണ്. ദനഹാപ്പെരുന്നാളിൽ പത്തോളം പഴയനിയമഭാഗങ്ങൾ വായനയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. വെള്ളത്തെപ്പറ്റിയുള്ള പഴയനിയമ സൂചനകളാണവയെല്ലാം. അതിൽ ഒന്നു കിണറിന്റെ കരയിൽ വച്ച് അബ്രഹാമിന്റെ ദാസൻ യിസഹാക്കിന്റെ മണവാട്ടിയായ റിബേക്കയെ കണ്ടുമുട്ടുന്ന സംഭവമാണ് (ഉല്പ. 24:1–28). ക്രിസ്തുവും സഭയും തമ്മിലുള്ള വിവാഹനിശ്ചയത്തിന്റെ മുൻകുറിയായി സഭാപിതാക്കന്മാർ ഈ സംഭവത്തെ കാണുന്നു. ക്രിസ്തുവിന്റെ മാമോദീസാ സഭയുടെ വിവാഹനിശ്ചയത്തിന്റെ അവസരം കൂടിയായിരുന്നുവെന്നു പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വേദഭാഗം ദനഹാപ്പെരുന്നാളിൽ വായിക്കുവാൻ ക്രമീകരിച്ചിരിക്കുന്നത്. ഈ വിധത്തിലുള്ള പ്രതീകാത്മകമായ സംഭവങ്ങൾ ഓരോ പെരുന്നാളുകളിലെ വായനകളിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. 'രക്ഷയുടെ ഉറവയിൽ നിന്നു വെള്ളം' കോരുന്നതിനെപ്പറ്റിയുള്ള യെശ്ശയ്യാവിന്റെ പ്രവചനം (12:3); 'യഹോവ ജീവനുള്ള വെള്ളത്തിന്റെ ഉറവ'യാണെന്നുള്ള യിരമ്യാവിന്റെ ദർശനം (17:13); യെഹസ്കേലിന്റെ ദർശനത്തിലെ 'ആലയത്തിന്റെ ഉമ്മറപ്പടിയുടെ കീഴിൽ നിന്നു പുറപ്പെട്ട വെള്ളം' (യെഹെ. 47:1–2); ദാനിയേൽ കണ്ട 'നദിയിലെ വെള്ളത്തിൽ നിൽക്കുന്ന മനുഷ്യൻ' (12:6–7); 'പാറയിൽ നിന്നു പുറപ്പെട്ട വെള്ളം' (സംഖ്യാ 20:1–11); 'ഏലീശാ ശുദ്ധീകരിച്ച വെള്ളം' (2 രാജാ. 2:19–25) തുടങ്ങിയ അർത്ഥസമ്പുഷ്ടമായ പഴയനിയമ ഭാഗങ്ങളാണു ദനഹാപ്പെരുന്നാളിലെ വായനകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ശിഷ്യന്മാരെ വിളിക്കുന്ന സംഭവങ്ങളാണു ദനഹായ്ക്കു ശേഷമുള്ള ഞായറാഴ്ചകളിൽ വായിക്കുന്ന സുവിശേഷ ഭാഗങ്ങൾ. ദൈവരാജ്യത്തിന്റെ ആഗമനവും, അനുതാപവുമാണ് മൂന്നു നോമ്പിന്റെ പ്രധാന പ്രമേയം. പട്ടക്കാരുടെയും മരിച്ചവരുടെയും ഞായറാഴ്ചകളിലെ വായനകളിൽ കർത്താവിന്റെ വരവിന്റെ സമയത്തെപ്പറ്റി അറിയാൻ പാടില്ലാത്തതിനാൽ വിശ്വാസികൾ ഉണർന്നിരിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

രോഗികളെ സുഖപ്പെടുത്തുന്ന സംഭവങ്ങളാണു വലിയ നോമ്പിലെ വായനകളുടെ പ്രത്യേകത. പാപത്തെ രോഗമായി കണക്കാക്കി

ദൈവത്തോട് സൗഖ്യമഭ്യർത്ഥിക്കുന്ന പാരമ്പര്യമാണു പൗരസ്ത്യ സഭകൾക്കുള്ളത്. വിശ്വാസികളുടെ സൗഖ്യത്തിനുള്ള അവസരമാണു വലിയ നോമ്പ്. ഉയിർപ്പു മുതൽ സ്വർഗാരോഹണം വരെ ക്രിസ്തു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെടുന്ന സംഭവങ്ങളും ക്രിസ്തുവിന്റെ തേജസ്സ്കരണത്തെപ്പറ്റിയുള്ള ഭാഗങ്ങളുമാണു വായിക്കുന്നത്. ക്രിസ്തുവിനെ ജീവന്റെ അപ്പമായി ചിത്രീകരിക്കുന്ന വായനകളാണു പെന്തിക്കോസ്തിക്കു ശേഷമുള്ള ഞായറാഴ്ചകളിൽ. സ്ലീബാ പെരുന്നാളിനു ശേഷം ക്രിസ്തുവും പരീശന്മാരുമായുള്ള സംഘർഷമാണു വായനകളുടെ പ്രമേയം. ക്രിസ്തീയ ജീവിതം പരീശന്മാരുടെ പോലെ ബാഹ്യമായിത്തീരരുതെന്നുള്ള സന്ദേശമാണ് അവയിൽ ഉൾക്കൊണ്ടിരിക്കുന്നത്.

### ചോദ്യങ്ങൾ

1. യെറുശലേം വേദവായനക്കുറിപ്പിന്റെ പ്രത്യേകതകൾ ഏവ?
2. ഉയിർപ്പു ഞായറാഴ്ചയിലെ വേദവായനകൾ പരിശോധിച്ച് അവയുടെ ഉള്ളടക്കത്തെയും സന്ദേശത്തെയും പറ്റി ഉപന്യസിക്കുക.

## പാഠം 4

# ശവസംസ്ക്കാരവും മരണാനന്തര ജീവിതവും

❑ മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന ❑ ശവസംസ്ക്കാരം ക്രിസ്തീയ സഭയിൽ ❑ ആദിമ സഭയിൽ ❑ പുനരുത്ഥാനവും പറുദീസയിലെ കാത്തിരിപ്പും ❑ മരിച്ചവർക്കു വേണ്ടിയുള്ള വി. കുർബാന

### മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന

മരണത്തിനു ശേഷം മനുഷ്യന്റെ ആത്മാവിന് എന്തു സംഭവിക്കുന്നു എന്നത് എല്ലാ മനുഷ്യരും ചിന്തിക്കുന്ന കാര്യമാണ്. വിവിധ മതങ്ങൾ അവരവരുടെ ദർശനമനുസരിച്ച് മരണാനന്തര ജീവിതത്തെ വിശദീകരിക്കുന്നു. മരണത്തോടു കൂടി മനുഷ്യശരീരത്തിനു രൂപാന്തരം സംഭവിക്കുന്നുവെങ്കിലും, ആത്മാവ് ഇല്ലാതായിത്തീരുന്നുവെന്നു യുക്തിസഹമായി തെളിയിക്കുവാൻ സാധിക്കുകയില്ല. മരണമെന്നത് ഒരു അവസ്ഥാവിശേഷം (mode of existence) മാത്രമാണ്; അല്ലാതെ മനുഷ്യജീവിതം ശൂന്യമായിത്തീരുന്നതല്ല.

പുതിയ ഒരവസ്ഥയിലേയ്ക്കുള്ള പ്രവേശന വാതിലാണു മരണം. നീണ്ട നിദ്രയുടെ ആരംഭമാണു മരണം. ഓരോ ഉറക്കവും നിത്യമായ നിദ്രയുടെ മുൻകുറിയാണെന്നു പറയാം. ഉറങ്ങുമ്പോൾ ശരീരം നിശ്ചലമെങ്കിലും നമ്മുടെ മനസ്സ് സജീവമാണ്; ആന്തരീകാവയവങ്ങളുടെ പ്രവർത്തനം ഉറക്കത്തിലും തുടർന്നു നടക്കുന്നുണ്ട്. അതേരീതിയിൽ മരണത്തിൽ ശരീരം നിർജീവമായിത്തീരുകയും തുടർന്നു രൂപാന്തരപ്പെടുകയും ചെയ്യുന്നുവെങ്കിലും, ആത്മാവ് സജീവമായി സ്ഥിതിചെയ്യുന്നു എന്നാണു ക്രിസ്തീയ വിശ്വാസം. മരണാനന്തര ജീവിതത്തെ സംബന്ധിച്ചുള്ള ഓർത്തഡോക്സ് വിശ്വാസം ഇങ്ങനെ സംഗ്രഹിക്കാം.

### 1. ക്രിസ്തുവിന്റെ ഉയിർപ്പ് മരണാനന്തര ജീവിതത്തിന്റെ ഉറപ്പ്

മരണത്തോടു കൂടി മനുഷ്യജീവിതം അവസാനിക്കുന്നില്ലെന്നും, മനുഷ്യൻ വീണ്ടും ഉയിർത്തെഴുന്നേൽക്കുമെന്നുള്ള വിശ്വാസത്തിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ ഉയിർപ്പാണ്. 'കർത്താവായ യേശുവിനെ ഉയിർപ്പിച്ചവൻ ഞങ്ങളെയും യേശുവിനോടു കൂടെ ഉയിർപ്പിച്ചു നിങ്ങളോടു കൂടെ തിരുസന്നിധിയിൽ നിറുത്തും എന്നു ഞങ്ങൾ അറിയുന്നു' (2 കൊരി. 4:14). 'ജഡത്തിൽ മരിച്ച ക്രിസ്തു ആദ്യഫലമായി മരിച്ചവരുടെയിടയിൽ നിന്നും ഉയിർത്തിരിക്കുന്നു' (1 കൊരി. 15:20). ക്രിസ്തുവിനെപ്പോലെ എല്ലാ വിശ്വാസികളും ഉയിർത്തെഴുന്നേൽക്കും. ഈ വിശ്വാസത്തിന്റെ അടിസ്ഥാനം യേശുക്രിസ്തുവിന്റെ ഉയിർപ്പാണ്. 'ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം' (1 കൊരി. 15:15).

### 2. മരണാനന്തര ജീവിതം അടിസ്ഥാന ക്രിസ്തീയ വിശ്വാസങ്ങളിലൊന്നാണ്

മരണാനന്തര ജീവിതവും, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ സംഭവിക്കുന്ന പൊതു ഉയിർപ്പും ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഉൾപ്പെടുന്നു. 1 കൊരിന്ത്യർ 15-ാം അദ്ധ്യായത്തിൽ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള ക്രിസ്തീയ വിശ്വാസം വി. പൗലോസ് സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. 'നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നുവെങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രെ'യെന്നാണ് പൗലോസ് പറയുന്നത് (1 കൊരി. 15:19).

### 3. മരണാനന്തര ജീവിതം ക്രിസ്തുവിൽ ലഭ്യമാകുന്ന ഒന്നാണ്

മാമോദീസാ മൂലം ക്രിസ്തുവിന്റെ ശരീരത്തിലെ അവയവമായിത്തീരുന്ന ഒരു വിശ്വാസിക്കു ലഭ്യമാകുന്നതാണു നിത്യജീവൻ. ക്രിസ്തുവിന്റെ അമർത്യാവസ്ഥ ഓരോ വിശ്വാസിക്കും ലഭിക്കുന്നു: 'ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും

ജീവിക്കും; ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല' (യോഹ. 11:25).

## 4. മാമോദീസായും വി. കുർബാനയും നിത്യജീവന്റെ ഉറപ്പാണ്

മാമോദീസായിലൂടെ ഓരോ ക്രിസ്ത്യാനിയും 'ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവരായി'ത്തീർന്നിരിക്കുന്നു (റോമ. 6:11). വി. കുർബാനയിലൂടെ 'ക്രിസ്തു നമ്മിലും നാം ക്രിസ്തുവിലും വസിക്കുന്നു' (യോഹ. 6:56). ക്രിസ്തുവിന്റെ ശരീരവും രക്തവും അനുഭവിക്കുന്നവൻ എന്നേയ്ക്കും ജീവിക്കും (യോഹ. 6:58). അന്ത്യനാളിൽ ക്രിസ്തു അവനെ ഉയിർത്തെഴുന്നേൽപ്പിക്കും (യോഹ. 6:54).

## 5. മരണത്തിനു നമ്മെ ക്രിസ്തുവിൽ നിന്ന് അന്യരാക്കുവാൻ കഴിയുകയില്ല

ഈ ജീവിതത്തിൽ നിന്നും വ്യത്യസ്തമായ ഒരു അവസ്ഥയാണു മരണത്തിനു ശേഷമുള്ളത്. എന്നാൽ മാമോദീസായിൽ ക്രിസ്തു ശരീരത്തിലെ അവയവമായിത്തീർന്ന ഒരാൾ മരിച്ചു കഴിഞ്ഞാലും ക്രിസ്തുവിൽ നിന്നും അന്യനാകുന്നില്ല. മരണത്തോടു കൂടി നാം ദൈവസ്നേഹത്തിൽ നിന്നും അന്യരായിത്തീരുന്നില്ല (റോമ. 8:38–39). 'ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും നാം ക്രിസ്തുവിനുള്ളവർ തന്നെ. മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും കർത്താവ് ആകേണ്ടതിനല്ലോ ക്രിസ്തു മരിക്കയും ഉയിർക്കയും ചെയ്തത്' (റോമ. 14:9).

## 6. ക്രിസ്തുവിനോടു കൂടിയുള്ള ജീവിതമാണു മരണാനന്തരാവസ്ഥ

മരിച്ചവർ ക്രിസ്തുവിന്റെ സാമീപ്യം അനുഭവിക്കുന്നുവെന്നാണു പുതിയനിയമം പഠിപ്പിക്കുന്നത് (ഫിലി. 1:20–24). 'നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടു കൂടെ തേജസ്സിൽ വെളിപ്പെടും' (കൊലോ. 3:3).

## 7. മരിച്ചവർ മൗനാവസ്ഥയിലല്ല

മരണത്തിനു ശേഷം ആത്മാക്കൾ നിർജീവാവസ്ഥയിലല്ല; അവയ്ക്കു ചിന്തിക്കുവാനും കാണുവാനും, പ്രാർത്ഥിക്കുവാനും കഴിയും എന്നതിനു തെളിവാണു ലാസറിന്റെയും ധനവാന്റെയും ഉപമ (ലൂക്കോ. 16:19–31). രക്തസാക്ഷികളുടെ ആത്മാക്കൾ ദൈവത്തോടു പ്രതികാരത്തിനായി നിലവിളിച്ചതായി യോഹന്നാൻ വെളിപാടിൽ കണ്ടു (വെളി. 6:9–11). മരിച്ചുപോയവർ സ്വർഗീയ ആരാധനയിൽ പങ്കെടുക്കുന്നതായും അദ്ദേഹം കണ്ടു (വെളി. 7:10–17).

### 8. മരിച്ചവർക്കു വിശ്വസിക്കുവാനും മാനസാന്തരപ്പെടുവാനും കഴിയും

കർത്താവ് പാതാളത്തിൽപ്പോയി സുവിശേഷമറിയിച്ചതു മരിച്ചവർക്കു മാനസാന്തരപ്പെടുവാൻ കഴിയുന്നതു കൊണ്ടാണല്ലോ (1 പത്രോ. 3:19, 4:6 കാണുക). മരണത്തോടു കൂടി മാനസാന്തരപ്പെടുവാനുള്ള അവസരം നഷ്ടമായിയെന്നു പൗരസ്ത്യസഭകൾ തീർത്തു പറയുന്നില്ല. ദൈവത്തിന്റെ കരുണ മരണത്തോടു കൂടി മനുഷ്യനിൽ നിന്നും ഇല്ലാതാകുന്നില്ല. ആ കരുണ മരിച്ചുപോയ പാപികളുടെ മേലും ഉണ്ടെന്നുള്ള വിശ്വാസത്തിലാണ് എല്ലാ മരിച്ചവർക്കു വേണ്ടിയും നാം പ്രാർത്ഥിക്കുന്നത്.

### 9. മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന

ക്രിസ്തീയ ജീവിതത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു പ്രധാന സ്ഥാനമുണ്ട്. ജിവിച്ചിരിക്കുന്നവർ, പരസ്പരം പ്രാർത്ഥിക്കാറുണ്ടല്ലോ! ക്രിസ്തു ശരീരത്തിലെ അംഗങ്ങൾ എന്ന നിലയിലാണ് അവർ പരസ്പരം പ്രാർത്ഥിക്കുന്നത്. മരണത്തോടു കൂടി ആരും ക്രിസ്തുവിന്റെ ശരീരത്തിൽ നിന്നും അന്യരാകുന്നില്ലെന്നു നാം കണ്ടു. നിദ്ര പ്രാപിച്ചവരും ക്രിസ്തുശരീരത്തിലെ അവയവങ്ങൾ ആയതിനാൽ അവർക്കു വേണ്ടി നാം പ്രാർത്ഥിക്കുന്നു. മരണത്തിനു ശേഷവും അവരുടെ ആത്മാക്കൾ സജീവരായതിനാൽ അവർ നമുക്കുവേണ്ടിയും പ്രാർത്ഥിക്കുന്നുണ്ട്.

### 10. അന്തിമ ഉയിർപ്പ്

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ നിദ്ര പ്രാപിച്ചവർ ശരീരത്തോടു കൂടി ഉയിർത്തെഴുന്നേൽക്കുമെന്നാണു ക്രിസ്തീയ വിശ്വാസം. മർത്യശരീരത്തിൽ നിന്നും വ്യത്യസ്തമായ തേജസ്സിന്റെ ശരീരം ഉയിർപ്പിൽ ലഭിക്കുമെന്നു പുതിയനിയമം പഠിപ്പിക്കുന്നു (യോഹ. 5:24–29; 1 കൊരി. 15:35–58; 1 തെസ്സ. 4:13–18; മത്താ. 25:31–46). നീതിമാന്മാരെയും ദുഷ്ടന്മാരെയും ന്യായം വിധിച്ച് അവരുടെ പ്രവർത്തികൾക്കനുസരണമായി പ്രതിഫലം കൊടുക്കുമെന്നും പുതിയനിയമത്തിൽ പറയുന്നു (യോഹ. 5:24–29; മത്താ. 25:31–46).

എന്നാൽ ദൈവം ന്യായാധിപൻ എന്നതിനേക്കാൾ കാരുണ്യവാനായ പിതാവാണെന്നുള്ള പുതിയനിയമ ഉപദേശം നമുക്കു പ്രത്യാശ നൽകുന്നു. ദൈവത്തിന്റെ നീതിയെ കവിയുന്നതാണു തന്റെ സ്നേഹം. അതുകൊണ്ടാണ് അന്ത്യന്യായവിധിയെപ്പറ്റി വിശദമായി പ്രതിപാദിക്കുവാൻ സഭാപിതാക്കന്മാർ വൈമുഖ്യം പ്രകടിപ്പിച്ചത്.

### ശവസംസ്കാരം ക്രിസ്തീയസഭയിൽ

മരണാനന്തര ജീവിതത്തിലുള്ള വിശ്വാസമനുസരിച്ചു ശവശരീരങ്ങൾ

സംസ്കരിക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന രീതി മിക്കവാറും എല്ലാ മതങ്ങളും സ്വീകരിച്ചിരിക്കുന്നു. കബറിടം പ്രത്യേക വിശുദ്ധിയുള്ള സ്ഥലമായി അതിപുരാതനകാലം തൊട്ടേ മനുഷ്യർ കരുതിയിരുന്നു. പുറജാതികളുടെയിടയിലും, ഒരു കാലത്തു യഹൂദന്മാരുടെയിടയിലും മരിച്ചവർക്കു വേണ്ടി കബറിടത്തിൽ ഭക്ഷണസാധനങ്ങൾ വെയ്ക്കുന്ന രീതിയുണ്ടായിരുന്നു. 'നിന്റെ അപ്പം നീതിമാന്മാരുടെ കബറിടത്തിൽ വെയ്ക്കുക; എന്നാൽ അതു പാപികൾക്കു കൊടുക്കരുത്' എന്നു തോബിത്തിന്റെ പുസ്തകത്തിൽ (4:17) പറഞ്ഞിരിക്കുന്നത് ഈ പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിലാണ്.

കർത്താവിന്റെ കാലത്തു റോമാക്കാരുടെയിടയിൽ ശവശരീരം ദഹിപ്പിക്കുന്ന രീതിയായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ യഹൂദന്മാർ എക്കാലത്തും ശവശരീരം കല്ലറയിൽ വെയ്ക്കുന്ന രീതിയാണ് അവലംബിച്ചിരുന്നത്. ശവശരീരം തീയിൽ ദഹിപ്പിക്കുന്നതു ശിക്ഷയായും, അപമാനമായും യഹൂദന്മാർ കണക്കാക്കിയിരുന്നു. ഒരിക്കൽ ഉപയോഗിച്ച കല്ലറ വീണ്ടും ഉപയോഗിക്കുന്ന രീതിയും യഹൂദന്മാർക്കുണ്ടായിരുന്നില്ല. ഇതനുസരിച്ചാണു പാറയിൽ വെട്ടിയതും ഒരിക്കലും ആരെയും വെച്ചിട്ടില്ലാത്തതുമായ കല്ലറയിൽ കർത്താവിന്റെ ശരീരം അടക്കിയത് (യോഹ. 19:41–42; ലൂക്കോ. 23:53). യഹൂദന്മാരുടെ മാതൃകയിൽ ശവശരീരം കല്ലറയിൽ അടക്കുന്ന രീതി ക്രിസ്തീയ സഭയും സ്വീകരിച്ചു (അ. പ്ര. 8:2; യോഹ. 5:28–29). പുറജാതി ക്രൈസ്തവർ അങ്ങിങ്ങ് മൃതദേഹം ദഹിപ്പിച്ചിരുന്നതായി തെളിവുകളുണ്ട്. എങ്കിലും രണ്ടാം നൂറ്റാണ്ടിന്റെ അവസാനം മുതൽ എല്ലാ ക്രിസ്ത്യാനികളുടെയും ശരീരം കല്ലറയിൽ അടക്കുന്ന രീതി സഭയിൽ പൊതുവെ നടപ്പായി.

**ആദിമസഭയിൽ**

ആദ്യകാലങ്ങളിൽ ക്രിസ്ത്യാനികൾക്കും പുറജാതികൾക്കും പ്രത്യേകം സെമിത്തേരികൾ ഉണ്ടായിരുന്നില്ല. എ. ഡി. 250 –നോടടുത്തു സിപ്രിയനെപ്പോലുള്ള സഭാപിതാക്കന്മാർ പുറജാതികളോടു കൂടി ക്രിസ്ത്യാനികളെ അടക്കരുതെന്നു നിഷ്ക്കർഷിച്ചു. ഇക്കാലയളവിൽത്തന്നെ വേദവിപരീതികളെയും, സഭക്കെതിരായവരെയും വിശ്വാസികളുടെ കൂടെ അടക്കരുതെന്നും സഭകൾ നിഷ്ക്കർഷിച്ചു തുടങ്ങി.

മാർബിളിലോ, പാറയിലോ ഉണ്ടാക്കിയ വലിയ പെട്ടി പോലുള്ള കല്ലറകളിൽ മൃതദേഹം അടക്കുന്ന രീതിയാണ് ആദിമസഭയിൽ പൊതുവെ ഉണ്ടായിരുന്നത്. 'സാക്രോഫാഗസ്' (Sacro Phages) എന്നറിയപ്പെടുന്ന ഇത്തരം പെട്ടികൾ റോമിലും, യൂറോപ്പിലെ പുരാതന പട്ടണങ്ങളിലുള്ള സെമിത്തേരികളിലും ഇന്നും കാണുവാൻ കഴിയും. കൂടാതെ ഭൂമിക്കടിയിലുള്ള 'കാറ്റകോംബ്' (Catacombs) എന്നറിയപ്പെടുന്ന ഗാലറികളിലും

മൃതദേഹങ്ങൾ അടക്കുന്ന രീതി റോമിലുണ്ടായിരുന്നു. എല്ലാവർക്കും പ്രത്യേകം കല്ലറകൾ ഉണ്ടാക്കുന്നതിന് ആവശ്യമായ സ്ഥലം മതിയാകാതെ വന്ന അവസരത്തിലായിരിക്കണം ഇത്തരം ഭൂഗർഭ കല്ലറകൾ ഉണ്ടാക്കിയത്. ഭൂമിക്കടിയിലുള്ള ഗാലറികളിലെ ഭിത്തിയിൽ തുരന്നുണ്ടാക്കിയ കല്ലറകളിൽ അടക്കുന്നതാണു കാറ്റകോംബുകളുടെ പ്രത്യേകത.

നാലാം നൂറ്റാണ്ടിനു മുമ്പു മേൽപ്പട്ടക്കാരെ വിശ്വാസികളുടെ സെമിത്തേരിയിൽത്തന്നെ അടക്കുന്ന രീതിയാണ് ഉണ്ടായിരുന്നത്. കല്ലറയുടെ മുകളിലെ ശിലാലിഖിതങ്ങളിൽ 'എപ്പിസ്കോപ്പാ'യെന്ന് എഴുതിയിരിക്കുമെന്നല്ലാതെ, മേൽപ്പട്ടക്കാരുടെ കല്ലറകൾക്കു പ്രത്യേകതകൾ ഒന്നും ഉണ്ടായിരുന്നില്ല. നാലാം നൂറ്റാണ്ടു മുതൽ റോമിൽ മേൽപ്പട്ടക്കാരെ ദേവാലയത്തിനുള്ളിൽത്തന്നെ കബറടക്കിയിരുന്നു.

എന്നാൽ രക്തസാക്ഷികളുടെയും വിശുദ്ധന്മാരുടെയും കല്ലറകൾ പ്രത്യേകം സൂക്ഷിക്കുന്നതിനും, അവരുടെ തിരുശേഷിപ്പുകൾ ദേവാലയങ്ങളിലേയ്ക്ക് മാറ്റി സൂക്ഷിക്കുന്നതിനും ആദിമസഭ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. രക്തസാക്ഷികളുടെയും, അപ്പോസ്തോലന്മാരുടെയും കല്ലറകൾക്കു മുകളിൽ ബലിപീഠം പണിയുന്ന രീതി നാലാം നൂറ്റാണ്ടു മുതൽ പാശ്ചാത്യസഭയിലുണ്ടായിരുന്നു; പൗരസ്ത്യസഭയിലില്ല. ഡമാസ്ക്കസ് പാപ്പായുടെ കാലത്തു (നാലാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ) പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ കല്ലറകൾക്കു മുകളിൽ ത്രോണോസ് പണിതു. വെളിപാട് 6:9 -ൽ നിന്നു പ്രചോദനം പ്രാപിച്ചായിരിക്കണം ഈ പതിവു സഭയിൽ ഉണ്ടായതെന്നു തോന്നുന്നു.

## പുനരുത്ഥാനവും പറുദീസായിലെ കാത്തിരിപ്പും

കർത്താവിന്റെ രണ്ടാമത്തെ വരവു വരെ മരിച്ചുപോയ വിശ്വാസികളുടെ ആത്മാക്കൾ ദൈവസംസർഗത്തിൽ കാത്തിരിക്കുന്നു എന്നു പിതാക്കന്മാർ പഠിപ്പിക്കുന്നു. ആ കാത്തിരിപ്പിന്റെ വിശദാംശങ്ങളെപ്പറ്റി അവർ വ്യക്തമായി ഒന്നും പറയുന്നില്ല. മരണാനന്തര ജീവിതം വേദപുസ്തക സംഭവങ്ങളുടെ പശ്ചാത്തലത്തിലാണ് അവർ വിശദീകരിക്കുന്നത്. മരണാനന്തര ജീവിതത്തെപ്പറ്റി പ്രതിപാദിക്കുവാൻ താഴെപ്പറയുന്ന വേദപുസ്തക സംഭവങ്ങൾ അവർ ഉപയോഗിച്ചിരുന്നു. ദാനിയേൽ സിംഹക്കുഴിയിൽ (ദാനി. 6); തീച്ചൂളയിൽ മൂന്നു ബാലന്മാർ (ദാനി. 3); ലാസറിന്റെ ഉത്ഥാനം (യോഹ. 11:1-44) സൂസന്നാ തെറ്റായ ആരോപണങ്ങളിൽ നിന്നു വിമുക്തി പ്രാപിച്ചത് (തോബിത്തിന്റെ പുസ്തകം); നോഹയുടെ കാലത്തെ ജലപ്രളയം (ഉല്പ. 7-8); യോനാ മത്സ്യത്തിന്റെ വയറ്റിൽ നിന്നും രക്ഷപ്പെട്ടത്; ഇസഹാക്കു മരണത്തിൽ നിന്നു രക്ഷപ്പെട്ടത് (ഉല്പ. 22); ദീർഘനാളത്തെ രോഗത്തിനു ശേഷം പക്ഷപാതക്കാരന്റെയും (യോഹ. 5:1-18), രക്തസ്രവ

ക്കാരിയുടെയും സൗഖ്യം (മത്താ. 9:20–22); നല്ല ഇടയൻ ശമര്യാക്കാരി യോടു വാഗ്ദാനം ചെയ്ത ജീവജലത്തിന്റെ ഉറവയിലേക്ക് ആടുകളെ നയിക്കുന്നത് (യോഹ. 4:13–15); ഹെസക്കിയേലിന്റെ ദർശനം (37:1–14).

## മരിച്ചവർക്കു വേണ്ടിയുള്ള വി. കുർബാന

എ. ഡി. 250 –നോടടുത്തു സിറിയായിൽ എഴുതപ്പെട്ട ഒരു രേഖയാണ് 'അപ്പോസ്തോലന്മാരുടെ ഉപദേശങ്ങൾ' (Didascalia of the Apostles). അപ്പോസ്തോലന്മാരുടെ കാലം തൊട്ടുള്ള സഭയുടെ പാരമ്പര്യങ്ങളാണ് ഇതിന്റെ ഉള്ളടക്കം. അതിൽ മരിച്ചവർക്കു വേണ്ടി വി. കുർബാന അർപ്പിക്കുന്ന പതിവിനെപ്പറ്റി ഇങ്ങനെ പറഞ്ഞിരിക്കുന്നു.

'നിങ്ങൾ സുവിശേഷമനുസരിച്ചും പരിശുദ്ധാത്മാവിന്റെ ശക്തി അനുസരിച്ചും സെമിത്തേരികളിൽ ഒരുമിച്ചുചേർന്നു തിരുവെഴുത്തുകൾ വായിക്കുകയും, പ്രാർത്ഥിക്കുകയും ദൈവത്തിനു സ്വീകാര്യമായ വി. കുർബാന അർപ്പിക്കുകയും ചെയ്യുക. നിങ്ങളുടെ പള്ളികളിലോ, സെമിത്തേരികളിലോ, വാങ്ങിപ്പോയവരുടെ ഓർമ്മയ്ക്കായി വി. കുർബാനയർപ്പിക്കുകയും, സംശയിക്കാതെ വാങ്ങിപ്പോയവർക്കായി പ്രാർത്ഥിക്കുകയും ചെയ്യണം. കാരണം സുവിശേഷത്തിൽ പറഞ്ഞിരിക്കുന്നതു പോലെ (യോഹ. 11:26) ദൈവത്തിൽ വിശ്വസിച്ചവർ നിദ്ര പ്രാപിച്ചതല്ലാതെ മരിച്ചിട്ടില്ല. ജീവിച്ചിരിക്കുന്നവരെ പ്രാർത്ഥനയിൽ ഓർക്കാറുണ്ട്. പ്രാർത്ഥനയുടെ നിസ്തുലമായ രൂപമാണ് വി. കുർബാന. ക്രിസ്തുവിന്റെ ശരീരമായ സഭ അർപ്പിക്കുന്ന വി. കുർബാനയിൽ സഭാംഗങ്ങളായ മരിച്ചവരെ ഓർക്കുന്നതു തികച്ചും യുക്തിസഹമാണ്. വാങ്ങിപ്പോയവരെ വിസ്മരിച്ചുകൊണ്ടു ക്രിസ്തുശരീരത്തിന്റെ ഒരു ഭാഗം മാത്രമായ ജീവനുള്ളവർക്കു പ്രാർത്ഥിക്കാനാവില്ല.

### ചോദ്യങ്ങൾ

1. മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നത് എങ്ങനെ ന്യായീകരിക്കാം?
2. മരണാനന്തരാവസ്ഥയെപ്പറ്റി വി. വേദപുസ്തകം നൽകുന്ന ചിത്രം എന്താണ്?

## പാഠം 5

# ആരാധനയുടെ കൗദാശിക സ്വഭാവം

- ❑ എന്താണ് കൂദാശ? ❑ കൂദാശകളുടെ എണ്ണം കത്തോലിക്കാസഭയിൽ
- ❑ കൂദാശകളുടെ എണ്ണം പൗരസ്ത്യ പാരമ്പര്യത്തിൽ

കൂദാശകൾ ആരാധനാ കർമ്മങ്ങളാണ്. മാമോദീസാ, വി. കുർബാന, പൗരോഹിത്യം തുടങ്ങിയ ഏഴു ആരാധനാ കർമ്മങ്ങൾക്ക് മാത്രമാണ് സാധാരണഗതിയിൽ കൂദാശകൾ എന്ന പേരുപയോഗിക്കുന്നത്. 'കൂദാശ' യെന്ന പേര് ഈ ഏഴു കർമ്മങ്ങൾക്കു മാത്രമായി ഉപയോഗിക്കുന്നതിനെ ഓർത്തഡോക്സ് പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ ന്യായീകരിക്കാനാവില്ല. സഭയിലെ ഓരോ ആരാധനാകർമ്മവും കൗദാശിക സ്വഭാവമുള്ളതാണ്. ഇതിനെപ്പറ്റി വിശദീകരിക്കുന്നതിനു മുമ്പ് എന്താണ് 'കൂദാശ'യെന്ന് വിശദമാക്കാം.

### 1. എന്താണ് കൂദാശ?

വി. കുർബാന, മാമോദീസാ, പൗരോഹിത്യം തുടങ്ങിയ ആരാധനാ കർമ്മങ്ങൾക്ക് പൗരസ്ത്യസഭകൾ ഉപയോഗിക്കുന്ന പേര് ഗ്രീക്കിൽ 'മിസ്റ്റീരിയോൺ' (mysterion = mystery) എന്നും സുറിയാനിയിൽ 'റോസോ (= രഹസ്യം) എന്നുമാണ്. രണ്ടു വാക്കുകളുടെയും അർത്ഥം ഒന്നു തന്നെയാണ്. ഇവയ്ക്കു തുല്യമായി റോമൻ കത്തോലിക്കർ ഉപയോഗിക്കുന്ന വാക്കുകൾ 'കൂദാശ', 'സാക്രമെന്റ്' എന്നിവയാണ്. 'കൂദാശ'യെന്ന വാക്കിന് 'ശുദ്ധീകരണം' അഥവാ 'സമർപ്പണം' എന്നും 'സാക്രമെന്റ്' എന്ന വാക്കിന് 'പ്രതിജ്ഞ' അഥവാ 'ഉറപ്പ്' എന്നുമാണ് അർത്ഥം. ഈ രണ്ടു വാക്കുകൾക്കും 'രഹസ്യം' എന്ന അർത്ഥമില്ല.

'മിസ്റ്റീരിയോൺ' (= രഹസ്യം) എന്ന വാക്ക് പുതിയനിയമത്തിൽ പല അർത്ഥത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ദൈവരഹസ്യത്തെപ്പറ്റി പറയുമ്പോൾ സാധാരണ ഈ വാക്കാണ് ഉപയോഗിക്കുന്നത് (റോമ. 16:25-26; 11:25; 1 കൊരി. 2:7; മർമ്മം, രഹസ്യം എന്നിങ്ങനെ മലയാളത്തിൽ തർജമ ചെയ്തിരിക്കുന്നു). സുവിശേഷത്തെപ്പറ്റി വി. പൗലോസ് എഫേസ്യ ലേഖനത്തിലും കൊലോസ്യ ലേഖനത്തിലും പറയുമ്പോൾ ഇതേ വാക്കു തന്നെ ഉപയോഗിക്കുന്നു. ക്രിസ്തുവിനെ 'ദൈവത്തിന്റെ രഹസ്യ'മെന്ന് പൗലോസ് വിശേഷിപ്പിക്കുന്നുണ്ട് (കൊലോ. 1:27; 2:2; 4:3). ചുരുക്കത്തിൽ പുതിയനിയമത്തിൽ 'മിസ്റ്റീരിയോൺ' (റോസോ) എന്ന വാക്ക് ദൈവരഹസ്യത്തെക്കുറിക്കുന്ന ഒന്നാണ്. ഈ വാക്കിന്റെ അർത്ഥവ്യാപ്തിയുടെ വെളിച്ചത്തിൽ വേണം കൂദാശകളുടെ അർത്ഥം മനസ്സിലാക്കുവാൻ. വി. കുർബാനയെപ്പറ്റിയോ മാമോദീസായെപ്പറ്റിയോ സഭാപിതാക്കന്മാർ എഴുതുമ്പോൾ

എപ്പോഴും ഉപയോഗിക്കുന്ന വാക്കുകൾ 'രഹസ്യങ്ങൾ', 'ദൈവിക രഹസ്യങ്ങൾ', 'വി. രഹസ്യങ്ങൾ,' 'സ്വർഗീയ രഹസ്യങ്ങൾ' എന്നിവയാണ്.

ദൈവരഹസ്യത്തിന്റെ സമ്പൂർണ വെളിപാടാണ് യേശുക്രിസ്തു. പൗലോസിന്റെ ഭാഷയിൽ ക്രിസ്തു തന്നെ ദൈവത്തിന്റെ രഹസ്യമാണ്; അഥവാ 'കൂദാശ'യാണ്. ക്രിസ്തുവിലുള്ള പങ്കാളിത്തമാണ് വി. കൂദാശകളിലൂടെ മനുഷ്യർക്ക് സംലഭ്യമാകുന്നത്. വി. കൂദാശയിലൂടെ മനുഷ്യർ ക്രിസ്തുവിന്റെ ശരീരമായ സഭയിലെ അംഗമായിത്തീരുന്നു. തന്റെ ശരീരരക്തങ്ങളിൽ പങ്കാളിയായിത്തീരുന്നു.

ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തെപ്പറ്റി പറയുമ്പോൾ പൗലോസ് ഈ വാക്ക് ഉപയോഗിക്കുന്നു (എഫേ. 5:32). ക്രിസ്തു 'ദൈവത്തിന്റെ രഹസ്യമാണ്. ആ ദൈവിക രഹസ്യത്തിൽ സഭയും പങ്കുചേരുന്നു. ക്രിസ്തു ദൈവത്തിന്റെ 'കൂദാശ'യെങ്കിൽ, സഭയും ഒരു 'കൂദാശ' തന്നെയാണ്. സഭയുടെ കൗദാശിക സ്വഭാവം വിവിധ ആരാധനാകർമ്മങ്ങളിൽ കൂടി പ്രത്യക്ഷമാവുന്നു. ആ കൗദാശിക സ്വഭാവം പ്രത്യക്ഷമാവുന്ന ഏഴ് ആരാധനാകർമ്മങ്ങൾക്കു മാത്രം സാധാരണയായി 'കൂദാശകൾ' എന്ന പേരുപയോഗിക്കുന്നു. ഇവയെ മാത്രം 'കൂദാശകൾ' എന്നു വിളിക്കുന്നത് ന്യായീകരിക്കാനാവുമോ എന്നു നോക്കാം.

വിശ്വാസപ്രമാണത്തിൽ 'ഞങ്ങൾ വിശ്വസിക്കുന്നു' എന്നു പറയുന്നത് നാലു രഹസ്യങ്ങളിലാണ്; പിതാവ് – പുത്രൻ – പരിശുദ്ധാത്മാവ് – സഭ. ദൈവിക രഹസ്യത്തിനു സദൃശമായിട്ടാണ് നിഖ്യാ – കുസ്തന്തീനോസ് പോലീസ് വിശ്വാസപ്രമാണം സഭയെ കണക്കാക്കുന്നത്. ദൈവീക രഹസ്യത്തിൽ പങ്കുചേരുന്ന സമൂഹമാണ് വി. സഭ. ലോകത്തിൽ ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമാണ് സഭ.

സഭ ലോകത്തിൽ പ്രത്യക്ഷമാവുന്നത് ആരാധനയിൽ കൂടിയാണ്. സഭയുടെ ദൃശ്യരൂപമാണ് ഓരോ ആരാധനാസമൂഹവും. ഓരോ ആരാധനാസമൂഹത്തിൽക്കൂടെയും ദൈവത്തിന്റെ രഹസ്യമായ (കൂദാശയായ) സഭ ലോകത്തിൽ വെളിപ്പെടുന്നു. ഈ കൗദാശിക സ്വഭാവം സഭയിലെ എല്ലാ ആരാധനാ കർമ്മങ്ങൾക്കുമുണ്ട്; സഭയിലെ എല്ലാ പ്രവർത്തനങ്ങൾക്കുമുണ്ട്. ഒരു സുന്നഹദോസ് സഭയുടെ കൗദാശികത (Sacramentality) യുടെ പ്രകാശനമാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ സഭയുടെ കെട്ടുപണിക്കാവശ്യമായ തീരുമാനങ്ങൾ അവിടെ എടുക്കുന്നു. സത്യ ആരാധനയുടെ സാധുതയെ ചോദ്യം ചെയ്യുന്ന സഭയുടെ ആത്മീയ വളർച്ചയ്ക്ക് എതിരായ പ്രവണതകൾ ഒഴിവാക്കുവാനാണല്ലോ മൂന്ന് സാർവത്രിക സുന്നഹദോസുകൾ സഭയിൽ ചേർന്നത്. ഒരു സുന്നഹദോസിനെ സഭയുടെ ഭരണപരമായ ഘടനയുടെ ഭാഗമായിട്ടല്ല പൗരസ്ത്യസഭകൾ മനസ്സിലാക്കുന്നത്.

ആരാധനയുടെ പശ്ചാത്തലത്തിൽ നിന്നു വേർപെടുത്തി സുന്നഹദോസിനെ മനസ്സിലാക്കാനാവില്ല.

ഒരു ആരാധനാകർമ്മമാണ് കൂദാശയെന്നുള്ള സങ്കല്പത്തിന്റെ അർത്ഥവ്യാപ്തിയെപ്പറ്റി ബോദ്ധ്യമുള്ളതു കൊണ്ടാണ് ഓർത്തഡോക്സ് സഭകൾ കൂദാശയുടെ ലിസ്റ്റ് ഔദ്യോഗികമായി പ്രഖ്യാപിക്കാതിരിക്കുന്നത്. കൂദാശകളുടെ എണ്ണം ഏഴിൽ പരിമിതപ്പെടുത്തിയത് ആദ്യം റോമൻ കത്തോലിക്കാ സഭയാണ്. കത്തോലിക്കരുടെ മാതൃകയിലും, സ്വാധീനത്തിലും ചില പൗരസ്ത്യ വേദശാസ്ത്രജ്ഞന്മാർ ഏഴു കൂദാശകളെപ്പറ്റി പറയുന്നുണ്ട്. കൂദാശകളുടെ എണ്ണത്തെപ്പറ്റി വിവിധ സഭകളുടെ നിലപാട് വിശദീകരിക്കട്ടെ.

## 2. കൂദാശകളുടെ എണ്ണം കത്തോലിക്കാ സഭയിൽ

'കൂദാശകൾ ഏഴെണ്ണം മാത്രമാണ്. ഒന്നു പോലും കൂടുതലും കുറവുമില്ലാ'യെന്ന് ആദ്യമായി ഔദ്യോഗിക പ്രഖ്യാപനം നടത്തിയത് റോമൻ കത്തോലിക്കാ സഭയിലെ ട്രെന്റ് സുന്നഹദോസാണ് (1545-1565). കത്തോലിക്കാ സഭ കൂദാശകൾ ഏഴാണെന്ന് പ്രഖ്യാപിച്ചതിന് രണ്ടു കാരണങ്ങൾ ഉണ്ട്. ഒന്നാമത്, പതിനൊന്നാം നൂറ്റാണ്ടു മുതൽ കൂദാശകളുടെ എണ്ണത്തെപ്പറ്റി റോമൻ കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാരുടെയിടയിൽ തർക്കമുണ്ടായിരുന്നു. തുടർന്നു ചില പ്രമുഖ വേദശാസ്ത്രജ്ഞന്മാർ 'ഏഴു കൂദാശകൾ' എന്ന ആശയം മുന്നോട്ടുവച്ചു. രണ്ടാമത് പ്രൊട്ടസ്റ്റന്റ് നവീകരണ നേതാവായ മാർട്ടിൻ ലൂതറും അനുയായികളും മാമോദീസായും വി. കുർബാനയും മാത്രമേ കൂദാശകളായി അംഗീകരിച്ചിരുന്നുള്ളു. ഇതിനുള്ള മറുപടിയായിട്ടാണ് കൂദാശകൾ ഏഴിൽ ഒന്നു പോലും കുറവില്ലെന്ന് ട്രെന്റ് സുന്നഹദോസ് തീരുമാനിച്ചത്. കൂദാശകളുടെ എണ്ണത്തെപ്പറ്റി കത്തോലിക്കാ സഭയിലുണ്ടായിരുന്ന ആശയക്കുഴപ്പങ്ങൾക്കു വിരാമമിടാനാണ് ട്രെന്റ് അവയുടെ എണ്ണം ഏഴിൽ ക്ലിപ്തപ്പെടുത്തിയത്.

കൂദാശകളുടെ എണ്ണത്തെപ്പറ്റിയുള്ള ചർച്ചകൾ കത്തോലിക്കാ സഭയിൽ ആരംഭിക്കുന്നത് പതിനൊന്നാം നൂറ്റാണ്ടിലാണ്. പീറ്റർ ഡാമിയൻ (+ 1072) പന്ത്രണ്ടു കൂദാശകളെപ്പറ്റി പറയുന്നുണ്ട്. കുർബാന, മാമോദീസാ, പൗരോഹിത്യം എന്നിവ മുഖ്യ കൂദാശകളായി അദ്ദേഹം കണക്കാക്കി. ഹ്യൂഗോ ഓഫ് സെന്റ് വിക്ടർ (+ 1141) എന്ന പ്രമുഖ വേദശാസ്ത്രജ്ഞനും ഒരു ഡസനിലധികം കൂദാശകളെപ്പറ്റി പറയുന്നു. രക്ഷയ്ക്കാവശ്യമായ കൂദാശകൾ, അല്ലാത്തവ എന്നിങ്ങനെ പല ഗ്രൂപ്പുകളായി കൂദാശകളെ ഇദ്ദേഹം തരംതിരിച്ചു. വെള്ളം, കുരുത്തോല, ഭക്ഷണസാധനങ്ങൾ എന്നിവ വാഴ്ത്തുന്നതും, വി. കുർബാനയ്ക്കുള്ള പാത്രങ്ങളും വസ്ത്രങ്ങളും ശുദ്ധീകരിക്കുന്നതും ഹ്യൂഗോ കൂദാശകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി.

പീറ്റർ ലൊംബാർദ് (1100–1160) എന്ന ഫ്രഞ്ചു കത്തോലിക്കാ വേദശാസ്ത്രജ്ഞനാണ് ഏഴു കൂദാശകളെപ്പറ്റി ആദ്യം പറയുന്നത് (കുർബാന, മാമോദീസാ, സ്ഥിരീകരണം, പൗരോഹിത്യം, വിവാഹം, കുമ്പസാരം, തൈലാഭിഷേകം). തുടർന്ന് തോമസ് അക്വിനാസും (+ 1284) ഏഴു കൂദാശകളെപ്പറ്റി മാത്രം പ്രതിപാദിച്ചു. പീറ്റർ ലൊംബാർദും, അക്വിനാസും യൂറോപ്പിൽ അംഗീകരിക്കപ്പെട്ട വേദശാസ്ത്രജ്ഞന്മാരാകയാൽ ഏഴു കൂദാശകളെന്ന അവരുടെ അഭിപ്രായം പൊതുവെ സ്വീകാര്യമായിത്തീർന്നു. ഇതിനെത്തുടർന്നാണു ട്രെന്റ് സുന്നഹദോസും ഏഴു കൂദാശകളെപ്പറ്റി തീരുമാനമെടുത്തത്.

ഏഴു കൂദാശകളെപ്പറ്റി പറയുന്ന കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാർ 'ഏഴ്' എന്ന അക്കത്തിന്റെ പ്രത്യേകതകളെപ്പറ്റി നീണ്ട പ്രബന്ധങ്ങളെഴുതി. മൂന്ന് ത്രിത്വത്തെക്കുറിക്കുന്നു; നാല്, സൃഷ്ടിയുടെ നാലു ഭാഗങ്ങളെക്കുറിക്കുന്നു. അവയുടെ ആകെത്തുകയായ ഏഴ് ദൈവവും മനുഷ്യനും തമ്മിലുള്ള ഐക്യത്തെ സൂചിപ്പിക്കുന്നു, എന്നിങ്ങനെ 'ഏഴിന്റെ' പ്രത്യേകതകളെപ്പറ്റി പല അഭിപ്രായങ്ങൾ ഉയർന്നുവന്നു. ആത്മാവിന്റെ ഏഴു ദാനങ്ങൾ (ഏശ. 11:1–2), യെരുശലേം ദേവാലയത്തിലെ ഏഴു ശിഖരമുള്ള വിളക്ക്, ഏഴു കാഴ്ചയപ്പം, വെളിപാടിൽ കുഞ്ഞാടു പൊട്ടിക്കുന്ന ഏഴു മുദ്രകൾ, ക്രിസ്തു കുരിശിൽ ഉച്ചരിച്ച ഏഴു മൊഴികൾ, ഏഴു സുകൃതങ്ങൾ, ഏഴു മരണകരമായ പാപങ്ങൾ എന്നിങ്ങനെ പല സങ്കേതങ്ങൾ ഉപയോഗിച്ച് ഏഴു കൂദാശകളുടെ പ്രാധാന്യത്തെപ്പറ്റി കത്തോലിക്കർ എഴുതിയിട്ടുണ്ട്. പൗരസ്ത്യസഭകളിൽ ഇവയുടെ അനുകരണമായി ഏഴിന്റെ പ്രാധാന്യത്തെപ്പറ്റി ചിലതൊക്കെ പ്രതിപാദിച്ചിട്ടുണ്ട്.

## 3. കൂദാശകളുടെ എണ്ണം പൗരസ്ത്യ പാരമ്പര്യത്തിൽ

### 1. ഗ്രീക്കു പാരമ്പര്യത്തിൽ

എ. ഡി. 500 –നോടടുത്ത് അന്ത്യോഖ്യായിൽ ജീവിച്ചിരുന്ന ദീവന്നാസ്യോസ് അരയോപഗൈറ്റ് എന്ന സഭാപിതാവ് ആറു കൂദാശകളെപ്പറ്റിയാണു പറയുന്നത്. അദ്ദേഹത്തിന്റെ ലിസ്റ്റിൽ ഉൾപ്പെടുന്നവ: വി. കുർബാന, മാമോദീസാ, മൂറോൻ കൂദാശ, പട്ടംകൊട, സന്യാസസ്ഥാനം, ശവസംസ്കാരം. ഇവയ്ക്കു പൂർത്തീകരണങ്ങൾ (Perfections) എന്ന പേരാണ് അദ്ദേഹം ഉപയോഗിക്കുന്നത്. വി. കുർബാനയെ 'കൂദാശകളുടെ കൂദാശ' (Perfection of Perfections) എന്നും ദീവന്നാസ്യോസ് വിളിക്കുന്നു. മൂന്നു നൂറ്റാണ്ടുകൾക്കു ശേഷം തിയഡോർ സ്റ്റുഡൈറ്റ് (759–826) എന്ന ബൈസന്റയിൻ എഴുത്തുകാരനും മേൽപ്പറഞ്ഞ ആറു കൂദാശകളെപ്പറ്റി മാത്രമേ പറയുന്നുള്ളു.

പ്രമുഖ ബൈസന്റയിൻ വേദശാസ്ത്രജ്ഞനായ ജോൺ ഓഫ്

ഡമാസ്ക്കസ് (675-749) മാമോദീസാ, വി. കുർബാന എന്നിവയെപ്പറ്റി മാത്രമേ പറയുന്നുള്ളു.

ഏഴു കൂദാശകൾ എന്ന ആശയം പൗരസ്ത്യ ക്രിസ്ത്യാനികൾ ആദ്യ മായി കേൾക്കുന്നത് പതിമൂന്നാം നൂറ്റാണ്ടിലാണ്. 1267 -ൽ കത്തോലിക്കാ സഭയിൽ ചേർന്ന മിഖായേൽ പാലയോലോഗസ് എന്ന ബൈസന്റയിൻ ചക്രവർത്തി ക്ലെമന്റ് നാലാമൻ പാപ്പായ്ക്കു സമർപ്പിച്ച വിശ്വാസപ്രഖ്യാ പനത്തിൽ ഏഴു കൂദാശകളെപ്പറ്റി പറയുന്നു. കത്തോലിക്കാ വേദശാസ്ത്ര ജ്ഞന്മാർ എഴുതി തയ്യാറാക്കിയതായിരുന്നു പ്രസ്തുത വിശ്വാസപ്രഖ്യാ പനം.

പതിമൂന്നാം നൂറ്റാണ്ടിനു ശേഷം ചില ബൈസന്റയിൻ എഴുത്തുകാർ, കത്തോലിക്കാ സ്വാധീനത്തിൽ കൂദാശകൾ ഏഴാണെന്നു പറഞ്ഞിട്ടുണ്ട്. വ്യക്തിപരമായ അഭിപ്രായങ്ങൾ എന്നതിനേക്കാളുപരി, ഇതിനു വിശ്വാ സപരമായി പ്രാധാന്യം കൽപ്പിച്ചിട്ടില്ല. ഏഴു കൂദാശകളെപ്പറ്റി പറയുന്ന ബൈസന്റയിൻ എഴുത്തുകാരുടെ ലിസ്റ്റുകളിൽത്തന്നെ വ്യത്യാസങ്ങളുണ്ട്. സന്യാസിയായ യോബ് (13-ാം നൂറ്റാണ്ട്) ഏഴു കൂദാശകളെപ്പറ്റി എഴുതി യിട്ടുണ്ട്. സന്യാസസ്ഥാനം ഏഴു കൂദാശകളിൽ ഒന്നായി അദ്ദേഹം കാണുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കുമ്പസാരവും, രോഗിക ളുടെ തൈലാഭിഷേകവും ഒരൊറ്റ കൂദാശയാണ്.

തെസലോനിക്യയിലെ ശീമോൻ എന്ന വേദശാസ്ത്രജ്ഞനും (15 -ാം നൂറ്റാണ്ട്) സന്യാസസ്ഥാനത്തെ കൂദാശയായി കണക്കാക്കുന്നു. അതു കുമ്പ സാരവും (= അനുതാപം) ഒരൊറ്റ കൂദാശയായിട്ടും, തൈലാഭിഷേകം പ്രത്യേക കൂദാശയായും കണക്കാക്കി. ഏഴിന്റെ പട്ടിക അദ്ദേഹം തികക്കുന്നു.

എഫെസൂസിലെ മെത്രാപ്പോലീത്തായായിരുന്ന ജോസഫ് (15-ാം നൂറ്റാണ്ട്) കൂദാശകൾ ഏഴല്ല അതിൽ കൂടുതലുണ്ടെന്നാണു ഞാൻ വിശ്വ സിക്കുന്നതെന്നു പറയുന്നു. പത്തു കൂദാശകളുടെ ലിസ്റ്റാണു അദ്ദേഹം നൽകുന്നത്. നമുക്കറിയാവുന്ന ഏഴിനു പുറമെ, പള്ളി കൂദാശ, ശവ സംസ്കാരം, സന്യാസസ്ഥാനം എന്നീ കൂദാശകളാണു പത്തിൽ ഉൾപ്പെ ടുന്നത്.

**2. കൽദായ സുറിയാനിസഭയിൽ**

പതിനാലാം നൂറ്റാണ്ടിനു മുമ്പ് കൽദായ സുറിയാനിസഭയിൽ കൂദാശ കളുടെ ലിസ്റ്റ് ഒന്നും തന്നെ ഉണ്ടായിരുന്നതായി തോന്നുന്നില്ല. അബ്ദീശോ (+ 1318) എന്ന എഴുത്തുകാരൻ (Book of Pearl) ഏഴു കൂദാശകളുടെ ലിസ്റ്റ് നൽകുന്നു. പൗരോഹിത്യം, മാമോദീസാ, അഭിഷേകതൈലം, വി. കുർബാന, പാപമോചനം, വി. കുർബാനയ്ക്കുപയോഗിക്കുന്ന പുളിപ്പ്,

സ്ലീബായുടെ അടയാളം എന്നിവയാണ് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സഭയിലെ ഏഴു 'കൂദാശകൾ' (റോസോ). സഭയിലെ രഹസ്യങ്ങളുടെ പൂർണ ലിസ്റ്റാണിതെന്നും, ഇവയെല്ലാം വേദപുസ്തകാധിഷ്ഠിതമാണെന്നും അദ്ദേഹം രേഖപ്പെടുത്തുന്നു.

അബ്ദീശോയുടെ സമകാലീനനായിരുന്ന തീമോഥിയോസ് രണ്ടാമൻ പാത്രിയർക്കീസും ഏഴു കൂദാശകളെപ്പറ്റി പറയുന്നുവെങ്കിലും, അദ്ദേഹത്തിന്റെ ലിസ്റ്റ് വ്യത്യസ്തമാണ്. കൈവെപ്പ് (പട്ടത്വം), ത്രോണോസ് കൂദാശ, മാമോദീസാ, വി. കുർബാന, സന്യാസസ്ഥാനം, ശവസംസ്കാരം, വിവാഹം എന്നിവയാണു തീമോഥിയോസിന്റെ ലിസ്റ്റിലെ കൂദാശകൾ.

**3. അന്ത്യോഖ്യൻ സുറിയാനി സഭയിൽ**

ദീവന്നാസ്യോസ് അരയോപഗൈറ്റിന്റെ ലിസ്റ്റിൽപ്പെട്ട ആറു കൂദാശകളാണു പതിമൂന്നാം നൂറ്റാണ്ടിനു മുമ്പുള്ള സുറിയാനി എഴുത്തുകാരുടെ ലിസ്റ്റുകളിൽ പൊതുവെ കാണുന്നത്. ബാറെബ്രായ (+ 1286) 'നാറശ്കുദ്ശെ'യിൽ പട്ടത്വം, മൂറോൻ, മാമോദീസാ, വി. കുർബാന, ശവസംസ്കാരം എന്നീ അഞ്ചു കൂദാശകളെപ്പറ്റി മാത്രമേ പറയുന്നുള്ളു. എന്നാൽ സൽഗെയിൽ ഈ അഞ്ചിനു പുറമെ, പള്ളി കൂദാശയെപ്പറ്റിയും അദ്ദേഹം പറയുന്നുണ്ട്.

ചുരുക്കത്തിൽ കൂദാശകളുടെ എണ്ണം ഏഴു മാത്രമാണു എന്നുള്ള വാദഗതി പൗരസ്ത്യ സഭാപാരമ്പര്യത്തിന്റെ വെളിച്ചത്തിൽ നീതികരിക്കാവുന്ന ഒന്നല്ല. മേൽപ്പറഞ്ഞ സഭാപിതാക്കന്മാരോ, എഴുത്തുകാരോ, കൂദാശകളുടെ എണ്ണം എത്രയെന്നു കൃത്യമായി പറയുന്നില്ല. അവരുടെ ദൃഷ്ടിയിൽ പ്രധാനപ്പെട്ട കൂദാശകളെപ്പറ്റി (ദൈവിക രഹസ്യങ്ങളെപ്പറ്റി) എഴുതിയെന്നു മാത്രം. റോമൻ കത്തോലിക്കരെപ്പോലെ 'ഏഴെന്ന' അക്കത്തിനു പ്രത്യേക പ്രാധാന്യം പലരും കൽപ്പിക്കുന്നില്ല താനും.

കൂദാശകൾ ഏഴാണെന്നു ചില പൗരസ്ത്യ വേദശാസ്ത്രജ്ഞന്മാർ പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിൽ അഭിപ്രായപ്പെട്ടുവെങ്കിലും, അതിനു ഔദ്യോഗികസ്വഭാവം അവകാശപ്പെടാനാവില്ല. കൂദാശകളെപ്പറ്റിയുള്ള ഒരു പൊതുധാരണ വിശ്വാസികളിലുണ്ടാകുവാൻ 'ഏഴു കൂദാശകൾ' എന്ന അഭിപ്രായത്തിനു സഹായിക്കാനാവും എന്നു പറഞ്ഞാൽ മതി.

കൂദാശകൾ ഏഴു മാത്രമാണെന്നു വാദിച്ചാൽ ദൈവിക കൃപകൾ ഈ ഏഴു ആരാധനാകർമ്മങ്ങളിൽക്കൂടി മാത്രമേ ലഭ്യമാകയുള്ളു എന്നു അർത്ഥമാകും; ദൈവം പ്രവർത്തിക്കുന്നത് ഈ ഏഴു കർമ്മങ്ങളിൽക്കൂടി മാത്രമാണെന്നു പറയേണ്ടി വരും. കൂദാശകളുടെ എണ്ണം പരിമിതപ്പെടുത്തുന്നതു ദൈവത്തിന്റെ കൃപയും, പ്രവർത്തനവും പരിമിതപ്പെടുത്തുന്ന

തിനു തുല്യമാണ്. ഏഴു കൂദാശകൾ മാത്രം എന്നു വാദിച്ചാൽ ആ ഏഴ് ആരാധനാകർമ്മളെ കൗദാശികസ്വഭാവമുള്ള മറ്റു അനേകം കർമങ്ങളിൽ നിന്നും ഒറ്റപ്പെടുത്തുകയായിരിക്കും.

വിവാഹത്തോടൊപ്പം, സന്യാസസ്ഥാനവും പല പിതാക്കന്മാരും കൂദാശകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യക്തികൾ ദൈവകൃപയിൽ തെരഞ്ഞെടുക്കുന്ന രണ്ടു ജീവിത പന്ഥാവുകളാണു വിവാഹവും സന്യാസ ജീവിതവും. വരം ലഭിച്ചവർ മാത്രമേ വിവാഹം അഥവാ സന്യാസജീവിതം തെരഞ്ഞെടുക്കുന്നുള്ളു. വിവാഹം കൂദാശയായി കാണുകയും, സന്യാസ ജീവിതം കൂദാശകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്യുന്നവർ, വിവാഹം ശ്രേഷ്ഠമാണെന്നു പരോക്ഷമായി സമ്മതിക്കുകയല്ലേ ചെയ്യുന്നത്? ശവസംസ്ക്കാരവും കൂദാശയായി സഭാപിതാക്കന്മാർ കണക്കാക്കുന്നു. സത്യവിശ്വാസികളായ പരേതരെ, കർത്താവിന്റെ രണ്ടാമത്തെ വരവു വരെയുള്ള വിശ്രമത്തിനു പ്രത്യാശയോടെ യാത്രയാക്കുന്ന കർമ്മമാണല്ലോ ശവസംസ്കാരം. അതിനും തീർച്ചയായും കൗദാശിക സ്വഭാവമുണ്ട്.

ഏഴിന്റെ ലിസ്റ്റിൽ ഉൾപ്പെടാത്ത ആരാധനാകർമ്മങ്ങൾക്കു കത്തോലിക്കാസഭ ചെറിയ കൂദാശകൾ (Sacramentals) എന്നാണു പറയുന്നത്. Sacraments - Sacramentals എന്ന വ്യത്യാസം പൗരസ്ത്യ സഭകൾ അംഗീകരിക്കുന്നില്ല.

കൗദാശികത (Sacramentality) സഭയുടെ സ്വഭാവമാണ്. ദൈവിക രഹസ്യത്തിൽ മനുഷ്യനെ പങ്കാളിയാക്കുന്ന ഏറ്റവും വലിയ കൂദാശ ക്രിസ്തു ശരീരമായ സഭ തന്നെയാണ്. സഭയുടെ ജീവിതത്തിലെ ഓരോ ചലനവും, കർമ്മവും, കൗദാശിക സ്വഭാവമുള്ളതാണ്. ചില കർമ്മങ്ങൾക്കു മാത്രം കൗദാശിക സ്വഭാവമുണ്ടെന്നു നിശ്ചയിക്കേണ്ടതു മനുഷ്യരല്ല. ദൈവകൃപയ്ക്കും ദൈവത്തിന്റെ രഹസ്യ ഭാവത്തിനും പരിമിതിയുണ്ടാക്കുന്ന നിർവചനങ്ങളും ലിസ്റ്റുകളും ഉണ്ടാക്കുവാൻ ഓർത്തഡോക്സ് സഭകൾ മടിക്കുന്നത് ഇക്കാരണം കൊണ്ടാണ്. പെരുന്നാളുകൾ, യാമപ്രാർത്ഥനകൾ, വി. കുർബാന, മാമോദീസാ, പട്ടത്വം ആദിയായ ആരാധനാകർമ്മങ്ങളിലൂടെ സഭയുടെ കൗദാശികത ലോകത്തിനു വെളിപ്പെടുന്നു. വി. കുർബാനയെയും, യാമപ്രാർത്ഥനയെയും ഒരേ തലത്തിൽ കാണുന്നുവെന്നല്ല ഇതിന്റെ അർത്ഥം. 'കൂദാശ'യുടെ അർത്ഥവ്യാപ്തി സൂചിപ്പിക്കുവാനായി ഇങ്ങനെ പറഞ്ഞുവെന്നേയുള്ളു. ഒരു സന്യാസിയുടെ ജീവിത വിശുദ്ധിയിലൂടെയും, ഒരു വേദശാസ്ത്രജ്ഞന്റെ ചിന്തയിലൂടെയും, പുരോഹിതന്റെ ശുശ്രൂഷയിലൂടെയും വിശ്വാസികളുടെ നിഷ്കളങ്ക ഭക്തിയിലൂടെയും വെളിപ്പെടുന്നതും സഭയുടെ കൗദാശിക സ്വഭാവമാണ്.

**ചോദ്യങ്ങൾ**

1. 'കൂദാശകളുടെ എണ്ണം പൗരസ്ത്യ പാരമ്പര്യത്തിൽ' എന്ന വിഷയത്തെപ്പറ്റി ഉപന്യസിക്കുക.
2. ആരാധനയുടെ കൗദാശിക സ്വഭാവം എന്താണെന്നു വിശദമാക്കുക?

### പാഠം 6

# ആരാധനാ നവീകരണവും തദ്ദേശീയീകരണവും

❑ ആരാധനാ നവീകരണം ഓർത്തഡോക്സ് സഭയിൽ സാധ്യമോ? ❑ പുതിയ ആരാധനാക്രമങ്ങൾ സാധ്യമോ? ❑ ആരാധനയുടെ തദ്ദേശീയീകരണം ❑ ആരാധനയുടെ ലക്ഷ്യം

ക്രിസ്തീയ സഭകളുടെ ഇരുപതാം നൂറ്റാണ്ടിലെ ചരിത്രത്തിലെ ഏറ്റവും വലിയ രണ്ടു സംഭവങ്ങളാണ് 1948 -ലെ സഭകളുടെ ലോകകൗൺസിലിന്റെ (W.C.C.) സ്ഥാപനവും 1964 -ലെ രണ്ടാം വത്തിക്കാൻ സുന്നഹദോസും. റോമൻ കത്തോലിക്കാ സഭയുടെയും പ്രൊട്ടസ്റ്റന്റ് സഭകളുടെയും വേദശാസ്ത്രചിന്തയിലും ആരാധനാരീതിയിലും ഈ രണ്ടു സംഭവങ്ങളും ദൂരവ്യാപകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

രണ്ടാം വത്തിക്കാൻ സുന്നഹദോസ് കത്തോലിക്കാ വേദശാസ്ത്രത്തിന്റെയും ആരാധനയുടേയും രൂപവും ഭാവവും തിരുത്തിക്കുറിച്ച ഒന്നാണ്. കത്തോലിക്കാസഭ ലാറ്റിനു പകരം പ്രാദേശിക ഭാഷകളിൽ ആരാധിച്ചു തുടങ്ങുന്നതു 1964 -നു ശേഷമാണ്. എല്ലാ ആരാധനാക്രമങ്ങളും കൂദാശകളും ഇതിനുശേഷം കത്തോലിക്കാസഭയിൽ നവീകരിക്കപ്പെട്ടു. നീണ്ട ക്രമങ്ങൾ ഹ്രസ്വങ്ങളാക്കി. സങ്കീർണമായ സംഗീതത്തിനു പകരം ജനങ്ങൾക്കു ചേർന്നു പാടാവുന്ന രീതിയിൽ ലളിതമായ ഗീതങ്ങൾ ആരാധനയിൽ ഉൾപ്പെടുത്തി. ജനങ്ങളുടെ സജീവമായ പങ്കാളിത്തം ആരാധനയിൽ ഉണ്ടാക്കുക എന്നതായിരുന്നു രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ ലക്ഷ്യം. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ യൂറോപ്പിലെ കത്തോലിക്കാ വേദശാസ്ത്രജ്ഞന്മാരുടെ നേതൃത്വത്തിൽ ആരംഭിച്ച ആരാധനാ പ്രസ്ഥാനത്തിന്റെ (Liturgical Movement) പ്രവർത്തനഫലമായിരുന്നു വത്തിക്കാൻ സുന്നഹദോസിന്റെ ആരാധനാ പരിഷ്ക്കരണം.

സമയദൗർലഭ്യമാണ് ആധുനിക മനുഷ്യന്റെ വലിയ പ്രശ്നം. അവനു

ഗൗരവമായ പല കാര്യങ്ങളും ചെയ്തുതീർക്കാനുള്ളതിനിടയിൽ കൂടുതൽ സമയം ആരാധനയ്ക്ക് ചെലവഴിക്കാനില്ലത്രെ. ആധുനിക മനുഷ്യന്റെ ആത്മീയാവശ്യം പെട്ടെന്ന് നടത്തിക്കൊടുക്കാനുള്ള മാർഗമായിട്ടാണ് താരതമ്യേന ദൈർഘ്യം കുറഞ്ഞ ആരാധനാക്രമങ്ങൾ കത്തോലിക്കാ സഭ സ്വീകരിച്ചത്. എന്നാൽ സഭയിൽ നിന്നും അകന്നുകൊണ്ടിരിക്കുന്ന 'ആധുനിക മനുഷ്യനെ' ആകർഷിക്കുവാൻ ആരാധനാ പരിഷ്ക്കരണം നടത്തിയിട്ടും കത്തോലിക്കാസഭയ്ക്കു സാധിച്ചിട്ടില്ലെന്നുള്ളത് വാസ്തവമാണ്. ഓർത്തഡോക്സ് ആരാധനയുടെ ദൈർഘ്യത്തെപ്പറ്റി പരാതിപ്പെടുന്നവരുടെ ശ്രദ്ധയ്ക്കായി ഇക്കാര്യം പ്രസ്താവിച്ചു എന്നു മാത്രം.

പ്രൊട്ടസ്റ്റന്റ് സഭകളുടെ ആരാധനാ നവീകരണത്തിൽ സഭകളുടെ ലോക കൗൺസിൽ സുപ്രധാന പങ്കു വഹിച്ചിട്ടുണ്ട്. 1948 –നു ശേഷം വിവിധ സഭാവിഭാഗങ്ങൾക്ക് കൂടുതലായി പരസ്പരം അറിയുന്നതിനും ആരാധനാ രീതികൾ നേരിട്ടു മനസ്സിലാക്കുന്നതിനും സാഹചര്യമുണ്ടായി. ജനങ്ങളുടെ സജീവ പങ്കാളിത്തമുള്ളതും തദ്ദേശീയവുമായ ആരാധനാ രൂപങ്ങൾ എഴുതിയുണ്ടാക്കി നടപ്പിലാക്കുവാൻ പ്രൊട്ടസ്റ്റന്റ് സഭകൾ പ്രത്യേകം ശ്രദ്ധിച്ചു.

## ആരാധനാ നവീകരണം ഓർത്തഡോക്സ് സഭയിൽ സാദ്ധ്യമോ?

ആധുനികകാലത്ത് ആരാധനയിൽ ഒട്ടും തന്നെ മാറ്റം വരുത്താത്തത് ഓർത്തഡോക്സ് സഭകൾ മാത്രമാണ്. ആരാധനാ പരിഷ്കരണത്തിനു ഓർത്തഡോക്സ് സഭകൾ വൈമുഖ്യം കാണിക്കുന്നതിന് പല കാരണങ്ങളുണ്ട്. ഒരു കാരണം ആരാധനയും വിശ്വാസവും തമ്മിലുള്ള ബന്ധമാണ്. സഭയുടെ വിശ്വാസസത്യങ്ങളാണ് പ്രാർത്ഥനകളുടെയും ആരാധനാകർമ്മങ്ങളുടെയും അടിസ്ഥാനം. വിശ്വാസത്യങ്ങൾക്കു മാറ്റം വരാത്തതിനാൽ, ആരാധനയുടെ രൂപത്തിനും ഭാവത്തിനും മാറ്റം വരാൻ പാടില്ലായെന്ന് ഓർത്തഡോക്സ് സഭകൾ പൊതുവെ ചിന്തിക്കുന്നു.

ആരാധന സഭയുടെ ജീവിതത്തിന്റെ പ്രകാശനമാണെന്നതാണു മറ്റൊരു കാരണം. സഭയുടെ ജീവിതം, പരിശുദ്ധാത്മ കൃപയിൽ തലമുറകളിലൂടെ കൈമാറിയത് ആരാധനയിൽ കൂടിയാണ്. എക്കാലത്തും ദൈവത്തെ ആരാധിച്ചിരുന്നവരോടു കൂടിയാണു നാമും ആരാധിക്കുന്നത്. നൂറ്റാണ്ടുകളിലൂടെ നിലനിന്ന സഭയുടെ ജീവിതത്തിലെ ഒരു ഘട്ടം മാത്രമാണിന്ന്. അതിനാൽ ആരാധനയുടെ അടിസ്ഥാനരൂപങ്ങൾക്കു ഇന്നു മാറ്റം വരുത്തുന്നതു ന്യായീകരിക്കാനാവില്ലെന്നു ചിന്തിക്കുന്നവരുണ്ട്.

ആരാധനാകർമ്മങ്ങൾക്ക് ഒട്ടുംതന്നെ മാറ്റംവരാൻ പാടില്ലെന്ന് ഇതിനർത്ഥമില്ല. ആരാധന ഒരിക്കലും പരിഷ്ക്കരിക്കുവാൻ ഇനി ആർക്കും അവകാശമില്ലെന്ന് സഭാപാരമ്പര്യത്തിന്റെ വെളിച്ചത്തിൽ വാദിക്കാനാവില്ല.

## പുതിയ ആരാധനാക്രമങ്ങൾ

ആരാധന ഇന്നത്തെ രൂപത്തിലെത്തിയത് അനേകം നൂറ്റാണ്ടുകളിലെ വളർച്ചയുടെ ഫലമായിട്ടാണ്. ആരാധനയുടെ ചരിത്രം അതിന്റെ വളർച്ച യുടെയും കാലോചിതമായ പരിവർത്തനങ്ങളുടെയും ചരിത്രമാണ്. അന്ത്യോഖ്യൻ സുറിയാനി സഭയിലെ ആരാധനാക്രമങ്ങൾ ഒരു കാലത്തു ഗ്രീക്കിൽ ഉണ്ടായി; ഏഴാം നൂറ്റാണ്ടിൽ അവ സുറിയാനിയിൽ ഭാഷാന്തരം ചെയ്യപ്പെട്ടു; കാലോചിതമായ പ്രാർത്ഥനകളും കർമ്മങ്ങളും അതിൽ ചേർക്കപ്പെട്ടു. ആരാധനയുടെയോ കൂദാശാകർമ്മത്തിന്റെയോ അടിസ്ഥാന രൂപത്തിനു മാറ്റം വരാതെ പ്രാർത്ഥനകൾ ചേർക്കുന്നതിനു സുറിയാനി പാരമ്പര്യം അനുവദിക്കുന്നുണ്ട്. അതുകൊണ്ടാണു സുറിയാനി സഭയിൽ വി. കുർബാനയുടെ എഴുപതിൽപ്പരം തക്സാകൾ ഉള്ളത്. മാമോദീസാ യുടെ ഒരു ഡസനിലധികം ക്രമങ്ങൾ ഉണ്ട്. മറ്റു കൂദാശാ കർമ്മങ്ങളുടെ കാര്യത്തിലും ഈ വൈവിദ്ധ്യമുണ്ട്. അതിനാൽ കൂദാശാ കർമ്മങ്ങളുടെ അടിസ്ഥാനരൂപത്തിനു മാറ്റം വരുത്താതെ പുതിയ ക്രമങ്ങൾ എഴുതിയു ണ്ടാക്കുന്നത് ഒരിക്കലും പൗരസ്ത്യ പാരമ്പര്യത്തിനെതിരല്ല.

പുതിയ ക്രമങ്ങൾ എഴുതിയുണ്ടാക്കാമെങ്കിൽ, ആരു മുൻകൈയെടുക്ക ണമെന്ന ചോദ്യം അവശേഷിക്കുന്നു. സഭയാകമാനം ചേർന്നു പുതിയ ക്രമ ങ്ങൾ ഉണ്ടാക്കുന്ന രീതിയായിരുന്നില്ല സുറിയാനിസഭയിൽ ഉണ്ടായിരുന്നത്. ഓരോ ഭദ്രാസനങ്ങളിലും മെത്രാപ്പോലീത്താമാർ അവരുടെ സ്വാതന്ത്ര്യമു പയോഗിച്ച് പ്രാർത്ഥനാക്രമങ്ങൾ എഴുതിയുണ്ടാക്കി ഉപയോഗിച്ചിരുന്നു. സുറിയാനിസഭയിൽ അന്ത്യോഖ്യാ, തെഗ്രീസ് എന്നീ രണ്ടു കേന്ദ്രങ്ങളെ ചുറ്റിപ്പറ്റിയാണു വിവിധ ആരാധനാക്രമങ്ങൾ ഉണ്ടായത്. തെഗ്രീസിലെ ക്രമ ങ്ങൾ എപ്പോഴും അന്ത്യോഖ്യായുടെ ക്രമങ്ങളിൽ നിന്നും വ്യത്യസ്തമായി രുന്നു.

## ആരാധനയുടെ തദ്ദേശീയീകരണം

ഓരോ ഓർത്തഡോക്സ് സഭയുടെ ആരാധനയിലും അതതു നാടിന്റെ പ്രത്യേകതകൾ കാണാനുണ്ട്. ഭാഷ, പ്രാർത്ഥനകളുടെ പ്രത്യേകതകൾ, കർമ്മങ്ങളിലെ വൈവിദ്ധ്യം, സംഗീതം എന്നിവ ഓരോ സഭയിലും വ്യത്യ സ്തമാണ്. ഈ ഘടകങ്ങളിലൂടെ സഭയുടെയും, ആരാധനയുടെയും പ്രാദേ ശികസ്വഭാവം പ്രകടിപ്പിക്കുവാൻ എക്കാലത്തും സഭകൾ ശ്രദ്ധിച്ചിരുന്നു. കാലത്തിനും, ദേശത്തിനും, സംസ്കാരത്തിനും അനുയോജ്യമായ വിധ ത്തിൽ സഭയുടെ ജീവിതവും, ആരാധനയും ക്രമീകരിക്കുന്നതിനാണു തദ്ദേശീയീകരണം എന്നർത്ഥമാക്കുന്നത്. ഹൈന്ദവാചാരങ്ങളെ അപ്പടി അനുകരിക്കുന്നതാണു തദ്ദേശീയീകരണമെന്നു പല ഭാരതീയ ക്രൈസ്ത വർക്കും ധാരണയുണ്ട്. നിലവിളക്ക്, നിറപറ, കർപ്പൂരം, താലപ്പൊലി,

ദീപാരാധന തുടങ്ങിയവയോടു കൂടി നാടകീയമായി എന്തൊക്കെയോ കാട്ടിക്കൂട്ടിയാൽ തദ്ദേശീയമായ ആരാധനയായിയെന്നു ചിലരെങ്കിലും ചിന്തിക്കുന്നുണ്ട്. ഇതു തദ്ദേശീയീകരണത്തേക്കാൾ ഹൈന്ദവീകരണമോ, ഹൈന്ദവാനുകരണമോ ആണ്.

ഈ രീതിയിലുള്ള അനുകരണമില്ലാതെ തന്നെ സുറിയാനി ആരാധനയെ കുറെയൊക്കെ തദ്ദേശീയീകരിക്കുവാൻ നമ്മുടെ പൂർവ്വികർക്കു കഴിഞ്ഞിട്ടുണ്ട്. നഗ്നപാദരായി ദേവാലയത്തിൽ പ്രവേശിക്കുന്നത്, ദേവാലയത്തിൽ ഇരിപ്പിടങ്ങൾ ഉപയോഗിക്കാത്തത്, വിവാഹത്തിൽ താലി കെട്ടുന്നത്, പ്രദക്ഷിണങ്ങളിൽ മുത്തുക്കുട തുടങ്ങിയവ ഉപയോഗിക്കുന്നത് എന്നിവയെല്ലാം തനി ഭാരതീയമായ ചടങ്ങുകളാണ്. അമ്പതു വർഷം മുമ്പു വരെ വിവാഹത്തോടനുബന്ധിച്ചുണ്ടായിരുന്ന പല ചടങ്ങുകളും ഇന്ന് അപ്രത്യക്ഷമായിത്തുടങ്ങിയിരിക്കുന്നു. ഇടവക പൊതുയോഗം ചേർന്നു വൈദികസ്ഥാനികളെ തെരഞ്ഞെടുക്കുന്നതും പുരാതന ക്രിസ്തീയ പാരമ്പര്യത്തിന്റെ തുടർച്ചയായി ഭാരതീയ സഭയിൽ ഉണ്ടായിരുന്ന പതിവായിരുന്നു. മേൽപ്പട്ടക്കാരെ തെരഞ്ഞെടുക്കുവാനും, സഭയെ സംബന്ധിച്ചുള്ള സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നതിനും മലങ്കര അസോസിയേഷൻ കൂട്ടുന്നതും ഇന്ത്യൻ സഭ പോലെ അപൂർവം ചില സഭകളിലേയുള്ളു. മേൽപ്പട്ടക്കാർ ജനങ്ങൾക്ക് അപ്രാപ്യരായി കഴിയാതെ ജനങ്ങളുടെ ആത്മീയ പിതാവും, ആത്മീയ മാർഗനിർദ്ദേശം നൽകുന്ന താപസശ്രേഷ്ഠനുമായി ജനങ്ങളുടെയിടയിൽ ജീവിക്കുന്നതും ഓർത്തഡോക്സ് പാരമ്പര്യത്തിനും, ഭാരതീയ സംസ്കാരത്തിനും അനുയോജ്യമാണ്. ഈദൃശമായ 'ഭാരതീയത' നിലനിർത്തുകയും, ആരാധനയിൽകൂടി അതു പ്രകടിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുകയാണു തദ്ദേശീയീകരണം കൊണ്ട് വിവക്ഷിക്കുന്നത്. തദ്ദേശീയീകരണത്തിന്റെ ചില വശങ്ങളെപ്പറ്റി താഴെ പ്രതിപാദിക്കുന്നു. വായനക്കാരുടെ ചിന്തയ്ക്കും ചർച്ചയ്ക്കുമായുള്ള നിർദ്ദേശങ്ങളായി മാത്രം ഇവയെ കണക്കാക്കിയാൽ മതിയാവും.

### പ്രാദേശിക ഭാഷയിലുള്ള ആരാധന

ഈ പുസ്തകത്തിന്റെ ആദ്യഭാഗത്ത് ഇതേപ്പറ്റി പ്രതിപാദിച്ചതാണ്. പൗരസ്ത്യസഭകൾ എക്കാലത്തും ജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷയിൽ ആരാധന നടത്തുവാൻ ശ്രദ്ധിച്ചിരുന്നു. ഇന്ത്യയിൽ ഹിന്ദിയിലും, തമിഴിലും, വി. കുർബാന തക്സാ വിവർത്തനം ചെയ്തിട്ടുണ്ട്. മറ്റു ഭാരതീയ ഭാഷകളിലും ആരാധനാക്രമങ്ങൾ ആവശ്യമനുസരിച്ച് ഉണ്ടാവേണ്ടതാണ്.

### തർജമകളുടെ അപര്യാപ്തത

മലങ്കരസഭയിലെ ആരാധനാക്രമങ്ങൾ മിക്കവാറും പൂർണമായിത്തന്നെ സുറിയാനിയിൽ നിന്നുള്ള വിവർത്തനമാണ്. പദാനുപദ തർജമ മൂലം

പലപ്പോഴും പ്രാർത്ഥനകളുടെ അർത്ഥം ആരാധനയിൽ സംബന്ധിക്കുന്നവർക്കു മനസ്സിലാകാതെ പോകുന്നു. പ്രൊമിയോൻ – സെദ്റാകൾ അർത്ഥസമ്പുഷ്ടവും വേദശാസ്ത്ര പ്രാധാന്യമുള്ളവയുമായ പ്രാർത്ഥനകളാണ്. അവ ആശയം വ്യക്തമായി കേട്ടു ഗ്രഹിക്കുവാൻ തക്ക ഭാഷയിൽ വിവർത്തനം ചെയ്യണം. സ്വതന്ത്ര വിവർത്തനമെന്ന മാർഗമുപയോഗിക്കുന്നതായിരിക്കും നല്ലതെന്നു തോന്നുന്നു. സുറിയാനി ഗീതങ്ങൾ മലയാളത്തിലാക്കി, സുറിയാനി രാഗത്തിൽത്തന്നെ പാടുമ്പോഴുള്ള ഭാഷാപരവും, ആശയപരവുമായ വൈകല്യങ്ങളും പരിഹരിക്കേണ്ടതാണ്.

### ആരാധനാ സംഗീതം

ജനങ്ങൾക്കു പൂർണ പങ്കാളിത്തം ലഭിക്കുന്ന രീതിയിലുള്ള ഗീതങ്ങൾ ആരാധനാക്രമങ്ങളിൽ തെരഞ്ഞെടുത്ത് ഉൾപ്പെടുത്തണം. ഉദാഹരണമായി ജനങ്ങൾ ഭക്തിപൂർവ്വം സംബന്ധിക്കുവാൻ ആഗ്രഹിക്കുന്ന ആരാധനാകർമ്മമാണു ശവസംസ്ക്കാരം. അതിലെ പല ഗീതങ്ങളും പരിശീലനം സിദ്ധിച്ചവർക്കു തന്നെ പാടുവാൻ പ്രയാസമുള്ളവയാണ്. അവയുടെ സ്ഥാനത്തു ലളിതവും ജനങ്ങൾക്കു കൂടി പാടാവുന്നതുമായ ഗീതങ്ങൾ ഉൾപ്പെടുത്തണം. മറ്റ് ആരാധാനക്രമങ്ങളും ഈ രീതിയിൽ പരിഷ്ക്കരിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

സുറിയാനി രാഗങ്ങൾ എല്ലാം നമ്മുടെ ഭാരതീയമായ അഭിരുചിക്കു പറ്റിയവയല്ല. ജനങ്ങൾക്കു കൂടി പാടാൻ സാധിക്കുന്നവയും, അവരുടെ ഭക്തിനിർഭരമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നവയുമായ രാഗങ്ങൾ മാത്രം തെരഞ്ഞെടുത്ത് ഉപയോഗിക്കണം. ജനങ്ങളുടെ സമ്പൂർണ പങ്കാളിത്തത്തിനു സഹായിക്കുന്ന ഗീതങ്ങളാണു ദുഃഖവെള്ളിയാഴ്ചയുടെ പ്രത്യേകത. അതേരീതിയിൽ എല്ലാവർക്കും ചേർന്നു പാടാവുന്ന ഗീതങ്ങൾ മറ്റു പെരുന്നാളുകളിലും ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

എന്നാൽ അതോടൊപ്പം ഭാരതീയ സംഗീത സങ്കേതങ്ങൾ ആരാധനയിൽ ഉപയോഗിക്കുവാൻ സാധിക്കുമോ എന്ന് അന്വേഷിക്കുകയും ചെയ്യേണ്ടതാണ്. പത്താം നൂറ്റാണ്ടിലുണ്ടായ റഷ്യൻ ഓർത്തഡോക്സ് സഭ ബൈസന്റയിൻ സംഗീതം അപ്പടിയെ അനുകരിക്കുവാൻ ശ്രമിക്കാതെ, റഷ്യയിലെ നാടോടിപ്പാട്ടുകളുടെ മാതൃകയിൽ ആരാധനാ സംഗീതം വികസിപ്പിച്ചെടുക്കുകയാണു ചെയ്തത്. അർമീനിയൻ – എത്യോപ്യൻ – കോപ്റ്റിക് സഭകളും അവരവരുടെ ദേശീയമായ സംഗീതമാണ് ആരാധനയിൽ ഉപയോഗിക്കുന്നത്. ഭാരതീയ സംഗീതത്തെ ക്രിസ്തീയ ആരാധനയിൽ ഉൾക്കൊണ്ട് അതിനെ ക്രിസ്തുവിന്റെ സാന്നിദ്ധ്യമുള്ളതാക്കിത്തീർക്കുവാൻ നമുക്കു കടപ്പാടുണ്ട്.

### ആരാധനയുടെ ലക്ഷ്യം

ആരാധനാ നവീകരണവും, തദ്ദേശീയീകരണവും നടത്തണമെന്നു വാദിക്കുന്നവർ പലപ്പോഴും വിസ്മരിക്കുന്ന ഒന്നാണ് ആരാധനയുടെ ലക്ഷ്യം എന്താണെന്നുള്ളത്. പുതിയനിയമ ചിന്തയിൽ ക്രിസ്തീയ ആരാധനയുടെ ലക്ഷ്യം 'സഭയുടെ കെട്ടുപണി' (Greek ൽ oikodomia = building up of the church) ആണ്. ഒന്നാം കൊരിന്ത്യലേഖനം 14-ാം അദ്ധ്യായത്തിൽ 'ആത്മീയ വർദ്ധന'യെന്നു തർജമ ചെയ്തിരിക്കുന്നത് ഈ വാക്കാണ്. ആരാധിക്കുന്നതു വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്കായിട്ടാണ്. അവർ നന്മയിലും സ്നേഹത്തിലും വളരുന്നതിനാണ്. ഇതിനു സഹായിക്കുന്നതായിരിക്കണം ആരാധനാ പരിഷ്ക്കരണവും, തദ്ദേശീയീകരണവുമെല്ലാം.

### ചോദ്യങ്ങൾ

1. പുതിയ ആരാധനാക്രമങ്ങൾ മലങ്കരസഭയിൽ ഉണ്ടാക്കുന്നതിനെപ്പറ്റി നിങ്ങളുടെ അഭിപ്രായം ചുരുക്കമായി വിവരിക്കുക.
2. 'ആരാധനയുടെ തദ്ദേശീയീകരണം' എന്ന വിഷയത്തെപ്പറ്റി ഉപന്യസിക്കുക.